
# പ്രായോഗികമലയാളം

COURSE CODE: B21ML01AC




**ABILITY ENHANCEMENT COURSE**
**FOR UG PROGRAMMES**
**MALAYALAM**

## SELF LEARNING MATERIAL

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# പ്രായോഗികമലയാളം

Course Code: B21ML01AC

Semester - II

## Ability Enhancement Course
## for UG Programmes
## Malayalam
## Self Learning Material

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# B21ML01AC
## പ്രായോഗികമലയാളം

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-963059-4-9

# DOCUMENTATION

**Academic Committee**

Prof. Thomas Thamarasseri
Dr. R.S. Rajeev
Dr. Unnikrishnan S.
Dr. Santhosh Manicheri
Dr. Aju K. Narayanan
Dr. Haridas K.
Dr. Baburajan K.
Dr. Saramma Varghese
Dr. Suja S.
Dr. S. Sudarsana Babu
Dr. S. Ajayakumar
Dr. Abdul Azeez P.
Dr. Sudha Mary Thomas

**Development of the Content**

Dr. Rajashree M., Josilet Mathew

**Review**

Content : Dr. Abdul Azeez
Format : Dr. I.G. Shibi
Linguistics : Dr. Jaya R.S.

**Edit**

Dr. Jaya R.S.

**Scrutiny**

Dr. Vincent B. Netto, Dr. Soumia Dasan, Deepam S., Aswani A.P., Dr. Muraleedharan K.V.

**Co-ordination**

Dr. I.G. Shibi and Team SLM

**Design Control**

Azeem Babu T.A.

**Production**

March 2023

**Copyright**

© Sreenarayanaguru Open University 2023

YouTube

# MESSAGE FROM VICE CHANCELLOR

Dear

I greet all of you with deep delight and great excitement. I welcome you to the Sreenarayanaguru Open University.

Sreenarayanaguru Open University was established in September 2020 as a state initiative for fostering higher education in open and distance mode. We shaped our dreams through a pathway defined by a dictum 'access and quality define equity'. It provides all reasons to us for the celebration of quality in the process of education. I am overwhelmed to let you know that we have resolved not to become ourselves a reason or cause a reason for the dissemination of inferior education. It sets the pace as well as the destination. The name of the University centres around the aura of Sreenarayanaguru, the great renaissance thinker of modern India. His name is a reminder for us to ensure quality in the delivery of all academic endeavours.

Sreenarayanaguru Open University rests on the practical framework of the popularly known "blended format". Learner on distance mode obviously has limitations in getting exposed to the full potential of classroom learning experience. Our pedagogical basket has three entities viz Self Learning Material, Classroom Counselling and Virtual modes. This combination is expected to provide high voltage in learning as well as teaching experiences. Care has been taken to ensure quality endeavours across all the entities.

The university is committed to provide you stimulating learning experience. The UG programmes are benchmarked with similar programmes of other state universities in Kerala. The curriculum follows the UGC guidelines of having three disciplines in a bundle in addition to language core and skill enhancement courses. The present material is meant for a complete course in Malayalam for Communication as a part of the mandatory modules for ability enhancement. Being a vernacular language and particularly with the tag of mother tongue, Malayalam will be well received among the student population. Although this language stays close to the heart of Malayalee community, the intricacies in the usages on a formal platform seem alien to many of the potential learners. Care has been given to provide adequate space for exercises and problem based analysis. We hope this will fit perfectly to the requirements. We assure you that the university student support services will closely stay with you for the redressal of your grievances during your studentship.

Feel free to write to us about anything that you feel relevant regarding the academic programme.

Wish you the best.

Regards,
Dr. P.M. Mubarak Pasha

01.03.2023

# Contents


| | | |
|---|---|---|
| **BLOCK-01** | **എഴുത്ത്** | **1** |
| യൂണിറ്റ് - 1 | മലയാളശൈലി-മൂന്നാം അദ്ധ്യായം | 2 |
| യൂണിറ്റ് - 2 | ഭാഷാഗദ്യശൈലി | 13 |
| യൂണിറ്റ് - 3 | ശൈലിയെപ്പറ്റി ചില ചിന്തകൾ | 19 |
| യൂണിറ്റ് - 4 | ഭാഷയും ആശയവിനിമയവും | 26 |
| യൂണിറ്റ് - 5 | അൽപം ഭാഷാവിചാരം | 32 |
| യൂണിറ്റ് - 6 | അക്ഷരത്തെറ്റുകൾ | 39 |
| **BLOCK-02** | **പ്രഭാഷണം** | **45** |
| യൂണിറ്റ് - 1 | പ്രസംഗകല | 46 |
| യൂണിറ്റ് - 2 | ഭാരതത്തിന്റെ സർഗ്ഗാത്മകഭാവന | 54 |
| യൂണിറ്റ് - 3 | എന്റെ മണ്ണ് | 60 |
| യൂണിറ്റ് - 4 | മരുഭൂമികൾ പൂക്കുമ്പോൾ | 66 |
| **BLOCK-03** | **മാധ്യമങ്ങൾക്ക് വേണ്ടിയുള്ള രചന** | **77** |
| യൂണിറ്റ് - 1 | 1.വാർത്താ ഘടന | 78 |
| | 2.വാർത്താ മൂലകങ്ങൾ | 85 |
| യൂണിറ്റ് - 2 | പംക്തിയെഴുത്തിന്റെ രാഷ്ട്രീയം | 91 |
| യൂണിറ്റ് - 3 | സ്വാതന്ത്ര്യം വിലപേശാനുള്ളതല്ല | 100 |
| യൂണിറ്റ് - 4 | കോവിലനുമായി എസ്. വി. വേണുഗോപൻനായർ നടത്തിയ അഭിമുഖ സംഭാഷണം | 108 |
| യൂണിറ്റ് - 5 | കവിതയിലെ ശുദ്ധനാദങ്ങൾ-ആർ. രാമചന്ദ്രനുമായി പി. എം നാരായണൻ നടത്തിയ അഭിമുഖ സംഭാഷണം | 116 |
| **BLOCK-04** | **വിവർത്തനം** | **122** |
| യൂണിറ്റ് - 1 | വിവർത്തനം - അവതാരിക | 123 |
| യൂണിറ്റ് - 2 | പാശ്ചാത്യ വിവർത്തന സിദ്ധാന്തങ്ങൾ | 134 |
| യൂണിറ്റ് - 3 | തർജ്ജമ പഠനത്തിലെ പുത്തൻ പുതുമകൾ | 141 |
| യൂണിറ്റ് - 4 | ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കുള്ള വിവർത്തന പരിശീലനം | 149 |

BLOCK - 01

# എഴുത്ത്

# യൂണിറ്റ് - 1
# മലയാളശൈലി-മൂന്നാം അദ്ധ്യായം
### കുട്ടികൃഷ്ണമാരാർ

## Learning Outcomes

- മലയാളഭാഷയുടെ യഥാർത്ഥമായ പ്രയോഗരീതികളെക്കുറിച്ച് മനസ്സിലാക്കുന്നു
- ഭാഷ തെറ്റുകൂടാതെ പ്രയോഗിക്കാനുള്ള ശേഷി നേടുന്നു
- ഭാഷയിലെ ആവർത്തനങ്ങളെ തിരിച്ചറിയുന്നു
- കുട്ടികൃഷ്ണമാരാരെക്കുറിച്ചും അദ്ദേഹത്തിന്റെ സംഭാവനകളെക്കുറിച്ചും അറിവു നേടുന്നു
- മലയാളഭാഷ തെറ്റുകൂടാതെ പ്രയോഗിക്കാനുള്ള മാർഗ്ഗനിർദ്ദേശഗ്രന്ഥമെന്ന നിലയിൽ 'മലയാളശൈലി'യെ പരിചയപ്പെടുന്നു

## Prerequisites

**കുട്ടികൃഷ്ണമാരാർ (1900-1973)**

വിമർശനത്തെ ഒരു സർഗ്ഗാത്മക കലയാക്കി മാറ്റിയ മലയാളത്തിലെ പ്രശസ്ത സാഹിത്യ നിരൂപകനാണ് കുട്ടികൃഷ്ണമാരാർ. 'കല കലയ്ക്കു വേണ്ടി', 'കല ജീവിതത്തിനു വേണ്ടി' എന്നിങ്ങനെ രണ്ടു പക്ഷമുണ്ടായപ്പോൾ 'കല ജീവിതം തന്നെ' എന്നദ്ദേഹം വാദിച്ചു. സ്വന്തമായ നിരൂപണ സിദ്ധാന്തങ്ങളും സ്വകീയമായ ഭാഷാശൈലിയും കൊണ്ട് സാഹിത്യരംഗത്ത് അദ്ദേഹം ശ്രദ്ധേയനായി. വിഖ്യാതമായ 'ഭാരതപര്യടന'ത്തിനു പുറമെ ലീല ഭർത്തൃഘ്നാതിനിയോ?, നമ്മുടെ സംസ്കാരലോപം, വാല്മീകിയുടെ രാമൻ, മുണ്ടയ്ക്കൽ സന്ദേശം ഒരു മുഴുത്ത ചിരി തുടങ്ങിയ ലേഖനങ്ങളെല്ലാം മാരാരെ ശ്രദ്ധേയനാക്കി. നാലപ്പാട്ട് നാരായണ മേനോൻ, മഹാകവി വള്ളത്തോൾ എന്നിവരുമായുള്ള സംസർഗ്ഗം മാരാരുടെ സാഹിത്യാഭിരുചിയെ ഏറെ പ്രോത്സാഹിപ്പിച്ചു. ദീർഘകാലം മാതൃഭൂമിയിൽ പ്രൂഫ് റീഡറായിരുന്നതും അദ്ദേഹത്തിന്റെ ലേഖനാഭിരുചി വർദ്ധിപ്പിക്കുകയുണ്ടായി. സാഹിത്യനിരൂപണത്തിനു പുറമെ 'സാഹിത്യഭൂഷണം' എന്ന അലങ്കാര ശാസ്ത്രഗ്രന്ഥവും 'വൃത്തശില്പം' എന്ന വൃത്തശാസ്ത്ര ഗ്രന്ഥവും 'മലയാളശൈലി' എന്ന ഭാഷാരചനാസംബന്ധിയായ നിർദ്ദേശങ്ങൾ അടങ്ങുന്ന ഗ്രന്ഥവും അദ്ദേഹം രചിച്ചിട്ടുണ്ട്. മാതൃഭൂമിയിൽ നിന്നും വിരമിച്ച ശേഷം ശ്രീരാമകൃഷ്ണാശ്രമവുമായി ബന്ധപ്പെട്ട മാരാർ, ആദ്ധ്യാത്മിക ലേഖന രചനയിലേക്ക് തിരിഞ്ഞു. ഋഷിപ്രസാദം, ശരണാഗതി, ഗീതാപരിക്രമണം മുതലായവ ഈ കാലഘട്ടത്തിലെ സംഭാവനകളാണ്.

**കുട്ടികൃഷ്ണമാരാരും സമകാലികരും** - മാരാർ, എം.പി.പോൾ, ജോസഫ് മുണ്ടശ്ശേരി എന്നിവർ മലയാള നിരൂപകത്രയം എന്ന് വിളിക്കപ്പെടുന്നു. ഒരേ കാലഘട്ടത്തിൽ വ്യത്യസ്തവും സ്വകീയവുമായ ശബ്ദം കൊണ്ട് മലയാള നിരൂപണശാഖയിൽ ശ്രദ്ധേയരായവരാണിവർ.



SREENARAYANAGURU OPEN UNIVERSITY

ഇവരിൽ ആകർഷണീയമായ ഗദ്യശൈലിയും യുക്തിയുക്തമായ സമർത്ഥനവും കൊണ്ട് മാരാർ മലയാള നിരൂപണരംഗത്ത് വിസ്മരിക്കാനാവാത്ത സ്ഥാനം നേടിയെടുത്തു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെയും നവോത്ഥാന ആശയങ്ങളുടെയും കാലഘട്ടത്തിൽ ദേശഭക്തിയും മാതൃഭാഷാസ്നേഹവും വള്ളത്തോളിനെപ്പോലുള്ള കവികളുടെ മുഖ്യ വിഷയങ്ങളായിത്തീർന്നു. കലാമണ്ഡലത്തിൽ സാഹിത്യാദ്ധ്യാപകനായിരിക്കെ മഹാകവി വള്ളത്തോളുമായുണ്ടായ സംസർഗ്ഗം ആകാം അനുകരണമില്ലാത്ത, ശുദ്ധമായ മലയാള ഭാഷയ്ക്കു വേണ്ടിയുള്ള ഒരു ഗ്രന്ഥരചനക്ക് പ്രചോദനമായത്.

**പശ്ചാത്തലം**

1938 മുതൽ 1968 വരെ കുട്ടികൃഷ്ണമാരാർ മാതൃഭൂമിയിൽ പ്രൂഫ് റീഡറായി ജോലി ചെയ്തു. പത്രക്കാരന്റെ പദവിയോ ബഹുമാനമോ പ്രൂഫ് റീഡർക്ക് ലഭിക്കാത്ത കാലത്ത് വായനയിലും എഴുത്തിലുമുള്ള താത്പര്യത്താൽ അവിടെ കഴിഞ്ഞുകൂടുകയായിരുന്നു മാരാർ. ഏതായാലും മലയാള ഭാഷയ്ക്കും സാഹിത്യത്തിനും മാരാരിൽ നിന്നും ഒരു പാട് സംഭാവനകൾ ലഭിക്കുന്നതിന് ഈ ബന്ധം സഹായകമായി. ഏറെ ശ്രദ്ധേയമായ 'മലയാളശൈലി' എന്ന ഗ്രന്ഥം രൂപപ്പെടുന്നതിന്റെ പശ്ചാത്തലം ഇതാണ്. നിത്യജീവിതത്തിൽ അറിഞ്ഞോ അറിയാതെയോ നാം വരുത്തുന്ന ഭാഷാപരമായ അനേകം തെറ്റായ പ്രയോഗങ്ങളിലേക്ക് മാരാരുടെ ശ്രദ്ധ തിരിഞ്ഞു. മാധ്യമപ്രവർത്തകർക്കും സാധാരണക്കാർക്കും പണ്ഡിതന്മാർക്കുമൊക്കെ ഇക്കാര്യത്തിൽ അവരവരുടേതായ പങ്കുണ്ടെന്ന് മാരാർ കണ്ടെത്തി. വിദ്യാർത്ഥികൾക്കും ഭാഷയെ സ്നേഹിക്കുന്ന സാധാരണക്കാർക്കും ഭാഷാപ്രയോഗത്തിലെ പൊതുവായ തെറ്റുകളെ ബോദ്ധ്യപ്പെടുത്തുകയും ശരിയായ മലയാളം എങ്ങനെ എഴുതാം എന്ന് അവരെ പഠിപ്പിക്കുകയും ചെയ്തു. ഇതാണ് 'മലയാളശൈലി' എന്ന ഗ്രന്ഥത്തിന്റെ സവിശേഷത. അതിൽ മാരാർ ചൂണ്ടിക്കാണിച്ചിട്ടുള്ള പല തെറ്റുകളും ശരിയായ പ്രയോഗങ്ങളും ഇന്നും പ്രസക്തമാണ്. അതുകൊണ്ടു തന്നെ മാതൃഭാഷ ശരിയായ രീതിയിൽ കൈകാര്യം ചെയ്യാനാഗ്രഹിക്കുന്നവർക്കുള്ള ഒന്നാന്തരം മാർഗ്ഗനിർദ്ദേശഗ്രന്ഥമാണ് 'മലയാളശൈലി'.

**കൃതികൾ**

കല ജീവിതം തന്നെ, മലയാളശൈലി, സാഹിത്യഭൂഷണം, രാജാങ്കണം, ഭാരതപര്യടനം, പതിനഞ്ചുപന്യാസം, ഋഷിപ്രസാദം, സാഹിത്യസല്ലാപം, സാഹിത്യവിദ്യ, കൈവിളക്ക്, ചർച്ചായോഗം, ദന്തഗോപുരം, വൃത്തശില്പം, ഭാഷാപരിചയം, ഹാസ്യസാഹിത്യം, ശരണാഗതി, ഗീതാ പരിക്രമണം, ഭാഷാവൃത്തങ്ങൾ (കുട്ടികൾക്കുള്ള വൃത്തശാസ്ത്രം), ഇങ്ങുനിന്നോളം, പലരും പലതും, നളിനിയും ഇവാൻജലിനും (താരതമ്യ പഠനം), രഘുവംശം (ഗദ്യപരിഭാഷ), നിഴലാട്ടം (കവിത), ജീവിച്ചിരുന്നാൽ (നാടകം), വിശ്വാമിത്രൻ (ബാലസാഹിത്യം), മാരാരുടെ കത്തുകൾ, പരിഭാഷകൾ - അഭിജ്ഞാനശാകുന്തളം, കുമാരസംഭവം, ഭജഗോവിന്ദം, മേഘസന്ദേശം

## Key Themes

- മലയാളഭാഷയുടെ പ്രയോഗങ്ങളിൽ കടന്നുകൂടിയിരിക്കുന്ന തെറ്റുകളെക്കുറിച്ച് മാരാർ പ്രതിപാദിക്കുന്ന ലേഖനം.
- പൗനരുക്തദോഷത്തെക്കുറിച്ചും അത് ഭാഷാപ്രയോഗത്തിലുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറി

ച്ചും വിവരിക്കുന്നു.

- ഇംഗ്ലീഷ് ഭാഷാപദങ്ങൾ സ്വീകരിക്കുക വഴി ഭാഷയിലുണ്ടായ പ്രശ്നങ്ങളെ അവതരിപ്പിക്കുന്നു.
- മൂന്ന് ഭാഗങ്ങളിലൂടെ ശരിയായ പ്രയോഗശൈലികളെ അവതരിപ്പിക്കുന്നു.

## Discussion

പ്രബന്ധരചനയിൽ ഏർപ്പെടുന്ന ആളുകൾ കുട്ടികളായാലും വലിയവരായാലും വാക്യങ്ങളിൽ പല വൈകൃതങ്ങളും വരുത്തുക പതിവാണ്. ദീർഘവാക്യങ്ങളിൽ ഒരു വിവക്ഷിതാർത്ഥം പദം കൊണ്ടോ പദാംശം കൊണ്ടോ പറയപ്പെട്ടിട്ടുണ്ടെങ്കിലും അത് പറഞ്ഞു കഴിഞ്ഞു എന്നു ബോധ്യപ്പെടാതെ വീണ്ടും അതേ അർത്ഥത്തിൽ മറ്റൊരു പദം കൂടി പ്രയോഗിച്ചു വാക്യത്തെ പൗനരുക്ത്യ ദുഷ്ടമാക്കുന്നു. (പറഞ്ഞ കാര്യം തന്നെ മറ്റു വാക്കുകളിൽ ആവർത്തിക്കുന്നതാണ് പൗനരുക്ത ദോഷം.) വിവക്ഷിതത്തെ എളുപ്പത്തിൽ പറഞ്ഞു തീർക്കാതെ തോന്നുന്നിടത്തോളം അക്ഷരങ്ങളെ വലിച്ചു നീട്ടുന്നു. ഇപ്രകാരമാണ് അവർ സ്വന്തം ഭാഷയ്ക്ക് ഗൗരവവും ഓജസ്സും കൂട്ടുന്നത്. കുറച്ചക്ഷരം പ്രയോഗിച്ചും പദങ്ങളെ യഥാക്രമം വിന്യസിച്ചുമാണ് ഭാഷയ്ക്ക് ഗൗരവവും ഓജസ്സും കൂട്ടേണ്ടത് എന്നവർക്ക് ബോധ്യമില്ല. 'മിതം ച സാരം ച വചോഹി വാഗ്മിതാ' എന്നത് പ്രയോഗത്തിൽ വരുത്തുക അതിദുഷ്ക്കരമാണ്.

ഇത്തരം പ്രവണതകൾ മിക്ക ഭാഷയിലേയും എഴുത്തുകാരിൽ സാധാരണമാണ്. കാലക്രമം കൊണ്ട് അവധാനപൂർവം ആലോചിച്ചും കണ്ടറിഞ്ഞും കേട്ടറിഞ്ഞും വേണം അതൊക്കെ ഭേദപ്പെട്ടുവരിക. നമ്മുടെ പല എഴുത്തുകാരും ആദ്യകാലത്ത് എങ്ങനെ എഴുതിത്തുടങ്ങിയോ അങ്ങനെത്തന്നെ അവസാനം വരെ എഴുതിപ്പോവുന്നത് കാണാം. മലയാള ഭാഷ എത്രയായാലും അത്രയൊക്കെയേ നന്നാവൂ എന്ന ചിന്തയാവാം കാരണം. എന്നാൽ ചിലർക്ക് മറ്റുള്ളവരുടെ ഉപദേശത്തെയോ മാതൃകയെയോ കൈക്കൊള്ളുന്നത് ലജ്ജാവഹമായി തോന്നുന്നു.

അടുത്തതായി പൗനരുക്തിദോഷത്തിൽ സാധാരണമായവയുടെ ഉദാഹരണങ്ങളാണ് ലേഖകൻ നൽകുന്നത്.

1. കിഴക്കോട്ടേയ്ക്ക്, മേലോട്ടേയ്ക്ക് - ഇവിടത്തെ ഓട്ട്, ഏയ്ക്ക് എന്നിവ ഏകാർത്ഥങ്ങളായ വിഭക്ത്യാഭാസങ്ങളാണ്. കിഴക്കോട്ട്, മേലോട്ട് എന്നു മതി. 'വിഭക്തി പോലെ തോന്നിക്കുന്നതാണ് വിഭക്ത്യാഭാസം. വീട്ടിലോട്ട്, മഴയത്ത് തുടങ്ങിയവ ഉദാഹരണങ്ങൾ'
2. ചെയ്യിപ്പിയ്ക്കുക, കാണിപ്പിയ്ക്കുക എന്നിവയ്ക്ക് പകരം ചെയ്യിക്കുക, കാണിക്കുക എന്ന് മതി. എന്നാൽ കുട്ടികളെ ഇന്ന് സിനിമ കാണിപ്പിയ്ക്കണം എന്ന വാക്യത്തിൽ രണ്ടു പ്രയോജ്യ കർത്താക്കൾ വരുന്നതിനാൽ ആ ഇരട്ടിപ്പിന് സ്ഥാനമുണ്ട്. (യഥാർത്ഥത്തിൽ കർമ്മം ചെയ്യുന്ന കർത്താവിന് പുറമെ കർമ്മം ചെയ്യാൻ പ്രേരണ ചെലുത്തുന്നതു കൂടിയാണ് രണ്ട് പ്രയോജ്യ കർത്താക്കൾ.)
3. 'കുട്ടികൾക്കും കൂടി അറിയാം' – ഇവിടെ 'ഉം', 'കൂടി' എന്നിവ സമാനാർത്ഥകങ്ങളാകയാൽ ഇതിൽ ഏതെങ്കിലും ഒന്നു മതി. 'കുട്ടികൾക്കും അറിയാം' എന്നോ 'കുട്ടികൾക്കു കൂടി അറിയാം' എന്നോ മതി.
4. 'ഈരണ്ടുവീതം', 'പതിപ്പത്തു വീതം' എന്നിവയിൽ 'ഈരണ്ട്', 'പതിപ്പത്ത്' എന്നിവയ്ക്ക് തന്നെ 'രണ്ടു വീതം', 'പത്തു വീതം' എന്ന് അർത്ഥമുണ്ട്. അതിനാൽ 'ഈരണ്ട്', 'പതിപ്പത്ത്' എന്നു മതി.
5. 'ഓരോ വീടുതോറും', 'എല്ലാ വെള്ളിയാഴ്ച തോറും' ഇവിടെ 'ഓരോ വീട്ടിലും', 'എല്ലാ വെള്ളിയാഴ്ചയും' എന്നോ 'വീടുതോറും', 'വെള്ളിയാഴ്ച തോറും' എന്നോ മതി.
6. 'അതേ സമയത്തു തന്നെ', 'അതേ ആൾ തന്നെ' എന്നീ പ്രയോഗങ്ങളിൽ 'അതേ', 'തന്നെ' എന്നിവ ഏകാർത്ഥമായതിനാൽ

'അതേ സമയത്ത്', 'അതേ ആൾ' എന്നോ 'ആ സമയത്തു തന്നെ', 'ആ ആൾ തന്നെ' എന്നോ മതി.

7. 'ഏറ്റവും കരുണയേറിയ' - ഇവിടെയും പൗനരുക്ത്യമുണ്ട്. 'എറ്റവും കരുണയുള്ള' എന്നോ 'കരുണയേറിയ' എന്നോ മതി.
8. 'ഏതാണ്ട് പതിനഞ്ചോളം പുസ്തകം', 'സമയം ഏകദേശം മധ്യാഹ്നത്തോടടുത്തു' - ഈ വാക്യങ്ങളിൽ 'പതിനഞ്ചോളം പുസ്തകം', 'സമയം മധ്യാഹ്നത്തോടടുത്തു' എന്നോ 'സമയം എകദേശം മധ്യാഹ്നമായി' എന്നോ 'ഏതാണ്ട് പതിനഞ്ച് പുസ്തകം' എന്നോ മതി.
9. 'അക്ഷരപരിജ്ഞാനം കൊണ്ടു മാത്രം തന്നെ വിദ്യാഭ്യാസത്തിന്റെ ഫലം സിദ്ധിയ്ക്കില്ല'. ഇവിടെ 'മാത്രം', 'തന്നെ' രണ്ടും സമാനാർത്ഥകങ്ങളാകയാൽ ഏതെങ്കിലും ഒന്നു മതി.
10. 'സത്യം പറയേണ്ടത് ആവശ്യമാണ്'- ഇവിടെ 'സത്യം പറയേണ്ടതാണ്' എന്നോ 'സത്യം പറയുക ആവശ്യമാണ്' എന്നോ മതി.
11. 'അറിവുള്ളവരോ അഥവാ അറിവില്ലാത്തവരോ ആയ ആളുകൾ' - ഇവിടെ 'ഓ' എന്ന വികല്പ നിപാതത്തോടൊപ്പം 'അഥവാ' ചേർക്കേണ്ടതില്ല. (രണ്ട് വാക്കുകളെയോ പദങ്ങളെയോ വേർതിരിക്കുന്നതാണ് വികല്പ നിപാതം. ഉദാ: രാമനോ കൃഷ്ണനോ (ഓ)
12. 'ഭാര്യ ആഡംബരപ്രിയയാണ്. എന്നാൽ ഭർത്താവിന്നാകട്ടെ സമ്പാദ്യം വളരെ കുറവായിരുന്നു'. ഇവിടെ 'എന്നാൽ', 'ആകട്ടെ' രണ്ടും കൂടി ആവശ്യമില്ല
13. പൗനരുക്തദോഷങ്ങളുള്ള ധാരാളം ക്രിയാപദങ്ങളുണ്ട്. ഉദാ: 'കാണാറു പതിവുണ്ട്' - 'കാണാറുണ്ട്', 'കാണുക പതിവുണ്ട്'. 'ഉപയോഗിക്കാറുണ്ടായിരുന്നു' - 'ഉപയോഗിക്കാറുണ്ട്', 'ഉപയോഗിച്ചിരുന്നു'. 'വാദിച്ചു പോന്നിരുന്നു' - 'വാദിച്ചു വന്നു', 'വാദിച്ചിരുന്നു' എന്നിങ്ങനെ
14. ഭാഷാ പദങ്ങളുടെ പൗനരുക്തം അർത്ഥമറിയാതെ ഉപയോഗിക്കുന്നവർ സംസ്കൃത ഭാഷാപദങ്ങളെയും തെറ്റായി പ്രയോഗിക്കാറുണ്ട്. 'നാസികാ ചൂർണ്ണപ്പൊടി', 'അവർ തമ്മിൽ പരസ്പര സംസർഗ്ഗം', 'ജോലി ചെയ്യുന്നതിലുള്ള കൃത്യനിഷ്ഠ', 'വിവിധങ്ങളായ പല ദശാസന്ധികൾ' തുടങ്ങി ഉദാഹരണം ധാരാളം.
15. വാക്യങ്ങളിലെ അകന്നു വരുന്ന പൗനരുക്ത്യങ്ങൾക്ക് ഇനിയും ധാരാളം ഉദാഹരണങ്ങളുണ്ട്. ഉദാ: അതിനെക്കാൾ കവിഞ്ഞ ഒരു മെച്ചമൊന്നും ഇതിനില്ല. (ഒരു, ഒന്നും), ഏക ശാസനത്തെ തീർച്ചയായും എതിർക്കുക തന്നെ വേണം (തീർച്ചയായും, തന്നെ), അച്ഛൻ പെട്ടെന്ന് മരിക്കുകയാലാണ് എന്റെ പഠിപ്പു മുടങ്ങാൻ കാരണം (യാൽ, കാരണം), എട്ടുകാലി, ഗൗളി മുതലായ ജീവികൾ നമുക്ക് വളരെ ഉപകാരം ചെയ്യുന്ന ജന്തുക്കളാണ്. (ജീവികൾ, ജന്തുക്കൾ)
16. ആളുകൾ അയാളെ പുകഴ്ത്താൻ തുടങ്ങി. എന്നാൽ അയാളുടെ ചിന്ത നേരെ മറിച്ചായിരുന്നു, ആവശ്യം അവസാനിക്കുമ്പോൾ സ്നേഹവും അവസാനിക്കും. എന്നാൽ ഭയത്തിന്റെ സ്ഥിതി അതല്ല. - ഈ വാക്യങ്ങളിൽ നേരെ മറിച്ച്, അതല്ല ഈ പദങ്ങൾ രണ്ടാം വാക്യത്തിന്റെ ആദ്യം പ്രയോഗിച്ചാൽ 'എന്നാൽ' എന്ന പദം ഒഴിവാക്കാം. അതിനാൽ ഇതും പൗനരുക്തമായി കരുതാം.

ഭാഷയിൽ അനാവശ്യമായി ധാരാളം 'എന്നാലു'കൾ കടന്ന് കൂടിയത് ഇംഗ്ലീഷിനെ അനുകരിച്ചിട്ടാണെന്നാണ് ലേഖകന്റെ പക്ഷം. ഇംഗ്ലീഷിൽ But ഉപയോഗിക്കുന്ന പല സ്ഥലത്തും നമുക്കതു വേണ്ട. അല്ലെങ്കിൽ അതല്ല വേണ്ടത്. ഉദാ: രാമൻ വിഡ്ഢിയല്ല. എന്നാൽ സമർത്ഥനാകുന്നു. (ഇവിടെ എന്നാൽ എന്നതിനു പകരം പിന്നെയോ എന്നാണ് വേണ്ടത്). മുസൽമാൻ രീതിയിൽ വസ്ത്രധാരണം ചെയ്തവർ തലപ്പാവ് ധരിയ്ക്കുന്നതിനു വിരോധമില്ല. എന്നാൽ മറ്റുള്ള എല്ലാ ഇന്ത്യക്കാരും കോടതിയിൽ കടക്കുമ്പോൾ തലപ്പാവെടുക്കണമെന്നതു ചട്ടമായിരുന്നു.(എന്നാൽ ആവശ്യമില്ല)

**രണ്ടാം ഭാഗം–** വിവക്ഷിതത്തെ എളുപ്പത്തിൽ പറഞ്ഞു തീർക്കാതെ കൂടുതൽ അക്ഷരങ്ങളെ

വാരി വലിച്ചുകൂട്ടുന്ന രീതിയെക്കുറിച്ചാണ് ഈ ഭാഗത്ത് വിവരിക്കുന്നത്.

1. 'വലിയ ആന' എന്നു പറയുന്നതിനേക്കാൾ വലുപ്പം കിട്ടും 'വലിയതായ ആന', 'വലുതായ ആന' എന്നൊക്കെ പറഞ്ഞാൽ എന്ന് ചിലർ വിചാരിക്കുന്നു. 'വലുതായതാണ്' 'വലിയ' എന്ന് അവർ ഓർക്കാറില്ല. അതുപോലെ 'തക്ക കാരണം' എന്നത് 'തക്കതായ കാരണം' എന്ന് പറയുന്നു. മുറിവേറ്റതും മരിച്ചതുമായ ആളുകൾ, ബ്രിട്ടീഷുകാർ പിടിച്ചെടുത്തതും പിന്നീട് വിട്ടുകൊടുത്തതുമായ ജർമ്മൻകാർ എന്നൊക്കെ നമ്മുടെ പത്രങ്ങളിലും മറ്റും സാർവത്രികമായി കാണാറുണ്ട്.

വിഷയപ്രധാനമായതോ വിഷയിപ്രധാനമായതോ ആയ കവിത - ഇവിടെ വിഷയപ്രധാനമോ വിഷയിപ്രധാനമോ ആയ കവിത എന്നു മതി.

മഹത്തായ സാംസ്ക്കാരിക പാരമ്പര്യങ്ങൾ പിന്നിലുള്ളവയായ രാജ്യങ്ങളാണ് ഇറ്റലിയും തുർക്കിയും - 'പിന്നിലുള്ള രാജ്യങ്ങൾ' എന്നു മതി.

2. ഇതുപോലെ 'ഉൾ' എന്ന ഖിലധാതുവിന്റെ രൂപങ്ങളെ ഒരാവശ്യവുമില്ലാതെ തലങ്ങും വിലങ്ങും പ്രയോഗിച്ച് അക്ഷരം പെരുപ്പിക്കുന്ന സമ്പ്രദായവും കാണാം.

അതിനുള്ള കാരണം - അതിനു കാരണം എന്നു മതി. ഇതുപോലെ സഹജമായുള്ള മതാസക്തി - ഇവിടെ സഹജമായ മതാസക്തി എന്നു മതി.

ഇതുപോലെ മറ്റുള്ള ജനങ്ങൾ, ബാക്കിയുള്ള കാര്യങ്ങൾ, എന്നുള്ള ചിന്ത, കാണാതെയുള്ള വസ്തു ഇവിടെയൊക്കെ 'ഉള്ള' ഒഴിവാക്കേണ്ടതാണ്. (എല്ലാ കാലങ്ങളിലും പ്രകാരങ്ങളിലും പ്രയോഗമില്ലാത്ത ധാതുവാണ് ഖിലധാതു. ഉൾ, അരു, അൽ ഇവയൊക്കെ ഖിലധാതുക്കളാണ്.)

കാണുവാനുള്ള ശക്തി അവന്നില്ല - അവന് കാണുവാൻ ശക്തിയില്ല

രാമനുള്ളതും കൃഷ്ണനുള്ളതുമായ സാമർത്ഥ്യം ഗോവിന്ദന്നില്ല - രാമനും കൃഷ്ണന്നുമുള്ള സാമർത്ഥ്യം.

ഇത്തരത്തിലുള്ളതോ മറ്റുതരത്തിലുള്ളതോ ആയ കുറ്റങ്ങൾ -ഇത്തരത്തിലോ മറ്റു തരത്തിലോ ഉള്ള കുറ്റങ്ങൾ

3. ഉദ്ദേശ്യഭേദകത്തിന്മേൽ പടർന്നു കയറിയ ഇത്തരം പ്രയോഗങ്ങൾ വിധായക ഭേദകങ്ങളിലും (തത്കാല വിശേഷണങ്ങൾ) കാണാം. (ക്ക്, ന് എന്നീ ഉദ്ദേശികവിഭക്തി പ്രത്യയം ഭേദകാർത്ഥത്തിൽ - വിശേഷണാർത്ഥത്തിൽ ഉപയോഗിക്കുന്നത് ഉദ്ദേശ്യഭേദകവും വിധി, കൃത്യം, ശീലം എന്നിവ കാണിക്കുന്ന വിധായക പ്രത്യയം വിശേഷണാർത്ഥത്തിൽ ഉപയോഗിക്കുന്നത് വിധായകഭേദകവും ആണ്.)

ക്രിസ്തുദേവന്റെ ത്യാഗം പാവനമാണ് എന്നു മതി. പാവനമായിട്ടുള്ളതാണ്, പാവനമായതാണ് എന്നു വേണ്ട.

ഹിറ്റ്ലറുടെ ഉദ്ദേശ്യം സാധ്യമല്ല എന്നു മതി.- സാധ്യമായതല്ല, സാധ്യമായിട്ടുള്ളതല്ല എന്നു വേണ്ട.

4. ഇത്തരം അക്ഷരച്ചുമട് മുറ്റുവിന,വിനയെച്ചം മുതലായവയെയും വെറുതെ വിടുന്നില്ല. ഒരു പാഠം പഠിപ്പിച്ചേ വിടൂ എന്ന് മതി. 'പഠിപ്പിച്ചിട്ടേ' എന്നു വേണ്ട. കൊള്ളില്ല, പറയില്ല എന്നിവയ്ക്ക് പകരം കൊള്ളുകയില്ല, പറയുകയില്ല എന്നൊക്കെ ഉപയോഗിക്കുന്നു. അതു പോലെ

പാടില്ല - പാടുള്ളതല്ല

ചെയ്യേണ്ടൂ -ചെയ്യേണ്ടതായിട്ടുള്ളൂ

പുറപ്പെടും - പുറപ്പെടുന്നതാണ്

മതി - മതിയാകുന്നതാണ്

കേട്ടാൽ - കേൾക്കുകയാണെങ്കിൽ, കേൾക്കുന്നതായ പക്ഷം എന്നിങ്ങനെയൊക്കെ ഉപയോഗിക്കുന്നു. (മുറ്റുവിന, വാക്യത്തിൽ അർത്ഥപൂർത്തിയ്ക്ക് സഹായിക്കുന്ന സ്വതന്ത്രക്രിയ ആണ്. വന്നു, പാടുന്നു തുടങ്ങിയവ ഉദാഹരണം. വിനയെച്ചം പറ്റുവിന അഥവാ അസ്വതന്ത്രക്രിയയുടെ വകഭേദമാണ്. ഇത് ക്രിയാവിശേഷണമായി നിൽക്കുന്നു. ഉറക്കെപ്പറഞ്ഞു, ഇരിക്കെക്കണ്ടു മുതലായവ ഉദാഹരണങ്ങൾ)

ഉം, കൂടി, പോലും മുതലായ നിപാതങ്ങളെ തക്കസ്ഥാനം നോക്കി പ്രയോഗിക്കാനറിയാത്തതുകൊണ്ടും ഇത്തരം അക്ഷരപ്പെരുപ്പവും പദപ്പെരുപ്പവും ഉണ്ടാകുന്നു. (രണ്ട് വാക്കുകളെയോ വാക്യങ്ങളെയോ തമ്മിൽ ബന്ധിപ്പിക്കുന്നതാണ് നിപാതം. ഉദാ: രാമനും കൃഷ്ണനും. 'ഉം' നിപാതപ്രത്യയം)

എനിക്കെന്റെ മറ്റ് പ്രവൃത്തികൾ നിർവഹിക്കേണ്ടതും ഉണ്ടായിരുന്നു - മറ്റു പ്രവൃത്തികൾ നിർവഹിക്കേണ്ടിയിരുന്നു.

യൂറോപ്പിൽ ജനസംഖ്യ കുറഞ്ഞു വരികയാണ്. ഇന്ത്യയിൽ അത് വർദ്ധിച്ചു വരികയും ചെയ്യുന്നു - വർദ്ധിച്ചും വരുന്നു.

**ഭാഗം മൂന്ന് -** പൊതുവെ ഉപയോഗിച്ചു വരുന്ന ചില തെറ്റുകൾ കൂടി കാണിച്ച് ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു.

'യാതൊരാളും തന്നെ', 'ഒട്ടും തന്നെ' തുടങ്ങി അനാവശ്യമായി 'തന്നെ' ചേർത്തെഴുതുന്നതാണ് ഒരു രീതി. എന്നാൽ ശക്തമായ ഒരു പദം ഉചിതസ്ഥാനത്ത് ചേർക്കുന്ന ഉറപ്പൊന്നും ഈ 'തന്നെ'ക്കൊണ്ട് കിട്ടില്ല. അതുപോലെ 'അടുത്തതായി', 'അവിടവിടെയായി' എന്ന് 'ആയി' ചേർത്തെഴുതുന്നത് മറ്റൊരു പ്രവണതയാണ്.

'ഉണ്ണുന്ന സമയം', 'ഉറങ്ങുന്ന സമയം' എന്നതിനു പകരം 'ഉണ്ണുമ്പോൾ', 'ഉറങ്ങുമ്പോൾ' എന്നൊക്കെ മതി. അതുപോലെ 'തോന്നുമാറ്', 'തോന്നുംവണ്ണം' എന്നെഴുതേണ്ടപ്പോൾ 'തോന്നുന്ന വിധത്തിൽ' എന്നു നീട്ടേണ്ടതില്ല. 'നന്നാക്കത്തക്ക ഭാഷ' മതി. 'നന്നാക്കത്തക്ക വിധത്തിലുള്ള ഭാഷ' വേണ്ട.

മലയാളത്തിലുള്ള ചില ലഘുപദങ്ങളെ ഒഴിവാക്കി ഇംഗ്ലീഷ് പദാനുപദതർജ്ജമകൾ ഉപയോഗിക്കുന്നതും കാണാം.

ആരും -യാതൊരാളും

എങ്ങാനും - എവിടെയെങ്കിലും

തലേന്ന് - തലേദിവസം

കാണുമ്പോഴത്തെ - കാണുമ്പോഴുണ്ടാകാറുള്ള

കാണാം - കാണാൻ കഴിയും.

താജ്മഹൽ യമുനാനദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്നു. (തീരത്താണ്)

നിലകൊള്ളുന്നു. കുടികൊള്ളുന്നു എന്നിവ ചേർക്കാതെ സ്ഥിതി ചെയ്യുന്നു എന്ന് ആര്യത്വം ചേർത്തെഴുതണം എന്ന് ചിലർക്ക് നിർബന്ധമാണ്.

പദങ്ങളിലെ അക്ഷരപ്പെരുപ്പത്തിലുള്ള ദൈർഘ്യം വാക്യത്തിലേക്കും സംക്രമിപ്പിക്കുന്നു. അതിന്റെ ഫലമാണ്

- 'എന്ന് പ്രസ്താവ്യമാണ്', - 'എന്നുള്ളതിൽ അത്ഭുതപ്പെടുവാനില്ല' എന്നൊക്കെ എഴുതുന്നത്.

ഉദാ: 'മഹാകവി കുമാരനാശാന്റെ അകാല നിര്യാണം മലയാളഭാഷയ്ക്ക് ഒരു വമ്പിച്ച നഷ്ടമാണ്' എന്ന പ്രസ്താവന പോരാതെ - 'എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല' എന്നൊരു വാലും കെട്ടിച്ചേർക്കുന്നു. ഇതിന് വാസ്തവത്തിൽ, ആശാന്റെ നിര്യാണം ഭാഷയ്ക്കൊരു മഹാനഷ്ടമാണെന്ന് നിവൃത്തിയുണ്ടെങ്കിൽ പറയാതെ കഴിക്കണമെന്നായിരുന്നു തന്റെ വിചാരം എന്നാണ് താത്പര്യാർത്ഥം. ഈ കൂട്ടിച്ചേർക്കൽ കൊണ്ടുവന്ന അർത്ഥപരിണാമം അവർ അറിയുന്നില്ല.

ഓരോ അക്ഷരപ്പെരുപ്പവും വെവ്വേറെ നോക്കുമ്പോൾ നിസ്സാരമായി തോന്നാമെങ്കിലും ഒരു ചെറുപ്രബന്ധത്തിൽ നാല്പതോ അൻപതോ വാചകത്തിൽ അവ ഒത്തു ചേരുമ്പോൾ ഈ വൈകൃതം നിസ്സാരമല്ല. അതിനാൽ ആത്മനിയന്ത്രണത്തോടെ ശ്രദ്ധിച്ചില്ലെങ്കിൽ ഇത്തരം തെറ്റുകൾ പെരുകിവരുകയേ ഉള്ളൂ എന്ന ഉപദേശത്തോടെ ലേഖകൻ മൂന്നാം അദ്ധ്യായം അവസാനിപ്പിക്കുന്നു.

ഒരു ഭാഷ അറിയുക എന്നാൽ ആ ഭാഷയിലെ പദങ്ങളും അക്ഷരങ്ങളും അറിഞ്ഞതുകൊണ്ടു മാത്രമായില്ല, ആ ഭാഷ വേണ്ട രീതിയിൽ പ്രയോഗിക്കാനുള്ള അറിവും കൂടി അനിവാര്യമാണ്.. ഭാഷ ആശയവിനിമയത്തിനുള്ള ഉപാധിയാണ്. ശരിയായ വിധത്തിൽ ഭാഷ പ്രയോഗിച്ചില്ലെങ്കിൽ ആശയവിനിമയം ഫലപ്രദമാവില്ല. ഇവിടെയാണ് ഭാഷയിലെ തെറ്റും ശരിയും വിലയിരുത്തുന്ന

തിന്റെ പ്രസക്തി. എന്നാൽ പലപ്പോഴും പറഞ്ഞു പഴകിയ പ്രയോഗങ്ങളും അങ്ങനെയൊക്കെ മതിയെന്ന അലംഭാവവും തെറ്റായ ഭാഷാപ്രയോഗത്തിനു കാരണമാവുന്നുണ്ട്. ഇത്തരത്തിൽ ഭാഷാപ്രയോഗത്തിൽ സാമാന്യമായി വരുന്ന തെറ്റുകളും ശരിയായ പ്രയോഗങ്ങളും കുട്ടികൃഷ്ണമാരാർ കാണിച്ചുതരുന്നുണ്ട്. ധാരാളം ഉദാഹരണങ്ങളിലൂടെ ശരിയായ പ്രയോഗം പഠിപ്പിക്കുന്നു എന്നതാണ് ഈ ലേഖനത്തിന്റെ മേന്മ. അതുകൊണ്ടുതന്നെ കുട്ടികൾക്ക് പോലും എളുപ്പത്തിൽ ഉചിതമായ ഭാഷാ പ്രയോഗം മനസ്സിലാക്കാൻ ഈ ലേഖനം വളരെ പ്രയോജനപ്പെടുന്നു. അഗാധമായ മാതൃഭാഷാസ്നേഹമാണ് ഇത്തരത്തിലുള്ള ഉദ്യമത്തിന് ഗ്രന്ഥകാരന് പ്രചോദനമായിട്ടുള്ളത്.

## Recap

- സാധാരണ ഗതിയിൽ ഭാഷാപ്രയോഗത്തിൽ വരുന്ന ചില വൈകൃതങ്ങളാണ് ലേഖകൻ കാണിച്ചുതരുന്നത്
- ദീർഘവാക്യങ്ങളിൽ ഒരു വിവക്ഷിതാർത്ഥം പദം കൊണ്ടോ പദാംശം കൊണ്ടോ പറയപ്പെട്ടിട്ടുണ്ടെങ്കിലും അത് പറഞ്ഞു കഴിഞ്ഞു എന്ന് ബോധ്യപ്പെടാതെ വീണ്ടും അതേ അർത്ഥത്തിൽ മറ്റൊരു പദം കൂടി പ്രയോഗിച്ചു വാക്യത്തെ പൗനരുക്ത ദൃഷ്ടമാക്കുന്നതാണ് പ്രധാന വൈകൃതം
- വിവക്ഷിതത്തെ എളുപ്പത്തിൽ പറഞ്ഞു തീർക്കാതെ തോന്നുന്നിടത്തോളം വലിച്ചുനീട്ടുന്നതും ഭാഷാപ്രയോഗത്തിലെ വൈകൃതമാണ്.
- മലയാളഭാഷ എത്രയൊക്കെ ആയാലും അത്രയൊക്കെയേ നന്നാവു എന്ന ചിന്തയാണ് ഭാഷാപ്രയോഗ വൈകൃതങ്ങൾക്കുള്ള ഒരു കാരണം

ഭാഷയിൽ കാണപ്പെടുന്ന പ്രധാന പൗനരുക്തിദോഷങ്ങൾ ഇവയാണ്

1. കിഴക്കോട്ടേയ്ക്ക്, മേലോട്ടേയ്ക്ക് തുടങ്ങിയ വിഭക്ത്യാഭാസങ്ങൾക്ക് പകരം കിഴക്കോട്ട്, മേലോട്ട് എന്നു മതി
2. ചെയ്യിപ്പിക്കുക, കാണിപ്പിയ്ക്കുക എന്നിവയ്ക്കു പകരം ചെയ്യിക്കുക, കാണിക്കുക എന്നീ പ്രയോജക രൂപങ്ങൾ മതി
3. കുട്ടികൾക്കും കൂടി അറിയാം – ഇവിടെ ഉം, കൂടി എന്നിവ സമാനാർത്ഥമായതിനാൽ ഏതെങ്കിലും ഒന്നു മതി
4. ഈരണ്ടു വീതം, പതിപ്പത്തു വീതം – ഇവിടെ ഈരണ്ട്, പതിപ്പത്ത് എന്നു മതി.
5. ഓരോ വീടുതോറും, എല്ലാ വെള്ളിയാഴ്ച തോറും – ഇവിടെ ഓരോ വീട്ടിലും, എല്ലാ വെള്ളിയാഴ്ചയും എന്നോ വീടുതോറും, വെള്ളിയാഴ്ച തോറും എന്നോ മതി
6. അതേ സമയത്തു തന്നെ. അതേ ആൾ തന്നെ – ഇവിടെ അതേ സമയത്ത്, അതേ ആൾ അല്ലെങ്കിൽ ആ സമയത്തു തന്നെ, ആ ആൾ എന്നോ മതി
7. ഏറ്റവും കരുണയേറിയ – ഇവിടെ ഏറ്റവും കരുണയുള്ള എന്നോ കരുണയേറിയ എന്നോ മതി
8. ഏതാണ്ട് പതിനഞ്ചോളം പുസ്തകം, സമയം ഏകദേശം മധ്യാഹ്നത്തോടടുത്തു – ഇവിടെ പതിനഞ്ചോളം പുസ്തകം, സമയം മധ്യാഹ്നത്തോടടുത്തു എന്നോ ഏകദേശം മധ്യാഹ്നമായി, ഏതാണ്ട് പതിനഞ്ച് പുസ്തകം എന്നോ മതി
9. അക്ഷരപരിജ്ഞാനം കൊണ്ട് മാത്രം തന്നെ വിദ്യാഭ്യാസത്തിൽ ഫലം ലഭിയ്ക്കില്ല– മാത്രം, തന്നെ ഏതെങ്കിലും ഒന്നു മതി
10. സത്യം പറയേണ്ടത് ആവശ്യമാണ്– സത്യം പറയേണ്ടതാണ് എന്നോ സത്യം

പറയുക ആവശ്യമാണ് എന്നോ മതി

11. അറിവുള്ളവരോ അഥവാ അറിവില്ലാത്തവരോ ആയ ആളുകൾ - ഇവിടെ 'ഓ' എന്നതിനോടൊപ്പം 'അഥവാ' ചേർക്കേണ്ടതില്ല
12. ഭാര്യ ആഡംബരപ്രിയയാണ്. എന്നാൽ ഭർത്താവിനാകട്ടെ സമ്പാദ്യം വളരെ കുറവായിരുന്നു.- എന്നാൽ, ആകട്ടെ രണ്ടും കൂടി ആവശ്യമില്ല
13. കാണാറു പതിവുണ്ട് - കാണാറുണ്ട്, കാണുക പതിവുണ്ട്

    ഉപയോഗിക്കാറുണ്ടായിരുന്നു - ഉപയോഗിച്ചിരുന്നു, ഉപയോഗിക്കാറുണ്ട്

    വാദിച്ചു പോന്നിരുന്നു - വാദിച്ചു വന്നു, വാദിച്ചിരുന്നു

14. നാസികാചൂർണ്ണപ്പൊടി, തമ്മിൽ പരസ്പര സംസർഗ്ഗം, ജോലി ചെയ്യുന്നതിലുള്ള കൃത്യനിഷ്ഠ തുടങ്ങിയ സംസ്കൃത ഭാഷാപദങ്ങളെ പൗനരുക്തത്തോടെ ഉപയോഗിക്കൽ
15. അതിനേക്കാൾ കവിഞ്ഞ ഒരു മെച്ചമൊന്നും ഇതിനില്ല (ഒരു, ഒന്നും ഏതെങ്കിലും ഒന്ന് മതി)

    ഏകശാസനത്തെ തീർച്ചയായും എതിർക്കുക തന്നെ വേണം (തീർച്ചയായും, തന്നെ ഏതെങ്കിലും ഒന്ന് മതി)

    അച്ഛൻ പെട്ടെന്ന് മരിക്കുകയാലാണ് എന്റെ പഠിപ്പു മുടങ്ങാൻ കാരണം. (യാൽ, കാരണം ഇവയിൽ ഒന്നു മതി)

    എട്ടുകാലി, ഗൗളി മുതലായ ജീവികൾ നമുക്ക് വളരെ ഉപകാരം ചെയ്യുന്ന ജന്തുക്കളാണ്. (ജീവികൾ, ജന്തുക്കൾ ഇവയിൽ ഒന്നു മതി)

16. ആളുകൾ അയാളെ പുകഴ്ത്താൻ തുടങ്ങി. എന്നാൽ അയാളുടെ ചിന്ത നേരെ മറിച്ചാണ്. ('നേരെ മറിച്ച്', രണ്ടാം വാക്യത്തിൽ ആദ്യം ചേർത്താൽ 'എന്നാൽ' ഒഴിവാക്കാം)

    ആവശ്യം അവസാനിക്കുമ്പോൾ സ്നേഹവും അവസാനിക്കും. എന്നാൽ ഭയത്തിന്റെ സ്ഥിതി അതല്ല.-'അതല്ല' രണ്ടാം വാക്യത്തിന്റെ ആദ്യം ഉപയോഗിച്ചാൽ 'എന്നാൽ' ഒഴിവാക്കാം

- ഭാഷയിൽ ധാരാളം 'എന്നാൽ' കടന്നു കൂടിയത് ഇംഗ്ലീഷിനെ അനുകരിച്ചാണ്.
- ഇംഗ്ലീഷിൽ But ഉപയോഗിക്കുന്ന പല സ്ഥലത്തും നമുക്കതു വേണ്ട. ഉദാ: 'രാമൻ വിഡ്ഢിയല്ല. എന്നാൽ സമർത്ഥനാകുന്നു'. ഇവിടെ 'എന്നാൽ' എന്നതിനു പകരം 'പിന്നെയോ' ആണ് വേണ്ടത്

  "മുസൽമാൻ രീതിയിൽ വസ്ത്രധാരണം ചെയ്തയാൾ തലപ്പാവ് ധരിക്കുന്നതിനു വിരോധമില്ല. എന്നാൽ മറ്റുള്ള എല്ലാ ഇന്ത്യക്കാരും കോടതിയിൽ കടക്കുമ്പോൾ തലപ്പാവെടുക്കണമെന്നത് ചട്ടമായിരുന്നു". (എന്നാൽ ആവശ്യമില്ല)

- വിവക്ഷിതത്തെ എളുപ്പത്തിൽ പറഞ്ഞു തീർക്കാതെ കൂടുതൽ അക്ഷരങ്ങളെ വാരിവലിച്ചു കൂട്ടുന്ന രീതിയാണ് മറ്റൊരു വൈകൃതം
- വലുതായ ആന, വലിയതായ ആന -'വലിയ ആന' എന്നു മതി
- വിഷയിപ്രധാനമായതോ വിഷയപ്രധാനമായതോ ആയ കവിത - വിഷയിപ്രധാന

മോ വിഷയപ്രധാനമോ ആയ കവിത എന്നു മതി

- 'ഉൾ' എന്ന ഖിലധാതുവിനെ തലങ്ങും വിലങ്ങും പ്രയോഗിച്ച് അക്ഷരം പെരുപ്പിക്കുന്ന സമ്പ്രദായം ഉണ്ട്. ഉദാ– 'അതിനു കാരണം സഹജമായുള്ള മതാസക്തിയാണ്' – 'സഹജമായ' എന്നു മതി.

കാണുവാനുള്ള ശക്തി അവനില്ല – അവന് കാണുവാൻ ശക്തിയില്ല

രാമനുള്ളതും കൃഷ്ണനുള്ളതുമായ സാമർത്ഥ്യം ഗോവിന്ദനില്ല.– രാമനും കൃഷ്ണനുമുള്ള സാമർത്ഥ്യം ഗോവിന്ദനില്ല എന്നു മതി

- ഇത്തരത്തിലുള്ളതോ മറ്റു തരത്തിലുള്ളതോ ആയ കുറ്റങ്ങൾ – ഇത്തരത്തിലോ മറ്റു തരത്തിലോ ഉള്ള കുറ്റങ്ങൾ
- ക്രിസ്തുദേവന്റെ ത്യാഗം പാവനമായിട്ടുള്ളതാണ് – പാവനമാണ്

ഹിറ്റ്ലറുടെ ഉദ്ദേശ്യം സാധ്യമായിട്ടുള്ളതല്ല – സാധ്യമല്ല

- പാടുള്ളതല്ല – പാടില്ല

ചെയ്യേണ്ടതായിട്ടുള്ളൂ – ചെയ്യേണ്ടു

പുറപ്പെടുന്നതാണ് – പുറപ്പെടും

- എനിക്കെന്റെ മറ്റു പ്രവൃത്തികൾ നിർവഹിക്കേണ്ടതും ഉണ്ടായിരുന്നു – മറ്റു പ്രവൃത്തികൾ നിർവഹിക്കേണ്ടിയിരുന്നു
- യൂറോപ്പിൽ ജനസംഖ്യ കുറഞ്ഞു വരികയാണ്. ഇന്ത്യയിൽ അത് വർദ്ധിച്ചു വരികയും ചെയ്യുന്നു – വർദ്ധിച്ചും വരുന്നു
- പൊതുവെ ഉപയോഗത്തിൽ വരുന്ന ചില തെറ്റുകളാണ് അടുത്തതായി ചൂണ്ടിക്കാട്ടുന്നത്
- യാതൊരാളും തന്നെ, ഒട്ടും തന്നെ – ഇങ്ങനെ അനാവശ്യമായി 'തന്നെ' ചേർത്തെഴുതുന്ന രീതി
- ഉണ്ണുന്ന സമയം, ഉറങ്ങുന്ന സമയം - ഉണ്ണുമ്പോൾ, ഉറങ്ങുമ്പോൾ
- ഇംഗ്ലീഷിന്റെ ശരി തർജ്ജമകൾ ഉപയോഗിച്ച് വാക്കുകൾ നീട്ടുന്ന പ്രവണത

ആരും –യാതൊരാളും

എങ്ങാനും – എവിടെയെങ്കിലും

തലേന്ന് – തലേ ദിവസം

- കാണാം – കാണാൻ കഴിയും എന്നിങ്ങനെ
- വാക്യപൂർത്തിയ്ക്കു ശേഷം – 'എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല' എന്ന് കൂട്ടിച്ചേർക്കുന്ന പ്രവണത

ഉദാ. "ആശാന്റെ നിര്യാണം മലയാള ഭാഷയ്ക്കൊരു വമ്പിച്ച നഷ്ടമാണ് – എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല." പറയാതിരിക്കാനായിരുന്നു വക്താവിന് താല്പര്യം എന്നാൽ നിവൃത്തിയില്ലാത്തതു കൊണ്ട് പറയുന്നു എന്നൊരു താത്പര്യാർത്ഥം കൂടി അനാവശ്യമായ ഈ കൂട്ടിച്ചേർക്കൽ കൊണ്ട് ഉണ്ടാകുന്നു

## Objective Type Questions

1. പറഞ്ഞ കാര്യം തന്നെ മറ്റു വാക്കുകളിൽ ആവർത്തിക്കുന്ന ദോഷം?
2. ഭാഷയിൽ കണ്ടുവരുന്ന പ്രധാന പൗനരുക്തങ്ങളിൽ ഒരെണ്ണം എഴുതുക?
3. ഇംഗ്ലീഷിന്റെ അനുകരണം നമ്മുടെ ഭാഷയിൽ വരുത്തുന്ന പ്രധാന പ്രയോഗ വൈകൃതത്തിന് ഉദാഹരണമെഴുതുക?
4. ഭാഷയിൽ കണ്ടുവരുന്ന വലിച്ചു നീട്ടൽ പ്രവണതക്ക് ഉദാഹരണമെഴുതുക?
5. മലയാളഭാഷാ പ്രയോഗത്തിൽ കണ്ടുവരുന്ന വൈകൃതങ്ങൾക്ക് ഒരുദാഹരണമെഴുതുക?
6. പ്രയോഗ വൈകൃതങ്ങൾ കണ്ടെത്തുക

   a. അയാൾ സ്വയം ആത്മഹത്യ ചെയ്തു.
   b. അയാൾ ഉണ്ണുന്ന സമയത്ത് അതിഥികൾ വന്നു.
   c. ഏറ്റവും കരുണയേറിയ ദൈവം.
   d. സ്വഭാഷയെ ദുഷിപ്പിക്കാതിരിക്കേണ്ടത് നമ്മുടെ കടമയാണ്.
   e. ഈരണ്ട് പഴങ്ങൾ വീതം പങ്കിട്ടു കഴിച്ചു.
   f. ഭക്ഷണം അവസാനിപ്പിക്കേണ്ടത് ചെറുനാരങ്ങാ നീരോടു കൂടി വേണം.
   g. പഠിക്കുക മാത്രം ചെയ്യുന്നതു കൊണ്ടു തന്നെ പരീക്ഷയിൽ ജയിക്കാം.
   h. അതിനെക്കാൾ കവിഞ്ഞ ഒരു മെച്ചമൊന്നും ഇതിനില്ല.
   i. വരയ്ക്കുമ്പോൾ കൈ ചുമരിന്മേൽ തൊടുവിക്കാതെ വരച്ച ചിത്രം.
   j. വായനശാല തുറന്നതോടെ യുവാക്കളുടെ സാഹിത്യാഭിരുചി വളർത്തുവാനായി ഒരു കൈയ്യെഴുത്തു മാസികയും അതോടൊപ്പം തുടങ്ങിയിട്ടുണ്ട്.

## Answers

1. പൗനരുക്ത ദോഷം
2. 'ഓരോ വീടുതോറും' എന്ന പ്രയോഗം 'ഓരോ വീട്ടിലും' എന്നു മതി.
3. 'എന്നാൽ' (but) പ്രയോഗം, 'രാമൻ വിഡ്ഢിയല്ല. എന്നാൽ സമർത്ഥനാകുന്നു' എന്നതിനു പകരം 'രാമൻ വിഡ്ഢിയല്ല പിന്നെയോ സമർത്ഥനാകുന്നു' എന്നു മതി.
4. വലിയതായ എന്നു വേണ്ട 'വലിയ ആന' എന്നു മതി.
5. ക്രിസ്തുദേവന്റെ ത്യാഗം പാവനമായിട്ടുള്ളതാണ് എന്നു വേണ്ട പാവനമാണ് എന്ന് മതി
6. 
   a. അയാൾ ആത്മഹത്യ ചെയ്തു.
   b. അയാൾ ഉണ്ണുമ്പോൾ അതിഥികൾ വന്നു.
   c. കരുണയേറിയ ദൈവം.
   d. സ്വഭാഷയെ ദുഷിപ്പിക്കാതിരിക്കുക നമ്മുടെ കടമയാണ്.
   e. ഈരണ്ട് പഴങ്ങൾ പങ്കിട്ടു കഴിച്ചു, രണ്ടു പഴങ്ങൾ പങ്കിട്ടു കഴിച്ചു.
   f. ഭക്ഷണം അവസാനിപ്പിക്കേണ്ടത് ചെറുനാരങ്ങാ നീരോടെ വേണം.
   g. പഠിക്കുക കൊണ്ടു തന്നെ പരീക്ഷയിൽ ജയിക്കാം.
   h. അതിനേക്കാൾ മെച്ചമൊന്നും ഇതിനില്ല.
   i. കൈ ചുമരിന്മേൽ തൊടാതെ വരച്ച ചിത്രം
   j. വായനശാല തുറന്നതോടെ യുവാക്കളുടെ സാഹിത്യാഭിരുചി വളർത്തുവാനായി ഒരു കൈയ്യെഴുത്തു മാസികയും തുടങ്ങിയിട്ടുണ്ട്.

## Assignments

1. മലയാളഭാഷാപ്രയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
2. മലയാള ഭാഷാപ്രയോഗത്തിൽ വന്നിട്ടുള്ള പ്രയോഗ വൈകല്യങ്ങളെ മാരാർ ക്രോഡീകരിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

## Reference


1. പന്മന രാമചന്ദ്രൻ നായർ, തെറ്റില്ലാത്ത മലയാളം, ഡി.സി. ബുക്സ്, കോട്ടയം.
2. കുട്ടികൃഷ്ണമാരാർ, മലയാളശൈലി, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്.
3. എ.ആർ. രാജരാജവർമ്മ, സാഹിത്യ സാഹ്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. എ.ആർ. രാജരാജവർമ്മ, ശബ്ദശോധിനി, 1984; കേരളസർവ്വകലാശാല, തിരുവനന്തപുരം.

# യൂണിറ്റ് - 2
# ഭാഷാഗദ്യശൈലി

എം.പി. പോൾ

## Learning Outcomes

- ഗദ്യരചനക്കാവശ്യമായ ഭാഷാശൈലികളെക്കുറിച്ച് അറിവ് നേടുന്നു
- എം.പി. പോളിന്റെ സാഹിത്യ സംഭാവനകളെക്കുറിച്ച് മനസ്സിലാക്കുന്നു
- ഗദ്യശൈലിക്കു വന്ന പരിവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു
- ഗദ്യകവിതക്ക് വേണ്ടുന്ന ശൈലികളെ പരിചയപ്പെടുത്തുന്നു
- ഗദ്യശൈലിക്ക് വേണ്ട മാറ്റങ്ങളെക്കുറിച്ച് എം.പി. പോൾ നടത്തുന്ന നിരീക്ഷണങ്ങളെക്കുറിച്ച് അവബോധം നേടുന്നു

## Prerequisites

**എം.പി. പോൾ** (1904-1952)

മലയാളത്തിലെ ശ്രദ്ധേയനായ നിരൂപകനാണ് എം.പി. പോൾ. ദീർഘകാലം അധ്യാപകനായിരുന്നു അദ്ദേഹം. കേരളത്തിൽ പുരോഗമന സാഹിത്യ പ്രസ്ഥാനം രൂപപ്പെടുന്നതിൽ എം.പി. പോൾ മുഖ്യ പങ്കുവഹിച്ചിട്ടുണ്ട്. കുറച്ചു കാലം സംഘടനയുടെ അദ്ധ്യക്ഷ പദവി ഏറ്റെടുത്ത പോൾ പിൽക്കാലത്ത് അതിൽ നിന്നും തെറ്റിപ്പിരിഞ്ഞു. പ്രൗഢവും സരളവുമായ ഗദ്യശൈലിയുടെ ഉടമയാണ് അദ്ദേഹം. സാഹിത്യം എന്നാൽ കവിത എന്നു ധരിച്ച കാലഘട്ടത്തിൽ മലയാളത്തിലെ ഗദ്യസാഹിത്യത്തിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞു. അതിനാൽ മലയാളത്തിലെ ആദ്യഗദ്യനിരൂപകനെന്ന് പോൾ വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. കേരള സാഹിത്യപ്രവർത്തകസഹകരണസംഘത്തിന്റെ ആദ്യ അധ്യക്ഷൻ, പോൾസ് ട്യൂട്ടോറിയലിലൂടെ സമാന്തര വിദ്യാഭ്യാസത്തിന് തുടക്കമിട്ട വിദ്യാഭ്യാസ പ്രവർത്തകൻ എന്നിവ എം.പി.പോളിന്റെ മറ്റ് വിശേഷണങ്ങളാണ്.

പശ്ചാത്തലം

- മലയാള ഗദ്യത്തെക്കുറിച്ച് ഏറെ ചിന്തിച്ച നിരൂപകനാണ് എം.പി. പോൾ. ചെറുകഥാ പ്രസ്ഥാനം, നോവൽ സാഹിത്യം എന്നീ വിഖ്യാത ഗ്രന്ഥങ്ങളിലൂടെ ഗദ്യത്തിന്റെ ചെറുതും വലുതുമായ രൂപങ്ങളെ അദ്ദേഹം സൂക്ഷ്മ വിശകലനത്തിന് വിധേയമാക്കി. തെളിമയാർന്ന സ്വന്തം ഗദ്യശൈലിയിലൂടെ നല്ലൊരു ഗദ്യമാതൃക കാണിച്ചു തന്നിട്ടുമുണ്ട് അദ്ദേഹം. 'ഗദ്യഗതി' എന്ന ചെറു ഗ്രന്ഥത്തിലൂടെയും നല്ല ഗദ്യരചനയ്ക്ക് സഹായകമായ ചില വിലയിരുത്തലുകൾ എം.പി. പോൾ നടത്തുന്നുണ്ട്.

'സാഹിത്യ വിചാരം' എന്ന പുസ്തകത്തിൽ നിന്നെടുത്ത ഈ ലേഖനത്തിൽ നല്ല ഗദ്യ

രചനയ്ക്ക് ഉപയോഗപ്രദമായ നിർദ്ദേശങ്ങൾ നൽകുകയും അതിന് തടസ്സമാകുന്ന ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. തെളിമയാർന്ന ഗദ്യരചനയ്ക്ക് ഇന്നും പ്രസക്തമാണ് ഈ നിർദ്ദേശങ്ങൾ.

**എം.പി. പോളും സമകാലികരും –** ജോസഫ് മുണ്ടശ്ശേരി, എം.പി. പോൾ, കുട്ടികൃഷ്ണമാരാർ എന്നിവർ ഒരേ കാലഘട്ടത്തിൽ വ്യത്യസ്ത ശബ്ദം കേൾപ്പിച്ച നിരൂപകരാണ്. ഇവരെ പൊതുവെ നിരൂപകത്രയം എന്നു വിശേഷിപ്പിക്കുന്നു. ഇവരിൽ ഗദ്യസാഹിത്യത്തിന് സവിശേഷ ശ്രദ്ധ പതിപ്പിച്ച ആളാണ് എം.പി. പോൾ. തന്റെ ഗഹനമായ പാശ്ചാത്യസാഹിത്യ പരിചയം മലയാള നിരൂപണത്തിൽ ഫലപ്രദമായി ഉപയോഗിച്ച വ്യക്തി കൂടിയാണ് അദ്ദേഹം. സരളവും അതേ സമയം ഗൗരവമുള്ളതുമായ ഭാഷയിലൂടെ തന്റേതായ ഗദ്യശൈലി മലയാള നിരൂപണരംഗത്ത് കൊണ്ടുവരാൻ അദ്ദേഹത്തിന് കഴിഞ്ഞു.

**എം.പി. പോളിന്റെ കൃതികൾ**

നോവൽസാഹിത്യം, ചെറുകഥാപ്രസ്ഥാനം, ഗദ്യഗതി, സൗന്ദര്യനിരീക്ഷണം, സാഹിത്യ വിചാരം, കാവ്യദർശനം

## Key Themes

- നിരൂപകത്രയത്തിൽ പ്രധാനിയായ എം.പി. പോൾ, മലയാളത്തിലെ ഗദ്യശൈലിക്കു വേണ്ടുന്ന ഗുണങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ലേഖനം.
- ഗദ്യകവിതയിൽ സ്വീകരിക്കേണ്ടുന്ന മാറ്റങ്ങളെ അവതരിപ്പിക്കുന്നു.
- നല്ല ഗദ്യശൈലി പുലർത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്ന ലേഖനം.

## Discussion

തർജ്ജമ ചെയ്യാൻ ബുദ്ധിമുട്ടുള്ള പദങ്ങൾ എല്ലാ ഭാഷയിലുമുണ്ട്. അത്തരത്തിലുള്ള ഒരു പദമാണ് ഇംഗ്ലീഷിലെ style. ഇതിന് മലയാളത്തിൽ 'രീതി' എന്ന് അർത്ഥം കൊടുക്കുന്നത് ശരിയാവില്ല. കാരണം style കവിവ്യക്തിയുടെ പ്രകാശനമാണ്. രീതി വിശിഷ്ടപദരചനയും. അതിനാൽ ശൈലി എന്ന പദമാണ് കൂടുതൽ ചേരുക. ഭാഷ കൈകാര്യം ചെയ്യുന്ന ഒരാളിന്റെ ഭാഷാരൂപപരമായ ആത്മപ്രകാശനമാണ് ശൈലി.

ലക്ഷണയുക്തമായ ശൈലി കരസ്ഥമാക്കാൻ അത്ര എളുപ്പമല്ല. യഥാർത്ഥമായ ശൈലി കൈവരുന്നതിന് മലയാളം തെറ്റുകൂടാതെ എഴുതാൻ പഠിച്ചാൽ മാത്രം പോര. വ്യക്തിത്വം, ആത്മാർത്ഥത, ജീവത്ഭാഷാ സമ്പർക്കം ഇവയാണ് കലാസംബന്ധിയും അന്വർത്ഥവുമായ ഗദ്യശൈലിക്ക് വേണ്ട ഗുണങ്ങളായി ലേഖകൻ എടുത്തു കാണിക്കുന്നത്.

ഒരു ഗ്രന്ഥകാരന്റെ സ്ഥായിയായ ചിന്താഗതി, അനുഭവങ്ങൾ, സാഹിത്യപരിചയം എന്നിവയാലാണ് ശൈലിക്ക് വ്യക്തിത്വമുണ്ടാകുന്നത്. സ്വകീയവും അനന്യലഭ്യവുമായ ശൈലി കൈവന്നിട്ടില്ലാത്ത ഒരാൾ ഗദ്യകാരനല്ല. സി. വി. രാമൻപിള്ള, ചന്തുമേനോൻ, വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, ഇ. വി. കൃഷ്ണപിള്ള, ഏ.ആർ.രാജരാജവർമ്മ തുടങ്ങിയവർ എഴുതിയ ഒരു ഖണ്ഡിക വായിച്ചാൽ അതെഴുതിയതാരെന്ന് നമുക്ക് പറയാൻ കഴിയും. എന്നാൽ ഇത്തരം വ്യക്തിവിശേഷത്തോടു കൂടിയ രചനാരീതിയുള്ളവർ അധികമില്ല. ഇതിനു കാരണം ഭാഷാനൈപുണിയുടെ അഭാവമല്ല. സ്വന്തമായ ചിന്താശീലത്തിന്റെ വൈരള്യമാണ്. ഇതു തന്നെയാണ് ശൈലീവൈരള്യത്തിനും കാരണം.

ഗ്രന്ഥകാരന്റെ പ്രതിഭാവിലാസത്തെ കൈതവം കൂടാതെ പ്രകാശിപ്പിക്കാൻ ശക്തമായ ശൈലിയാണ് ആത്മാർത്ഥമായ ശൈലി. ബുദ്ധിയ്ക്കില്ലാത്ത ഗാംഭീര്യവും വിഷയത്തിനില്ലാത്ത ഗൗരവവും ഭാഷയിൽ കാണിക്കേണ്ടതില്ല. ഈ ദോഷം ഏറ്റവും കൂടുതൽ കാണുന്നത് വിമർശനത്തിലാണ്. ആവശ്യമില്ലാത്ത ഗാംഭീര്യവും ഗൗരവവും പ്രതിപാദനത്തിൽ കാട്ടുന്നത് ആത്മവഞ്ചനയാണ്. തനിക്കില്ലാത്ത പാണ്ഡിത്യം ഉണ്ടെന്ന് തോന്നിപ്പിക്കുന്നതും മറ്റൊരു ദോഷമാണ്. 'ലോകത്തിലെ സകലസാഹിത്യവും പരിശോധിച്ചാൽ ഇങ്ങനെ ഒന്ന് കാണുകയില്ല' എന്നൊക്കെ പറയുന്നത് ആത്മാർത്ഥതയുടെ അഭാവം മൂലമാണ്.

ജീവത്ഭാഷാസമ്പർക്കമാണ് ഗദ്യശൈലിക്ക് വേണ്ട മറ്റൊരു പ്രധാന ഗുണം. വാമൊഴിയാണ് വരമൊഴിയെ സജീവമാക്കുന്നത്. ഭാഷാമർമ്മമറിഞ്ഞു വേണം ഗദ്യമെഴുതാൻ. ജീവത്ഭാഷാ സമ്പർക്കമാണ് ഭാഷക്ക് ഓജസ്സും ചുറുചുറുക്കും സ്വാരസ്യവും നൽകുന്നത്. ഇ. വി. കൃഷ്ണപിള്ളയുടെ 'ഗദ്യശൈലി' ഉദാഹരണം. സംഭാഷണശൈലിയിൽ നിന്നും വിദൂരമായ ഗദ്യം തുരുമ്പുപിടിച്ചു പോകുമെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. "കടക്കാനല്ലേ പറഞ്ഞത് പുറത്ത്" എന്നു പറയേണ്ട സ്ഥാനത്ത് 'ഈ ഗൃഹത്തിൽ നിന്നും ബഹിർഗമിക്കുവാൻ ആജ്ഞാപിച്ചില്ലയോ?' എന്ന് പറഞ്ഞാൽ പുറത്തു പോകേണ്ട ആൾ അകത്തു തന്നെ നിൽക്കും.

എന്നാൽ ഈയിടെ ഗദ്യശൈലിക്ക് വന്ന ഒരു പരിവർത്തനം സംഭാഷണശൈലി അതേപടി പകർത്തുന്ന രീതിയാണ്. സംഭാഷണത്തിന്റെ മുറിവാചകങ്ങളും പുനരാവർത്തനങ്ങളും ഞരക്കവും മൂളലും ഗദ്യശൈലിയിൽ കടന്നു കൂടുന്നു. ഇങ്ങനെ ഗദ്യത്തിൽ 'രചന' എന്നൊന്ന് ഇല്ലാതായി. സംഭാഷണം അതേപടി പകർത്തിവെച്ചാൽ അത് ഗദ്യരചനയല്ല. ഗദ്യശൈലി സംഭാഷണത്തിൽ അടിയുറച്ചു നിൽക്കണം എന്നതുകൊണ്ട് ഗദ്യശൈലിക്കും സംഭാഷണശൈലിക്കും ഒരു വ്യത്യാസവുമില്ലെന്ന് അർത്ഥമാക്കരുത്.

ഇക്കാലത്ത് ഗദ്യകാരന്മാരുടെ നിർമ്മാണ കൗശലം 'ഗദ്യകവിത' എന്നൊരു നൂതനസൃഷ്ടിയിലാണ്. ഇത് ടാഗോർ കവിതകളുടെ ഗദ്യവിവർത്തനങ്ങളെയോ ചമ്പൂപ്രബന്ധങ്ങളിലെ ഗദ്യത്തെയോ ഇംഗ്ലീഷിലെ ഗദ്യകവിതയെയോ ആശ്രയിച്ചാണ്. ഇംഗ്ലീഷിൽ റസ്കിൻ, ന്യൂമാൻ, കാർലൈൽ എന്നിവരുടെ ശൈലി സുന്ദരഗദ്യകവിതയായി രൂപപ്പെടാറുണ്ട്. ഡിക്വൻസിയാണ് ഗദ്യകവിതയെ ഒരു സ്വതന്ത്ര സാഹിത്യവിഭാഗമാക്കിയത്. മനുഷ്യസ്വരം വികാരാവേശത്താൽ ഗദ്ഗദമാകുന്നതു പോലെ പ്രൗഢമാർഗ്ഗചാരിയായ ഗദ്യം വികാരത്താൽ തരളിതമാകുമ്പോൾ കവിതയുടെ അനുഭവം വായനക്കാരിൽ ഉണ്ടാവുന്നു. എന്നാൽ മലയാളത്തിൽ ഗദ്യകവിത എന്ന പേരിൽ ഇറങ്ങുന്ന ലേഖനങ്ങളധികവും വികാരരസപുഷ്ടമായാണ് കാണുന്നത്. പു, തു, വെൺ, പൊൻ ഇത്യാദി ഉപസർഗ്ഗങ്ങൾ കൊണ്ട് കൃത്രിമ മോടി വരുത്തി, പ്രാസാനുപ്രാസങ്ങൾ കണക്കിലേറെ ചെലുത്തി, സൗന്ദര്യം നടിക്കുന്ന ചില ആശയങ്ങൾ കൊണ്ട് അമ്മാനമാടുന്ന വിദ്യയാണോ ഗദ്യകവിതയെന്ന് തോന്നിപ്പോകും. ഗദ്യത്തിന്റെ ഗൗരവമോ പദ്യത്തിന്റെ ഹൃദയഹാരിത്വമോ അതിനില്ല. കൃത്രിമത്വത്തിന്റെ ആകർഷണമാണ് അതിലുള്ളത്.

[ഉപസർഗ്ഗം - പദത്തിന്റെ കൂടെ കൂട്ടിച്ചേർക്കുന്നതാണ് ഉപസർഗ്ഗം. അനു, പര, അപ മുതലായവ ഉദാഹരണം.

അനുപ്രാസം - വ്യഞ്ജനത്തെ ഇടക്കിടക്ക് ആവർത്തിക്കുന്ന പ്രാസമാണ് അനുപ്രാസം.]

ഗദ്യകവിതയുടെ വികാരസ്പർശനത്വത്തിന് ഉദാഹരണമായി നെഹ്റുവിന്റെ ആത്മകഥനത്തിൽ നിന്നും ഒരു ഭാഗം ഉദ്ധരിക്കുന്നുണ്ട് ലേഖകൻ. കൃത്രിമ മോടിപിടിപ്പിച്ച് ശ്രോതാക്കളെ വിസ്മയിപ്പിക്കാൻ അവിടെ യാതൊരു ശ്രമവുമില്ല. ആശയത്തിന്റെ സ്വാരസ്യത്തിൽ നിന്നാണ് ഇതിൽ കവിതാഗുണം ഉദ്ഭവിച്ചിട്ടുള്ളത്. മറ്റൊരു നല്ല ഉദാഹരണം ഡിക്വൻസി ദീർഘശ്വാസരൂപമായ സന്താപത്തെ ഒരു ദേവതയായി വർണ്ണിച്ചുകൊണ്ടെഴുതിയ ഇംഗ്ലീഷിലുള്ള ഒരു ഭാഗമാണ്. ഇതുപോലെ അനാഡംബരം നിറഞ്ഞ ശബ്ദഭംഗിയും ആലോചനാമൃതമായ സൂക്ഷ്മാശയത്വവും വികാരദീപ്തിയും ഗദ്യകവിതയിൽ കാണാൻ സാധിക്കുന്നുണ്ടെങ്കിൽ ഈ പ്രസ്ഥാനം വിജയി

ച്ചു എന്നു പറയാം. ഗദ്യകവിതയായാലും വെറും ഗദ്യമായാലും വ്യഥാസ്ഥൂലതയെന്ന ദോഷം പലപ്പോഴും ശൈലിയെ നിർജ്ജീവവും ആകാംക്ഷാരഹിതവുമാക്കുന്നു.

അതുപോലെ ഭഗീരഥപ്രയത്നം പോലുള്ള തുരുമ്പുപിടിച്ച പ്രയോഗങ്ങളും പ്രാസഭ്രമജാതമായ പദസമുച്ചയങ്ങളും ഗദ്യശൈലിയെ നശിപ്പിക്കുന്നു. ശേഷിയും ശേമുഷിയും, വിലയും നിലയും, സ്ഥിതിഗതികൾ, കവി കോകിലം, ഉപമാകാളിദാസസ്യ മുതലായ പഴകിപ്പോയ ചൊല്ലുകളും പ്രയോഗങ്ങളും നമ്മുടെ ഗദ്യശൈലിയെ നശിപ്പിക്കും. അതിനാൽ സ്വതന്ത്രമായി ചിന്തിച്ച് സ്വതന്ത്രമായ രീതിയിൽ ആശയവിനിമയം നടത്തുകയാണ് നല്ല ഒരു ഗദ്യശൈലിക്കു വേണ്ടി ചെയ്യേണ്ടത്.

നല്ല ഗദ്യശൈലി കരസ്ഥമാക്കുക എന്നത് ഗദ്യഭാഷ കൈകാര്യം ചെയ്യുന്ന ഏതൊരാളിന്റെയും മുന്നിലുള്ള ആദ്യത്തെ പ്രശ്നമാണ്. അതിനുതകുന്ന ചില പ്രായോഗിക നിർദ്ദേശങ്ങളാണ് ലേഖകൻ നൽകുന്നത്. ഭാഷ കൈകാര്യം ചെയ്യുന്നതിനു മുമ്പ് എഴുതുന്ന കാര്യത്തെക്കുറിച്ച് നല്ല ധാരണ വേണം എന്ന് ലേഖകൻ പറയുന്നുണ്ട്. ചിന്താവൈരള്യത്തെ ശൈലീവൈരള്യത്തിന്റെ പ്രധാന കാരണമായി ലേഖകൻ ചൂണ്ടിക്കാട്ടുന്നത് വളരെ പ്രസക്തമാണ്. അതുപോലെ വാമൊഴിയിൽ അടിയുറച്ച വരമൊഴിയുടെ ശക്തിയെക്കുറിച്ച് ലേഖകൻ പറയുന്നത് അർത്ഥവത്താണ്. ഗദ്യകവിത അന്ന് ഒരു നൂതന പ്രസ്ഥാനമായിരുന്നു. ഗദ്യകവിതയെ ലേഖകൻ അംഗീകരിക്കുന്നുവെങ്കിലും നൂതനത്വങ്ങൾക്ക് പിന്നാലെ പോയി ഭാഷയിൽ കൃത്രിമത്വം വരുത്തുന്നതിൽ അദ്ദേഹത്തിന് കഠിനമായ എതിർപ്പുണ്ട്. നല്ല ഗദ്യശൈലിയെക്കുറിച്ച് വാചാലനാകുക മാത്രമല്ല അദ്ദേഹം ചെയ്യുന്നത്. നല്ലതും ചീത്തയുമായ ധാരാളം ഉദാഹരണങ്ങളിലൂടെ ഉത്തമമായ ഗദ്യമാതൃക എന്തെന്ന് മനസ്സിലാക്കിത്തരുന്നുമുണ്ട്. അതിനാൽ നല്ല ഗദ്യം എഴുതുവാൻ ആഗ്രഹിക്കുന്നവർക്ക് ഏറെ പ്രയോജനപ്പെടുന്നതാണ് ഈ ലേഖനം.

## Recap

- ഭാഷ കൈകാര്യം ചെയ്യുന്ന ഒരാളിന്റെ ഭാഷാരൂപമായ ആത്മപ്രകാശനമാണ് ശൈലി
- വ്യക്തിത്വം, ആത്മാർത്ഥത, ജീവത്ഭാഷാസമ്പർക്കം ഇവയാണ് കലാസംബന്ധിയും അന്വർത്ഥവുമായ ഗദ്യശൈലിക്ക് വേണ്ട ഗുണങ്ങൾ
- ഒരു ഗ്രന്ഥകാരന്റെ സ്ഥായിയായ ചിന്താഗതി, അനുഭവങ്ങൾ, സാഹിത്യ പരിചയം എന്നിവയാലാണ് ശൈലിക്ക് വ്യക്തിത്വമുണ്ടാകുന്നത്
- സ്വന്തമായ ചിന്താശീലത്തിന്റെ വൈരള്യമാണ് ശൈലിയുടെ വൈരള്യത്തിന് കാരണം
- ഗ്രന്ഥകാരന്റെ പ്രതിഭാ വിലാസത്തെ കൈതവം കൂടാതെ പ്രകാശിപ്പിക്കാൻ ശക്തമായ ശൈലിയാണ് ആത്മാർത്ഥമായ ശൈലി
- ജീവത്ഭാഷാസമ്പർക്കമാണ് ഭാഷയ്ക്ക് ഓജസ്സും ചുറു ചുറുക്കും സ്വാരസ്യവും നൽകുന്നത്
- ഗദ്യശൈലി സംഭാഷണശൈലിയിൽ അടിയുറച്ചു നിൽക്കണം എന്നതുകൊണ്ട് ഗദ്യശൈലിക്കും സംഭാഷണശൈലിക്കും യാതൊരു വ്യത്യാസവുമില്ലെന്ന് അർത്ഥമില്ല
- ഡിക്വൻസിയാണ് ഗദ്യകവിതയെ ഒരു സ്വതന്ത്രസാഹിത്യ വിഭാഗമാക്കിയത്
- മനുഷ്യസ്വരം വികാരാവേശത്താൽ ഗദ്ഗദമാകുന്നതു പോലെ പ്രൗഢമാർഗ്ഗചാരിയായ ഗദ്യം വികാരത്താൽ തരളിതമാകുമ്പോൾ കവിതയുടെ അനുഭവം വായനക്കാ

രിൽ ഉണ്ടാകുന്നു

- ഗദ്യകവിതയുടെ വികാരസ്പർശിത്വത്തിന് ഉത്തമ ഉദാഹരണമാണ് നെഹ്റുവിന്റെ ആത്മകഥനം
- അനാഡംബരം നിറഞ്ഞ ശബ്ദഭംഗിയും ആലോചനാമൃതമായ സൂക്ഷ്മാശയത്വവും വികാരദീപ്തിയും ഗദ്യകവിതയിൽ കാണാൻ സാധിക്കുമെങ്കിൽ ആ പ്രസ്ഥാനം വിജയിച്ചു എന്നു പറയാം
- ഗദ്യകവിതയായാലും വെറും ഗദ്യമായാലും വൃഥാസ്ഥൂലതയെന്ന ദോഷം ശൈലിയെ നിർജ്ജീവവും ആകാംക്ഷാരഹിതവുമാക്കുന്നു
- തുരുമ്പുപിടിച്ച പ്രയോഗങ്ങളും പ്രാസഭ്രമജാതമായ പദസമുച്ചയങ്ങളും ഗദ്യശൈലിയെ നശിപ്പിക്കുന്നു
- സ്വതന്ത്രമായി ചിന്തിച്ച് സ്വതന്ത്രമായി ആശയവിനിമയം ചെയ്യുകയാണ് നല്ല ഗദ്യശൈലിക്കു വേണ്ടി ചെയ്യേണ്ടത്

## Objective Type Questions

1. ഗദ്യശൈലിക്കു വേണ്ട പ്രധാന ഗുണങ്ങൾ ഏതെല്ലാം?
2. ശൈലിയെ നിർജ്ജീവവും ആകാംക്ഷാരഹിതവുമാക്കുന്നതെന്ത്?
3. ശൈലീവൈരള്യത്തിനു കാരണമെന്ത്?
4. ഇംഗ്ലീഷിൽ ഗദ്യകവിതയെ ഒരു സ്വതന്ത്ര സാഹിത്യ വിഭാഗമാക്കിയതാര്?
5. വ്യഞ്ജനത്തെ ഇടയ്ക്കിടെ ആവർത്തിക്കുന്ന പ്രാസമേത്?
6. ഗദ്യം കൈകാര്യം ചെയ്യുന്ന ഏതൊരാളിന്റെയും മുന്നിലുള്ള ആദ്യത്തെ പ്രശ്നമെന്ത്?
7. ഗദ്യശൈലിയെ നശിപ്പിക്കുന്നതായി ലേഖകൻ കണ്ടെത്തുന്ന കാരണങ്ങൾ ഏവ?

## Answers

1. വ്യക്തിത്വം, ആത്മാർത്ഥത, ജീവത് ഭാഷാസമ്പർക്കം
2. വൃഥാസ്ഥൂലതയെന്ന ദോഷം
3. ചിന്താ വൈരള്യം
4. ഡിക്വൻസി
5. അനുപ്രാസം
6. നല്ല ഗദ്യശൈലി കരസ്ഥമാക്കുക എന്നത്
7. തുരുമ്പു പിടിച്ച പ്രയോഗങ്ങളും പ്രാസഭ്രമജാതമായ പദസമുച്ചയങ്ങളും

## Assignments

1. ഭാഷാഗദ്യശൈലി - ഗുണങ്ങളും ദോഷങ്ങളും വിവരിക്കുക.
2. ഭാഷാശൈലിയെക്കുറിച്ച് എം.പി. പോൾ നടത്തുന്ന നിരീക്ഷണങ്ങൾ എന്തെല്ലാം? ഉപന്യസിക്കുക.

## Reference


1. കുട്ടികൃഷ്ണമാരാർ, മലയാളശൈലി, മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്.
2. എം.പി. പോൾ, ഗദ്യഗതി, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
3. എ.ആർ. രാജരാജവർമ്മ, സാഹിത്യസാഹ്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# യൂണിറ്റ് - 3
# ശൈലിയെപ്പറ്റി ചില ചിന്തകൾ

**എസ്. ഗുപ്തൻ നായർ**

## Learning Outcomes

- എസ്. ഗുപ്തൻ നായരുടെ സാഹിത്യ സംഭാവനകളെക്കുറിച്ച് അറിവ് നേടുന്നു
- മലയാള സാഹിത്യത്തിനുണ്ടായ വിവിധ ഗദ്യശൈലികളെക്കുറിച്ച് മനസ്സിലാക്കുന്നു
- നല്ല ഗദ്യശൈലിയുടെ രചനയ്ക്കാവശ്യമായ കാര്യങ്ങൾ പരിചയപ്പെടുന്നു
- ശൈലിയെ കുറിച്ച് കൂടുതൽ അറിവ് ലഭിക്കുന്നു
- നല്ല ശൈലി കരസ്ഥമാക്കാനുള്ള ഉപായങ്ങൾ മനസ്സിലാക്കുന്നു

## Prerequisites

**ഗുപ്തൻ നായർ (1919-2006)**

പ്രശസ്ത നിരൂപകനും അദ്ധ്യാപകനും പ്രഭാഷകനുമായിരുന്നു എസ്. ഗുപ്തൻ നായർ. കേരള സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെയും കേരള സാഹിത്യ അക്കാദമിയുടെയും പ്രസിഡൻറായിരുന്നു അദ്ദേഹം. കൃത്യമായ മൂല്യബോധവും സൗമ്യമായ ശൈലിയും ഗുപ്തൻ നായരുടെ ഗദ്യത്തിന്റെ സവിശേഷതകളാണ്. സംഗീതം, ചിത്രകല തുടങ്ങിയ വിവിധ കലകളുമായി സാഹിത്യത്തെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള നിരൂപണ രീതിയാണ് അദ്ദേഹത്തിന്റേത്. സാഹിത്യത്തിന്റെ സ്വത: സ്ഫൂർത്തമായ രസം ഇസങ്ങൾക്കപ്പുറമാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. സ്പഷ്ടമായ പ്രതിപാദനശൈലി കൊണ്ട് സുഗ്രാഹ്യമായ നിരൂപണങ്ങളാണ് അദ്ദേഹത്തിന്റേത്.

**പശ്ചാത്തലം**

വ്യക്തവും ലളിതവുമായ ഭാഷയിൽ തനിക്ക് പറയാനുള്ള കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ ഗുപ്തൻ നായർക്ക് പ്രത്യേക പാടവമുണ്ട്. മലയാള ഗദ്യത്തിന്റെ ഉത്ഭവ വികാസങ്ങളെക്കുറിച്ച് ഗവേഷണ മൂല്യമുള്ള ഒരു ഗ്രന്ഥവും (ഗദ്യം പിന്നിട്ട വഴികൾ) അദ്ദേഹം രചിച്ചിട്ടുണ്ട്. പദ്യത്തെ അപേക്ഷിച്ച് ഗദ്യത്തിന്റെ സവിശേഷതകളും നല്ല ഗദ്യ രചനയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങുന്ന ഈ ലേഖനം വിദ്യാർത്ഥികൾക്ക് മാത്രമല്ല, മലയാളഭാഷയെ സ്നേഹിക്കുന്ന എല്ലാവർക്കും പ്രയോജനകരമാണ്.

**അംഗീകാരങ്ങൾ**

1996 ൽ കേരള സാഹിത്യ അക്കാദമി പുരസ്ക്കാരം, 1984 ൽ കേന്ദ്ര സാഹിത്യ അക്കാദമി

പുരസ്കാരം, 1995 ൽ വള്ളത്തോൾ പുരസ്ക്കാരം, 1998 ൽ വയലാർ അവാർഡ്, 2005 ൽ എഴുത്തച്ഛൻ പുരസ്ക്കാരം എന്നിവ നേടി.

കൃതികൾ

ആധുനികസാഹിത്യം, ക്രാന്തദർശികൾ, ഗദ്യം പിന്നിട്ട വഴികൾ, ഇസങ്ങൾക്കപ്പുറം, തിരയും ചുഴിയും, തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ, സൃഷ്ടിയും സ്രഷ്ടാവും, അസ്ഥിയുടെ പൂക്കൾ, ചങ്ങമ്പുഴ – കവിയും മനുഷ്യനും, സമാലോചന, കേരളവും സംഗീതവും, മനസാസ്മരാമി (ആത്മകഥ), ഗുപ്തൻ നായരുടെ ലേഖനങ്ങൾ, വിവേകാനന്ദസൂക്തങ്ങൾ, കാവ്യസ്വരൂപം.

## Key Themes

- പ്രശസ്ത നിരൂപകനായ എസ്. ഗുപ്തൻ നായർ മലയാളത്തിലെ ശൈലികളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ലേഖനം
- മലയാളത്തിലെ പ്രധാന എഴുത്തുകാരുടെ ശൈലികളെ പരിശോധിച്ച് അതിന്റെ പ്രശ്നങ്ങളെയും ഗുണങ്ങളെയും അവതരിപ്പിക്കുന്നു
- നല്ല ഗദ്യ ശൈലി എന്തെന്നും അത് കൈവരിക്കാൻ ചെയ്യേണ്ട ഉപാധികൾ എന്തെന്നും ലേഖനത്തിൽ പ്രതിപാദിക്കുന്നു

## Discussion

പദ്യത്തിലെ പദഘടനയ്ക്ക് ഗദ്യത്തേക്കാൾ ഇഴയടുപ്പവും താളപ്പറ്റും ഉണ്ട്. കവിത അന്തരംഗസാധനയുടെ ഫലമായി സംഭവിക്കുന്ന നിസ്സർഗ്ഗപ്രവാഹമാണ്. ഗദ്യം അടിതോറും ആലോചിച്ചെഴുതുന്നതും. എങ്കിലും ഓരോ ഗദ്യമെഴുത്തുകാരന്റെയും രചനയ്ക്ക് ചില മുദ്രകളുണ്ട്. ആ മുദ്രയാണ് ശൈലി. സംസ്കൃതത്തിൽ ഇത് രീതിയാണ്. വൈദർഭി, പാഞ്ചാലി, ഗൗഡി എന്നിങ്ങനെ ദേശനാമ സംഘടിതമായ പേരുകളാണ് നമ്മുടെ പ്രാചീനർ ഉപയോഗിച്ചിരുന്നത്. ഈ പദങ്ങൾ മലയാളത്തിൽ പ്രസക്തമല്ലെന്ന് പറഞ്ഞ് എ.ആർ കർക്കശം, കോമളം, സരസം, ശുഷ്ക്കം. ശാലീനം, ദീപ്രം എന്നിങ്ങനെ ചില പേരുകൾ നൽകി. ഈ പറഞ്ഞ പതിമൂന്ന് എണ്ണത്തെ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാമെന്ന് അദ്ദേഹം പറഞ്ഞതിൽ നിന്നും ഈ പേരുകളിൽ വലിയ കാര്യമില്ലെന്ന് വ്യക്തം.

ഇംഗ്ലീഷിലെ Style എന്ന വാക്ക് സാഹിത്യേതരമായ മണ്ഡലങ്ങളിലും ധാരാളമായി ഉപയോഗിക്കുന്നു. എന്നാൽ ശൈലി എന്ന മലയാളപദം ഇത്ര വ്യാപകമല്ല. ഓരോ എഴുത്തുകാരന്റെയും സവിശേഷമായ ഭാഷാപ്രയോഗരീതിയാണ് ശൈലി. സംഭാഷണത്തിൽ പോലും ഈ വ്യത്യാസം പ്രകടമാണ്.

വാക്കുകൾ നാണയങ്ങളെപ്പോലെയാണെന്ന് ചില ശാബ്ദികന്മാർ പറയുന്നു നടപ്പിലിരിക്കുന്ന കാലത്തേ നാണയങ്ങൾക്ക് വിലയുള്ളൂ. അതുപോലെ തന്നെയാണ് പദങ്ങൾക്കും. ചില പദങ്ങൾ പഴയ നാണയങ്ങളെന്ന പോലെ അപ്രത്യക്ഷമാവുകയും പകരം പുതിയ വാക്കുകൾ പ്രത്യക്ഷമാവുകയും ചെയ്യും. ചിലത് നിരന്തര

മായ പ്രയോഗത്താൽ അഴുക്കു പിടിക്കുന്നു. ചെറിയ നാണയങ്ങൾ വലിയ പൈസയേക്കാളും നാം കൂടുതലായി ഉപയോഗിക്കുന്നതു പോലെ ചില പദങ്ങൾ നിത്യേനയും ചിലത് വല്ലപ്പോഴും ഉപയോഗിക്കുന്നു.

എല്ലാ എഴുത്തുകാരും ഒരേ പദങ്ങളാണ് ഉപയോഗിക്കുന്നതെങ്കിലും ആ പദങ്ങളുടെ സംവിധാനഭംഗിയാൽ ഓരോ ആളും ജനിപ്പിക്കുന്ന പ്രതീതി വിഭിന്നമാണ്. ഒരു സ്വരസമൂഹത്തിന്റെ ഭിന്നസംവിധാനക്രമമനുസരിച്ച് അനേകം രാഗഭേദങ്ങൾ ഗായകൻ ധ്വനിപ്പിക്കുന്നതു പോലെയാണിത്. ഒരേ രാഗം തന്നെ ഭിന്നഗായകർ പാടുമ്പോൾ ഭിന്നമായ പ്രതീതിയും ലയവും അനുഭവപ്പെടുന്നുണ്ട്. ഇതും ഭാഷാശൈലി പോലെ തന്നെ വ്യക്തിത്വത്തിന്റെ പ്രകാശനമാണ്.

മുടന്തനായ ഒരാളെ വർണ്ണിക്കുമ്പോൾ 'അയാളുടെ കാലിന് അൽപം മുടന്തുണ്ട്' എന്ന് പറയുന്നത് വസ്തുസ്ഥിതികഥനമാണ്. എന്നാൽ 'വലത്തെ കാലിന് ഇടത്തെ കാലിനേക്കാൾ നീളം കൂടുതലാണ്' എന്ന് പറഞ്ഞാൽ അത് വർണ്ണനയല്ല, കളിയാക്കലായി. 'ആ ശ്രീമതി മുറിയിലേക്ക് നുഴഞ്ഞു കയറി' എന്ന് ഒരാളെപ്പറ്റി പറഞ്ഞാൽ അത് അവരുടെ ശരീരത്തിന്റെയും നടത്തയുടെയും സാഹസികത ധ്വനിപ്പിക്കുന്ന വാക്യമാണ്. ഇങ്ങനെയാണ് ആളിന്റെ വ്യക്തിത്വം ശൈലിയിലേക്ക് വരുന്നത്. അപ്പോൾ ഗൗരവക്കാരനും ഫലിതക്കാരനും ഒരേ ശൈലി പറ്റില്ല. ശാസ്ത്രജ്ഞനും നോവലെഴുത്തുകാരനും ഒരേ ശൈലി പറ്റില്ല.

'ആൾ തന്നെ ശൈലി' എന്നു പറഞ്ഞ ബഫൺ ഒരാളിനു പല ശൈലി എങ്ങനെ ഉണ്ടാകുന്നു എന്ന ചോദ്യത്തിന് സമാധാനം തരുന്നില്ല. വലിയകോയിത്തമ്പുരാന്റെ അക്ബറിലെ ശൈലിയല്ല വിജ്ഞാനമഞ്ജരിയിൽ. ബാലന്മാർക്കായി അദ്ദേഹം രചിച്ച പാഠങ്ങൾ വളരെ ലളിതമാണ്. തന്റെ ശാകുന്തളം തർജ്ജമയിലെ സംസ്കൃത പദപ്രാചുര്യവും സന്ധിവൈകല്യവും ചില സഹൃദയർക്ക് രസിക്കാത്തതായി അദ്ദേഹം പറഞ്ഞിട്ടുണ്ട്. എന്നാൽ സംസ്കൃത പണ്ഡിതന്മാരായ കവികൾക്ക് മണിപ്രവാള രീതിയിൽ എഴുതണമെന്ന് നിർബന്ധമുണ്ടായിരുന്നു. സംസ്കൃതപദ പ്രാചുര്യം ഭാഷാകവിതക്ക് ഒരു ഭൂഷണമാണെന്ന് തനിക്ക് തോന്നിയിട്ടില്ലെന്നും ശാകുന്തളം പരിഭാഷയിലെ പുല്ലിനെ മാൻ തുപ്പുന്നു, മാനോടൊത്തു വളർന്നു തുടങ്ങിയ പദ്യങ്ങൾ ഇതിന് ദൃഷ്ടാന്തമാണ് എന്നും കേരളവർമ്മ വലിയകോയിത്തമ്പുരാൻ പറയുന്നു.

ഗദ്യരചനയിലും കേരളവർമ്മയ്ക്ക് സംസ്കൃതാധിപത്യത്തിൽ വലിയ കമ്പമുണ്ടായിരുന്നില്ല എന്നതിനു തെളിവാണ് 'ഗദ്യമാലിക'യുടെ അവതാരികയിലെ ചില പ്രസ്താവങ്ങൾ. ചന്തുമേനോന്റെയും സി.പി. അച്യുതമേനോന്റെയും ഗദ്യരീതിയെ ഇതിൽ അങ്ങേയറ്റം പ്രശംസിച്ചിരിക്കുന്നു.

കേരളവർമ്മയുടെ രാജകീയസാഹചര്യവും പത്തൊൻപതാം നൂറ്റാണ്ടിലെ വിദ്യാഭ്യാസവും രചനാപരിശീലനവുമാണ് അദ്ദേഹത്തെക്കൊണ്ട് സംസ്കൃതപ്രവണമായ ഗദ്യ-പദ്യങ്ങൾ രചിപ്പിച്ചത്. അദ്ദേഹം ഈ രീതിയെ ആദർശമായി കരുതിയിരുന്നില്ല. കേരളവർമ്മയ്ക്കു ശേഷം സി.വി. രാമൻപിള്ള, പി.കെ. നാരായണപിള്ള, ഉള്ളൂർ എന്നിവരാണ് കൂടുതൽ സംസ്കൃതപദങ്ങൾ പ്രയോഗിച്ചു വന്ന ഗദ്യകാരന്മാർ. എങ്കിലും അവരുടെ ഗദ്യശൈലിക്കും ഓരോ തരത്തിൽ ഭംഗിയുണ്ടായിരുന്നു. 'ഭഞ്ജിക്കുന്നതിൽ കുഞ്ജരപ്രായന്മാർ' എന്ന പി.കെ യുടെ രസികൻ പ്രയോഗം ഉദാഹരണം. ഇവിടെ സംസ്കൃതാധിക്യം വൈരൂപ്യ കാരണമായിട്ടില്ലെന്നു മാത്രമല്ല സൗന്ദര്യവർദ്ധകമായിട്ടുമുണ്ട്. വിഷയത്തിന് അനുഗുണമായ പ്രൗഢിയും ശബ്ദസൗന്ദര്യവുമില്ലാതെ കണക്കിലധികം ലളിതമായാലും അനൗചിത്യമാകും. ചുരുക്കത്തിൽ കർണ്ണശല്യമാകുമാറ് സംസ്കൃതം പ്രയോഗിക്കാഞ്ഞാൽ മതി.

ലാളിത്യമോ സാരസ്യമോ നല്ലതെന്ന് ചോദിച്ചാൽ സാരസ്യം എന്നാണ് ഉത്തരം. ശുഷ്കഗദ്യം ശുഷ്കപദ്യത്തേക്കാൾ ദുഃസ്സഹമാണ്. കാരണം പദ്യത്തിന് ഒരു താളസുഖമുള്ളപ്പോൾ ഗദ്യത്തിൽ അതുപോലുമില്ല. ലളിതമായ കൃതി ശുഷ്ക്കവും കഠിനമായ കൃതി സരസവുമായി എന്നും വരാം എന്ന് എ.ആർ. രാജരാജവർമ്മ പറയുന്നു. ഭഗവദ്ദൂത് നാടകം ലളിതമെങ്കിലും സരസതയില്ല. നളചരിതം ആട്ടക്കഥ കഠിനമെങ്കി

ലും ശുഷ്ക്കമല്ല.

ചമത്കാരം വിഷയമനുസരിച്ച് പദ്യത്തിനെന്ന പോലെ ഗദ്യത്തിനും വേണം. ചമത്കാരം ചമയ്ക്കുന്ന മട്ട് ഉപദേശിച്ച് ഗ്രഹിപ്പിക്കാവുന്നതല്ല. പദവക്രതയും ബിംബകൽപനകളും ഗദ്യത്തിലുമാകാം. അവ അധികമായാൽ അരോചകവുമാവും.

ചന്തുമേനോൻ, മൂർക്കോത്ത് കുമാരൻ, അപ്പൻ തമ്പുരാൻ, എ.ആർ. രാജരാജവർമ്മ എന്നിവരുടെ ശൈലി, ലാളിത്യവും ചമത്കാരവും ഒന്നിച്ചുകൊണ്ടു പോവാം എന്നതിന് തെളിവാണ്. ലളിതമായി എഴുതുക വളരെ ക്ലേശകരമാണ്. അതിന് വളരെക്കാലത്തെ അഭ്യാസം വേണം. കാരൂർ 'ഉതുപ്പാൻ' എന്ന കഥാപാത്രത്തെ അവതരിപ്പിക്കുമ്പോൾ 'തന്നെക്കാൾ ഭാരമുള്ള ചുമടിനു കീഴെയും ഉതുപ്പാനെ കാണാറുണ്ട്' എന്ന് എഴുതുമ്പോൾ നർമ്മരസവും അനുകമ്പയും നിറഞ്ഞ് ശൈലി മാധുര്യമുള്ളതാകുന്നു. 'പട്ടണം ഉറങ്ങിയാൽ പീടികത്തിണ്ണയിൽ' എന്ന പ്രയോഗം ഉതുപ്പാന്റെ ദാരിദ്രത്തെപ്പറ്റിയും ജീവിത സംതൃപ്തിയെപ്പറ്റിയും സൂചന തരുന്നു. ഇതാണ് ലാളിത്യസമ്മിളിതമായ ചമത്കാരം.

പുതിയ ഗദ്യം കൂടുതൽ ധ്വനി പ്രധാനമാവുകയാണ്. തനി വക്രോക്തി ഒഴിവാക്കി ജനഭാഷയോട് അത് കൂടുതൽ അടുക്കുന്നു.

പണ്ടത്തെ എഴുത്തുകാർ ഗദ്യത്തെ സംഭാഷണഭാഷയിൽ നിന്നും എത്രമാത്രം അകറ്റാം എന്നാണ് ആലോചിച്ചിരുന്നത്. എന്നാൽ ഇന്ന് ആ സ്ഥിതി മാറി. ശൈലിക്ക് ജീവൻ നൽകാൻ സാമാന്യരുടെ വ്യവഹാരഭാഷയിൽ നിന്നും ശൈലികളും പദങ്ങളും സ്വീകരിച്ചേ മതിയാവൂ. പൂരവും വള്ളംകളിയും സർപ്പപ്പാട്ടുമെല്ലാം കൊണ്ടുള്ള ഭാവചിത്രങ്ങൾ അവസരം പോലെ ഉപയോഗിക്കാൻ കഴിഞ്ഞാലേ ശൈലിക്ക് ചടുലതയും സൗന്ദര്യവും സിദ്ധിക്കൂ.

ഫൗളർ എന്ന ശൈലീശാസ്ത്രജ്ഞൻ നല്ല ശൈലിയിൽ മൂന്ന് ഗുണങ്ങൾക്കാണ് മുൻഗണന നൽകിയത് - ലാളിത്യം, ആർജ്ജവം, ഔചിത്യം എന്നിവയാണവ. സോമർസെറ്റുമോമാകട്ടെ തെളിമ, ലാളിത്യം, ലയം എന്നിവയ്ക്കാണ് പ്രാധാന്യം നൽകുന്നത്. അസ്പഷ്ടവും അന്തര്യാമിയുമായ സംഗീതപ്രവാഹമാണ് ലയം. ആ പ്രവാഹം സ്പഷ്ടമോ ശബ്ദായമാനമോ ആവരുത്. ആയാൽ പെട്ടെന്ന് മടുപ്പു വരും ഡോ.കെ. ഭാസ്ക്കരൻനായരുടെയും കുട്ടിക്കൃഷ്ണമാരാരുടെയും ഗദ്യങ്ങൾ ലയവിന്യാസത്തിന് മികച്ച ഉദാഹരണമാണ്. മാരാരുടെ ഗദ്യലയം നിപുണശ്രോതാക്കൾക്ക് മാത്രം കേൾക്കാവുന്നതാണ്. കെ.ഭാസ്ക്കരൻ നായരുടേത് സ്പഷ്ടവും വാചാലവുമാണ്.

സംസ്കൃതപണ്ഡിതനായ മാരാർ മലയാളഗന്ധമുള്ള വാക്യങ്ങൾ എഴുതുമ്പോൾ ഇംഗ്ലീഷ് പണ്ഡിതനായ ഡോ.ഭാസ്ക്കരൻ നായർ സംസ്കൃത ഗന്ധമുള്ള വാക്യങ്ങൾ എഴുതുന്നു. ശൈലി കേവലം പദനിഷ്ഠമല്ല. വീക്ഷണത്തിലും പ്രതിപാദനത്തിലും സാരസ്യത്തിന്റെ തേൻതുള്ളികൾ ഇറ്റുവീഴണം. നല്ല പെരുമാറ്റം പോലെ അത് അഭ്യസിച്ചുറപ്പിക്കേണ്ട ഗുണമാണ്. എന്നാൽ അഭ്യസിച്ചതാണെന്ന് തോന്നുകയുമരുത്.

നല്ല ഗദ്യശൈലി എന്തെന്നും അത് കരസ്ഥമാക്കാനുള്ള ഉപായങ്ങൾ എന്തെല്ലാമെന്നതിനെക്കുറിച്ചും ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകുന്ന ലേഖനമാണിത്. നല്ല ഗദ്യശൈലി വാമൊഴിയിൽ അടിയുറച്ചതായിരിക്കും എന്ന എം.പി.പോളിന്റെ അഭിപ്രായത്തോട് ലേഖകനും യോജിക്കുന്നുണ്ട്. കേരളവർമ്മ, എ.ആർ, ചന്തുമേനോൻ, മൂർക്കോത്ത് കുമാരൻ തുടങ്ങിയ അന്നത്തെ മലയാളത്തിലെ പ്രഗൽഭരായ ഗദ്യകാരന്മാരെയെല്ലാം ലേഖകൻ ഉദാഹരിക്കുന്നുണ്ട്. നല്ല ഗദ്യം എഴുതാൻ ദീർഘകാലത്തെ അഭ്യാസം വേണമെന്ന് അദ്ദേഹത്തിന് അഭിപ്രായമുണ്ട്. പദങ്ങളെ നാണയങ്ങളോട് സാമ്യപ്പെടുത്തിക്കൊണ്ടുള്ള വർണ്ണന ആശയവ്യക്തതയ്ക്ക് അത്യന്തം പ്രയോജനകരമായിട്ടുണ്ട്. വ്യത്യസ്ത ശൈലികളെ സംഗീതത്തിലെ വ്യത്യസ്ത ഗാനാലാപനവുമായി കൂട്ടിയിണക്കുന്നതിൽ അദ്ദേഹത്തിന്റെ സംഗീതതാൽപര്യം കാണാം. കുട്ടിക്കൃഷ്ണമാരാരുടെയും കാരൂരിന്റെയുമെല്ലാം ഗദ്യശൈലികളെ മികച്ച മാതൃകകളായി ചൂണ്ടിക്കാണിച്ചതും ഉചിതമായി. പൊതുവെ അത്യന്തം സൂക്ഷ്മവും വ്യക്തവുമായി ഈ വിഷയത്തെ കൈകാര്യം

ചെയ്യാൻ ലേഖകന് കഴിഞ്ഞിട്ടുണ്ട്.

## Recap

- ഓരോ ഗദ്യമെഴുത്തുകാരന്റെയും രചനയ്ക്ക് ചില മുദ്രകളുണ്ട്. ആ മുദ്രകളാണ് ശൈലി
- സംസ്കൃതത്തിൽ ശൈലിക്ക് 'രീതി' എന്നു പറയുന്നു
- വൈദർഭി, പാഞ്ചാലി, ഗൗഡി എന്നിങ്ങനെ സംസ്കൃതത്തിൽ ദേശനാമസംഘടിതമായി രീതിക്ക് പേർ നൽകിയിരിക്കുന്നു
- എ.ആർ. ശൈലികളെ കർക്കശം, കോമളം, സരസം, ശുഷ്ക്കം, ശാലീനം, ദീപ്രം എന്നിങ്ങനെ ശൈലികളെ വിഭജിച്ചു
- വാക്കുകൾ നാണയങ്ങളെപ്പോലെയാണ്. കാലപ്പഴക്കം കൊണ്ട് ചില നാണയങ്ങൾ അപ്രത്യക്ഷമായി പുതിയവ പ്രത്യക്ഷപ്പെടുന്നതു പോലെ ഭാഷയിലും പഴയപദങ്ങളുടെ സ്ഥാനത്ത് പുതിയവ വരുന്നു. ചെറിയ നാണയങ്ങൾ വലിയ പൈസയേക്കാൾ നാം ഉപയോഗിക്കുന്നതു പോലെ ചില പദങ്ങൾ നിത്യേനയും ചിലത് വലപ്പോഴും ഉപയോഗിക്കുന്നു
- എല്ലാ എഴുത്തുകാരും ഒരേ പദങ്ങളാണ് ഉപയോഗിക്കുന്നതെങ്കിലും ആ പദങ്ങളുടെ സംവിധാനഭംഗിയാൽ ഓരോ ആളും ജനിപ്പിക്കുന്ന പ്രതീതി വ്യത്യസ്തമാണ്
- ഒരേ രാഗം തന്നെ ഭിന്നഗായകർ പാടുമ്പോൾ ഭിന്നമായ പ്രതീതിയും ലയവും അനുഭവമാകുന്നുണ്ട്. ഇതു പോലെ ഭാഷാശൈലിയും വ്യക്തിത്വത്തിന്റെ പ്രകാശനമാണ്
- ഗൗരവക്കാരനും ഫലിതക്കാരനും ശാസ്ത്രജ്ഞനും നോവലെഴുത്തുകാരനും ഒക്കെ വ്യത്യസ്ത ശൈലിയുണ്ട്
- ആൾ തന്നെ ശൈലി എന്ന് പറഞ്ഞത് ബഫൺ ആണ്
- ഒരാളുടെ ശൈലികൾ തന്നെ വ്യത്യസ്തമാകാം. ഉദാഹരണമായി കേരളവർമ്മയുടെ 'അക്ബറി'ലെ ശൈലിയല്ല 'വിജ്ഞാനമഞ്ജരി'യിൽ. ബാലന്മാർക്കായി അദ്ദേഹം രചിച്ച പാഠങ്ങൾ വളരെ ലളിതമാണ്
- കേരളവർമ്മയുടെ രാജകീയസാഹചര്യവും പത്തൊൻപതാംനൂറ്റാണ്ടിലെ വിദ്യാഭ്യാസവും രചനാപരിശീലനവും അദ്ദേഹത്തിന്റെ സംസ്കൃത പ്രചുരമായ ഗദ്യത്തിന് കാരണമായി
- വിഷയത്തിന് അനുഗുണമായ പ്രൗഢിയും ശബ്ദസൗന്ദര്യവുമില്ലാതെ കണക്കിലധികം ലളിതമായാലും അനൗചിത്യമാകും
- ശുഷ്ക്കഗദ്യം ശുഷ്ക്കപദ്യത്തേക്കാൾ ദുസ്സഹമാണ്. കാരണം പദ്യത്തിന് ഒരു താളമുള്ളപ്പോൾ ഗദ്യത്തിന് അതു പോലുമില്ല
- കഠിനമായ കൃതി സരസമല്ല ലളിതമായ കൃതി ശുഷ്ക്കവുമായി എന്നും വരാം. ഭഗവദ്ദൂത് നാടകം ലളിതമെങ്കിലും സരസതയില്ല. നളചരിതം ആട്ടക്കഥ കഠിനമെങ്കിലും ശുഷ്ക്കമല്ല
- ചമത്കാരം വിഷയത്തിനനുസരിച്ചാണ്. പദ്യത്തിനെന്ന പോലെ ഗദ്യത്തിനും ലയം വേണം
- പദവക്രതയും ബിംബകല്പനയും ഗദ്യത്തിലുമാകാം. അവ അധികമായാൽ അരോചകമാവും
- ചന്തുമേനോൻ, മൂർക്കോത്തുകുമാരൻ, എ.ആർ. രാജരാജവർമ്മ, അപ്പൻ തമ്പുരാൻ എന്നിവരുടെ ശൈലി ലാളിത്യവും ചമത്കാരവും ഒന്നിച്ചു കൊണ്ടു പോവാം എന്ന

തിനു തെളിവാണ്

- ലളിതമായി എഴുതുക വളരെ ക്ലേശകരമാണ്. അതിന് വളരെക്കാലത്തെ അഭ്യാസം വേണം
- ലാളിത്യ സമ്മിളിതമായ ചമത്കാരത്തിന് ഉദാഹരണമാണ് കാരൂരിന്റെ ശൈലി.
- പുതിയ ഗദ്യം കൂടുതൽ ധ്വനിസാന്ദ്രമാവുകയാണ്. തനി വക്രോക്തി ഒഴിവാക്കി അത് ജനഭാഷയോട് കൂടുതൽ അടുക്കുന്നു
- ശൈലിക്ക് ജീവൻ നൽകാൻ സാമാന്യമനുഷ്യരുടെ വ്യവഹാരഭാഷയിൽ നിന്നും ശൈലികളും പദങ്ങളും സ്വീകരിച്ചേ മതിയാവൂ
- ഫൗളർ എന്ന ശൈലീശാസ്ത്രജ്ഞൻ ലാളിത്യം, ആർജ്ജവം, ഔചിത്യം എന്നീ മൂന്ന് ഗുണങ്ങൾക്ക് നല്ല ശൈലിയിൽ മുൻഗണന നൽകി
- തെളിമ, ലാളിത്യം, ലയം എന്നിവയ്ക്കാണ് സോമർസെറ്റുമോം ശൈലിയിൽ പ്രാധാന്യം നൽകിയത്
- അസ്പഷ്ടവും അന്തര്യാമിയും ആയ സംഗീതപ്രവാഹമാണ് ലയം. ആ പ്രവാഹം സ്പഷ്ടമോ ശബ്ദായമാനമോ ആവരുത്
- ഡോ.കെ.ഭാസ്ക്കരൻനായരുടെയും കുട്ടികൃഷ്ണമാരാരുടെയും ഗദ്യം ലയവിന്യാസത്തിന് മികച്ച ഉദാഹരണമാണ്
- ശൈലി കേവലം പദനിഷ്ഠമല്ല. വീക്ഷണത്തിലും പ്രതിപാദനത്തിലും സാരസ്യത്തിന്റെ തേൻതുള്ളികൾ ഇറ്റുവീഴണം
- നല്ല പെരുമാറ്റം പോലെ നല്ല ശൈലിയും അഭ്യസിച്ചുറപ്പിക്കേണ്ട ഗുണമാണ്. എന്നാൽ അഭ്യസിച്ചതാണെന്ന് തോന്നുകയുമരുത്

## Objective Type Questions

1. 'ശൈലി' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
2. സംസ്കൃതത്തിൽ 'ശൈലി'ക്ക് പറയുന്ന പേർ എന്ത്?
3. സംസ്കൃതത്തിലെ ദേശ നാമഘടിതമായ ശൈലികൾ ഏവ?
4. എ.ആർ, ശൈലിയെ വിഭജിച്ചതെങ്ങനെ?
5. വാക്കുകൾ നാണയങ്ങളെപ്പോലെയാണെന്ന് പറയാൻ കാരണമെന്ത്?
6. ശൈലിയെയും സംഗീതത്തെയും തമ്മിൽ ബന്ധപ്പെടുത്തുന്ന വസ്തുത എന്ത്?
7. ശൈലിയെ ബഫൺ നിർവചിച്ചതെങ്ങനെ?
8. പുതിയ ഗദ്യം കൂടുതൽ ധ്വനി പ്രധാനമാകുന്നത് എങ്ങനെ?
9. ഫൗളർ ഏത് ഗുണങ്ങൾക്കാണ് ശൈലിയിൽ മുൻഗണന നൽകുന്നത്
10. സോമർസെറ്റ് മോം പ്രാധാന്യം നൽകുന്ന ശൈലീഗുണങ്ങൾ ഏവ?
11. കാരൂരിന്റെ ശൈലിയുടെ സവിശേഷത എന്ത്?
12. നല്ല ഗദ്യശൈലി എന്തിലടിയുറച്ചതായിരിക്കുമെന്നാണ് എം.പി. പോൾ പറയുന്നത്?

## Answers

1. ഓരോ എഴുത്തുകാരന്റെയും സവിശേഷമായ ഭാഷാപ്രയോഗ രീതി
2. രീതി
3. വൈദർഭി, പാഞ്ചാലി, ഗൗഡി
4. കർക്കശം, കോമളം, സരസം, ശുഷ്കം, ശാലീനം, ദീപ്രം
5. നടപ്പിലിരിക്കുന്ന കാലത്തെ നാണയങ്ങൾക്കും പദങ്ങൾക്കും വിലയുള്ളൂ
6. ഭിന്നമായ പ്രതീതിയും ലയവും വ്യക്തികൾക്കനുസരിച്ച് മാറുന്നു.
7. ആൾ തന്നെ ശൈലി
8. വക്രോക്തി ഒഴിവാക്കി ജനഭാഷയോട് അടുത്തു കൊണ്ട്
9. ലാളിത്യം, ആർജ്ജവം, ഔചിത്യം
10. തെളിമ, ലാളിത്യം, ലയം
11. ലാളിത്യ സമ്മിളിതമായ ചമത്കാരം
12. വാമൊഴികൾ

## Assignments

1. നല്ല ശൈലിക്ക് മാതൃകയായ ഗദ്യരചനകൾ കണ്ടെത്തുക.
2. ഗദ്യരചനക്കാവശ്യമായ ശൈലിയെക്കുറിച്ച് എസ്. ഗുപ്തൻ നായർ നടത്തുന്ന നിരീക്ഷണങ്ങൾ വിവരിക്കുക.

## Reference


1. എം.എൻ. കാരശ്ശേരി, തെളിമലയാളം, ഡി.സി ബുക്സ്, കോട്ടയം.
2. സി.വി. വാസുദേവഭട്ടതിരി, ഗദ്യശില്പം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കെ.എം. പ്രഭാകര വാര്യർ, ശൈലീശില്പം, മാളുബൻ, തിരുവനന്തപുരം.

# യൂണിറ്റ് - 4
# ഭാഷയും ആശയവിനിമയവും
**ഡോ. കെ. എം. പ്രഭാകരവാര്യർ**

## Learning Outcomes

- കെ. എം. പ്രഭാകരവാര്യർ മലയാളഭാഷയ്ക്ക് നൽകിയ സംഭാവനകളെക്കുറിച്ച് മനസ്സിലാക്കുന്നു
- ആശയവിനിമയോപാധിയായ ഭാഷയുടെ സാധ്യതകളെ കൂടുതൽ അടുത്തറിയുന്നു
- ആശയവിനിമയത്തിന്റെ ശാസ്ത്രീയ വശങ്ങളെ പരിചയപ്പെടുന്നു
- മനോഭാഷാ വിജ്ഞാനശാഖയെക്കുറിച്ച് അറിവ് നേടുന്നു

## Prerequisites

**ഡോ. കെ. എം. പ്രഭാകരവാര്യർ - (1933-2010) -**

ഭാഷാ സാഹിത്യഗവേഷകൻ, അദ്ധ്യാപകൻ എന്നീ നിലകളിൽ പ്രശസ്തൻ. വിവിധ സർവകലാശാലകളിൽ വിദഗ്ദ്ധ സമിതികളിൽ അംഗമായിരുന്നിട്ടുണ്ട്. മദ്രാസ് ഫിലിം സെൻസർ ബോർഡ് ഉപദേശക സമിതിയിലും അംഗമായിരുന്നു. ഭാഷാശാസ്ത്രം എന്ന നൂതനവിജ്ഞാനശാഖയെക്കുറിച്ച് വലിയ അവഗാഹമൊന്നും മലയാളികൾക്ക് ഇല്ലാതിരുന്ന കാലഘട്ടത്തിൽ പ്രത്യേകിച്ചും വിദ്യാർത്ഥികൾക്ക് സഹായകമാകുന്ന രീതിയിൽ ഭാഷാശാസ്ത്ര സംബന്ധിയായ അനേകം ഗ്രന്ഥങ്ങൾ രചിച്ചു എന്നതിന്റെ പേരിലാണ് അദ്ദേഹം സ്മരണീയനായത്. ഇന്നും ഭാഷാശാസ്ത്ര വിജ്ഞാനത്തിന്റെ പ്രാഥമിക അറിവുകൾക്കായി നാം ആശ്രയിക്കുന്നത് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളെയാണ്.

അംഗീകാരങ്ങൾ - ഐ.സി.ചാക്കോ എൻഡോവ്മെൻറ് അവാർഡ് (മൊഴിയും പൊരുളും), കുപ്പം ദ്രാവിഡ സർവകലാശാലയിലെ മികച്ച ഗവേഷകർക്കുള്ള അവാർഡ്, സി.ബി.കുമാർ എൻഡോവ്മെന്റ് അവാർഡ് (തെളിവും വെളിവും), മലയാളം സ്കോളർ അവാർഡ് തുടങ്ങിയവ.

കൃതികൾ - ആധുനിക ഭാഷാശാസ്ത്രം, കവിതയിലെ ഭാഷ, ശൈലീ ശില്പം, ഭാഷയും മന:ശാസ്ത്രവും, Studies in Malayalam Grammar, സ്വനിമ വിജ്ഞാനം, ഗവേഷണപദ്ധതി, പൂർവ്വ കേരളഭാഷ, ഞാനും നിങ്ങളും, തെളിവും വെളിവും, മൊഴിയും പൊരുളും, മലയാള വ്യാകരണ സമീക്ഷ, ഭാഷാവലോകനം, ഭാഷാശാസ്ത്രവിവേകം, മലയാളം: മാറ്റവും വളർച്ചയും, മൊഴിവഴികൾ, ഭാഷ സാഹിത്യം വിമർശനം

## Key Themes

- ഭാഷ എന്ന മനുഷ്യന് മാത്രം സ്വായത്തമായ അത്ഭുത സിദ്ധിയെക്കുറിച്ചും ആശയ വിനിമയം എന്ന അതിന്റെ ധർമ്മത്തെക്കുറിച്ചും പ്രാഥമിക വിജ്ഞാനം പകരുന്നു.
- നിത്യജീവിതത്തിൽ നാം ലാഘവപൂർവ്വം നടത്തുന്ന സംവാദപ്രക്രിയ എത്ര സങ്കീർണ്ണമായ ഒന്നാണെന്ന് ബോധ്യപ്പെടുത്തുന്നു.
- മനുഷ്യന്റെ ആശയ വിനിമയ പ്രക്രിയയെക്കുറിച്ചും അതെക്കുറിച്ചുണ്ടായ പഠനമേഖലകളെക്കുറിച്ചും സാമാന്യമായ അറിവ് നൽകുന്നു.

## Discussion

സാമൂഹ്യ ജീവിതത്തിന്റെ കെട്ടുറപ്പിനും പരസ്പര ബന്ധങ്ങൾക്കുമെല്ലാം നിദാനമായി വർത്തിക്കുന്ന പ്രതിഭാസങ്ങളിൽ ഏറ്റവും പ്രധാനമായതാണ് ആശയ വിനിമയം. ആശയവിനിമയത്തിനുള്ള പല ഉപാധികളിൽ ഒന്നു മാത്രമാണ് ഭാഷ. ആംഗ്യം, ഉച്ചാരണശബ്ദം, സ്തോഭപ്രകാശം, ലിപികൾ എന്നിവയൊക്കെ ആശയവിനിമയത്തിന് സഹായകമാണ്. വർണ്ണം, വെളിച്ചം. കൃത്രിമശബ്ദങ്ങൾ എന്നിവയും ആശയവിനിമയത്തിന് ഉപയോഗിച്ചു വരുന്നു.

മനുഷ്യേതര ജീവികളിലും അസമ്പുഷ്ടവും അവികസിതവുമായ ആശയവിനിമയ പ്രക്രിയ നടക്കാറുണ്ട്. എന്നാൽ മനുഷ്യേതര ജീവികളുടെ ആശയവിനിമയ രീതികളെ ഭാഷ എന്ന് വിശേഷിപ്പിക്കാൻ സാധ്യമല്ല. മനുഷ്യഭാഷ മനുഷ്യേതര ഭാഷയിൽ നിന്ന് പല തരത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

ആശയവിനിമയം എന്ന സങ്കൽപത്തിൽ രണ്ട് വ്യത്യസ്ത ഘടകങ്ങളുണ്ട്. ആശയം ഉത്ഭവിക്കുന്ന ഘടകവും ആശയം എത്തിച്ചേരുന്ന ഘടകവും. ഭാഷണത്തിൽ സംസാരിക്കുന്ന ആൾ ഉത്ഭവസ്ഥാനവും കേൾക്കുന്ന ആൾ പ്രാപ്യസ്ഥാനവും ആണ്. ഉത്ഭവസ്ഥാനത്ത് നിന്നുള്ള സന്ദേശം പ്രാപ്യസ്ഥാനത്ത് എത്തുമ്പോൾ ആശയവിനിമയം നടക്കുന്നു. സന്ദേശം അമൂർത്തമായ പ്രതിഭാസമായതിനാൽ ഉത്ഭവ കേന്ദ്രത്തിനും പ്രാപ്യസ്ഥാനത്തിനും ഇടയിലുള്ള സ്വാഭാവികമോ കൃത്രിമമോ ആയ ഏതെങ്കിലുമൊരു മാധ്യമത്തിലൂടെ സഞ്ചരിക്കത്തക്ക വിധത്തിൽ സന്ദേശത്തെ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ മാധ്യമമാണ് സഞ്ചാരപഥം. അന്തരീക്ഷവായുമാണ് സഞ്ചാരപഥമെങ്കിൽ സന്ദേശത്തെ ശബ്ദതരംഗങ്ങളാക്കി മാറ്റാവുന്നതാണ്. ഇപ്രകാരം സഞ്ചാരപഥത്തിന് അനുഗുണമായ രൂപപരിണാമം വരുത്തിയാലേ സന്ദേശത്തെ ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് കൊണ്ടുപോവാൻ കഴിയൂ. ഇപ്രകാരം സന്ദേശത്തെ രൂപഭേദം ചെയ്യുന്നതിന് സങ്കേതനം എന്നും ആ കർമ്മത്തിന് ഉത്തരവാദപ്പെട്ട ഘടകത്തെ 'പ്രേഷകം' എന്നും പറയാം. രൂപാന്തരപ്പെടുത്തിയ സന്ദേശം 'കോഡ്' ആണ്.

'സന്ദേശമല്ല', അതിന്റെ സങ്കേതചിഹ്നങ്ങളാണ് പ്രാപ്യസ്ഥാനത്തെ ലക്ഷ്യമാക്കി സഞ്ചരിക്കുന്നത്. ആശയത്തിനും ചിഹ്നത്തിനും തമ്മിൽ സ്വാഭാവികബന്ധമൊന്നും ഇല്ല. എങ്കിലും അവ തമ്മിലുള്ള ബന്ധം പൊതുവായി അംഗീകരിക്കപ്പെടണം. ചിഹ്നങ്ങൾക്കും അവ ഉദ്ദീപിപ്പിക്കുന്ന ആശയങ്ങൾക്കും തമ്മിൽ വ്യവസ്ഥാപിത ബന്ധം മാത്രമാണ് ഉള്ളത്.

ആശയം ചിഹ്നമായി പ്രാപ്യസ്ഥാനത്തേക്ക് സഞ്ചരിക്കുന്നു. ചിഹ്നങ്ങളെ പ്രാപ്യസ്ഥാനത്ത് അതേപടി സ്വീകരിക്കുക മാത്രം ചെയ്താൽ ആശയബോധം ഉണ്ടാകില്ല. 'സങ്കേതചിഹ്നങ്ങളെ' വീണ്ടും സന്ദേശമാക്കി മാറ്റണം. ഇങ്ങനെ സങ്കേതചിഹ്നങ്ങളെ അവയുടെ പൂർവ്വരൂപമായ ആശയമാക്കി മാറ്റുന്നത് 'വിസങ്കേതനം'. ആ കർമ്മം നിർവ്വഹിക്കുന്ന ഘടകത്തെ 'ആദായി' എന്നു പറയാം. അപ്പോൾ ആശയവിനിമയപ്രക്രിയയിൽ ഉത്ഭവസ്ഥാനം, പ്രേഷകം, സഞ്ചാരപഥം, ആദായി, പ്രാപ്യസ്ഥാനം എന്നിങ്ങനെ

അഞ്ച് ഘടകങ്ങൾ ഉണ്ട്.

ഭാഷണപ്രക്രിയയിൽ സംസാരിക്കുന്ന ആൾ ഉത്ഭവസ്ഥാനവും കേൾക്കുന്ന ആൾ പ്രാപ്യ സ്ഥാനവുമാണ്. അന്തരീക്ഷവായുവാണ് സഞ്ചാരപഥം. അതിനാൽ ആശയത്തെ ശബ്ദവീചികളായി മാറ്റണം. ഈ കർമ്മം നിർവ്വഹിക്കുന്നത് വക്താവിന്റെ ഉച്ചാരണാവയവങ്ങളാണ്. ഈ ശബ്ദതരംഗങ്ങൾ അന്തരീക്ഷവായുവിലൂടെ ശ്രോതാവിലെത്തുന്നു. ശബ്ദതരംഗങ്ങൾ ശ്രോതാവിന്റെ കർണ്ണഫലകത്തിൽ തത്തുല്യമായ പ്രകമ്പനങ്ങൾ സൃഷ്ടിക്കും. ശബ്ദവീചികളെ വീണ്ടും ആശയമായി മാറ്റുന്നു. അങ്ങനെ വാചികവൃത്തിയിൽ ആശയവിനിമയ പ്രക്രിയയിലെ എല്ലാ ഘടകങ്ങളും അടങ്ങിയിരിക്കുന്നു.

ദൂരശ്രവണി, പ്രക്ഷേപണി മുതലായ യാന്ത്രികോപകരണങ്ങൾ വഴിയുള്ള ആശയവിനിമയത്തിലും ഈ ഘടകങ്ങളെല്ലാം അടങ്ങിയിരിക്കുന്നു. ഇവയിൽ സങ്കേതചിഹ്നങ്ങൾ വൈദ്യുതവീചികളായിരിക്കും. പ്രേക്ഷകം, ആദായി എന്നിവയുടെ പ്രവൃത്തികൾ നിർവ്വഹിക്കാൻ പ്രത്യേക യാന്ത്രികഘടകങ്ങളും ഉണ്ടായിരിക്കും. ലിഖിത സമ്പ്രദായത്തിൽ ലേഖകൻ ഉത്ഭവകേന്ദ്രവും എഴുതാനുപയോഗിക്കുന്ന ഉപകരണം പ്രേഷകവും ലിപികൾ സങ്കേതവുമായിരിക്കും. കടലാസിന്റെ സ്ഥിരത എന്ന ധർമ്മം സഞ്ചാരപഥം. വായിക്കുന്ന ആളുടെ കണ്ണുകളിൽ നിന്ന് തലച്ചോറിലേക്കുള്ള നാഡികൾ ആദായിയും വായിക്കുന്ന ആൾ പ്രാപ്യസ്ഥാനവും ആയിരിക്കും. ലേഖനത്തിൽ ആശയവിനിമയത്തിന് കാലതാമസം നേരിടുന്നു എന്നു മാത്രം.

തീയും പുകയും തമ്മിലുള്ള ബന്ധം കാര്യകാരണബന്ധമാണ്. വ്യവസ്ഥാപിതമല്ല. അതുകൊണ്ട് ഈ സംഭവത്തെ ആശയവിനിമയം എന്ന് വ്യാഖ്യാനിക്കാനാവില്ല. അതുപോലെ പ്രഭാതത്തിലെ കോഴികൂവലും കണ്ണിലെ കലക്കവുമെല്ലാം ആശയ വിനിമയം എന്ന് വിളിക്കാനാവില്ല.

ഭാഷയെ പല രീതിയിലും അപഗ്രഥിക്കാവുന്നതാണ്. സങ്കേതചിഹ്നങ്ങളെ മാത്രം ആസ്പദമാക്കിയുള്ള പഠനമാണ് ഭാഷാശാസ്ത്രത്തിൽ അവലംബമാക്കുന്നത്. സങ്കേതചിഹ്നങ്ങളിലടങ്ങിയ മാത്രകളെ വേർതിരിച്ചു കാണിക്കുകയും അവയെ ഏതെല്ലാം വിധത്തിലാണ് സംയോജിപ്പിക്കാറുള്ളത് എന്ന് വ്യക്തമാക്കുകയുമാണ് ഭാഷാശാസ്ത്രാപഗ്രഥനത്തിൽ ചെയ്യുന്നത്. സ്വനമാത്രകൾ രൂപമാത്രകളായി വികസിച്ച് രൂപമാത്രകൾ വാക്യഘടനയിൽ ഇണങ്ങിച്ചേരുന്ന വിധം ഭാഷാശാസ്ത്ര പഠനത്തിൽ നിന്നും മനസ്സിലാക്കാം. മറ്റെല്ലാ മാനസികവൃത്തികളുമെന്നതു പോലെ ഭാഷാവൃത്തിയെയും ചോദന പ്രതിചേഷ്ടകളുടെ രൂപത്തിൽ വിശദീകരിക്കുകയാണ് മനോഭാഷാവിജ്ഞാനത്തിന്റെ ലക്ഷ്യം. മനഃശാസ്ത്രത്തിന്റെയും ഭാഷാശാസ്ത്രത്തിന്റെയും സങ്കലനത്തിൽ നിന്നാണ് മനോഭാഷാ വിജ്ഞാനത്തിന്റെ പിറവി. അതിൽ ഭാഷോൽപാദനത്തിന് നിദാനമായ മാനസികവൃത്തികൾക്ക് പ്രാധാന്യം കൽപിച്ചിരിക്കുന്നു.

'വൃത്താന്തസിദ്ധാന്തം' എന്നൊരു പുതിയ പഠനമാർഗ്ഗവും ഭാഷാപഠനത്തോടനുബന്ധിച്ച് വളർന്നു വരുന്നുണ്ട്. ഒരിടത്തു നിന്നും സന്ദേശത്തെ ഏറ്റവും ഫലപ്രദമായ രീതിയിൽ മറ്റൊരിടത്ത് എത്തിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളാം എന്നാണ് വൃത്താന്തപഠന സിദ്ധാന്തം മുഖ്യമായി അന്വേഷിക്കുന്നത്. ഏറ്റവും കുറച്ച് സങ്കേതങ്ങൾ ഉപയോഗിക്കുക, ഏറ്റവും വേഗത്തിൽ ആശയ വിനിമയ പ്രക്രിയ നടത്തുക, സഞ്ചരിച്ചു കൊണ്ടിരിക്കുന്ന ചിഹ്നങ്ങളിൽ ബാഹ്യമായ ഇടപെടലുകൾ കാരണം വ്യതിയാനം സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുക- ഇവയെല്ലാം വൃത്താന്ത സിദ്ധാന്തം കൈകാര്യം ചെയ്യുന്നു. വിനിമയം ചെയ്യപ്പെടുന്ന ആശയങ്ങളുടെ പരിണാമ നിർണ്ണയവും ഈ സിദ്ധാന്തത്തിന്റെ പരിഗണനയിലുണ്ട്.

[സ്വനം - ഭാഷയിലെ ഏറ്റവും ചെറിയ ഉച്ചരിത ശബ്ദം.

രൂപം - ഭാഷയിലെ അർത്ഥമുള്ള ഏറ്റവും ചെറിയ ഘടകം]

അംഗവിക്ഷേപശാസ്ത്രം അംഗചലനങ്ങൾ മൂലം ആശയവിനിമയം നടത്തുന്നതിനെക്കുറിച്ചുള്ള പഠനമാണ്. ഭാഷേതരമായ മൗലിക സ്വനങ്ങളും ആശയവിനിമയത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. വ്യാക്ഷേപകങ്ങൾ എന്ന ശബ്ദങ്ങൾ

മറ്റു ഭാഷാശബ്ദങ്ങളിൽ നിന്നും വ്യത്യസ്തമായ ഭാഷാചിഹ്നങ്ങളാണ്. മാതൃഭാഷയുടെ ഘടനയെക്കുറിച്ചു തന്നെ എന്തെല്ലാം കാര്യങ്ങൾ അറിയാനിരിക്കുന്നു എന്ന് ചിന്തിക്കുമ്പോൾ മനുഷ്യവർഗ്ഗത്തിന്റെ അപൂർവ്വസിദ്ധിയായ ഭാഷയുടെ നിഗൂഢതയും സങ്കീർണ്ണതയും എത്രമാത്രമെന്ന് ബോധ്യമാകും.

ഭാഷ കൊണ്ടുള്ള ആശയവിനിമയം വളരെ ലളിതമായ ഒന്നാണെന്ന് തോന്നാമെങ്കിലും വക്താവ് പറയുന്നതും ശ്രോതാവ് കേൾക്കുന്നതുമായ പ്രക്രിയ എത്ര സങ്കീർണ്ണമാണെന്ന് മനസ്സിലാക്കാൻ ഈ ലേഖനം പ്രയോജനപ്പെടുന്നു. ആശയവിനിമയ പഠനത്തിന്റെ നൂതനശാഖകൾ പരിചയപ്പെടുത്താനും ലേഖകൻ ശ്രദ്ധിച്ചിരിക്കുന്നു. സാങ്കേതിക കാര്യങ്ങൾ പ്രതിപാദിക്കുമ്പോഴും ഗൗരവം വിടാതെത്തന്നെ കഴിയുന്നത്ര ലളിതമാക്കാനും അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട്. ലേഖകന്റെ ഈ വിഷയവുമായി ബന്ധപ്പെട്ട ഇതര കൃതികളുമായുള്ള പരിചയം കൂടുതൽ അറിവുകൾ നൽകുന്നതിന് പര്യാപ്തമാണ്.

## Recap

- സാമൂഹ്യ ജീവിതത്തിന്റെ കെട്ടുറപ്പിനും പരസ്പരബന്ധത്തിനുമെല്ലാം നിദാനമായി വർത്തിക്കുന്ന പ്രതിഭാസങ്ങളിൽ ഏറ്റവും പ്രധാനമായതാണ് ആശയവിനിമയം
- മനുഷ്യേതര ജീവികളുടെ ആശയവിനിമയ രീതിയെ ഭാഷ എന്നു വിശേഷിപ്പിക്കാൻ സാധ്യമല്ല
- ആശയവിനിമയം എന്ന സങ്കൽപത്തിൽ രണ്ട് വ്യത്യസ്ത ഘടകങ്ങളുണ്ട്. ആശയം ഉത്ഭവിക്കുന്ന ഘടകവും ആശയം എത്തിച്ചേരുന്ന ഘടകവും
- ഭാഷണത്തിൽ സംസാരിക്കുന്ന ആൾ ഉത്ഭവസ്ഥാനവും കേൾക്കുന്ന ആൾ പ്രാപ്യസ്ഥാനവുമാണ്
- ഉത്ഭവസ്ഥാനത്ത് നിന്നുള്ള സന്ദേശം പ്രാപ്യസ്ഥാനത്ത് എത്തുമ്പോൾ ആശയവിനിമയം നടക്കുന്നു
- സന്ദേശം അമൂർത്തമായ പ്രതിഭാസമായതിനാൽ ഉത്ഭവകേന്ദ്രത്തിനും പ്രാപ്യസ്ഥാനത്തിനും ഇടയിലുള്ള സ്വാഭാവികമോ കൃത്രിമമോ ആയ ഏതെങ്കിലുമൊരു മാധ്യമത്തിലൂടെ സഞ്ചരിക്കത്തക്ക വിധത്തിൽ സന്ദേശത്തെ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ മാധ്യമമാണ് സഞ്ചാരപഥം
- അന്തരീക്ഷവായുവാണ് സഞ്ചാരപഥമെങ്കിൽ സന്ദേശത്തെ ശബ്ദതരംഗങ്ങളാക്കി മാറ്റാവുന്നതാണ്
- ഇപ്രകാരം സഞ്ചാരപഥത്തിന് അനുഗുണമായ രൂപപരിണാമം വരുത്തിയാലേ സന്ദേശത്തെ ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് കൊണ്ടുപോവാൻ കഴിയൂ
- സന്ദേശത്തെ രൂപഭേദം ചെയ്യുന്നതിന് സങ്കേതനം എന്നും ആകർമ്മത്തിന് ഉത്തരവാദപ്പെട്ട ഘടകത്തെ 'പ്രേഷകം' എന്നും പറയാം
- ആശയത്തിനും ചിഹ്നത്തിനും തമ്മിൽ സ്വാഭാവിക ബന്ധമൊന്നുമില്ല. അവ തമ്മിലുള്ള ബന്ധം വ്യവസ്ഥാപിതം മാത്രമാണ്
- സങ്കേതചിഹ്നങ്ങളെ അവയുടെ പൂർവരൂപമായ ആശയമാക്കി മാറ്റുന്നതാണ് വിസങ്കേതനം
- വിസങ്കേതം നിർവഹിക്കുന്ന ഘടകം ആദായി

- ആശയവിനിമയ പ്രക്രിയയിൽ ഉത്ഭവസ്ഥാനം, പ്രേഷകം, സഞ്ചാരപഥം, ആദായി, പ്രാപ്യസ്ഥാനം എന്നിങ്ങനെ അഞ്ച് ഘടകങ്ങൾ ഉണ്ട്
- ഭാഷണ പ്രക്രിയയിൽ സംസാരിക്കുന്ന ആൾ ഉത്ഭവസ്ഥാനവും കേൾക്കുന്ന ആൾ പ്രാപ്യസ്ഥാനവുമാണ്. അന്തരീക്ഷവായുവാണ് സഞ്ചാരപഥം
- ദൂരശ്രവണി, പ്രക്ഷേപണി മുതലായ യാന്ത്രികോപകരണങ്ങൾ വഴിയുള്ള ആശയ വിനിമയത്തിലും ഈ ഘടകങ്ങളെല്ലാം അടങ്ങിയിരിക്കുന്നു സങ്കേതചിഹ്നങ്ങൾ വൈദ്യുത വീചികളായിരിക്കും
- ലിഖിത സമ്പ്രദായത്തിൽ ലേഖകൻ ഉത്ഭവകേന്ദ്രവും എഴുതുവാനുപയോഗിക്കുന്ന ഉപകരണം പ്രേഷകവും ലിപികൾ സങ്കേതവുമായിരിക്കും. കടലാസിന്റെ സ്ഥിരത എന്ന ധർമ്മം സഞ്ചാരപഥം. വായിക്കുന്ന ആളുടെ കണ്ണിൽ നിന്ന് തലച്ചോറിലേക്കുള്ള നാഡികൾ ആദായിയും വായിക്കുന്ന ആൾ പ്രാപ്യസ്ഥാനവും ആയിരിക്കും
- തീയും പുകയും തമ്മിലുള്ള ബന്ധം കാര്യകാരണബന്ധമാണ്. വ്യവസ്ഥാപിതമല്ല. അതിനാൽ ഈ സംഭവത്തെ ആശയവിനിമയം എന്ന് വ്യാഖ്യാനിക്കാനാവില്ല
- സങ്കേതചിഹ്നങ്ങളിലടങ്ങിയ മാത്രകളെ വേർതിരിച്ചു കാണിക്കുകയും അവയെ ഏതെല്ലാം വിധത്തിലാണ് സംയോജിപ്പിക്കാറുള്ളത് എന്ന് വ്യക്തമാക്കുകയാണ് ഭാഷാശാസ്ത്രാപഗ്രഥനത്തിൽ പെടുന്നത്
- സ്വനമാത്രകൾ രൂപമാത്രകളായി വികസിച്ച് രൂപമാത്രകൾ വാക്യഘടനയിൽ ഇണങ്ങിച്ചേരുന്ന വിധം ഭാഷാശാസ്ത്രാപഗ്രഥനത്തിൽ നിന്നും മനസ്സിലാക്കാം
- മറ്റെല്ലാ മാനുഷികവൃത്തികളെയുമെന്ന പോലെ ഭാഷാവൃത്തിയെയും ചോദന പ്രതി ചേഷ്ടകളുടെ രൂപത്തിൽ വിശദീകരിക്കുകയാണ് മനോഭാഷാവിജ്ഞാനത്തിന്റെ ലക്ഷ്യം
- ഒരിടത്തു നിന്നും സന്ദേശത്തെ ഏറ്റവും ഫലപ്രദമായ രീതിയിൽ മറ്റൊരിടത്ത് എത്തിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളാം എന്നാണ് വൃത്താന്ത പഠന സിദ്ധാന്തം മുഖ്യമായി അന്വേഷിക്കുന്നത്
- ഏറ്റവും കുറച്ച് സങ്കേതചിഹ്നങ്ങൾ ഉപയോഗിക്കുക, ഏറ്റവും വേഗത്തിൽ ആശയവിനിമയ പ്രക്രിയ നടത്തുക, സഞ്ചരിച്ചു കൊണ്ടിരിക്കുന്ന ചിഹ്നങ്ങളിൽ ബാഹ്യമായ ഇടപെടലുകൾ കാരണം വ്യതിയാനം സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുക - ഇവയെല്ലാം വൃത്താന്തസിദ്ധാന്തം കൈകാര്യം ചെയ്യുന്നു
- 'അംഗവിക്ഷേപശാസ്ത്രം' അംഗവിക്ഷേപങ്ങൾ മൂലം ആശയവിനിമയം നടത്തുന്നതിനെക്കുറിച്ചുള്ള പഠനമാണ്
- മാതൃഭാഷയുടെ ഘടനയെക്കുറിച്ചു തന്നെ എന്തെല്ലാം കാര്യങ്ങൾ അറിയാനിരിക്കുന്നു എന്ന് ചിന്തിക്കുമ്പോൾ മനുഷ്യവർഗ്ഗത്തിന്റെ അപൂർവ്വ സിദ്ധിയായ ഭാഷയുടെ നിഗൂഢതയും സങ്കീർണ്ണതയും എത്രമാത്രമെന്ന് ബോധ്യമാകും

## Objective Type Questions

1. ആശയവിനിമയം എന്ന സങ്കല്പത്തിന്റെ രണ്ട് വ്യത്യസ്തഘടകങ്ങൾ ഏവ?
2. ആശയവിനിമയം സാധ്യമാകുന്നതെപ്പോൾ?
3. ആശയവിനിമയത്തിലെ ഘടകങ്ങൾ ഏവ?
4. മനുഷ്യഭാഷയിൽ സഞ്ചാരപഥം ഏതാണ്?
5. സങ്കേതചിഹ്നങ്ങളെ അവയുടെ പൂർവ്വരൂപമായ ആശയമാക്കിമാറ്റുന്ന പ്രക്രിയയുടെ പേര്?
6. ആദായി എന്നാലെന്ത്?

## Answers

1. ആശയം ഉത്ഭവിക്കുന്ന ഘടകവും ആശയം എത്തിച്ചേരുന്ന ഘടകവും
2. സന്ദേശം ഉത്ഭവസ്ഥാനത്തുനിന്നും പ്രാപ്യസ്ഥാനത്ത് എത്തുമ്പോൾ
3. ഉത്ഭവസ്ഥാനം, പ്രേഷകം, സഞ്ചാരപഥം, ആദായി, പ്രാപ്യസ്ഥാനം
4. അന്തരീക്ഷവായു
5. വിസങ്കേതനം
6. വിസങ്കേതനം നിർവ്വഹിക്കുന്ന ഘടകം

## Assignments

1. മനുഷ്യഭാഷയുടെ സവിശേഷതകൾ ലേഖനത്തെ മുൻനിർത്തി വിവരിക്കുക.
2. മനുഷ്യഭാഷയുടെ ആശയവിനിമയ സാധ്യതകളെ ലേഖകൻ ചൂണ്ടികാണിച്ചിരിക്കുന്നതെങ്ങനെ? ഉപന്യസിക്കുക.

## Reference


1. ഡോ. കെ.എം. പ്രഭാകരവാര്യർ, ഭാഷാശാസ്ത്രവിവേകം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഡോ. എസ്.വി. വേണുഗോപൻനായർ(എഡി), മലയാളഭാഷാചരിത്രം, മാളുബൻ, തിരുവനന്തപുരം.
3. രവിശങ്കർ എസ്. നായർ, ഭാഷയും ഭാഷാശാസ്ത്രവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# യൂണിറ്റ് - 5
# അൽപം ഭാഷാവിചാരം

പ്രൊഫ. കെ. ഗോപാലകൃഷ്ണൻ

## Learning Outcomes

- കെ. ഗോപാലകൃഷ്ണന്റെ സാഹിത്യസംഭാവനകളെക്കുറിച്ച് അറിവു നേടുന്നു
- ഭാഷ തെറ്റുകൂടാതെ പ്രയോഗം നടത്തേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്നു
- മലയാളഭാഷയിൽ നിലവിലുള്ള പ്രയോഗവൈകല്യങ്ങളെ തിരിച്ചറിയുന്നു
- ഭാഷയെ വൈകല്യം കൂടാതെ പ്രയോഗിക്കാനുള്ള ശേഷി നേടുന്നു

## Prerequisites

പ്രൊഫ. കെ. ഗോപാലകൃഷ്ണൻ - കെ.ജി.ചെത്തല്ലൂർ എന്ന് തൂലികാനാമം. അദ്ധ്യാപകൻ, കേരള സാഹിത്യ സമിതിയുടെ ജനറൽ സെക്രട്ടറി, വള്ളത്തോൾ വിദ്യാപീഠത്തിന്റെ ജോയന്റ് സെക്രട്ടറി, കവന കൗമുദി മാസികയുടെ മാനേജിങ് എഡിറ്റർ എന്നീ സ്ഥാനങ്ങൾ വഹിച്ചു. കോഴിക്കോട് പൂർണ്ണാ പബ്ലിക്കേഷൻസിന്റെ എഡിറ്ററും മാനേജരുമായിരുന്നു. കേരള സാഹിത്യ അക്കാദമി സമഗ്ര സംഭാവനയ്ക്കുള്ള പുരസ്ക്കാരം ഉൾപ്പടെ അനേകം ബഹുമതികൾ ലഭിച്ചു. 2012 ൽ അന്തരിച്ചു.

**കൃതികൾ**

ദീപശിഖ, നാട്ടുവെളിച്ചം, കുലപതികൾ, കവികൾ പാടിയതും പാടാത്തതും, അന്വേഷണ ബുദ്ധിയുടെ കാല്പാടുകൾ, നാട്ടുവഴിയിലെ വെള്ളിനക്ഷത്രങ്ങൾ, പലതുള്ളി. ഇതിനു പുറമെ പടയാളി, വീട്ടാക്കടം, ശ്യാമസുഗന്ധം എന്നീ കവിതാസമാഹാരങ്ങളും രചിച്ചിട്ടുണ്ട്.

## Key Themes

- നമ്മുടെ മാതൃഭാഷയെ ദോഷകരമായി ബാധിക്കുന്ന ചില കാര്യങ്ങളാണ് ചൂണ്ടിക്കാണിക്കുന്നത്.
- അർത്ഥം നോക്കി ഭാഷ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത, അന്യഭാഷയുടെ പരിഭാഷയിൽ വരുന്ന പരിമിതികൾ, ലിപി പരിഷ്ക്കാരത്തിന്റെ ദോഷങ്ങൾ, ഭാഷയിലെ നൂതന പരിഷ്ക്കാരത്തിന്റെ ദോഷങ്ങൾ ഇവയെല്ലാം ലേഖകൻ ഇവിടെ പരാമർശിക്കുന്നുണ്ട്. അതോടൊപ്പം ഇത്തരം തെറ്റുകൾ ഒഴിവാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നു.
- വിദ്യാർത്ഥികൾക്കും മാധ്യമപ്രവർത്തകർക്കും പൊതുജനങ്ങൾക്കും പ്രയോജനപ്പെടുന്നതാണ് ഈ ലേഖനം.

## Discussion

മഹാകവി വള്ളത്തോൾ യുവകവിയായ ഒളപ്പമണ്ണക്ക് കൊടുത്ത ഉപദേശം അമ്മയുടെ അടുത്ത് കുറെ നേരം സംസാരിക്കാനാണ്. നമ്മുടെ ഭാഷയിലെ ഏറ്റവും വലിയ വൈകല്യം കൃത്രിമത്വമാണ് എന്ന് അദ്ദേഹത്തിന് അഭിപ്രായമുണ്ടായിരുന്നു.

പരിഷ്കാരവും സാക്ഷരതയും കൂടിയ ഇന്ന് അമ്മമാരും നാട്ടുമ്പുറത്തുകാരും കൃഷിക്കാരുമെല്ലാം അച്ചടിഭാഷയിൽ സംസാരിക്കാൻ തുടങ്ങി.

ശീലത്തിൽ നിന്നാണ് ശൈലിയുണ്ടാകുന്നത്. ശീലം മാറുമ്പോൾ ശൈലിയും മാറും. ജീവിതത്തിലും മനോഭാവത്തിലും വന്നു ചേരുന്ന പരിവർത്തനങ്ങൾ ശൈലിയെ നന്നാക്കുകയും ദുഷിപ്പിക്കുകയും ചെയ്യും. അപകർഷബോധം, പാരമ്പര്യനിരാസത്തിലുള്ള അമിതമായ ആവേശം, അനുകരണത്തിലും മിഥ്യാപരിഷ്ക്കാരത്തിലുമുള്ള ഭ്രമം ഇവയെല്ലാം മലയാളഭാഷയെയും സാഹിത്യത്തെയും വല്ലാതെ ദുഷിപ്പിച്ചു.

സ്വന്തം ഭാഷയെയും സംസ്ക്കാരത്തെയും പുച്ഛിക്കുന്നത് മേന്മയായി പലരും കരുതുന്നു. കേരളീയ നാമങ്ങൾ പോലും ഉത്തരേന്ത്യൻ രീതിയിലായി. ആഷ, ബിമല എന്നിങ്ങനെ. വിളിരൂപത്തിൽ വന്ന തകിടം മറിച്ചിലാണ് പരദേശിപ്രിയത്തിന്റെ മറ്റൊരു രീതി. ലീലേ, ഭാമേ എന്നിങ്ങനെയുള്ള ഏകാരാന്തങ്ങളായ വിളിരൂപം ലീലാ, ഭാമാ തുടങ്ങിയ ആകാരാന്തങ്ങളായി മാറി. പുല്ലിംഗനാമങ്ങളും രാമാ, കൃഷ്ണാ എന്നതിനു പകരം 'ൻ' എന്നായി മാറി.

[അതിഖരം - ഓരോ വർഗ്ഗത്തിന്റെയും രണ്ടാമത്തെ അക്ഷരം -ഖ, ഛ, ഠ, ഥ, ഫ

മൃദു - ഓരോ വർഗ്ഗത്തിലെയും മൂന്നാമത്തെ അക്ഷരം - ഗ,ജ, ഡ, ദ, ബ

ഘോഷം - ഓരോ വർഗ്ഗത്തിലെയും നാലാമത്തെ അക്ഷരം - ഘ, ഝ, ഢ, ധ, ഭ]

എഴുതുന്നതു പോലെ ഉച്ചരിക്കുക എന്ന സമ്പ്രദായം ഭാഷയ്ക്ക് വിനയായിരിക്കുന്നു. ഉച്ചാരണവും എഴുത്തും ഒരുപോലെ വികലമായി. ഉച്ചാരണ വൈകല്യത്തിന്റെ പെരുപ്പം കണ്ടാവണം അതിഖര മൃദു ഘോഷങ്ങളിൽ ചിലത് ഉപേക്ഷിച്ചാലോ എന്ന് ഭാഷാപണ്ഡിതന്മാർ പോലും ചോദിക്കുകയുണ്ടായി.

ഈയിടെ അച്ചടിയുടെയും ടൈപ്പ്റൈറ്റിങ്ങിന്റെയും സൗകര്യത്തിനനുസരിച്ച് ലിപിപരിഷ്ക്കാരം നടക്കുകയുണ്ടായി. എന്നാൽ ലിപിയുടെ സൗകര്യത്തിന് യന്ത്രസൗകര്യം വികസിപ്പിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. അങ്ങനെ അച്ചടിയിലും എഴുത്തിലും ഭാഷ ഒരുപോലെ വികലമായി. അക്ഷരസംഖ്യ ചുരുങ്ങിയെങ്കിലും ഉപയോഗത്തിൽ എണ്ണം പെരുകി. വായന അത്യന്തം ദുഷ്ക്കരമായി. യന്ത്രപുരോഗതി കമ്പ്യൂട്ടർ യുഗത്തിലേക്ക് കടന്നതോടെ ഇത്തരം ലിപിപരിഷ്ക്കരണത്തിന് പ്രസക്തിയില്ലാതായി. ഏതു വമ്പൻ കൂട്ടക്ഷരവും ഇതിൽ സാധ്യമെങ്കിലും ലിപി കുറയ്ക്കൽ മാറ്റാൻ നാം തയ്യാറായതുമില്ല. ഇത്തരം പ്രയത്നങ്ങളിലൂടെ ദുർവ്യയം ചെയ്യപ്പെടുന്ന സമയവും ഊർജ്ജവും ഭാഷാശുദ്ധി നിലനിർത്താൻ ഉപയോഗിക്കുന്നതാണ് നല്ലത്.

വായന ശീലം, ചുമതലബോധം, പൂവലംഗി എന്നീ വാക്കുകളെല്ലാം ദീർഘം ചേർത്തേ എഴുതിക്കാണുന്നുള്ളൂ. നേരെ മറിച്ച് അത്രേ, പക്ഷേ തുടങ്ങിയ വാക്കുകളിലെ ദീർഘങ്ങൾ ഇല്ലാതാക്കാനാണ് പലർക്കും താത്പര്യം.

അതിഥി 'തിഥി' നോക്കാതെ വരുന്നവനാണ്. അർത്ഥം നോക്കി പ്രയോഗിച്ചാൽ ഷഷ്ഠിപൂർത്തിയെ ഷഷ്ഠിപൂർത്തിയാക്കാതിരിക്കാം. ഇംഗ്ലീഷിലെ 'f' എന്ന അക്ഷരത്തിന് തുല്യമായി മലയാളത്തിൽ ലിപിയില്ല. പകരമായി നാം ഉപയോഗിക്കുന്നത് പവർഗ്ഗാതിഖരമായ 'ഫ' ആണ്. ഇന്ന് ഈ അക്ഷരത്തിന് മൗലികമായ ഉച്ചാരണം നഷ്ടപ്പെട്ട അവസ്ഥയാണ്. ഫലം, പ്രഫുല്ലം എന്നൊക്കെ ആളുകൾ ഈ സ്ഥാനത്ത് 'f' ഉപയോഗിച്ചു തുടങ്ങി. ഈ വിക്രിയ 'ഫ'കാരത്തിൽ ഒതുങ്ങാതെ പവർഗ്ഗ ഘോഷമായ 'ഭ'കാരത്തിൽ കൂടി കടന്നു വന്നിരിക്കുന്നു. ഭാര്യ/ഫാര്യ എന്നിങ്ങനെ.

സംസ്കൃതത്തിൽ നിന്നും തത്സമമായി ഉപയോഗിക്കുന്ന ശബ്ദങ്ങളിൽ പരിക്കുപറ്റാത്തവ വിരളമാണ്. 'പശ്ചാത്താപ'ത്തെ 'പച്ഛാത്താപ'മാക്കുന്നു. 'പ്രസ്താവന' 'പ്രസ്ഥാവന'യാകുന്നു. 'വിശ്വസ്തൻ', 'വ്യത്യസ്തം' എന്നിവയൊക്കെ ഇതുപോലെ മാറ്റുന്നു. ഗരുഡനെ ഗരുഢനാക്കുമ്പോൾ ദൃഢത്തെ ദൃഡമാക്കുകയും ചെയ്യും. സ്പ, സ് ഫ. ഖ,ഘ എന്നീ വർണ്ണങ്ങൾക്കെല്ലാം സ്ഥാനമാറ്റം കാണാറുണ്ട്. 'സ'കാരത്തെ വേണ്ട വിധം ഇരട്ടിക്കാറില്ല. 'മനസ്സ്' എന്നെഴുതാൻ പലർക്കും മടിയാണ്. മനസുഖം, മനപ്രയാസം, മനശാസ്ത്രം എന്നിങ്ങനെയൊക്കെ 'സ'കാര 'ശ'കാരങ്ങൾക്ക് ഇരട്ടിപ്പോ വിസർഗ്ഗമോ കൂടാതെ എഴുതിക്കളയുന്നു. ദുർവിചാരം, ദുർമാർഗ്ഗം, ദുരാഗ്രഹം, ദുസ്സാമർഥ്യം, ദുഷ്പ്രതീതി എന്നിങ്ങനെ ദുസ് എന്ന ഉപസർഗ്ഗത്തിന് സമസ്ത പദത്തിൽ വരുന്ന വർണ്ണവികാരം ശ്രദ്ധിക്കാതെ പലതരം വികൃതരൂപം സൃഷ്ടിക്കുന്നവരും ഉണ്ട്. ഉത്, പുന:, സത് എന്നീ ഉപസർഗ്ഗങ്ങൾ വരുമ്പോഴുള്ള അപകടം ഇതിലും കൂടുതലാണ്. സത് + ശീലം – സച്ഛീലമാണ് എന്നറിയാതെ സശ്ശീലം എന്ന് എഴുതുന്നവരുണ്ട്. എന്നാൽ ഇത്തരക്കാർ ശരച്ചന്ദ്രൻ എന്ന വ്യക്തിനാമം ശരശ്ചന്ദ്രൻ എന്നാക്കി മാറ്റുന്നു. സാഹിത്യ പഞ്ചാനനും കുട്ടിക്കൃഷ്ണമാരാരും മുതൽ പന്മന രാമചന്ദ്രൻ വരെ പലരും ഇത്തരത്തിലുള്ള ധാരാളം ഉദാഹരണങ്ങൾ കാണിച്ചു തന്നിട്ടുണ്ട്.

[തത്സമം – ഒരു ഭാഷയിൽ നിന്ന് യാതൊരു മാറ്റവും കൂടാതെ സ്വീകരിക്കുന്ന പദങ്ങൾ

ഉപസർഗ്ഗം – പദങ്ങൾക്ക് മുമ്പെ പ്രയോഗിക്കുന്ന പര, പ്ര മുതലായ രൂപങ്ങൾ ]

പുതിയ പദങ്ങളും ശൈലികളും കൊണ്ട് ഭാഷയെ പരിഷ്ക്കരിക്കാൻ കച്ചകെട്ടിനടക്കുന്നവർ ധാരാളമാണ്. ശാസ്ത്രവിഷയങ്ങൾ മാതൃഭാഷയിൽ പകർന്നു കൊടുക്കാൻ പുറപ്പെട്ടിറങ്ങിയവർ സാങ്കേതിക ശബ്ദങ്ങൾക്ക് സമാന്തരങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുന്നു. സമഭുജ സമാന്തര ചതുർഭുജം എന്ന സമാനപദം കണ്ട് സഞ്ജയൻ

'ഇദം ചതുർബാഹുകമായ രൂപം

മുദാ ചുരുക്കീടുക ടെക്സ്റ്റുകാരേ'

എന്ന് എഴുതുകയുണ്ടായി. കണക്കിലെടുക്കുക, സിംഹഭാഗം, ശിശുവികസനം തുടങ്ങിയ പദങ്ങൾ ഇംഗ്ലീഷിൽ നിന്നും ഭാഷാന്തരം ചെയ്യുക വഴി പിണഞ്ഞ അബദ്ധങ്ങളാണ്.

warm welcome എന്ന തണുപ്പുനാട്ടിലെ നാട്ടുവഴക്കത്തിന് ഊഷ്മളമായ സ്വാഗതം എന്ന് മാറ്റുമൊഴി മെനഞ്ഞപ്പോൾ നമുക്ക് ഒരു പന്തികേടും തോന്നിയില്ല. നട്ടുച്ച വെയിലത്തും പാശ്ചാത്യരെ അനുകരിച്ച് ടൈയും കോട്ടും ശീലമാക്കിയതു കൊണ്ടാവാം ഇതും.

ചിലർ ഭാഷാപരിഷ്ക്കരണത്തിനായി ചില പുതിയ ശൈലികൾ സ്വയം കണ്ടെത്തുന്നു. അടിപൊളി, തകർപ്പൻ തുടങ്ങിയ വിശേഷണങ്ങൾ ചേർത്തില്ലെങ്കിൽ അവർക്ക് സുഖിക്കില്ല. അർത്ഥമറിയാതെ നല്ല കാര്യങ്ങൾക്ക് മുമ്പിലും അവർ ഇത് ചേർക്കും. 'അടിപൊളി സദ്യ', 'തകർപ്പൻ കളി' എന്നിങ്ങനെ. 'തൂങ്ങി മരിച്ച നിലയിൽ', 'വിഷം കഴിച്ചു മരിച്ച നിലയിൽ' എന്ന രീതിയിൽ ഉയോഗിക്കുന്നതിൽ 'തൂങ്ങിമരിച്ചു' എന്നതിൽ കവിഞ്ഞ് പ്രത്യേകിച്ചൊരർത്ഥവും തരുന്നില്ല.

'സ്വാഗതം ചെയ്യുക' എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന 'എതിരേൽക്കുക' എന്ന വാക്കിനെ പുതുമക്കാർ 'വരവേൽക്കലാക്കി' മാറ്റി. അരങ്ങേറുക, ആവിഷ്ക്കരിക്കുക, അവതരിപ്പിക്കുക എന്നിവയ്ക്കു പകരം 'കാഴ്ചവയ്ക്കുക' യാണ് പുതുമക്കാർക്ക് താൽപര്യം. 'നല്ല അഭിനയത്തിന്റെ ഉടമ', 'സമ്പത്തിന്റെ ഉടമ' തുടങ്ങി ഉടമ വെച്ച പ്രയോഗങ്ങളും പുതിയ കാലത്ത് ധാരാളം. 'വിതരണം' എന്ന പദമാണ് ഇപ്പോൾ കൂടുതലായി ഉപയോഗിക്കുന്ന മറ്റൊന്ന്. 'മിഠായി വിതരണം' പോലെ 'അവാർഡ് വിതരണവും' ധാരാളമായി.

എന്തിനും വിശേഷണങ്ങൾ ഉപയോഗിക്കുക എന്നതാണ് മറ്റൊരു പുതിയരീതി. എങ്ങനെ മരിച്ചാലും 'കൊല്ലപ്പെട്ടു' എന്നേ എഴുതൂ. രണ്ടു പേർ തമ്മിൽ വിഷയം സംസാരിക്കുന്നതിനേക്കാൾ 'ചർച്ച്' ചെയ്തേ മതിയാവൂ. 'അന്വേഷിക്കാതെ' എന്നതിന് 'അന്വേഷണം നടത്തും മുമ്പ്', 'സംരക്ഷിക്കാത്ത' എന്നിടത്ത് 'സംരക്ഷണം നൽകുന്നതിൽ പരാജയപ്പെട്ട' എന്നൊക്കെ പെരുപ്പിച്ചാ

ലേ ഇന്ന് തൃപ്തിയാകൂ.

'ചെലവുകൾ', 'ക്രമീകരണങ്ങൾ' എന്നിങ്ങനെ അനാവശ്യമായി ബഹുവചനം ചേർക്കുന്നതാണ് മറ്റൊരു രീതി. 'ശരീരശക്തി', 'ശാരീരികശക്തിയും' 'സ്ത്രീ സ്വഭാവം' 'സ്ത്രൈണ സ്വഭാവവും' ആകുന്നതും ഈ രോഗത്തിന്റെ തുടർച്ച തന്നെ. 'വ്യവസായ വിപ്ലവം' 'വ്യാവസായിക വിപ്ലവവും' കടന്ന് 'വൈയവസായിക വിപ്ലവ'ത്തിലെത്തി നിൽക്കുകയാണിന്ന്. 'പ്രതിഭാസങ്ങൾ' 'സ്ഥിതിവിശേഷങ്ങൾ' തുടങ്ങിയ പ്രയോഗങ്ങൾ സാധാരണഭാഷയിൽ നിന്നു പോലും ഒഴിവാക്കാനാവാതായി.

പഴയ കാലത്ത് ദേശഭേദം കൊണ്ട് അർത്ഥത്തിൽ വരുന്ന മാറ്റത്തെക്കുറിച്ചായിരുന്നു വലിയ വേവലാതി. എന്നാൽ ആ കുഴപ്പത്തിന് ഇന്ന് ശമനം വന്നു. പത്രങ്ങളുടെ പ്രചാരവും വർദ്ധിച്ചു വന്ന ജനസമ്പർക്കവുമാവാം ഇതിനു കാരണം. എന്നാൽ ശൈലിയുടെ കാര്യത്തിൽ അബദ്ധ പ്രയോഗങ്ങൾ ധാരാളം. പ്രയോജകക്രിയയുടെ അനവസര പ്രയോഗമാണ് അതിലൊന്ന്. 'വാങ്ങുക' എന്നത് 'വാങ്ങിക്കുക' ആയി. 'കാണത്തില്ല', 'പറയത്തില്ല' എന്ന നിഷേധ ക്രിയയുടെ പ്രാദേശിക രൂപത്തിനും പ്രചാരമേറി. yes എന്നതിനു പകരമായി 'അതേ', 'ആണ്' തുടങ്ങിയ പ്രതികരണങ്ങൾക്കു പകരം 'ഉവ്വ്' എന്ന് പ്രയോഗിക്കുന്ന ശീലവും പ്രാദേശികത വിട്ട് ചേക്കേറാൻ തുടങ്ങിയിരിക്കുന്നു.

പ്രാഥമിക വിദ്യാലയം തൊട്ടു തന്നെയുള്ള ഊർജ്ജിതശ്രമത്തോടെ മാത്രമേ ഭാഷാവൈകല്യം പരിഹരിക്കാൻ കഴിയൂ. മാധ്യമങ്ങളുടെ ഭാഷ വെടിപ്പാക്കാനും ക്രമപ്പെടുത്താനും പ്രസ് അക്കാദമി പോലുള്ള സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങണം. അത്തരത്തിൽ അർപ്പണബോധത്തോടെ കൂട്ടായി പ്രവർത്തിക്കുകയും പ്രായോഗികതലത്തിൽ നിരന്തരം പരിശീലനത്തിന് ഏർപ്പാടുണ്ടാക്കുകയും ചെയ്താൽ കുറച്ചു കാലം കൊണ്ടെങ്കിലും നമുക്ക് ഭാഷയെ ശുദ്ധീകരിക്കാം. പുതുക്കലും വികസിപ്പിക്കലും അതോടൊപ്പം സ്വാഭാവികമായി നടക്കുകയും ചെയ്യും.

നമ്മുടെ മാതൃഭാഷയിൽ സംഭവിച്ച ചില വൈകൃതങ്ങളെപ്പറ്റിയാണ് ലേഖകൻ പറയുന്നത്. ജീവിതശൈലിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തന്നെയാണ് ഭാഷാശൈലിയേയും ബാധിക്കുന്നതെന്ന് അദ്ദേഹം കണ്ടെത്തുന്നു. അനുകരണഭ്രമം, പാരമ്പര്യനിഷേധത്തിലും പരിഷ്ക്കാരത്തിലുമുള്ള അമിതമായ ഭ്രമം തുടങ്ങിയവയാണ് നമ്മുടെ ഭാഷയെ നശിപ്പിച്ചതെന്ന് ലേഖകൻ ഉദാഹരണസഹിതം വിശദീകരിക്കുന്നുണ്ട്. യന്ത്രസംസ്ക്കാരത്തിനനുസരിച്ച് ഭാഷയെ വെട്ടിക്കുറച്ച ലിപിപരിഷ്ക്കരണശ്രമങ്ങളെയും ലേഖകൻ വിമർശിക്കുന്നുണ്ട്. ഇതു കൂടാതെ സാങ്കേതിക പദങ്ങളുടെ നേർ തർജ്ജമയും അർത്ഥമറിയാതെയുള്ള ഭാഷാപ്രയോഗവും നമ്മുടെ മാതൃഭാഷയെ എങ്ങനെ വികൃതമാക്കി എന്നും ലേഖകൻ കാണിച്ചുതരുന്നു. പരിഷ്ക്കരണഭ്രമം നമ്മുടെ ഭാഷയിൽ വരുത്തിയ അപകടങ്ങൾ ലേഖകൻ ഉദാഹരിക്കുന്നുണ്ട്. ഇത്തരം പരിമിതികൾ കാണിച്ചു തരിക മാത്രമല്ല അതിൽ നിന്നും കരകയറാനുള്ള പ്രായോഗിക മാർഗ്ഗനിർദ്ദേശങ്ങൾ കൂടി നൽകുന്നുണ്ട് എന്നതാണ് ഈ ലേഖനത്തിന്റെ പ്രസക്തി.

## Recap

- നമ്മുടെ ഭാഷയിലെ ഏറ്റവും വലിയ വൈകല്യം കൃത്രിമത്വമാണ് എന്ന് മഹാകവി വള്ളത്തോൾ അഭിപ്രായപ്പെടുകയുണ്ടായി
- ശീലത്തിൽ നിന്നാണ് ശൈലിയുണ്ടാകുന്നത്. ശീലം മാറുമ്പോൾ ശൈലിയും മാറും. ജീവിതത്തിലും മനോഭാവത്തിലുമുണ്ടാകുന്ന പരിവർത്തനങ്ങൾ ശൈലിയെ നന്നാക്കുകയും ദുഷിപ്പിക്കുകയും ചെയ്യും
- അപകർഷതാബോധം, പാരമ്പര്യ നിരാസത്തിലുള്ള അമിതമായ ആവേശം, അനുകരണത്തിലും മിഥ്യാപരിഷ്ക്കാരത്തിലുമുള്ള ഭ്രമം ഇവയെല്ലാം മലയാള ഭാഷയെയും സാഹിത്യത്തെയും വല്ലാതെ ദുഷിപ്പിച്ചു
- സ്വന്തം ഭാഷയേയും സംസ്ക്കാരത്തേയും പുച്ഛിക്കുന്നത് മേന്മയായി പലരും കരുതുന്നു
- കേരളീയ നാമങ്ങൾ ഉത്തരേന്ത്യൻ രീതിയിൽ ആഷ, ബിമല എന്നിങ്ങനെ മാറി.
- ലീലേ, ഭാമേ തുടങ്ങിയ വിളിരൂപങ്ങൾ ലീലാ, ഭാമാ തുടങ്ങിയ ആകാരാന്തങ്ങളായി മാറിയതും അനുകരണമാണ്
- എഴുതുന്നതു പോലെ ഉച്ചരിക്കുക എന്ന സമ്പ്രദായത്താൽ ഉച്ചാരണവും എഴുത്തും ഒരുപോലെ വികലമായി
- അച്ചടിയുടെയും ലിപിയുടെയും സൗകര്യത്തിന് ലിപി പരിഷ്ക്കരണം വരുത്തുന്നതിന് പകരം ലിപിയുടെ സൗകര്യത്തിനനുസരിച്ച് യന്ത്രസൗകര്യം വികസിപ്പിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്
- കമ്പ്യൂട്ടർ യുഗത്തിലേക്ക് കടന്നതോടെ ഏതു വമ്പൻ കൂട്ടക്ഷരവും ഇതിലൂടെ സാധ്യമായതിനാൽ ലിപി വെട്ടിച്ചുരുക്കിയുള്ള പരിഷ്ക്കരണത്തിന് പ്രസക്തിയില്ലാതായി
- അർത്ഥം നോക്കി പ്രയോഗിച്ചാൽ പല തെറ്റുകളും ഇല്ലാതാക്കാം. ഷഷ്ടിപൂർത്തി, അതിഥി തുടങ്ങിയവ ഉദാഹരണം
- ഇംഗ്ലീഷിലെ f എന്ന അക്ഷരത്തിന് തുല്യം മലയാളലിപിയില്ല. പകരം 'ഫ' ഉപയോഗിക്കുന്നതു കൊണ്ട് ഈ അക്ഷരത്തിന് മൗലികമായ ഉച്ചാരണം നഷ്ടപ്പെട്ട സ്ഥിതിയാണ്
- സംസ്കൃതത്തിലെ തത്സമശബ്ദങ്ങളിൽ ഭൂരിഭാഗവും വികലമായാണ് പ്രയോഗിക്കുന്നത്. പച്ഛാത്താപം/പശ്ചാത്താപം ,വിശ്വസ്ഥൻ/ വിശ്വസ്തൻ എന്നിങ്ങനെ.
- 'സ'കാരം വേണ്ടിടത്ത് ഇരട്ടിക്കുന്നില്ല ഉദാ: മനസ്
- ദുസ്, പുന, സത് തുടങ്ങിയ ഉപസർഗ്ഗങ്ങളും സമസ്തപദത്തിൽ ദുഷിപ്പിച്ച് ഉപയോഗിക്കുന്നു. ദുർവിചാരം, ദുർമാർഗ്ഗം, സശ്ശീലം എന്നിങ്ങനെ
- പുതിയ പദങ്ങളും ശൈലികളും കൊണ്ട് ഭാഷയിൽ പരിഷ്ക്കാരം വരുത്താൻ പലരും ശ്രമിക്കുന്നു
- ശാസ്ത്ര വിഷയങ്ങൾ മാതൃഭാഷയിൽ പകർന്നു കൊടുക്കാൻ സാങ്കേതികശബ്ദങ്ങൾ പലരും വികലമാക്കുന്നു. ഉദാ: സമാന്തര ചതുർഭുജം
- സിംഹഭാഗം, ശിശുവികസനം തുടങ്ങിയ പദങ്ങളും ഇംഗ്ലീഷ് ഭാഷാന്തരം വഴി പിണഞ്ഞ അബദ്ധങ്ങളാണ്
- Warm welcome കേരളത്തിന്റെ കാലാവസ്ഥയിൽ ഊഷ്മളമായ സ്വാഗതമാക്കുന്നത് പ്രസക്തമല്ല
- ചിലർ ഭാഷാപരിഷ്ക്കരണത്തിനായി പുതിയ ശൈലികൾ സ്വയം കണ്ടെത്തുന്നു.

അടിപൊളി, തകർപ്പൻ തുടങ്ങിയ വിശേഷണങ്ങൾ അവർ നല്ല കാര്യങ്ങൾക്ക് മുൻ പിൽ ചേർക്കുന്നു. അടിപൊളി സദ്യ, തകർപ്പൻ കളി എന്നിങ്ങനെ

- എതിരേല്ക്കുക എന്ന വാക്കിനെ വരവേല്പാക്കി മാറ്റി. അരങ്ങേറുക, ആവിഷ്ക്കരിക്കുക എന്നിവയ്ക്കു പകരം 'കാഴ്ചവയ്ക്ക'ലാണ് എന്ന പദം സ്വീകരിക്കുന്നു. 'നല്ല സമ്പത്തിന്റെ ഉടമ' പോലെ 'ഉടമ' ചേർത്ത പ്രയോഗങ്ങളും 'അവാർഡ് വിതരണം' പോലെ 'വിതരണം' ചേർത്ത പ്രയോഗങ്ങളും ധാരാളമായി
- എന്തിനും വിശേഷണങ്ങൾ പ്രയോഗിക്കുക എന്നതും പുതിയ രീതിയാണ്. എങ്ങനെ മരിച്ചാലും അവർക്ക് 'കൊല്ലപ്പെട്ട'താണ്. വിഷയം സംസാരിക്കലല്ല, 'ചർച്ച' ചെയ്യലാണ്
- ചെലവുകൾ, ക്രമീകരണങ്ങൾ തുടങ്ങി അനാവശ്യമായ ബഹുവചനം ചേർക്കലാണ് മറ്റൊരു രീതി
- പഴയ കാലത്തെ അപേക്ഷിച്ച് ഇന്ന് ദേശ്യഭേദം കൊണ്ടുവരുന്ന അർത്ഥഭേദം ഭാഷയിൽ കുറവാണ്. ശൈലിയിൽ അബദ്ധപ്രയോഗങ്ങൾ ധാരാളമുണ്ട്. പ്രയോജകക്രിയയുടെ അനവസര പ്രയോഗമാണ് അതിലൊന്ന്. വാങ്ങുക എന്നത് വാങ്ങിക്കുക എന്നാവുന്നു
- Yes എന്നതിനു തുല്യമായി അതെ, ആണ് തുടങ്ങിയ പ്രതികരണത്തിന് പകരം 'ഉവ്വ്' എന്നു പറയുന്ന ശീലവും പ്രാദേശികത വിട്ട് പ്രയോഗത്തിൽ വന്നു
- പ്രാഥമികവിദ്യാലയം തൊട്ടുള്ള ഊർജ്ജിത ശ്രമത്തോടെ മാത്രമേ ഭാഷാവൈകല്യം പരിഹരിക്കാൻ കഴിയൂ
- ഇക്കാര്യത്തിൽ പ്രസ് അക്കാദമി പോലുള്ള സ്ഥാപനങ്ങൾ മുന്നോട്ടു വരേണ്ടതുണ്ട്
- അർപ്പണബോധത്തോടെ, കൂട്ടായി പ്രവർത്തിക്കുകയും പ്രായോഗികതലത്തിൽ നിരന്തരം പരിശീലിക്കാൻ ഏർപ്പാടുണ്ടാക്കുകയും ചെയ്താൽ നമുക്ക് ഭാഷയെ ശുദ്ധീകരിക്കാം. പുതുക്കലും വികസിപ്പിക്കലും അതോടൊപ്പം സ്വാഭാവികമായി നടക്കും

## Objective Type Questions

1. ഭാഷയിലെ എറ്റവും വലിയ വൈകല്യമായി വള്ളത്തോൾ കണ്ടത് എന്തായിരുന്നു?
2. ലിപി പരിഷ്കരണത്തിന് പ്രസക്തിയില്ലാതായത് എപ്പോൾ?
3. മലയാള ഭാഷയെയും സാഹിത്യത്തെയും ദുഷിപ്പിക്കുന്ന കാര്യങ്ങളായി ലേഖകൻ കാണുന്നതെന്തിനെയാണ്?
4. ലിപി പരിഷ്ക്കാരത്തിന്റെ പരിമിതി എന്തായിരുന്നു?
5. 'ഇദം ചതുർബാഹുകമായ രൂപം
   മുദാ ചുരുക്കീടുക ടെക്സ്റ്റുകാരേ' എന്ന് എഴുതിയതാര്?
6. ഭാഷാവൈകല്യം പരിഹരിക്കാനുള്ള മാർഗ്ഗമായി ലേഖകൻ പറയുന്നതെന്ത്?

## Answers

1. കൃത്രിമത്വം
2. കമ്പ്യൂട്ടർ യുഗം വന്നതോടെ
3. അപകർഷതാബോധം, പാരമ്പര്യ നിരാസം, മിഥ്യാപരിഷ്കാരത്തിലും അനുകരണത്തിലുമുള്ള ഭ്രമം
4. യന്ത്രത്തിനനുസരിച്ച് ലിപി പരിഷ്ക്കരിച്ചത്
5. സഞ്ജയൻ
6. പ്രാഥമിക വിദ്യാഭ്യാസം തൊട്ടുള്ള ഊർജ്ജിത ശ്രമം

## Assignments

1. നമ്മുടെ ഭാഷാ പരിഷ്ക്കരണത്തിലെ വൈകൃതങ്ങളായി ലേഖകൻ കാണുന്നതെന്തെല്ലാം?
2. ഭാഷാശുദ്ധീകരണത്തിന് ലേഖകൻ മുന്നോട്ടു വയ്ക്കുന്ന പ്രായോഗിക നിർദ്ദേശങ്ങൾ എന്തെല്ലാം?
3. മാതൃഭാഷാപരിഷ്ക്കരണം – പ്രശ്നങ്ങളും പരിഹാരവും – ഉപന്യസിക്കുക.

## Reference


1. ഡോ. കെ.എം. പ്രഭാകര വാര്യർ, ശൈലീ ശില്പം, മാളുബൻ, തിരുവനന്തപുരം.
2. എം.എൻ. കാരശ്ശേരി, തെളിമലയാളം, ഡി.സി. ബുക്സ്, കോട്ടയം.

# യൂണിറ്റ് - 6
# അക്ഷരത്തെറ്റുകൾ

**പന്മന രാമചന്ദ്രൻ നായർ**

## Learning Outcomes

- പന്മന രാമചന്ദ്രൻ നായർ ഭാഷയ്ക്കു സമ്മാനിച്ച സംഭാവനകളെക്കുറിച്ച് അവബോധം നേടുന്നു
- മാതൃഭാഷ തെറ്റുകൂടാതെ ഉപയോഗിക്കാനുള്ള ശേഷി കൈവരിക്കുന്നു
- ഭാഷയിലെ പദങ്ങളിൽ വരുന്ന തെറ്റുകളെക്കുറിച്ച് അറിവ് നേടുന്നു
- ഭാഷയിലെ ശരിയായ പ്രയോഗങ്ങളെ തിരിച്ചറിയുന്നു

## Prerequisites

**പന്മന രാമചന്ദ്രൻ നായർ ( 1931- 2018) _**

ഭാഷാപണ്ഡിതനും എഴുത്തുകാരനും അദ്ധ്യാപകനുമായിരുന്നു പന്മന രാമചന്ദ്രൻ നായർ. തെറ്റില്ലാതെ മലയാളഭാഷ ഉച്ചരിക്കാനും എഴുതാനും മലയാളികളെ പഠിപ്പിച്ചു കൊണ്ട് അദ്ദേഹം ശ്രദ്ധ നേടി. ഭാഷയുടെ അപചയത്തിനെതിരെ നിതാന്തജാഗ്രത പുലർത്തിയ വ്യക്തിയാണദ്ദേഹം. തെറ്റില്ലാത്ത, തെളിച്ചമുള്ള മലയാളം കേരളീയർക്ക് നൽകാൻ അദ്ദേഹം നിരന്തരം ശ്രദ്ധിച്ചിരുന്നു. ഈ ലക്ഷ്യത്തിന് ഉതകുന്ന ഒട്ടേറെ ഗ്രന്ഥങ്ങൾ രചിച്ചു. സർവ്വസാധാരണമായി പണ്ഡിത പാമരഭേദമെന്യേ ആളുകൾ വരുത്തുന്ന അക്ഷരപ്പിശകുകളും വ്യാകരണപിശകുകളും അദ്ദേഹം ചൂണ്ടിക്കാട്ടി. കേരള ഗ്രന്ഥശാല, കേരള സാഹിത്യ അക്കാദമി, സാഹിത്യ പ്രവർത്തക സഹകരണ സംഘം എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തക സമിതി അംഗമായിരുന്നു.

**പശ്ചാത്തലം**

മലയാളം അറിയുക എന്നാൽ എഴുതാനും വായിക്കാനും അറിയുക മാത്രമല്ല. തെറ്റില്ലാതെ ശുദ്ധമായ രീതിയിൽ ഭാഷ കൈകാര്യം ചെയ്യാൻ അറിയുക എന്നതുകൂടിയാണ്. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ ആളുകൾ ഒരുപോലെ ഇക്കാര്യത്തിൽ പൊതുവെ ഉദാസീനത പുലർത്തുന്നു. എങ്ങനെ പറഞ്ഞാലും ആശയം വ്യക്തമായാൽ മതിയല്ലോ എന്ന ധാരണയാണ് അവർക്ക്. എന്നാൽ അർത്ഥമറിഞ്ഞ് ഭാഷ ഉപയോഗിക്കുമ്പോൾ നാം പറഞ്ഞ് പഴകിപ്പോയ പല പ്രയോഗങ്ങളും വ്യാകരണദൃഷ്ട്യാ തെറ്റാണെന്നു കാണാം. ശുദ്ധ ഭാഷാപ്ര യോഗം ലക്ഷ്യമാക്കി പന്മന രചിച്ച കൃതികൾ ധാരാളം വിമർശനങ്ങളും മറുഭാഗത്തു നിന്നും അനേകം പ്രശംസയും ഏറ്റുവാങ്ങിയിട്ടുണ്ട്.

**കൃതികൾ**

തെറ്റില്ലാത്ത മലയാളം, നല്ല ഭാഷ, ശുദ്ധ മലയാളം, തെറ്റും ശരിയും, സ്മൃതിരേഖകൾ (ആത്മകഥ), മഴവില്ല്, ഊഞ്ഞാൽ, പൂന്തേൻ (ബാലസാഹിത്യ കൃതികൾ). ആശ്ചര്യചൂഡാമണി, നാരായണീയം തുടങ്ങിയ കൃതികളുടെ മലയാളതർജ്ജമകൾ.

## Key Themes

- മാതൃഭാഷയുടെ ശരിയായ പ്രയോഗങ്ങൾ, എഴുത്തിൽ വരുന്ന പിഴവുകൾ എന്നിവ ലേഖനത്തിൽ ചർച്ച ചെയ്യുന്നു
- തെറ്റും ശരിയുമായ ഭാഷാരൂപങ്ങൾ, ഭാഷ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകത എന്നിവ പ്രധാന പ്രമേയം

## Discussion

ചിലർ എഴുതുമ്പോൾ അക്ഷരത്തെറ്റു വരുത്തുകയും ചിലർ ഉച്ചാരണത്തിൽ തെറ്റു വരുത്തുകയും ചെയ്യുന്നു. സാമാന്യമായി എഴുതുമ്പോഴും ഉച്ചരിക്കുമ്പോഴും വരുത്തുന്ന തെറ്റുകൾ ചൂണ്ടിക്കാണിക്കുകയാണ് ലേഖകൻ. 'അ' മുതൽ 'ഹ' വരെയുള്ള അക്ഷരങ്ങളുടെ ക്രമത്തിൽ ഓരോന്നിലും വരുത്തുന്ന തെറ്റും ശരി രൂപവും ലേഖകൻ കാണിച്ചുതരുന്നു.

ലേഖകൻ കാണിച്ചു തരുന്നവയിൽ നിന്നും പ്രധാനപ്പെട്ട ഉദാഹരണങ്ങൾ മാത്രം ചൂണ്ടിക്കാണിക്കുകയാണ് ഇവിടെ

| തെറ്റ് | ശരി |
|---|---|
| **'അ'** | |
| അങ്ങിനെ | അങ്ങനെ |
| അച്ചുതൻ | അച്യുതൻ |
| അജ്ഞലി | അഞ്ജലി |
| അടിമത്വം | അടിമത്തം |
| അധ്യാത്മികം | ആധ്യാത്മികം |
| അനുഗ്രഹീതൻ | അനുഗൃഹീതൻ |
| അന്യേഷിക്കുക | അന്വേഷിക്കുക |
| അന്തച്ഛിദ്രം | അന്തശ്ഛിദ്രം |
| അപകർഷത | അപകർഷം |
| അപാകത | അപാകം |
| അവസ്ത | അവസ്ഥ |
| അസ്തമനം | അസ്തമയം |
| അസ്ഥിവാരം | അസ്തിവാരം |
| **'ആ'** | |
| ആഢംബരം | ആഡംബരം |
| ആഥിത്യം | ആതിഥ്യം |
| അധ്യക്ഷ്യം | ആധ്യക്ഷ്യം |
| ആധുനീകം | ആധുനികം |
| ആർഭാഡം | ആർഭാടം |
| ആവർത്തി | ആവൃത്തി |
| ആശ്ചാദനം | ആച്ഛാദനം |
| ആൾക്കാർ | ആളുകൾ |
| **'ഇ'** | |
| ഇങ്ങിനെ | ഇങ്ങനെ |
| **'ഉ'** | |
| ഉഛ്വാസം | ഉച്ഛ്വാസം |
| ഉൽകൃഷ്ഠം | ഉത്കൃഷ്ടം |
| ഉത്ഘാടനം | ഉദ്ഘാടനം |

‘ഊ’

| | |
|---|---|
| ഊർജ്ജ്വസ്വലൻ | ഊർജ്ജസ്വലൻ |

‘എ’

| | |
|---|---|
| എങ്ങിനെ | എങ്ങനെ |

‘ഐ’

| | |
|---|---|
| ഐക്യത | ഐക്യം |
| ഐക്യമത്യം | ഐകമത്യം |
| ഐഹീകം | ഐഹികം |

‘ക’

| | |
|---|---|
| കണ്ടുപിടുത്തം | കണ്ടുപിടിത്തം |
| കവിയിത്രി | കവയിത്രി |
| കാഠിന്യത | കാഠിന്യം |
| കാരാഗ്രഹം | കാരാഗൃഹം |
| കോപിഷ്ടൻ | കോപിഷ്ഠൻ |
| ക്രീഢ | ക്രീഡ |
| ക്ഷണനക്കത്ത് | ക്ഷണക്കത്ത് |

‘ഗ’

| | |
|---|---|
| ഗരുഢൻ | ഗരുഡൻ |
| ഗീതാഗോവിന്ദം | ഗീതഗോവിന്ദം |
| ഗ്രഹണീധർമ്മം | ഗൃഹിണീധർമ്മം |
| ഗ്രഹസ്താശ്രമം | ഗൃഹസ്ഥാശ്രമം |

‘ച’

| | |
|---|---|
| ചവുട്ട് | ചവിട്ട് |
| ചിലവ് | ചെലവ് |

‘ജ’

| | |
|---|---|
| ജഡായു | ജടായു |
| ജാഗ്രദാവസ്ഥ | ജാഗ്രദവസ്ഥ |
| ജീവശ്ശവം | ജീവച്ഛവം |
| ജോതിഷം | ജ്യോതിഷം |

‘ത’

| | |
|---|---|
| തത്വം | തത്ത്വം |
| തീഷ്ണം | തീക്ഷ്ണം |
| ത്വക്രോഗം | ത്വഗ് രോഗം |

‘ദ’

| | |
|---|---|
| ദിത്വം | ദ്വിത്വം |
| ദുഷന്തൻ | ദുഷ്ഷന്തൻ, ദുഷ്യന്തൻ |
| ദൈന്യത | ദൈന്യം |
| ദൈവീകം | ദൈവികം |
| ദ്രൗപതി | ദ്രൗപദി |

‘ന’

| | |
|---|---|
| നായകി | നായിക |
| നിസ്വാർത്ഥം | നിസ്സ്വാർത്ഥം |
| നിവർത്തി | നിവൃത്തി |

‘പ’

| | |
|---|---|
| പക്ഷെ | പക്ഷേ |
| പണ്ടുകാലത്ത് | പണ്ട് |
| പതിവൃത | പതിവ്രത |
| പരിണിതം | പരിണതം |
| പാദസ്വരം | പാദസരം |
| പിന്നോക്കം | പിന്നാക്കം |
| പുറന്നാൾ | പിറന്നാൾ |

‘പ്ര’

| | |
|---|---|
| പ്രകൃത്യാൽ | പ്രകൃത്യാ |
| പ്രഗത്ഭൻ | പ്രഗല്ഭൻ |
| പ്രദിക്ഷണം | പ്രദക്ഷിണം |
| പ്രവർത്തി | പ്രവൃത്തി |
| പ്രാഗത്ഭ്യം | പ്രാഗല്ഭ്യം |

‘മ’

| | |
|---|---|
| മജ്ഞരി | മഞ്ജരി |
| മനസിലാക്കുക | മനസ്സിലാക്കുക |
| മഹത്വം | മഹത്ത്വം |
| മഹശ്ചരിതം | മഹച്ചരിതം |
| മാന്ദ്യത | മാന്ദ്യം, മന്ദത |
| മുഖാന്തിരം | മുഖാന്തരം |
| മുന്നോക്കം | മുന്നാക്കം |
| മൗലീകം | മൗലികം |

‘യ’

| | |
|---|---|
| യാദൃശ്ചികം | യാദൃച്ഛികം |

**'ര'**

| | |
|---|---|
| രാപ്പകൽ | രാപകൽ |
| രക്ഷകർത്താവ് | രക്ഷാകർത്താവ് |
| രാഷ്ട്രീയപരം | രാഷ്ട്രീയം |
| രുഗ്മിണി | രുക്മിണി |
| രൂപീകരണം | രൂപവത്കരണം |

**'ല'**

| | |
|---|---|
| ലഷ്മണൻ | ലക്ഷ്മണൻ |
| ലോകത്രയങ്ങൾ | ലോകത്രയം |

**'വ'**

| | |
|---|---|
| വയ്യാകരണൻ | വൈയാകരണൻ |
| വിഡ്ഢിത്വം | വിഡ്ഢിത്തം |
| വ്യത്യസ്ഥം | വ്യത്യസ്തം |
| വിദ്യുശ്ശക്തി | വിദ്യുച്ഛക്തി |
| വിമ്മിഷ്ടം | വിമ്മിട്ടം |
| വിൽപത്തി | വ്യുൽപത്തി |
| വേഗത | വേഗം |
| വ്യജ്ഞനം | വ്യഞ്ജനം |

**'ശ'**

| | |
|---|---|
| ശർദ്ദിക്കുക | ഛർദ്ദിക്കുക |
| ശൃംഗല | ശൃംഖല |
| ശിശ്രൂഷ | ശുശ്രൂഷ |
| ശ്രേഷ്ടൻ | ശ്രേഷ്ഠൻ |

**'സ'**

| | |
|---|---|
| സന്യാസം | സന്ന്യാസം |
| സന്നിഗ്ദ്ധം | സന്ദിഗ്ദ്ധം |
| സാഫല്യത | സാഫല്യം, സഫലത |
| സാമൂഹ്യം | സാമൂഹികം |
| സാർവത്രീകം | സാർവത്രികം |
| സാഷ്ഠാംഗം | സാഷ്ടാംഗം |
| സൂഷ്മം | സൂക്ഷ്മം |
| സൃഷ്ടാവ് | സ്രഷ്ടാവ് |
| സ്വതസിദ്ധം | സ്വതഃസിദ്ധം, സ്വതസ്സിദ്ധം |
| സ്വയരക്ഷ | സ്വയംരക്ഷ |
| സ്വൈര്യം | സ്വൈരം |

**'ഹ'**

| | |
|---|---|
| ഹാർദ്ദവം | ഹാർദ്ദം |
| ഹിന്തു | ഹിന്ദു |
| ഹൃസ്വം | ഹ്രസ്വം |

നിത്യജീവിതത്തിൽ അഭ്യസ്തവിദ്യരും സാധാരണക്കാരും ഒരുപോലെ എഴുത്തിലും ഉച്ചാരണത്തിലും തെറ്റിക്കുന്ന ചില പ്രയോഗങ്ങൾ ഉണ്ട്. അവയിൽ പലതും മനഃപൂർവ്വമല്ല. ഉപയോഗിച്ച് ശീലമായി പോയ തെറ്റുകൾ ആവർത്തിക്കുന്നതു മാത്രമാണ്. ലേഖകൻ ചൂണ്ടിക്കാണിക്കുന്ന പല ഉദാഹരണങ്ങളും അത്തരത്തിലുള്ളതാണ്. അസ്തമനം/അസ്തമയം, അദ്ധ്യക്ഷ്യം/ആദ്ധ്യക്ഷ്യം, എങ്ങിനെ / എങ്ങനെ, ക്ഷണനം/ക്ഷണം, തത്വം / തത്ത്വം, പക്ഷെ / പക്ഷേ, പിന്നോക്കം / പിന്നാക്കം, വേഗത / വേഗം, സ്വൈര്യം/സ്വൈരം തുടങ്ങിയവ നോക്കുക. അർത്ഥമറിഞ്ഞ് ഭാഷ പ്രയോഗിക്കുന്നതിന്റെ പ്രസക്തി ഇവിടെയാണ്. ഇത്തരത്തിൽ മാതൃഭാഷയെ അശ്രദ്ധമായി കൈകാര്യം ചെയ്യാതിരിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങളാണ് ഈ ലേഖനത്തിൽ.

## Recap

- എഴുതുമ്പോഴും ഉച്ചരിക്കുമ്പോഴും അക്ഷരത്തെറ്റുകൾ സംഭവിക്കുന്നു
- എഴുതുമ്പോഴും ഉച്ചരിക്കുമ്പോഴുമുള്ള അക്ഷരത്തെറ്റുകൾ ഒഴിവാക്കാൻ തെറ്റും ശരിയും മനസ്സിലാക്കിക്കൊണ്ടുള്ള അഭ്യാസം ആവശ്യമാണ്
- ഭാഷയിൽ സർവ്വസാധാരണമായി വരുത്തുന്ന തെറ്റുകളും അവയുടെ ശരി രൂപങ്ങളും അക്ഷരമാലാക്രമത്തിൽ കൊടുത്തിരിക്കുന്നു. അവ മനസ്സിലാക്കുകവഴി ഭാഷയിൽ പൊതുവെ വരുത്തുന്ന തെറ്റുകൾ ഒഴിവാക്കാം

## Objective Type Questions

1. തെറ്റുണ്ടെങ്കിൽ തിരുത്തുക.

   അജഞലി, സൈര്യം, അപാകത, അവസ്ത, തത്വം, ഉഛ്വാസം, ത്വക് രോഗം, നായകി, ശൃംഗല, വ്യത്യസ്ഥം, രുഗ്മിണി, ഹാർദ്ദവം, പാദസ്വരം

2. ശരിയായ പ്രയോഗം തിരഞ്ഞെടുക്കുക.

   ഐഹീകം / ഐഹികം, ഐക്യത / ഐക്യം, കവയിത്രി / കവയത്രി, ഗീതാഗോവിന്ദം/ ഗീതഗോവിന്ദം, ജഡായു / ജടായു, ദുഷന്തൻ / ദുഷ്യന്തൻ, പ്രാഗത്ഭ്യം / പ്രാഗല്ഭ്യം, മഞ്ജരി / മജ്ഞരി, സ്രഷ്ടാവ്/ സൃഷ്ടാവ്

## Answers

1. അഞ്ജലി, സൈ്വരം, അപാകം, അവസ്ഥ, തത്ത്വം, ഉച്ഛ്വാസം, ത്വഗ് രോഗം, നായിക, ശൃംഖല, വ്യത്യസ്തം, രുക്മിണി, ഹാർദ്ദം, പാദസരം.
2. ഐഹികം, ഐക്യം, കവയിത്രി, ഗീതാഗോവിന്ദം, ജടായു, ദുഷ്യന്തൻ, പ്രാഗല്ഭ്യം, മഞ്ജരി, സ്രഷ്ടാവ്.

## Assignments

1. നിത്യജീവിതത്തിൽ നാം ഉപയോഗിക്കുന്ന മലയാളത്തിലെ തെറ്റായ രൂപങ്ങളും അവയുടെ ശരിരൂപങ്ങളും തയ്യാറാക്കുക.

## Reference


1. എം. എൻ. കാരശ്ശേരി, തെളിമലയാളം, ഡി.സി. ബുക്സ്, കോട്ടയം.
2. കെ. എം. പ്രഭാകരവാര്യർ, ശൈലീശില്പം, മാളുബൻ, തിരുവനന്തപുരം.
3. പന്മന രാമചന്ദ്രൻ നായർ, തെറ്റും ശരിയും, കറന്റ് ബുക്സ്, തൃശ്ശൂർ.
4. പന്മന രാമചന്ദ്രൻ നായർ, ശുദ്ധമലയാളം, കറന്റ് ബുക്സ്, തൃശ്ശൂർ.
5. പന്മന രാമചന്ദ്രൻ നായർ, തെറ്റില്ലാത്ത ഉച്ചാരണം, ഡി.സി. ബുക്സ്, കോട്ടയം.
6. പന്മന രാമചന്ദ്രൻ നായർ, നല്ലഭാഷ, ഡി.സി.ബുക്സ്, കോട്ടയം.

BLOCK - 02

# പ്രഭാഷണം

# യൂണിറ്റ് - 1
## പ്രസംഗകല

**സുകുമാർ അഴീക്കോട്**

### Learning Outcomes

- സുകുമാർ അഴീക്കോടിന്റെ സാഹിത്യ സംഭാവനകളെക്കുറിച്ച് അറിവ് നേടുന്നു
- പ്രസംഗമെന്ന കലയിൽ ഉണ്ടാകേണ്ട ഗുണങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു
- ലോകപ്രശസ്തരായ പ്രാസംഗികരുടെ പ്രസംഗശൈലിയുടെ പ്രത്യേകതകളെ തിരിച്ചറിയുന്നു
- പ്രസംഗത്തിൽ കൈവരിക്കേണ്ട മികവിനാവശ്യമായ വസ്തുതകളെക്കുറിച്ച് അവബോധം നേടുന്നു

### Prerequisites

**സുകുമാർ അഴീക്കോട്** (1926-2012 )

സാഹിത്യവിമർശകൻ, പ്രഭാഷകൻ, അദ്ധ്യാപകൻ എന്നീ നിലയിലെല്ലാം പ്രഗത്ഭൻ. സഞ്ചരിക്കുന്ന മനഃസാക്ഷി, പ്രഭാഷണ കലയുടെ കുലപതി എന്നെല്ലാം അറിയപ്പെട്ടു. സപ്തസാഗരഗർജ്ജനമെന്നാണ് വൈക്കം മുഹമ്മദ് ബഷീർ അഴീക്കോടിന്റെ പ്രഭാഷണത്തെ വിശേഷിപ്പിച്ചത്. കാലിക്കറ്റ് സർവകലാശാല മലയാളം വകുപ്പദ്ധ്യക്ഷൻ, പ്രോ വൈസ് ചാൻസലർ, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അംഗം, നാഷണൽ ബുക്ക് ട്രസ്റ്റിന്റെ ചെയർമാൻ എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചു. പല പ്രസിദ്ധീകരണങ്ങളുടെയും പത്രാധിപരായിരുന്നു. ഗാന്ധിയൻ, ഗവേഷകൻ, ഉപനിഷത് വ്യാഖ്യാതാവ് എന്നീ നിലകളിലും ശ്രദ്ധേയനായി. വാഗ്ഭടാനന്ദ ഗുരുവിന്റെയും ആത്മവിദ്യാസംഘത്തിന്റെയും സ്വാധീനം അദ്ദേഹത്തിന്റെ ധൈഷണിക സംവാദങ്ങളിൽ പ്രകടമായിരുന്നു. സാഹിത്യം, തത്ത്വചിന്ത, സാമൂഹിക ജീവിതം, ദേശീയത തുടങ്ങി ഏതു വിഷയത്തിലുമുള്ള നൈപുണ്യവും ചടുലതയും അഴീക്കോടിന്റെ പ്രഭാഷണങ്ങളെയും ഗ്രന്ഥങ്ങളെയും ശ്രദ്ധേയമാക്കി. ആരോടും വിധേയത്വം പുലർത്താതെ നിശിതമായി വിമർശിക്കുന്നതാണ് ഇദ്ദേഹത്തിന്റെ പൊതുവായ രീതി.

**അംഗീകാരങ്ങൾ**

കേരള സാഹിത്യ അക്കാദമി അവാർഡ് (മലയാള സാഹിത്യ വിമർശനം), കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, മാതൃഭൂമി പുരസ്കാരം, സുവർണ്ണ കൈരളി അവാർഡ്, പുത്തേഴൻ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

കൃതികൾ -

ആശാന്റെ സീതാകാവ്യം, രമണനും മലയാള കവിതയും, പുരോഗമന സാഹിത്യവും മറ്റും, മഹാത്മാവിന്റെ മാർഗ്ഗം, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു, മഹാകവി ഉള്ളൂർ, വായനയുടെ സ്വർഗ്ഗത്തിൽ, മലയാള സാഹിത്യ വിമർശനം, ചരിത്രം സമന്വയമോ സംഘട്ടനമോ?, തത്ത്വമസി, മലയാള സാഹിത്യ പഠനങ്ങൾ, വിശ്വസാഹിത്യ പഠനങ്ങൾ, തത്ത്വവും മനുഷ്യനും, ഖണ്ഡനവും മണ്ഡനവും, എന്തിനു ഭാരതാംബേ, അഴീക്കോടിന്റെ പ്രഭാഷണങ്ങൾ, ഗുരുവിന്റെ ദുഃഖം, അഴീക്കോടിന്റെ ഫലിതങ്ങൾ, ആകാശം നഷ്ടപ്പെടുന്ന ഇന്ത്യ, ഭാരതീയത, പാതകൾ കാഴ്ചകൾ, നവയാത്രകൾ, പുതുപുഷ്പങ്ങൾ, തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ, ദർശനം സമൂഹം വ്യക്തി, ഇന്ത്യയുടെ വിപരീതമുഖങ്ങൾ, അഴീക്കോടിന്റെ ലേഖനങ്ങൾ, നട്ടെല്ല് എന്ന ഗുണം, അഴീക്കോടിന്റെ ആത്മകഥ.

## Key Themes

- നല്ലൊരു പ്രഭാഷകൻ കൂടിയായ സുകുമാർ അഴീക്കോട് പ്രഭാഷണ കലയുടെ പ്രസക്തി, അതിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്നിവയെപ്പറ്റി സാമാന്യം വിശദമായിത്തന്നെ പ്രതിപാദിക്കുകയാണ് ഈ ലേഖനത്തിൽ.
- ലോകപ്രശസ്ത പ്രഭാഷകരെ പരിചയപ്പെടുത്തിക്കൊണ്ട് അവരുടെ പ്രഭാഷണം ജനം കൈക്കൊണ്ട വിധം എങ്ങനെയെന്ന് ലേഖകൻ പരാമർശിക്കുന്നുണ്ട്.
- പ്രഭാഷണ കലയുടെ ചരിത്രത്തെപ്പറ്റി അവബോധം പകരാൻ പര്യാപ്തമാണ് ഈ ലേഖനം.
- ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് ഇവിടെ ഉദയം ചെയ്ത പ്രഭാഷകരെയും ലേഖകൻ പരിചയപ്പെടുത്തുന്നു.

## Discussion

പറയുന്നതാണ് വാക്കെങ്കിൽ വാക്കിന്റെ യഥാർത്ഥമായ കല പ്രഭാഷണം ആണ്. പ്രസംഗം, പ്രസംഗിക്കുക, പ്രാസംഗികൻ എന്നീ വാക്കുകൾ പ്രചുരപ്രയോഗം മൂലം ഭാഷയിൽ ഉറച്ചു പോയിരിക്കുന്നു. എന്നാൽ പ്രസംഗത്തിന് ഭാഷണം എന്ന അർത്ഥം ഇല്ല. വാക്കിന് അധിദേവതയുണ്ടെങ്കിൽ, ആ വാഗ്ദേവിയുടെ കൃപാകടാക്ഷം നിങ്ങളെ ധീരോദാരവാക്കായ പ്രഭാഷകനാക്കിത്തീർക്കുകയാണ് വേണ്ടത്.

ഉൽക്കർഷേച്ഛുക്കളായ എല്ലാ മനുഷ്യരും തങ്ങളുടെ വികാരവിചാരങ്ങളുടെ പ്രവാഹസരണിയിലൂടെ മറ്റു മനുഷ്യർ പ്രയാണം ചെയ്തു കാണണമെന്ന് ആഗ്രഹിക്കുന്നവരായിരിക്കും.

മഹാപുരുഷന്മാർക്കുപോലും വരേണ്യമായ ഈ കല പ്രശംസിക്കപ്പെടുന്ന തീവ്രതയോടെ അഭിശംസിക്കപ്പെട്ടിട്ടുമുണ്ട്. 'മൗനം സ്വർണ്ണമാണ്' എന്ന ജർമ്മൻ പഴഞ്ചൊല്ല് ഉദാഹരണം. പക്ഷേ 'മൗനം മന്ദനു ഭൂഷണം' എന്ന മറ്റൊരു ചൊല്ല് വിവേകശാലി സംസാരിക്കണം എന്ന് വാദിക്കുന്നു.

അവനവന് തെറ്റെന്ന് തോന്നുന്ന ആശയം, അതു തെറ്റെന്ന് അറിവുള്ള ആളുകളെക്കൊണ്ട് അംഗീകരിപ്പിക്കുന്ന വാഗ്ജാലപ്രയോഗത്തിന്റെ വിദ്യ ആണ് പ്രസംഗം എന്ന് പൊതുവിൽ ഒരാക്ഷേപമുണ്ട്. 'പ്രസംഗത്തിന്റെ ഉന്നം സത്യമല്ല, വശീകരിക്കലാണ്' എന്നു മെക്കാളെ 'ഏതൻസിലെ പ്രാസംഗികന്മാർ' എന്ന പ്രബന്ധത്തിൽ പറയുമ്പോൾ അദ്ദേഹം ഈ ആക്ഷേപത്തിന് പിന്തുണ നൽകുകയാണ് ചെയ്യുന്നത്. 'എന്തൊ

ക്കെയായാലും മനുഷ്യരുടെ മനസ്സുകളെ ഭരിക്കുന്നതിന്റെ കലയാണ് പ്രസംഗകല' എന്ന് പ്ലേറ്റോവിനോടൊപ്പം ആരും സമ്മതിച്ചു പോവും.

പ്രസംഗകലയുടെ ഐന്ദ്രജാലിക സിദ്ധികൾക്ക് മികച്ച നിദർശനം പണ്ടെന്ന പോലെ ഇന്നും പ്രാചീന ഗ്രീസിലെ ഡമൊസ്തനീസ് ആണ്. ലോകജേതാവായ അലക്സാണ്ടറുടെ പിതാവായ ഫിലിപ്പിനെതിരായി പ്രസംഗിച്ച് ലോകജേതാവായി മാറിയ വാക്പതിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ സേവനങ്ങൾക്ക് അംഗീകാരവും പാരിതോഷികവുമെന്ന നിലയിൽ ഏതൻസുകാർ അദ്ദേഹത്തിന് ഒരു കനകകോടീരം ഉപഹാരമായി നൽകാൻ നിശ്ചയിച്ചപ്പോൾ ആ ഉദ്യമത്തെ എതിർത്ത എയ്സ്കൈൻസ് എന്ന നടന് മറുപടി നൽകിക്കൊണ്ട് അദ്ദേഹം ചെയ്ത പ്രസംഗമാണ് അദ്ദേഹത്തിന്റെ ഉത്തമവും അത്യുജ്ജ്വലവുമായ പ്രസംഗം എന്ന് പറയപ്പെടുന്നു. പ്രാചീന ലോകത്തിലെ മഹത്തരമായ പ്രസംഗവും അതാണത്രേ. ഡമൊസ്തനീസിനോളം എത്തുകയില്ലെങ്കിലും പ്രാചീന റോമിലെ ഏറ്റവും മഹാനായ പ്രാസംഗികനാണ് ആദർശശാലിയായ സിസറോ- മാർക്കസ് തുളിയസ് സിസറോ. അദ്ദേഹത്തിന്റെ അൻപത്തിയേഴ് പ്രസംഗങ്ങൾ വാഗ്ദേവതയുടെ വിലാസരംഗങ്ങളായും ആ ദേവതയുടെ ആരാധകന്മാർക്ക് അന്തഃപ്രചോദനങ്ങളായും ഇന്നും അവശേഷിച്ചിരിപ്പുണ്ട്.

പതിനെട്ടാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിലെ രാഷ്ട്രീയം ഉദയം കൊള്ളിച്ച മൂന്നു പ്രഭാഷണതാരങ്ങളത്രേ എഡ്മണ്ട് ബർക്ക്, ചാറൽസ് ജെയിംസ് ഫോക്സ്, റിച്ചാർഡ് ബിൻസ്ലി ഷെറിഡൻ എന്നിവർ. അനേകം പ്രസിദ്ധ പ്രസംഗങ്ങൾ ചെയ്തവരാണ് ഇവരെങ്കിലും ഇന്ത്യയുടെ വൈസ്രോയിയായിരുന്ന വാറൻ ഹേസ്റ്റിങ്ങിനെതിരായി ബ്രിട്ടീഷ് പാർലമെന്റിൽ ഇവർ ചെയ്ത പ്രസംഗങ്ങളാണ് ചിരസ്മരണീയങ്ങളായിത്തീർന്നത്. ആംഗല സാഹിത്യത്തിൽ, ഉയർന്ന കവിതയുടെയും നാടകത്തിന്റെയും അടുത്തു സ്ഥാനം നേടിയ പ്രഭാഷണങ്ങൾ ബർക്കിന്റേതു മാത്രമാണ്. ഫോക്സും പിറ്റും ഷെരിഡനും കൂടുതൽ ശ്രവണവൈഭവമുള്ള പ്രാസംഗികരാണ്.

അമേരിക്കയുടെ സ്വാതന്ത്ര്യസമരകാലത്തും അതിനെത്തുടർന്നും വിശ്വോത്തരരായ കുറെ പ്രാസംഗികന്മാർ അവിടെ അവതരിക്കുകയുണ്ടായി. പാട്രിക് ഹെന്റി, ഹെൻറി ക്ലേ, ഡാനിയൽ വെബ്സ്റ്റർ എന്നിവരുടെ പേരുകൾ രോമാഞ്ചത്തോടു കൂടി മാത്രമേ അമേരിക്കക്കാർ ഓർക്കുകയുള്ളൂ. ഹെൻറി ക്ലേ അടിമപ്രശ്നത്തെക്കുറിച്ച് രണ്ടു ദിവസം നീണ്ടു നിന്നൊരു മഹാപ്രസംഗം നടത്തിയതാണ് അദ്ദേഹത്തിന്റെ ചരമത്തിന് കാരണമായിത്തീർന്നത്. എന്നാൽ അമേരിക്കയുടെ നമ്പർ വൺ പ്രാസംഗികൻ ഡാനിയൽ വെബ്സ്റ്ററാണ്.

സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യക്കാരുടെ വെടിയുണ്ടകളായി അനുഗൃഹീതരായ ചില പ്രാസംഗികന്മാർ പ്രവർത്തിക്കുകയുണ്ടായി. 'ബംഗാളിന്റെ ഇടിനാദം' എന്ന് പ്രഖ്യാപിതനായ സുരേന്ദ്രനാഥ ബാനർജി, സിംഹഗർജ്ജനപ്രഭാവനായ ബിപിൻ ചന്ദ്രപാൽ, വാണീദേവിയുടെ അവതാരമെന്ന് പുകൾകൊണ്ട ആനിബസന്റ് മുതലായവരുടെ ജിഹ്വകൾ ഈ നാടിന്റെ ഏറ്റവും മൂർച്ചയേറിയ സമരായുധങ്ങളായിരുന്നു. അവിസ്മരണീയനായ മറ്റൊരു പ്രഭാഷകൻ അണ്ണാമല സർവ്വകലാശാലയുടെ സ്ഥാപകനും ഭാരത സേവാസംഘത്തിന്റെ നേതാവുമായിരുന്ന വി.എസ്. ശ്രീനിവാസശാസ്ത്രി ആണ്. ഇംഗ്ലീഷുകാർക്കിടയിൽപ്പോലും ഇത്ര സുന്ദരമായി പ്രസംഗിക്കാൻ പ്രാഗല്ഭ്യമുള്ള ആളുകൾ ഉണ്ടായിരുന്നില്ലത്രേ. കാവ്യാത്മകത കൊണ്ട് സുശ്രവമായ പ്രസംഗം ചെയ്തു പേരു നേടിയ ഒരു പ്രഭാഷകയായിരുന്നു സരോജിനി നായിഡു. ഡോക്ടർ രാധാകൃഷ്ണന്റെ തത്ത്വശാസ്ത്ര പ്രഭാഷണങ്ങൾ കിഴക്കെന്ന പോലെ പടിഞ്ഞാറും പ്രശസ്തി ആർജ്ജിച്ചവയായിരുന്നു.

പക്ഷേ, പ്രഭാഷണം കൊണ്ടു വിശ്വവിജയം നേടിയ ഒരേ ഒരു ഭാരതീയൻ സ്വാമി വിവേകാനന്ദനാണ്. 1893 ൽ ചിക്കാഗോയിൽ ചേർന്ന ലോക മതസമ്മേളനത്തിൽ വിവേകാനന്ദൻ ചെയ്ത പ്രസംഗവും അതിനെത്തുടർന്ന് അദ്ദേഹം അമേരിക്കയിലും ഇംഗ്ലണ്ടിലും നടത്തിയ വചോജൈത്രയാത്രയും പ്രഭാഷണകലയുടെ ചരിത്രത്തിലെ അനുപമമായ ഒരിതിഹാസമായി ഇന്നും

കിഴക്കും പടിഞ്ഞാറും ഓർമ്മിക്കപ്പെടുന്നു. വാക്കിന്റെ ദിവ്യമായ മഹിമയെ പൂർണ്ണമായി മനസ്സിലാക്കി അതിന്റെ ചൈതന്യത്തെ സാക്ഷാത്കരിച്ച ആളായിരുന്നു സ്വാമികൾ.

ഇംഗ്ലണ്ടിന്റെ ചർച്ചിലും ജർമ്മനിയുടെ ഹിറ്റ്ലറുമാണ് പ്രഭാഷകന്റെ ദുർജ്ജയമായ ശക്തി കൊണ്ട് രാഷ്ട്രീയനേതൃത്വത്തെ അധൃഷ്യമാക്കിത്തീർത്ത രണ്ട് ആധുനികർ. ഹിറ്റ്ലർ 'ആധുനിക യുഗത്തിലെ ഡമൊസ്തനീസ്' ആണെന്ന് വിളികൊണ്ടു. ജർമ്മൻകാരെ വളരെക്കാലം അദ്ദേഹത്തിന്റെ വികാര വിജൃംഭിതമായ വാക്കുകൾ ഹിപ്നൊട്ടൈസ് ചെയ്തുവെന്നാണ് പല ചരിത്രകാരന്മാരും പറഞ്ഞിട്ടുള്ളത്. ശബ്ദവും നോട്ടവും ചേഷ്ടയുമെല്ലാം പ്രഗല്ഭമായ പരിശീലനം വഴി ഏറ്റവും ഫലപ്രദമായി പ്രയോഗിക്കാൻ ഹിറ്റ്ലറിനു സാധിച്ചു. അതിനെ നേരിടാൻ ഇംഗ്ലീഷ് ചാനലിന്റെ മറുവശത്തു നിന്ന് ചർച്ചിലിന്റെ സ്വരം പൊങ്ങി. 'നിങ്ങൾക്ക് ചോരയും ക്ലേശവും കണ്ണീരും വിയർപ്പും മാത്രമേ എനിക്ക് തരുവാനുള്ളൂ' എന്ന് മറ്റൊരു മഹാസൈനിക നേതാവായ ഹാനിബാളിന്റെ വാക്കുകൾ അനുസ്മരിച്ചു കൊണ്ട് ചർച്ചിൽ ചെയ്ത യുദ്ധകാല പ്രസംഗം എത്രയോ സംശയാലുക്കളുടെ ഹൃദയം കാരിരുമ്പിനു തുല്യമാക്കി ശക്തിപ്പെടുത്തുകയുണ്ടായി. അതേ സഭയിൽ വെച്ച് അതേ വർഷം അതേ മാസം 18 നു അദ്ദേഹം ചെയ്ത പ്രസംഗം ആശയദീപ്തി കൊണ്ടും ഭാവനാമഹിമ കൊണ്ടും വികാരതീവ്രത കൊണ്ടും ശാശ്വതയശസ്സ് നേടുകയുണ്ടായി.

ഉത്തമനായ പ്രാസംഗികൻ ഉത്തമരായ മറ്റെല്ലാ കലാകാരന്മാർക്കുമൊപ്പം ഉണ്ടാകുന്നവനാണ്, ഉണ്ടാക്കപ്പെടുന്നവനല്ല. പക്ഷേ, നാക്കുള്ള ആരിലും ഒരു കലാകാരനുള്ളതുപോലെ ആ ആന്തരപ്രാസംഗികനെ വളർത്തിക്കൊണ്ടുവരുവാൻ ചില തത്ത്വങ്ങൾ ദീക്ഷിച്ചാൽ കൊള്ളാം.

പ്രസംഗം ശ്രോതാക്കളുടെ ഹൃദയത്തിൽ കടത്തുകയാണ് പ്രാസംഗികന്റെ ഏറ്റവും പ്രധാനമായ ലക്ഷ്യം. അതിനു പ്രാസംഗികൻ തന്നെത്താൻ വിഷയത്തിൽ കടക്കണം. അതിനു മുമ്പ് വിഷയം പ്രാസംഗികനിൽ കടന്നിരിക്കുകയും വേണം. അപ്പോൾ പ്രസംഗം നന്നാവാൻ വേണ്ട പ്രഥമവും പരമപ്രധാനവുമായ സംഗതി, താൻ സംസാരിക്കുന്ന വിഷയത്തെപ്പറ്റി പ്രസംഗികനിൽ ഉണ്ടായിരിക്കേണ്ട ആത്മാർത്ഥവും ഹൃദയപൂർവ്വവും അഗാധവുമായ ബോധവും സ്നേഹവുമാണ്. താൻ പറയുന്നതിനു വേണ്ടി പ്രാണൻ പോലും ഉഴിഞ്ഞു വെക്കാനുള്ള വൈകാരിക ധീരതയാണ് ഡമോസ്തനീസ്സിനെയും വെബ്സ്റ്ററെയും ഹിറ്റ്ലറെയും ശ്രോതൃചിത്തനായകന്മാരാക്കിത്തീർത്തത്.

ആത്മാർത്ഥതാജന്യമായ ഈ വൈകാരിക ധീരതയിൽ നിന്നാണ് പ്രാസംഗികന് ആത്മവിശ്വാസം ജനിക്കുന്നത്. തനിക്കു പ്രസ്തുത വിഷയത്തെപ്പറ്റി ഉറച്ച ജ്ഞാനമുണ്ടെന്ന സത്യസന്ധമായ ധാരണയുണ്ടെങ്കിൽ പ്രാസംഗികനെ ഒരിക്കലും രംഗഭീതി എന്ന മഹാഭീതി അലട്ടുകയില്ല. അവനവന് വിഷയജ്ഞാനം ഉണ്ടായിരിക്കുകയും അതുണ്ടെന്ന ബോധം ഉണ്ടായിരിക്കുകയും അല്ലാതെ, മറുകണ്ടം ചാടി, മറ്റാർക്കും വിവരമില്ലെന്ന് കരുതിത്തുടങ്ങിയാൽ പ്രസംഗവിദ്യ പ്രാസംഗികന് ആരോഗ്യപ്രദമായി ഭവിക്കാൻ ഇടയില്ല. ആത്മവിശ്വാസമുള്ള ഒരു പ്രാസംഗികന്റെ കാലം വന്നു ചേരാതിരിക്കില്ല. വന്നാൽ അതു പൊയ്പോകുന്നതുമല്ല.

പ്രാസംഗികന് പ്രസംഗവിഷയജ്ഞാനം മാത്രം ഉണ്ടായാൽ പോര. അതിനുമപ്പുറത്തുള്ള വിഷയങ്ങളെപ്പറ്റിയും നല്ല അറിവു വേണ്ടതാണ്. വികാരം, വിജ്ഞാനം എന്നിവയുടെ കൂടെ നിൽക്കേണ്ടതാണ് വിവേകം. ചിന്താശീലവും യുക്തികുശലതയും പ്രാസംഗികരിൽ ഒഴിച്ചു കൂടാൻ കഴിയാത്ത ഗുണങ്ങളാണ്. സംസാരിക്കുന്നതിനു മുമ്പ് എന്തിനെക്കുറിച്ച് എങ്ങനെയാണ് താൻ സംസാരിക്കാൻ പോകുന്നതെന്നും, സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ എന്താണ് താൻ പറയുന്നതെന്നും വ്യക്തമായ ബോധം പ്രാസംഗികനുണ്ടായിരിക്കണം. പക്ഷേ, ജനലക്ഷങ്ങളുടെ ഹൃദയത്തിൽ മിന്നൽ പായിച്ചു കൊണ്ട് വികാരപരകോടിയിൽ എത്തുന്ന പ്രസംഗങ്ങൾക്ക് ഈ നിയമം ബാധകമല്ല.

പ്രാസംഗികൻ വർജ്ജിക്കേണ്ട ഏറ്റവും വലിയ ദോഷമാണ് വാചാടോപം അഥവാ വാചാലത. പ്രത്യുൽപന്നമതിത്വമാണ് പ്രാസംഗി

കനു വേണ്ട ഒരു പ്രധാന ഗുണം. ഇതു ജന്മായത്തമായ പ്രതിഭാവിശേഷം കൊണ്ടു മാത്രമേ സിദ്ധിക്കുകയുള്ളൂ. ലോയിഡ് ജോർജ്ജ്, ചർച്ചിൽ എന്നിവർ ഉരുളയ്ക്കുപ്പേരി കണക്ക് പ്രസംഗവേദിയിൽ നിന്നു ബഹളക്കാർക്ക് മറുപടി കൊടുക്കുന്നതിൽ അതിസമർത്ഥരായിരുന്നു.

പ്രാസംഗികന്റെ സ്വരമാണ് പ്രസംഗത്തെ വിജയിപ്പിക്കുന്ന മറ്റൊരു പ്രധാന ഘടകം. അധികം നേർത്തതോ കനത്തതോ അല്ലാത്ത ഗൗരവമുള്ള പുരുഷശബ്ദമാണ് പ്രസംഗത്തിന് ഏറ്റവും പറ്റിയത്. ഇങ്ങനെ വികാരവും വിജ്ഞാനവും വിചാരവും നിറഞ്ഞു സുശ്രവമായ ശബ്ദത്തോടെ ഉചിതമായ അംഗവിക്ഷേപങ്ങൾ കലർത്തി മഹത്തായ ഒരു വിഷയത്തെക്കുറിച്ച് ആത്മധൈര്യത്തോടെ പ്രസംഗിച്ചാൽ വാഗ്ദേവതക്ക് അനശ്വരനികേതനമായ ഒരു ഉൽകൃഷ്ട കലാശില്പമായിരിക്കും ആ പ്രഭാഷണം. അത്തരമൊരു പ്രസംഗം അവസാനിച്ചാൽ ആളുകൾ അഭിനന്ദിക്കാൻ നിൽക്കാതെ അതിൽ പ്രസ്താവിച്ച കാര്യങ്ങൾ ചെയ്യാൻ തിരക്കുകൂട്ടുകയാണ് ചെയ്യുക. സിസറോവിന്റെ പ്രസംഗം കേട്ടാൽ ആളുകൾ പ്രസംഗം നന്നായെന്ന് അഭിനന്ദിച്ചിരുന്നു, എന്നാൽ ഡമൊസ്തനീസിന്റെ പ്രസംഗം കഴിഞ്ഞാൽ ആളുകൾ പ്രസംഗത്തെയും പ്രാസംഗികനെയും മറക്കുകയും അദ്ദേഹം പറഞ്ഞ കാര്യം ചെയ്യാൻ തിടുക്കം കൂട്ടുകയും ചെയ്തിരുന്നു.

സ്വാതന്ത്ര്യവും ജനാധിപത്യബോധവും പരക്കെ വ്യാപിച്ച നവോത്ഥാന ദശകളിലും സ്വാതന്ത്ര്യ സമരഘട്ടങ്ങളിലും ആണ് ഏറ്റവും ഉയർന്ന വാഗ്മിത്വം പ്രതിഫലിച്ചിരുന്നത്. ഫിലിപ്പിന്റെ അക്രമഭരണത്തിനെതിരായി പടപൊരുതിയ അഥീനിയന്മാരുടെ നാവായിരുന്നു ഡമൊസ്തനീസ്. ഇംഗ്ലണ്ടിൽ ജനായത്ത വ്യവസ്ഥിതി ഉറച്ച അവസരത്തിലാണ് ആ രാജ്യത്തിലെ മികച്ച വാക്പതികൾ വാഴ്ച്ച കൊണ്ടത്. അമേരിക്കൻ വിപ്ലവത്തിന്റെ ഘട്ടത്തിലും അതിനു ശേഷവും വന്ന പ്രാസംഗികന്മാരും ഇതേ തത്ത്വത്തെ വെളിപ്പെടുത്തുന്നു. ഇന്ത്യയുടെ നവോത്ഥാന ദശയുടെ ചരിത്രം നമുക്ക് അറിയാവുന്നതുകൊണ്ട് വിസ്തരിക്കുന്നില്ല. ജനതയെ, വിശേഷിച്ച് അതിലെ യുവചേതനയെ ഉദ്ബോധനം കൊള്ളിക്കുകയാണ് പ്രഭാഷകന്റെ മഹത്തായ കടമ.

അറിവോ ആത്മാർത്ഥതയോ സത്യസന്ധതയോ ഇല്ലാതെ ഏതെങ്കിലും കൊടിക്കീഴിൽ നിന്നു കൊണ്ട് തൊള്ളപൊളിയുമാറ് അലറുന്നവരെല്ലാം പ്രാസംഗികരായിരിക്കുന്ന കാലമാണ് ഇത്. കേരളത്തിൽ പഴയ കാലത്തെ പ്രഭാഷകനായിരുന്ന സ്വാമി സത്യവ്രതന്റെ ചരമം അനുസ്മരിച്ചു കൊണ്ട് പ്രശസ്ത കവി പള്ളത്തു രാമൻ എഴുതിയ ഈ ഈരടികൾ ശ്രേഷ്ഠനായ പ്രഭാഷകനുള്ള നിത്യമായ ചരമസ്തുതിയാണ്.

സ്നേഹോജ്ജ്വലം പുഷ്കല കണ്ഠനാദം
വിശ്രാന്തി കൊള്ളുന്ന കുടീരമേ നീ
ഉച്ചൈസ്തരം വാഗ്മിതയാലുയർത്തും
യുഗേ യുഗേ ഹാ യുവലോകചിത്തം!

സുകുമാർ അഴീക്കോടിന്റെ ഈ ലേഖനം പ്രസംഗകലയെപ്പറ്റി അറിയാനും നല്ലൊരു പ്രഭാഷകനാവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന എല്ലാവർക്കും അത്യന്തം പ്രയോജനകരമാണ്. പുരാതന ഗ്രീക്ക്, റോം, അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങി വിവിധ രാജ്യങ്ങളുമായി ബന്ധപ്പെട്ട പല പ്രഭാഷകരുടെയും സവിശേഷ ശൈലികളെ ഈ ലേഖനം പരിചയപ്പെടുത്തുന്നുണ്ട്. പ്രസംഗശൈലിയിൽ നിന്നും ആർജ്ജിച്ച ലാളിത്യവും ചടുലതയും ലേഖനത്തിലുടനീളം ആകർഷണീയമായി നിൽക്കുന്നു. പ്രസംഗകലയിലെ വിശ്വപ്രസിദ്ധ വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തിയെങ്കിലും ഇതുമായി ബന്ധപ്പെട്ട ഇന്ത്യയിലെയും കേരളത്തിലെയും സമുന്നതന്മാരിൽ പലരെയും കുറിച്ച് ലേഖകൻ കാര്യമായൊന്നും പ്രതിപാദിക്കുന്നില്ല എന്നത് ഒരു പരിമിതിയായി കരുതാം.

## Recap

- പറയുന്നതാണ് വാക്കെങ്കിൽ വാക്കിന്റെ യഥാർത്ഥമായ കല പ്രഭാഷണം ആണ്
- അവനവന് തെറ്റെന്ന് തോന്നുന്ന ആശയം, അതു തെറ്റെന്ന് അറിവുള്ള ആളുകളെ ക്കൊണ്ട് അംഗീകരിപ്പിക്കുന്ന വാഗ്ജാലപ്രയോഗത്തിന്റെ വിദ്യ ആണ് പ്രസംഗം എന്ന് പൊതുവിൽ ഒരാക്ഷേപമുണ്ട്
- 'എന്തൊക്കെയായാലും മനുഷ്യരുടെ മനസ്സുകളെ ഭരിക്കുന്നതിന്റെ കലയാണ് പ്രസംഗകല' എന്ന് പ്ലേറ്റോവിനോടൊപ്പം ആരും സമ്മതിച്ചു പോവും
- പ്രസംഗകലയുടെ ഐന്ദ്രജാലിക സിദ്ധികൾക്ക് മികച്ച നിദർശനം പണ്ടെന്ന പോലെ ഇന്നും പ്രാചീന ഗ്രീസിലെ ഡമൊസ്തനീസ് ആണ്
- പ്രാചീന റോമിലെ ഏറ്റവും മഹാനായ പ്രാസംഗികനാണ് ആദർശശാലിയായ 'മാർക്കസ് തുളിയസ് സിസറോ'
- പതിനെട്ടാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിലെ രാഷ്ട്രീയം ഉദയം കൊള്ളിച്ച മൂന്നു പ്രഭാഷണ താരങ്ങളത്രേ എഡ്മണ്ട് ബർക്ക്, ചാറൽസ് ജെയിംസ് ഫോക്സ്, റിച്ചാർഡ് ബിൻസ്ലി ഷെറിഡൻ എന്നിവർ
- ആംഗല സാഹിത്യത്തിൽ ഉയർന്ന കവിതയുടെയും നാടകത്തിന്റെയും അടുത്തു സ്ഥാനം നേടിയ പ്രഭാഷണങ്ങൾ ബർക്കിന്റേതു മാത്രമാണ്. ഫോക്സും പിറ്റും ഷെരിഡനും കൂടുതൽ ശ്രവണവൈഭവമുള്ള പ്രാസംഗികരാണ്
- പാട്രിക് ഹെന്റി, ഹെൻറി ക്ലേ, ഡാനിയൽ വെബ്സ്റ്റർ എന്നിവരുടെ പേരുകൾ രോമാഞ്ചത്തോടു കൂടി മാത്രമേ അമേരിക്കക്കാർ ഓർക്കുകയുള്ളൂ. ഹെൻറി ക്ലേ അടിമപ്രശ്നത്തെക്കുറിച്ച് രണ്ടു ദിവസം നീണ്ടു നിന്നൊരു മഹാപ്രസംഗം നടത്തിയതാണ് അദ്ദേഹത്തിന്റെ ചരമത്തിന് കാരണമായിത്തീർന്നത്
- അമേരിക്കയുടെ നമ്പർ വൺ പ്രാസംഗികൻ ഡാനിയൽ വെബ്സ്റ്ററാണ് 'ബംഗാളിന്റെ ഇടിനാദം' എന്നു പ്രഖ്യാപിതനായ സുരേന്ദ്രനാഥ ബാനർജി, സിംഹഗർജ്ജന പ്രഭാവനായ ബിപിൻ ചന്ദ്രപാൽ, വാണീദേവിയുടെ അവതാരമെന്ന് പുകൾകൊണ്ട ആനിബസന്റ് മുതലായവരുടെ ജിഹ്വകൾ ഈ നാടിന്റെ ഏറ്റവും മൂർച്ചയേറിയ സമരായുധങ്ങളായിരുന്നു
- അവിസ്മരണീയനായ മറ്റൊരു പ്രഭാഷകൻ അണ്ണാമല സർവ്വകലാശാലയുടെ സ്ഥാപകനും ഭാരത സേവാസംഘത്തിന്റെ നേതാവുമായിരുന്ന വി.എസ്.ശ്രീനിവാസ ശാസ്ത്രി ആണ്
- കാവ്യാത്മകത കൊണ്ട് സുശ്രവമായ പ്രസംഗം ചെയ്തു പേരു നേടിയ ഒരു പ്രഭാഷകയായിരുന്നു സരോജിനി നായിഡു. ഡോക്ടർ രാധാകൃഷ്ണന്റെ തത്ത്വശാസ്ത്ര പ്രഭാഷണങ്ങൾ കിഴക്കെന്ന പോലെ പടിഞ്ഞാറും പ്രശസ്തി ആർജ്ജിച്ചവയായിരുന്നു
- പ്രഭാഷണം കൊണ്ടു വിശ്വവിജയം നേടിയ ഒരേ ഒരു ഭാരതീയൻ സ്വാമി വിവേകാനന്ദനാണ്. വാക്കിന്റെ മഹിമയെ പൂർണ്ണമായി മനസ്സിലാക്കി അതിന്റെ ചൈതന്യത്തെ സാക്ഷാത്കരിച്ച ആളായിരുന്നു സ്വാമികൾ
- ഇംഗ്ലണ്ടിന്റെ ചർച്ചിലും ജർമ്മനിയുടെ ഹിറ്റ്ലറുമാണ് പ്രഭാഷകന്റെ ദുർജ്ജയമായ ശക്തി കൊണ്ട് രാഷ്ട്രീയ നേതൃത്വത്തെ അധൃഷ്യമാക്കിത്തീർത്ത രണ്ട് ആധുനികർ
- 'ഹിറ്റ്ലർ' ആധുനിക യുഗത്തിലെ ഡമൊസ്തനീസ് - ആണെന്ന് വിളികൊണ്ടു
- ഉത്തമനായ പ്രാസംഗികൻ ഉത്തമരായ മറ്റെല്ലാ കലാകാരന്മാർക്കുമൊപ്പം ഉണ്ടാകുന്നവനാണ്, ഉണ്ടാക്കപ്പെടുന്നവനല്ല

- പ്രസംഗം ശ്രോതാക്കളുടെ ഹൃദയത്തിൽ കടത്തുകയാണ് പ്രാസംഗികന്റെ ഏറ്റവും പ്രധാനമായ ലക്ഷ്യം
- പ്രസംഗം നന്നാവാൻ വേണ്ട പ്രഥമവും പരമപ്രധാനവുമായ സംഗതി താൻ സംസാരിക്കുന്ന വിഷയത്തെപ്പറ്റി പ്രസംഗികനിൽ ഉണ്ടായിരിക്കേണ്ട ആത്മാർത്ഥവും ഹൃദയപൂർവ്വവും അഗാധവുമായ ബോധവും സ്നേഹവുമാണ്
- തനിക്കു പ്രസ്തുത വിഷയത്തെപ്പറ്റി ഉറച്ച ജ്ഞാനമുണ്ടെന്ന സത്യസന്ധമായ ധാരണയുണ്ടെങ്കിൽ പ്രാസംഗികനെ ഒരിക്കലും രംഗഭീതി എന്ന മഹാഭീതി അലട്ടുകയില്ല
- പ്രാസംഗികന് പ്രസംഗവിഷയജ്ഞാനം മാത്രം ഉണ്ടായാൽ പോര. അതിനുമപ്പുറത്തുള്ള വിഷയങ്ങളെപ്പറ്റിയും നല്ല അറിവ് വേണ്ടതാണ്
- വികാരം, വിജ്ഞാനം എന്നിവയുടെ കൂടെ നിൽക്കേണ്ടതാണ് വിവേകം. ചിന്താശീലവും യുക്തികുശലതയും പ്രാസംഗികരിൽ ഒഴിച്ചു കൂടാത്ത ഗുണങ്ങളാണ്
- പ്രാസംഗികൻ വർജ്ജിക്കേണ്ട ഏറ്റവും വലിയ ദോഷമാണ് വാചാടോപം അഥവാ വാചാലത
- പ്രത്യുൽപന്നമതിത്വമാണ് പ്രാസംഗികനു വേണ്ട ഒരു പ്രധാന ഗുണം. ഇതു ജന്മായത്തമായ പ്രതിഭാവിശേഷം കൊണ്ടു മാത്രമേ സിദ്ധിക്കുകയുള്ളൂ
- പ്രാസംഗികന്റെ സ്വരമാണ് പ്രസംഗത്തെ വിജയിപ്പിക്കുന്ന മറ്റൊരു പ്രധാന ഘടകം. അധികം നേർത്തതോ കനത്തതോ അല്ലാത്ത ഗൗരവമുള്ള പുരുഷശബ്ദമാണ് പ്രസംഗത്തിന് ഏറ്റവും പറ്റിയത്
- ഇങ്ങനെ വികാരവും വിജ്ഞാനവും വിചാരവും നിറഞ്ഞു സുശ്രവമായ ശബ്ദത്തോടെ ഉചിതമായ അംഗവിക്ഷേപങ്ങൾ കലർത്തി മഹത്തായ ഒരു വിഷയത്തെക്കുറിച്ച് ആത്മധൈര്യത്തോടെ പ്രസംഗിച്ചാൽ വാഗ്ദേവതക്ക് അനശ്വരനികേതനമായ ഒരു ഉൽകൃഷ്ട കലാശില്പമായിരിക്കും ആ പ്രഭാഷണം
- സ്വാതന്ത്ര്യവും ജനാധിപത്യബോധവും പരക്കെ വ്യാപിച്ച നവോത്ഥാന ദശകളിലും സ്വാതന്ത്ര്യസമര ഘട്ടങ്ങളിലും ആണ് ഏറ്റവും ഉയർന്ന വാഗ്മിത്വം പ്രതിഫലിച്ചിരുന്നത്

## Objective Type Questions

1. പ്രസംഗത്തിന്റെ ഉന്നം സത്യമല്ല വശീകരിക്കലാണ് എന്ന് പറഞ്ഞതാര്?
2. മനുഷ്യമനസ്സുകളെ ഭരിക്കുന്നതിന്റെ കലയാണ് പ്രസംഗകല എന്നു പറഞ്ഞതാര്?
3. അണ്ണാമല സർവ്വകലാശാലയുടെ സ്ഥാപകനായ പ്രഭാഷകനാര്?
4. പ്രാചീന ഗ്രീസിലെ പ്രസിദ്ധനായ പ്രഭാഷകൻ ആര്?
5. പ്രാചീന റോമിലെ പ്രശസ്തനായ പ്രഭാഷകൻ ആര്?
6. പതിനെട്ടാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിലെ പ്രസിദ്ധ പ്രഭാഷകർ ആരെല്ലാം?
7. ബംഗാളിന്റെ ഇടിനാദം എന്നറിയപ്പെട്ട പ്രാസംഗികനാര്?
8. അമേരിക്കയുടെ നമ്പർ വൺ പ്രാസംഗികൻ ആര്?
9. സ്വാതന്ത്ര്യസമരകാലത്തെ ഇന്ത്യയുടെ പ്രസിദ്ധരായ പ്രാസംഗികന്മാർ ആരെല്ലാം?
10. പ്രഭാഷണം കൊണ്ട് വിശ്വവിജയം നേടിയ ഭാരതീയൻ ആര്?
11. വിവേകാനന്ദന്റെ ചിക്കാഗോ പ്രസംഗത്തിന്റെ വർഷം ഏത്?
12. ആധുനികയുഗത്തിലെ ഡമൊസ്തനീസ് എന്ന് അറിയപ്പെടുന്നത് ആര്?

## Answers

1. മെക്കാളെ
2. പ്ലേറ്റോ
3. വി.എസ്. ശ്രീനിവാസ ശാസ്ത്രി
4. ഡമൊസ്തനീസ്
5. മാർക്കസ് തുളിയസ് സിസറോ
6. എഡ്മണ്ട് ബർക്ക്, ചാറൽസ് ജെയിംസ് ഫോക്സ്, റിച്ചാർഡ് ബിൻസ്ലി ഷെറിഡൻ
7. സുരേന്ദ്രനാഥ ബാനർജി
8. ഡാനിയൽ വെബ്സ്റ്റർ
9. സുരേന്ദ്രനാഥ ബാനർജി, ബിപിൻ ചന്ദ്രപാൽ, ആനിബസന്റ്, വി. എസ്. ശ്രീനിവാസ ശാസ്ത്രി, സരോജിനി നായിഡു, ഡോ. രാധാകൃഷ്ണൻ തുടങ്ങിയവർ
10. സ്വാമി വിവേകാനന്ദൻ
11. 1893
12. ഹിറ്റ്ലർ

## Assignments

1. ലോകപ്രശസ്ത പ്രാസംഗികന്മാരുടെ പ്രസംഗത്തെക്കുറിച്ച് സുകുമാർ അഴീക്കോട് നടത്തുന്ന നിരീക്ഷണങ്ങളെ ക്രോഡീകരിക്കുക.

## Reference


1. സുകുമാർ അഴീക്കോട്, പ്രസംഗകല(സമാഹരണം, പഠനം, പോൾ മണലിൽ), സി. എസ്. എസ്. ബുക്ക് ഷോപ്പ്, തിരുവല്ല.
2. ദീപേഷ് കെ. രവീന്ദ്രനാഥ്, വിശ്വപ്രസിദ്ധപ്രസംഗങ്ങൾ – ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.

# യൂണിറ്റ് - 2
# ഭാരതത്തിന്റെ സർഗ്ഗാത്മകഭാവന
### ജി. ശങ്കരക്കുറുപ്പ് (ജ്ഞാനപീഠ സ്വീകരണ പ്രസംഗം)

## Learning Outcomes

- ജ്ഞാനപീഠ ജേതാവായ ജി. ശങ്കരക്കുറുപ്പിന്റെ സാഹിത്യ സംഭാവനകളെക്കുറിച്ച് അറിയുന്നു
- ഭാരതത്തിന്റെ സാംസ്കാരികചരിത്രത്തിൽ ജ്ഞാനപീഠ പുരസ്കാരത്തിനുള്ള പ്രാധാന്യം മനസ്സിലാക്കുന്നു
- കവികൾക്കായി ജി. ശങ്കരക്കുറുപ്പ് നൽകുന്ന നിർദ്ദേശങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു

## Prerequisites

ജി. ശങ്കരക്കുറുപ്പ് -

മലയാളത്തിലെ അറിയപ്പെടുന്ന കവിയും അദ്ധ്യാപകനുമാണ്. ജ്ഞാനപീഠ പുരസ്കാരം (1965) നേടിയ ജീ.ശങ്കരക്കുറുപ്പ്. കേരള സാഹിത്യ അക്കാദമി പ്രസിഡന്റ്, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, രാജ്യസഭാംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേരള-കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ, സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ്, പത്മഭൂഷൺ ഉൾപ്പടെ ധാരാളം അംഗീകാരങ്ങൾ ലഭിച്ചു. സുകുമാർ അഴീക്കോടിന്റെ ജി.യെക്കുറിച്ചുള്ള ഗ്രന്ഥം നിരവധി വാദപ്രതിവാദങ്ങൾക്ക് കാരണമായി. ഉപന്യാസം, ആത്മകഥ, വിവർത്തനം, ഗാനരചന എന്നീ മേഖലകളിലും സംഭാവനകൾ നൽകിയിട്ടുണ്ട് അദ്ദേഹം. മിസ്റ്റിസിസം, സിംബലിസം എന്നിവ ജി.യുടെ ഭാവഗീതങ്ങളുടെ സവിശേഷതകളാണ്. മലയാള സാഹിത്യത്തിനുള്ള പ്രസിദ്ധ ഉപഹാരമായ ഓടക്കുഴൽ അവാർഡ് ഏർപ്പെടുത്തിയത് ജി.ശങ്കരക്കുറുപ്പാണ്.

കൃതികൾ

സൂര്യകാന്തി, നിമിഷം, ഓടക്കുഴൽ, പഥികന്റെ പാട്ട്, വിശ്വദർശനം, മൂന്നരുവിയും ഒരു പുഴയും, ജീവനസംഗീതം, സാഹിത്യകൗതുകം (3 വോള്യം), പൂജാപുഷ്പം, ഗദ്യോപഹാരം, മുത്തും ചിപ്പിയും, ഓർമ്മയുടെ ഓളങ്ങളിൽ(ആത്മകഥ), മേഘച്ഛായ, ഗീതാഞ്ജലി, വിലാസലഹരി (വിവർത്തനങ്ങൾ)

## Key Themes

- മഹാകവി ജി.ശങ്കരക്കുറുപ്പ് ജ്ഞാനപീഠപുരസ്ക്കാര സ്വീകരണ വേളയിൽ ചെയ്ത പ്രസംഗ മാണ് പ്രസ്തുത ലേഖനം.
- ഭാരതത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ജ്ഞാനപീഠ പുരസ്ക്കാരത്തിനുള്ള സ്ഥാനത്തെ പ്പറ്റിയും ഭാരതീയ സാഹിത്യത്തിന്റെ പൊതുവായ സവിശേഷതകളെപ്പറ്റിയുമാണ് അദ്ദേഹം ഈ പ്രസംഗത്തിൽ പ്രതിപാദിക്കുന്നത്.
- അത്യന്തം കവിത്വം നിറഞ്ഞ ഭാഷാശൈലി ഈ ലേഖനത്തിന്റെ സവിശേഷതയാണ്.
- വിവിധ പ്രാദേശികതകൾ ചേർന്ന് രൂപപ്പെടുന്ന ഏകഭാരതീയത എന്ന ദർശനത്തിൽ അഭിമാ നം കൊള്ളുന്ന കവിയെ ഇവിടെ കാണാം.
- സർഗ്ഗാത്മകതയിലെ മാനവിക ദർശനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുന്ന കവി സാർവ്വ ദേശീയതാബോധത്തിലേക്ക് ഉയരുന്നതു കാണാം.

## Discussion

ഭാരതീയ ജ്ഞാനപീഠത്തിന്റെ ഇദംപ്രഥമ മായ സംഭാവന സ്വൈരവും ശാന്തവുമായ സമാ ധി ഇച്ഛിക്കുന്ന തന്റെ തലയിൽ തിളങ്ങിയപ്പോൾ ശരത്ക്കാല സന്ധ്യയുടെ ശാന്തതയ്ക്കു മേൽ പ്രഥമചന്ദ്രന്റെ പ്രകാശകല സ്വയം പ്രത്യക്ഷമാ യതു പോലുള്ള അനുഭൂതിയാണ് ഉണ്ടായതെന്ന് കവി പറയുന്നു. ഭാരതത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിൽ ജ്ഞാനപീഠം അന്യാദൃശമായ പ്രതിഷ്ഠയാണ് നേടിക്കൊണ്ടിരിക്കുന്നത്.

ആ സമ്മാനത്തേക്കാൾ തന്നെ ആകർഷിക്കു ന്നത് അതിന്റെ പിറകിലുള്ള ആദർശവും സങ്കല് പവുമാണ് എന്ന് അദ്ദേഹം പറയുന്നു. ഭാരതീയ സാഹിത്യം എന്ന ബോധത്തിന്റെ പുനരുജ്ജീ വനം, ഭാരതീയജനതയുടെ ഹൃദയതലത്തിൽ വെച്ച് സമുദ്ഗ്രഥനം ഇതാണ് ആ സങ്കല്പവും ആദർശവും. ഭാരതീയ പ്രകൃതിയെയും ഭൂമിശാ സ്ത്രത്തെയും ചരിത്രത്തെയും ജീവിതവീക്ഷ ണത്തെയും ജനതകളെയും ഐതിഹ്യത്തെയും ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായി ഏകാഗ്രത യോടെ മഹാഭാരതം രചിച്ച വ്യാസനാണ് ഏക ഭാരത സങ്കല്പത്തിന് ജീവനും രൂപവും കർ മ്മചൈതന്യവും നൽകിയത്. വാല്മീകിക്കും കാളിദാസനും ആ സമുദ്ഗ്രഥനത്തിൽ അന്യാ ദൃശമായ പങ്കുണ്ട്. ആ പാരമ്പര്യത്തിന്റെ ഏക പ്രതിനിധിയായിരുന്നു നമ്മുടെ കാലഘട്ടത്തിൽ ഗുരുദേവ് ടാഗോർ. ഹൃദയത്തെ വിക്ഷോഭിപ്പി ക്കുന്നത്, വികാരം കൊണ്ട് ഉത്തേജിപ്പിക്കുന്നത്, ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത്, ഭാവനാമയമായി അനുഭവങ്ങളെ വ്യാഖ്യാനിക്കാനും, ഉദ്ഗ്രഥിക്കാ നും സജ്ജമാക്കുന്നത്, ആസന്നമായ ദേശകാല സ്ഥിതിവിശേഷങ്ങളാണ്, സ്വജനത ശ്വസിക്കുന്ന അന്തരീക്ഷത്തിലെ ചലനങ്ങളാണ്.

നവഭാരതം ജാതിയുടെ സമുദ്ഗ്രഥനം, അഥ വാ ശൈഥില്യ നിരാകരണം ഭാരത ഹൃദയത്തി ന് സവിശേഷമായ താളലയവും ഭാരതീയമായ ഭാഷാസാഹിത്യങ്ങളുടെ ശിലാദൃഢമായ അസ് തിവാരവും ചേർന്നുണ്ടാകുന്ന ആ സമാധാ നത്തെയാണ് ഒട്ടേറെ ആശ്രയിച്ചിരിക്കുന്നത്. നമ്മുടെ രാഷ്ട്രഹൃദയത്തിന്റെ ഉപബോധതലവും തത്ത്വദർശനങ്ങളുടെയും ഭൗതിക സത്യാന്വേഷ ണങ്ങളുടെയും ജനതാജീവിതത്തിലെ ഉഷസാ യംസന്ധ്യകളുടെയും ഭാവാത്മക സമുദ്ഗ്രഥനം അവിടെയാണ്.

പ്രാന്തീയാഹങ്കാരങ്ങളുടെയും ഭാഷാപര മായ അഭിമാനങ്ങളുടെയും അലകൾക്കിടയിൽ ആണ്ടു കിടക്കുകയാണ് ആ ഭാരതീയ ബോധ തലവും അതിന്റെ നാദവും. ഉയിർത്തെഴുന്നേൽ ക്കുന്ന ഇന്ത്യയുടെ ആത്മചൈതന്യം ഭാരത ത്തിലെ ഭാഷകളിൽ, ഇന്നു ജീവിച്ചിരിക്കുന്ന സാഹിത്യകാരന്മാരുടെ കൃതികളിൽ; എങ്ങനെ മുഴങ്ങിയിരിക്കുന്നു, അവയിൽത്തന്നെ ഏതിൽ താരതമ്യേന അധികം കലാസൗഭഗത്തോടെ മുഴ ങ്ങിയിരിക്കുന്നു എന്ന അന്വേഷണം ആധുനിക ഭാരതീയ സാഹിത്യത്തിന്റെ ഏകദേശ രൂപരേഖ

യുണ്ടാക്കാനുള്ള ഒരു സമാരംഭമാണ്.

'ഓടക്കുഴൽ' ഭാരതീയ സാഹിത്യത്തിന്റെ രൂപനിഗമനത്തിനുള്ള പ്രഥമശ്രമത്തിൽ ആദ്യം കണ്ടെത്തിയവരിൽ അധികം ഔന്നത്യം തോന്നിയ കൃതിയാണെന്നേ അഭിമാനിക്കാനുള്ളൂ. ഭാരതീയ ഹൃദയത്തിന്റെ വിവിധ മുഖങ്ങളാകുന്നു നമ്മുടെ ഭാഷകളെല്ലാം.

ആത്മാവിഷ്കാരത്തിന് വൈചിത്ര്യവും ഭാവസമഗ്രതയും നൽകുന്ന ഉപാധികൾ എന്ന നിലയിൽ വീക്ഷിക്കുന്നവർക്ക് ഭാഷാവൈവിധ്യം അനുഗ്രഹമായേ തീരുകയുള്ളൂ. ഒരു ഭാഷയ്ക്കു പൂർണ്ണമായി അനുഭവമണ്ഡലങ്ങളെ പ്രകാശിപ്പിക്കാൻ കഴിയുകയില്ലെന്ന ആംഗലകവിയുടെ വാക്യങ്ങളാണ് ഈ ഘട്ടത്തിൽ അനുസ്മരിക്കുന്നത്. ഈ വിഭിന്ന ഭാഷാനാദങ്ങൾ ഇന്ത്യയുടെ വിശാലവും അഗാധവും ആയ ഹൃദയത്തിന്റെ ഭാവങ്ങൾക്ക് സമഗ്രപ്രകാശനം നൽകാൻ ഉതകുന്നു. ഈ സത്യം അനുഭവഗോചരമാകുമ്പോഴേ ക്ഷുദ്രതാബോധത്തിൽ നിന്നും സീമിത ദർശനത്തിൽ നിന്നും നാം മുക്തി നേടുകയുള്ളൂ. അപ്പോഴേ ആന ആനയുടെ വലുപ്പം അറിഞ്ഞ് തലയുയർത്തി നിൽക്കുകയുള്ളൂ.

ഭാരതീയ സാഹിത്യപാരമ്പര്യം എന്ന് പ്രസ്താവിച്ചത് ഉണങ്ങിപ്പോകേണ്ട സങ്കേതങ്ങളെയോ കൊഴിഞ്ഞു പോകേണ്ട സിദ്ധാന്തങ്ങളെയോ ഉള്ളിൽ കണ്ടു കൊണ്ടല്ല. സാഹിത്യചരിത്രങ്ങളുടെ വളർച്ചയും ഭാവനകളുടെ നവോത്ഥാനത്തിന്, പുനരുജ്ജീവനത്തിന്, നൂതന വികാസത്തിന് പുതിയ അന്തരീക്ഷത്തെയും വെളിച്ചത്തെയും ചലനത്തെയും ഉൾക്കൊള്ളാൻ പ്രചോദിപ്പിക്കുന്ന അന്തർലീന ചൈതന്യമുണ്ട്. അതാണ് സജീവ സർഗ്ഗാത്മക പാരമ്പര്യം. മനുഷ്യന് പ്രകൃതിയോട്, മനുഷ്യന് പ്രകൃത്യതീതശക്തിയോട്, മനുഷ്യന് മനുഷ്യനോട് ഉള്ള ബന്ധത്തിന്റെ ബോധധാരയാണ് ഏതു ജനതയുടെയും സാഹിത്യത്തിലെ മുഖ്യ ത്രിവേണി.

1956 ജനുവരിയിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുജി ഉദ്ഘാടനം ചെയ്ത ഒന്നാമത്തെ ദേശീയ കവിസമ്മേളനത്തിൽ തന്റെ കവിത വിവർത്തനം ചെയ്യാൻ സൗമനസ്യവും കൗതുകവും പ്രദർശിപ്പിച്ചത് ദിൻകർജി ആയിരുന്നു. ഭാരതത്തിന്റെ ഹൃദയത്തെ ഉന്മേഷിപ്പിക്കുന്ന, ഉത്തേജിപ്പിക്കുന്ന, ഉദ്ഗ്രഥിക്കുന്ന എന്തോ പ്രതിഭാധർമ്മവും ഭാവലയവും അതിലുണ്ടായിരിക്കണം. 'ഓടക്കുഴലി'ൽ ചിന്തയെ ഉദാത്തവും വീക്ഷണത്തെ വിപുലവും ദേശീയ പ്രചരണത്തെ ഊർജ്ജസ്വിയും ആക്കുന്ന അത്തരം ചില ഘടകങ്ങൾ അടങ്ങിയിട്ടുണ്ടാവാം.

"ഇത്തിരിപ്പൂവേ. ചുവന്ന പൂവേ
ഇത്തറ നാളും നീയെങ്ങു പോയി?
തൃച്ചംബരത്തു ഭജിക്കാൻ പോയോ?"

എന്ന കൊച്ചു നാടൻപാട്ടിൽ ചുവന്ന പൂവിനെ തീർത്ഥയാത്ര കഴിഞ്ഞ് തിരിച്ചെത്തുന്ന കാഷായ വസ്ത്രധാരിയാക്കിയിരിക്കുന്നു. വിചാരാതിഗമമായ വേഗത്തിൽ ഈ അസങ്കീർണ്ണമായ അനുഭവത്തെ, നൂതനമായ അർത്ഥവും ബന്ധവും രൂപവുമുള്ള ബോധമാക്കി ഉദ്ഗ്രഥിച്ചത് സർഗ്ഗാത്മകഭാവനയാണ്. ഈ ബോധചൈതന്യം അനുപ്രവേശിച്ച ഛന്ദോമയഭാഷ, വൈദ്യുതവാഹിയായ ഒരു ചെറിയ സജീവശാലിക തന്നെ. ഈ നാടൻപാട്ടിന്റെ റിഥം കവിയുടെ ഹൃദയലയം തന്നെയാണ്. ഇവിടെ ഭാഷ ആശയവിനിമയത്തിന് നിർമ്മിച്ച ഒരുപാധിയാവുന്നത് രണ്ടാമതാണ്. ഒന്നാമത് പ്രകൃതിയുമായുള്ള ബന്ധത്തിൽ പുതിയൊരു ഭാവസത്യം സാക്ഷാത്കരിക്കാനുള്ള ഭാവനയുടെ ഒരു രൂപാധാനം - projection ആകുന്നു. ഈ സരളഗീതാനുഭവമണ്ഡലത്തിൽ കൊണ്ടുവന്ന പുതിയ സൗഹൃദം ഹൃദയത്തിന് സ്നിഗ്ദ്ധതയും ആത്മാവിന് നിർവൃതിയും ഉളവാക്കുന്ന ആരോഗ്യകരമായ ഒരു അനുഗ്രഹമാണ്. അത്ഭുതത്തെ ഉണർത്തിയ ആ പുഷ്പതീർത്ഥചാരി മനുഷ്യപ്രതിഭയെ ആരാധികയാക്കി മാറ്റിയിരിക്കുന്നു. ഇവിടെ പരിച്ഛിന്നം (മുറിക്കപ്പെട്ടത്) അപരിച്ഛിന്നത്തിന്റെ ഒരാംഗ്യം മാത്രം.

അത്ഭുതത്തിന്റെ അമൃതബിന്ദു തളിക്ക മാത്രം ചെയ്തിട്ടുള്ള ഈ പൂവും ഈ ഗാനവും ഇന്നും ജീവിക്കുന്നു. സർഗ്ഗാത്മക ഭാവന നശ്വരമായ ജീവിതത്തിൽ നിന്ന് മൂല്യവത്തായ ഭാവങ്ങളെ മുക്തമാക്കി അനശ്വരമായ ലയമാക്കി ശബ്ദത്തിൽ ഇന്നും ജീവിപ്പിക്കുന്നു. സത്യസാക്ഷാത്കാരം, ആവിഷ്കാരം, അനശ്വരത്വപാദനം - മൂന്നും

സർഗ്ഗശക്തിയുള്ള ഭാവനയുടെ മുഖ്യധർമ്മമാണ്.

ഈ ഗീതത്തിന്റെ അജ്ഞാതനാമാവായ കവിയാണ് തന്റെ ഗുരു എന്ന് ജി.ശങ്കരക്കുറുപ്പ് പറയുന്നു. രൂപം, നാദം, രസം, ഗന്ധം, സ്പർശം എല്ലാം ഇന്ദ്രിയങ്ങളെ ജാഗരൂകങ്ങളാക്കിക്കൊണ്ടേ ഇരിക്കുന്നു. ഇന്ദ്രിയങ്ങൾ പരിചയപ്പെടുത്തിക്കൊണ്ടിരിക്കുന്ന ബാഹ്യപ്രപഞ്ചം അത്ഭുത ജിജ്ഞാസകളെ ഉണർത്തിക്കൊണ്ടിരിക്കുന്നു. ഭാവന, വികാരം, വിചാരം – ഈ മാനസ വ്യാപാരങ്ങളിലൂടെ ആത്മാവിൽ പ്രതിബിംബിക്കുന്ന പ്രാകൃതിക പ്രതിഭാസങ്ങളെ, അനുഭവ മണ്ഡലങ്ങളെ ഉദ്ഗ്രഥിക്കാനും പ്രകാശിപ്പിക്കാനും അത്ഭുതാത്മക ചേതന ആരംഭിക്കുന്നു. ഇനിയും വറ്റാതെ വാർന്നു കൊണ്ടിരിക്കുന്ന ആ അത്ഭുതാത്മക ചിത്തവൃത്തി തന്നെയായിരിക്കണം പ്രകൃതിയെയും മനുഷ്യജീവിതത്തെയും ശ്രദ്ധിക്കാനും സ്നേഹിക്കാനും ആസ്വദിക്കാനും കൗതുകം തരുന്നത്. വിജ്ഞാനം വർദ്ധിക്കുമ്പോൾ ഈ അത്ഭുതം വറ്റുകയല്ല, പുതിയ ശക്തിയോടെ പുഷ്ടി പ്രാപിക്കുകയാണ്.

ആർനോൾഡ് ബന്നറ്റ് കലയെക്കുറിച്ച് വ്യവഹരിക്കെ ഉദ്ധരിച്ച 'She is a a wonder' എന്ന വാക്കും ഏതു ശാസ്ത്രജ്ഞനും സത്യമാണ്. എന്നും ആ അത്ഭുതം സാംക്രമികവും ആണ് ജ്ഞാനം വികാരഭാവനകളുടെ ചക്രവാളം വിപുലമാക്കുകയാണ്. കാലത്തിന്റെ നെടുമുറി കൊണ്ട് വർത്തമാനകാലം കൊണ്ട് ഉണ്ടാക്കിയ ആ ഉടുക്ക്, ഭൂതകാലത്തിന്റെ മുഴക്കത്തോടെ ഭാവിയുടെ മന്ത്രമധുരമായ താളത്തിൽ പ്രപഞ്ചാത്മാവിനെ വിളിച്ചുണർത്തുന്ന പാണനാരുടെ പാട്ടിനു ജീവസ്പന്ദം നൽകുന്നു. ആ ഗുരുവിന്റെ പാരമ്പര്യം തന്നിലുണ്ട്. മനുഷ്യനിലുള്ള ഈശ്വരനെ, പുരുഷോത്തമനെ, അന്തഃകരണത്തെ പുതിയ ഹ്യൂമനിസത്തിന്റെ ലയതാളങ്ങളിൽ വിളിച്ചുണർത്തുകയാണ് ഇന്നത്തെ കവി ചെയ്യുന്നത്, ചെയ്യേണ്ടത്. ആസുരമെന്നു തോന്നുന്ന പ്രാകൃതികശക്തികളെ സർഗ്ഗാത്മകമായ ജീവിതത്തിന്റെ മഥനത്തിൽ നമുക്ക് പങ്കാളിയാക്കിയേ പറ്റൂ. പൂജ്യന്മാരായ പൂർവ്വകവികൾക്ക് നമോവാകം പറഞ്ഞു കൊണ്ടും ഭാവികവികൾക്ക് അനപായിനിയും (നാശമില്ലാത്ത) ആത്മകലയുമായ സർഗ്ഗാത്മകവാക്ക് ലഭിക്കുമാറാകട്ടെ എന്ന് ആശംസിച്ചു കൊണ്ടും കവി തന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ജി.യുടെ ഈ ജ്ഞാനപീഠ പുരസ്ക്കാര സ്വീകരണ പ്രസംഗം വിഭാഗീയ ചിന്തകളും തീവ്രമായ പ്രാദേശികതാവാദങ്ങളും പ്രകൃതി ചൂഷണവും നിറഞ്ഞ ആധുനിക കാലത്ത് ഏറെ പ്രസക്തമാണ്. വിവിധ പ്രാദേശികതകൾ നില നിർത്തിക്കൊണ്ടു തന്നെ ഏകഭാരതം എന്ന സങ്കല്പം എങ്ങനെ പ്രസക്തമാവുന്നു എന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. തന്റെ ജ്ഞാനപീഠ പുരസ്ക്കാര ലബ്ധിയാൽ മലയാളം എന്ന കൊച്ചു പ്രാദേശികഭാഷ ദേശീയതലത്തിലേക്ക് ഉയരുന്ന കാഴ്ച അദ്ദേഹത്തിൽ അഭിമാനം വളർത്തുകയും ദേശീയബോധം പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു. ഭൂതകാലത്തിന്റെ മുഴക്കത്തോടെ ഭാവിയുടെ മന്ത്രമധുരമായ താളത്തിൽ പ്രപഞ്ചാത്മാവിനെ വിളിച്ചുണർത്തുന്ന സർഗ്ഗാത്മകഭാവനയുടെ ശക്തിയെക്കുറിച്ച് അദ്ദേഹം വാചാലനാവുന്നു. സർഗ്ഗാത്മകതയിലെ മാനവികതാബോധത്തെക്കുറിച്ച് എടുത്തു പറയുന്ന കവി വിശ്വപൗരനായി വളരുന്നതു കാണാം. ഈ മാനവികതാദർശനവും വിശാലമായ പ്രകൃതി ബോധവും കൈക്കൊള്ളാൻ ഭാവികവികൾക്ക് കഴിയട്ടെ എന്ന ആശംസയോടെയാണ് കവി പ്രസംഗം അവസാനിപ്പിക്കുന്നത്.

## Recap

- ഭാരതത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ 'ജ്ഞാനപീഠ' പുരസ്കാരം അന്യാദൃശമായ പ്രതിഷ്ഠയാണ് നേടിക്കൊണ്ടിരിക്കുന്നത്
- ആ സമ്മാനത്തേക്കാൾ തന്നെ ആകർഷിക്കുന്നത് അതിന്റെ പിറകിലുള്ള ആദർശവും സങ്കൽപവുമാണ് എന്ന് ജി. പറയുന്നു. ഭാരതീയ സാഹിത്യം എന്ന ബോധത്തിന്റെ പുനരുജ്ജീവനം ഭാരതീയജനതയുടെ ഹൃദയതലത്തിൽ വെച്ച് സമുദ്ഗ്രഥനം. ഇതാണ് ആ സങ്കൽപവും ആദർശവും
- ഭാരതീയ പ്രകൃതിയെയും ഭൂമിശാസ്ത്രത്തെയും ചരിത്രത്തെയും ജീവിതവീക്ഷണത്തെയും ജനതകളെയും ഐതിഹ്യത്തെയും ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായി ഏകാഗ്രതയോടെ മഹാഭാരതം രചിച്ച വ്യാസനാണ് ഏകഭാരത സങ്കൽപത്തിന് ജീവനും രൂപവും കർമ്മചൈതന്യവും നൽകിയത്
- ഹൃദയത്തെ വിക്ഷോഭിപ്പിക്കുന്നത്, വികാരം കൊണ്ട് ഉത്തേജിപ്പിക്കുന്നത്, ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത്, ഭാവനാമയമായി അനുഭവങ്ങളെ വ്യാഖ്യാനിക്കാനും, ഉദ്ഗ്രഥിക്കാനും സജ്ജമാക്കുന്നത്, ആസന്നമായ ദേശകാല സ്ഥിതിവിശേഷങ്ങളാണ്
- നവഭാരത ജാതിയുടെ സമുദ്ഗ്രഥനം, അഥവാ ശൈഥില്യ നിരാകരണം ഭാരതഹൃദയത്തിന് സവിശേഷമായ താളലയവും ഭാരതീയമായ ഭാഷാസാഹിത്യങ്ങളുടെ ശിലാദൃഢമായ അസ്തിവാരവും ചേർന്നുണ്ടാകുന്ന ആ സമാധാനത്തെയാണ് ഒട്ടേറെ ആശ്രയിച്ചിരിക്കുന്നത്
- ഉയിർത്തെഴുന്നേൽക്കുന്ന ഇന്ത്യയുടെ ആത്മചൈതന്യം ഭാരതത്തിലെ ഭാഷകളിൽ, ഇന്നു ജീവിച്ചിരിക്കുന്ന സാഹിത്യകാരന്മാരുടെ കൃതികളിൽ; എങ്ങനെ മുഴങ്ങിയിരിക്കുന്നു, അവയിൽത്തന്നെ ഏതിൽ താരതമ്യേന അധികം കലാസൗഭഗത്തോടെ മുഴങ്ങിയിരിക്കുന്നു എന്ന അന്വേഷണം ആധുനിക ഭാരതീയസാഹിത്യത്തിന്റെ ഏകദേശ രൂപരേഖയുണ്ടാക്കാനുള്ള ഒരു സമാരംഭമാണ്
- ആത്മാവിഷ്കാരത്തിന് വൈചിത്ര്യവും ഭാവസമഗ്രതയും നൽകുന്ന ഉപാധികൾ എന്ന നിലയിൽ വീക്ഷിക്കുന്നവർക്ക് ഭാഷാവൈവിധ്യം അനുഗ്രഹമായേ തീരുകയുള്ളൂ
- സാഹിത്യ ചരിത്രങ്ങളുടെ വളർച്ചയും ഭാവ-ഭാവനകളുടെ നവോത്ഥാനത്തിന്, പുനരുജ്ജീവനത്തിന്, നൂതന വികാസത്തിന് പുതിയ അന്തരീക്ഷത്തെയും വെളിച്ചത്തെയും ചലനത്തെയും ഉൾക്കൊള്ളാൻ പ്രചോദിപ്പിക്കുന്ന അന്തർലീന ചൈതന്യമുണ്ട്. അതാണ് സജീവ സർഗ്ഗാത്മക പാരമ്പര്യം
- മനുഷ്യന് പ്രകൃതിയോട്, മനുഷ്യന് പ്രകൃത്യതീതശക്തിയോട്, മനുഷ്യന് മനുഷ്യനോട് ഉള്ള ബന്ധത്തിന്റെ ബോധധാരയാണ് ഏതു ജനതയുടെയും സാഹിത്യത്തിലെ മുഖ്യ ത്രിവേണി
- സത്യസാക്ഷാത്കാരം, ആവിഷ്കാരം, അനശ്വരത്വപാദനം - മൂന്നും സർഗ്ഗശക്തിയുള്ള ഭാവനയുടെ മുഖ്യധർമ്മമാണ്
- മനുഷ്യനിലുള്ള ഈശ്വരനെ, പുരുഷോത്തമനെ, അന്തഃകരണത്തെ പുതിയ ഹ്യൂമനിസത്തിന്റെ ലയതാളങ്ങളിൽ വിളിച്ചുണർത്തുകയാണ് ഇന്നത്തെ കവി ചെയ്യുന്നത്, ചെയ്യേണ്ടത്

## Objective Type Questions

1. ജ്ഞാനപീഠപുരസ്ക്കാരം ലഭിച്ചപ്പോൾ കവിക്കുണ്ടായ അനുഭൂതിയെന്ത്?
2. ജ്ഞാനപീഠ പുരസ്ക്കാരത്തേക്കാളും തന്നെ ആകർഷിച്ചത് എന്താണെന്നാണ് ജി. പറയുന്നത്?
3. ഏകഭാരത സങ്കൽപത്തിന് ജീവനും രൂപവും കർമ്മചൈതന്യവും നൽകിയവർ ആരെല്ലാം?
4. ആദ്യ ദേശീയകവിസമ്മേളനം നടന്ന വർഷം ഏത്?
5. സർഗ്ഗാത്മകഭാവനയുടെ മുഖ്യധർമ്മമെന്ത്?
6. കവി ഭാവികവികൾക്ക് നൽകുന്ന ആശംസയെന്ത്?

## Answers

1. ശരത്ക്കാല സന്ധ്യയുടെ ശാന്തതക്കുമേൽ പ്രഥമചന്ദ്രന്റെ പ്രകാശകല സ്വയം പ്രത്യക്ഷമായതുപോലുള്ള അനുഭൂതി
2. ആദർശവും സങ്കൽപവും
3. വ്യാസനും വാല്മീകിയും കാളിദാസനും
4. 1956
5. സത്യസാക്ഷാത്കാരം, ആവിഷ്കാരം, അനശ്വരത്വപാദനം
6. അനപായിനിയും ആത്മകലയുമായ സർഗ്ഗാത്മക വാക്ക് ലഭിക്കുമാറാകട്ടെ

## Assignments

1. ഭാരതീയതയും സാഹിത്യവും - ഉപന്യസിക്കുക.
2. ജ്ഞാനപീഠ സ്വീകരണവേളയിൽ ജി. ശങ്കരക്കുറുപ്പ് നടത്തിയ പ്രഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങൾ ചർച്ച ചെയ്യുക.

## Reference


1. ഡോ. സുകുമാർ അഴീക്കോട്, ഭാരതീയത, ഡി.സി ബുക്സ്, കോട്ടയം.
2. ഡോ. എം. ലീലാവതി, ജി.യുടെ കാവ്യജീവിതം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.
3. ജി. ശങ്കരക്കുറുപ്പ്, ഓടക്കുഴൽ, ഗ്രീൻബുക്സ്, തൃശ്ശൂർ.

# യൂണിറ്റ് - 3
# എന്റെ മണ്ണ്

വി.ടി. ഭട്ടതിരിപ്പാട്

## Learning Outcomes

- വി.ടി ഭട്ടതിരിപ്പാട് എന്ന സാഹിത്യകാരനെയും അദ്ദേഹത്തിന്റെ സംഭാവനകളെയും കുറിച്ച് അറിവ് നേടുന്നു
- വി.ടി. ഭട്ടതിരിപ്പാട് ഉയർത്തിക്കൊണ്ടു വരാനാഗ്രഹിച്ച ദേശീയതാബോധത്തെക്കുറിച്ച് അവബോധം ലഭിക്കുന്നു
- ഗാന്ധിജിയെക്കുറിച്ചും അദ്ദേഹം നയിച്ച ദേശീയപ്രസ്ഥാനത്തെക്കുറിച്ചും വി.ടിക്കുണ്ടായ അഭിപ്രായങ്ങൾ മനസ്സിലാക്കാൻ കഴിയുന്നു

## Prerequisites

**വി.ടി. ഭട്ടതിരിപ്പാട്** (1896-1982)

സാമൂഹ്യനവോത്ഥാനനായകനായ വി.ടി. മഹാനായ മനുഷ്യസ്നേഹിയും വിപ്ലവകാരിയുമായിരുന്നു. തന്റെ നവോത്ഥാന ആശയങ്ങൾ പ്രസംഗം, ലേഖനങ്ങൾ, നാടകം എന്നിവയിലൂടെയെല്ലാം അദ്ദേഹം പ്രചരിപ്പിച്ചു. അക്ഷരാഭ്യാസമില്ലാതിരുന്ന വി.ടി. അമ്പലത്തിൽ ശാന്തിക്കാരനായിരിക്കെ ഒരു കൊച്ചു പെൺകുട്ടിയിൽ നിന്നും അക്ഷരവിദ്യ അഭ്യസിച്ച് സാമൂഹ്യവിപ്ലവകാരിയും സാഹിത്യകാരനുമായി വളർന്ന കഥ വിസ്മയാവഹമാണ്. പ്രത്യേകിച്ചും നമ്പൂതിരിസമുദായത്തിൽ നിലവിലുണ്ടായിരുന്ന ബഹുഭാര്യാത്വം, സ്ത്രീവിദ്യാഭാസനിഷേധം, സ്മാർത്തവിചാരം, ഘോഷസമ്പ്രദായം തുടങ്ങിയവയ്ക്കെതിരെ അദ്ദേഹം യോഗക്ഷേമസഭയുമായി ചേർന്ന് പോരാടി. സാമൂഹികമായ ഒട്ടനവധി അനാചാരങ്ങൾ കൊടികുത്തി വാണ ആ കാലഘട്ടം തന്നെയാണ് വി.ടി.യെപ്പോലെ തീവ്രവിപ്ലവകാരിയായ ഒരാൾക്ക് ജന്മം നൽകിയതും.

ശാസ്താക്ഷേത്രത്തിൽ ശാന്തിക്കാരനായിരിക്കെ അറിവിനോട് ആഗ്രഹം ജനിച്ച വി.ടി. പെരിന്തൽമണ്ണ ഹൈസ്ക്കൂളിൽ ചേർന്നെങ്കിലും സ്വാതന്ത്ര്യ സമരാവേശത്തിന്റെ ഫലമായി അദ്ധ്യയനം അവസാനിപ്പിക്കേണ്ടി വന്നു. പിന്നീട് യോഗക്ഷേമസഭ, മംഗളോദയം എന്നിവയായി വി.ടി.യുടെ പ്രവർത്തനമേഖല. അക്കാലത്ത് സമൂഹത്തിനെ ഗ്രസിച്ച എല്ലാ അനീതികൾക്കുമെതിരെയും ലേഖനങ്ങളും പ്രസംഗങ്ങളുമായി വി.ടി. സജീവമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. വിപ്ലവാദർശം പ്രസംഗിക്കുക മാത്രമല്ല തന്റെ ജീവിതത്തിലൂടെ അത് പ്രാവർത്തികമാക്കി കാണിച്ചു തരികയും ചെയ്തു അദ്ദേഹം. അഫ്ഫനായ വി.ടി. വിവാഹം കഴിക്കുകയും പത്നിയുടെ വിധവയായ സഹോദരിയുമായി എം.ആർ.ബി.യുടെ വിവാഹം നടത്തുകയും ചെയ്തു. സ്വന്തം സഹോദരിയുടെ വിവാഹത്തിലൂടെ മിശ്രവിവാഹ

ത്തിനും വി.ടി. തുടക്കമിട്ടു. 1931 ൽ തൃശൂരിലെ നമ്പൂതിരിമഠത്തിൽ പഠിക്കുന്ന വിദ്യാർത്ഥിക ളുടെ വിദ്യാഭ്യാസത്തിനുള്ള ധനശേഖരണാർത്ഥം ഒരു യാചനായാത്ര നടത്തുകയുണ്ടായി അദ്ദേഹം. പിൽക്കാലത്ത് കോൺഗ്രസ്സ് വിട്ട് കമ്മ്യൂണിസത്തെ കൂട്ടുപിടിച്ച വി.ടി. താമസി യാതെ അതും ഉപേക്ഷിച്ചു. ഇങ്ങനെയൊക്കെ കേരളീയ നവോത്ഥാന ചരിത്രത്തിൽ അട യാളപ്പെടുത്തപ്പെട്ട വിശിഷ്ടവ്യക്തിത്വമാണ് വെള്ളുത്തുരുത്തിത്താഴത്ത് രാമൻ ഭട്ടതിരിപ്പാട് എന്ന വി.ടി. ഭട്ടതിരിപ്പാട്.

**കൃതികൾ**

അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, കരിഞ്ചന്ത (നാടകങ്ങൾ) രജനീരംഗം, പോംവഴി, തെ രഞ്ഞെടുത്ത കഥകൾ (കഥാസമാഹാരം), സത്യമെന്നത് ഇവിടെ മനുഷ്യനാകുന്നു, വെടിവെട്ടം, കാലത്തിന്റെ സാക്ഷി (ഉപന്യാസങ്ങൾ), കണ്ണീരും കിനാവും, കർമ്മവിപാകം, ജീവിതസ്മരണകൾ (ആത്മകഥ), വി.ടി.യുടെ സമ്പൂർണ്ണ കൃതികൾ

## Key Themes

- സമുദായ പ്രവർത്തകൻ എന്ന പരിധിവിട്ട് ദേശീയതയുടെ വക്താവായി ഉയർന്ന രാജ്യസ്നേ ഹിയാണ് വി.ടി.ഭട്ടതിരിപ്പാട്.
- അദ്ദേഹത്തിന്റെ ദേശീയതാബോധവും പിറന്ന മണ്ണിനോടുള്ള കടപ്പാടും സ്നേഹവുമാണ് 'എന്റെ മണ്ണ്' എന്ന ലേഖനത്തിൽ പ്രകടമാവുന്നത്.
- ദേശീയതയുടെ പശ്ചാത്തലത്തിൽ വിവിധ ജാതിമതങ്ങളും സംസ്കാരവും നാനാത്വത്തിൽ ഏകത്വമെന്ന മഹനീയചിന്തയുടെ വെളിച്ചത്തിൽ ഒന്നിച്ച് അണിനിരക്കുന്നത് അദ്ദേഹം വിഭാ വനം ചെയ്യുന്നു.
- കലർപ്പില്ലാത്ത ധാർമ്മിക മൂല്യബോധവും ദേശസ്നേഹവും വി.ടി.യുടെ ഓരോ വാക്കുകളി ലും പ്രകടമാണ്.

## Discussion

ഓരോരുത്തരും അവരവർക്കുള്ള തത്ത്വ ശാസ്ത്രാവബോധത്തിന്റെ വെളിച്ചത്തിൽ പ്രപഞ്ചത്തെയും ജീവിതത്തെയും നോക്കിക്കാ ണുന്നു. ഇത്തരത്തിൽ സ്വാഭാവികമായി നമ്മിൽ ഉരുത്തിരിഞ്ഞു വന്ന അവബോധമാണ് ആദർ ശാത്മകത. മനുഷ്യൻ പ്രകൃത്യാ സമൂഹജീവി യായതിനാൽ തന്റേതായ കാഴ്ചപ്പാടും നിഗമന വും മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കാനും ആദരിപ്പിക്കാനും ശ്രമിക്കുന്നു. മതം, ശാസ്ത്രം, കല എന്നീ പേരുകളിൽ അറിയപ്പെടുന്ന സാ മൂഹ്യ ബന്ധങ്ങൾ ഈ ലക്ഷ്യം മുൻനിർത്തി യുള്ളവയാണ്.

ബുദ്ധൻ, ശ്രീശങ്കരൻ, വ്യാസൻ, വാല്മീകി തുടങ്ങി ലോകത്തിന് വെളിച്ചവും വിഭവവും നൽകി വന്ന ഒട്ടേറെ ചിരഞ്ജീവികളുടെ ജന്മം കൊണ്ട് പവിത്രമായതാണ് ഈ മണ്ണ്. ചരിത്രാ ന്വേഷികൾ, ഭൂഗർഭഗവേഷകർ, തത്ത്വചിന്തകർ, സാമൂഹ്യപ്രവർത്തകർ, സംസ്കാരസമ്പന്നന്മാർ മുതലായവരുടെ അന്വേഷണത്തിനും ആദരവി നും വിദേശീയരുടെ വ്യാപാരത്തിനും വിഷയീഭ വിച്ച ഈ പ്രദേശം പല സവിശേഷതകളും ഉൾ ക്കൊണ്ടു.

ഹിന്ദു, മുസൽമാൻ, ക്രിസ്ത്യൻ എന്നിങ്ങനെ ബന്ധദാർഢ്യം പുലർത്തുന്ന വ്യത്യസ്ത ജനവി ഭാഗങ്ങൾ, ഏതു പ്രസ്ഥാനത്തെയും വളർത്താ

നും വേണ്ടിവന്നാൽ വലിച്ചെറിയാനുമുള്ള വക തിരിവുള്ള ബുദ്ധിജീവികൾ, സമരം നയിക്കാനും സമാധാനം പാലിക്കാനും സഹകരണാടിസ്ഥാനത്തിൽ സംഘടിച്ച വ്യവസ്ഥകൾ എന്നിങ്ങനെ ഒന്ന് മറ്റൊന്നിന്റെ അടിമയോ ആശ്രിതനോ അല്ലാത്ത 'നാനാത്വത്തിൽ ഏകത്വം' അനുസരിച്ചുള്ള പ്രവർത്തനം.

ആധിപത്യത്തിനുള്ള ആവേശത്തിൽ പരസ്പരം പോരടിക്കാനും വെട്ടിപ്പിടിക്കാനുമുള്ള ദുര്യോഗം ബാധിച്ച നാടുവാഴിത്തം സാംസ്കാരിക ജീവിതത്തിന്റെ മൂല്യം വ്യക്തിപ്രഭാവത്തിനായി വിറ്റു വില മാറി. അങ്ങനെ വിദേശാധിപത്യത്തിനായി നാട് ഒറ്റിക്കൊടുക്കപ്പെട്ടു. ചേരിതിരിഞ്ഞ പ്രഭുക്കന്മാരെയും രാജാക്കന്മാരെയും പാശ്ചാത്യ പട്ടാളനായകത്വം കൂട്ടിയുരപ്പിച്ചു. ഈ പരിവർത്തനം ജീവിതലക്ഷ്യത്തിലും സാംസ്കാരിക സ്വഭാവത്തിലും സാരമായ വ്യതിയാനം വരുത്തി. കർഷകൻ താങ്ങാനാവാത്ത നികുതിഭാരത്താൽ കഷ്ടപ്പെട്ടു. ഉദ്യോഗസ്ഥവൃന്ദം തടിച്ചു കൊഴുത്തു. നഗരങ്ങൾ ഉയിർത്തെഴുന്നേൽക്കുകയും ഗ്രാമങ്ങൾ തളരുകയും ചെയ്തു. ഈ കെടുതികൾ ഭാരതീയനിൽ സ്വാതന്ത്ര്യത്തിന്റെ അന്തർദാഹം വളർത്തി. ഒറ്റ വെടിയുണ്ട പോലുമില്ലാതെ രണ്ടു ലോകമഹായുദ്ധത്തിന്റെ സമരമധ്യത്തിൽ നിന്ന് ഭാരതത്തെ സ്വാതന്ത്ര്യത്തിലെത്തിക്കാൻ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ഇന്ത്യൻ വിമോചനസമരത്തിന് കഴിഞ്ഞു. ഈ അസുലഭ സൗഭാഗ്യം നേടിത്തന്ന ഗാന്ധിജിയുടെ ആത്മപ്രഭാവം ലോകാന്തരീക്ഷത്തിൽ ദീർഘനാൾ വെട്ടിത്തിളങ്ങി.

പൊതുജീവിതത്തിൽ ധാർമ്മിക മൂല്യങ്ങൾക്ക് പ്രാമാണ്യം കല്പിച്ചതാണ് ഗാന്ധിജിയുടെ മഹത്ത്വം. മുതലാളിത്തവും കമ്മ്യൂണിസവും മനുഷ്യത്വത്തിനെ വെല്ലുവിളിച്ച പരിത:സ്ഥിതിയിൽ മനുഷ്യനന്മയെയും മനുഷ്യസ്നേഹത്തെയും പുനഃപ്രതിഷ്ഠിക്കാനുള്ള മാർഗ്ഗമാണ് അദ്ദേഹം അന്വേഷിച്ചത്. ആധുനിക രാഷ്ട്രതന്ത്രത്തിലേക്ക് ഗാന്ധിജി നൽകിയ മഹത്തായ സംഭാവനയാണിത്.

യൂറോപ്യൻ രാജ്യങ്ങളെപ്പോലെ പാർലമെന്ററി ഭരണസമ്പ്രദായത്തിന്റെ ദീർഘകാല പാരമ്പര്യം ഇവിടെ ഇല്ല. ജനഭരണത്തിന്റെ പുതിയ സമ്പ്രദായം ഇവിടെ ആരംഭിക്കാനാണ് അദ്ദേഹം സർവ്വോദയ ദർശനത്തെപ്പറ്റി ചിന്തിച്ചത്.

ഗാന്ധിജിയെ ഒരു രാഷ്ട്രീയ നേതാവായല്ലാതെ സത്യാന്വേഷിയായ ഒരു സാധാരണ മനുഷ്യനായി കാണാനാവാത്തതാണ് അനുയായികൾക്ക് പറ്റിയ അബദ്ധം. പലർക്കും ഗാന്ധിമാർഗ്ഗത്തെ ഒരു രാഷ്ട്രീയ തത്ത്വസംഹിതയായി കാണാനേ കഴിഞ്ഞിരുന്നുള്ളൂ. സ്വാതന്ത്ര്യലബ്ധിക്കു ശേഷം നാം പുതിയ ഒരു പരീക്ഷണ ഘട്ടത്തിലെത്തി നിൽക്കുകയാണ്.

കൂടുതൽ പേർ ഇവിടെ വിദ്യാഭ്യാസവും ഉയർന്ന ജോലിയും നേടിയെങ്കിലും അടിസ്ഥാനപരമായി ഒരു മാറ്റവും വന്നിട്ടില്ല. ജ്ഞാനവും കർമ്മോന്മുഖതയും വർദ്ധിച്ചിട്ടില്ല. ഇന്ന് മനുഷ്യത്വം തീർത്തും ഒരങ്ങാടിച്ചരക്കായിരിക്കുന്നു.

പഴയതെല്ലാം തകരുന്നു. പുതിയതിൽ പ്രാഗല്ഭ്യം നേടാൻ കരവിരുത് വന്നിട്ടുമില്ല ഇത്തരത്തിലുള്ള അനേകം പേർക്ക് ജീവിക്കാനാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം. സാമ്പത്തിക-സാമൂഹ്യ പ്രതിബന്ധങ്ങളെ അകറ്റി അവരെ കർമ്മനിരതരാക്കണം. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഭരണരംഗത്തെത്തിയ നേതാക്കൾക്കും കക്ഷികൾക്കും ഭാവിജീവിതത്തിലേക്ക് വെളിച്ചം വീശുന്ന ലക്ഷ്യവും മാർഗ്ഗവും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല - ജനാധിപത്യത്തിന്റെ മൗലികമായ ലക്ഷ്യം വ്യക്തിത്വത്തിന്റെ പ്രകാശനത്തിന് അനുയോജ്യമായ അവസരവും സ്വാത്രന്ത്ര്യവും അനുവദിക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതി രൂപവത്കരിക്കലാണ്. സാമൂഹ്യബോധമുള്ള വ്യക്തികളും സമൂഹവുമാണ് ഇവിടെ ഉണ്ടാകേണ്ടത്. ഭാരതീയന് അവൻ ജനിച്ച മണ്ണിനോടും സംസ്ക്കാരത്തിനോടും കൂറും അഭിമാനവും ഉണ്ടാകണം.

മനുഷ്യന്റെ മാറ്റ് നോക്കുന്ന ഉരകല്ലാണ് സംസ്കാരം. പാരമ്പര്യവും പരിതസ്ഥിതിയും അതിന്റെ നിദാനങ്ങളാണ്. വലുതും ചെറുതുമായ പർവ്വത പ്രാന്തങ്ങളിൽ നിന്ന് ഉറവെടുത്ത് വിശാലവും നിമ്നോന്നതവുമായ ഭൂവിഭാഗങ്ങളിൽക്കൂടിയൊഴുകി സമുദ്രത്തിൽ ചെന്നു വിലയം പ്രാപിക്കുന്ന നദികളെപ്പോലെ ഈ സംസ്കാര


SREENARAYANAGURU OPEN UNIVERSITY

ങ്ങളെല്ലാം ഒന്നു ചേരുന്നത് മനുഷ്യത്വത്തിലാണ്.

രാഷ്ട്രീയം, മതം തുടങ്ങിയ പരിധികളില്ലാത്ത ശാസ്ത്രത്തിൽ നിന്നും ഉരുത്തിരിയുന്ന ജീവിതോപാധികളാണ് മാനവസമുദായത്തിന്റെ ഭാവുകത്വത്തിന് അവലംബം. അങ്ങനെ ദേശീയത്വത്തെയും അന്തർദേശീയത്വത്തെയും ഉൾക്കൊള്ളാനുതകുന്ന വിശാലവീക്ഷണമുള്ള വ്യക്തികളെ വാർത്തെടുക്കുന്ന ഭരണ സംവിധാനക്രമമാണ് ഭാരതത്തിൽ നിന്നും പ്രതീക്ഷിക്കുന്നത്.

ഭാരതം എന്റെ പിതൃഭൂമിയാണ്. അതിന്റെ വൃദ്ധിക്ഷയങ്ങളിൽ ഞാൻ പങ്കാളിയുമാണ്. അതിന്റെ ക്ഷേമൈശ്വര്യങ്ങൾക്കു വേണ്ടി എന്റെ വ്യക്തിത്വം അർപ്പണ മനോഭാവത്തോടെ നൽകാൻ ഞാൻ തയ്യാറാണ്. ഇങ്ങനെ ചിന്തിക്കുന്നവരാണ് യഥാർത്ഥ രാജ്യസ്നേഹികൾ. ഇത്തരക്കാർക്ക് ഭൂരിപക്ഷമുള്ളിടത്ത് ജനാധിപത്യ വ്യവസ്ഥ സ്വാഭാവികമായും ഉടലെടുക്കും.

ആജന്മശുദ്ധാത്മാക്കളെയും ആഫലോദയ കർമ്മാക്കളേയും വളർത്തിയെടുക്കാൻ കൂടുതൽ ശ്രദ്ധിക്കണം.

മനുഷ്യത്വം വെറും അങ്ങാടിച്ചരക്കായ കാലഘട്ടത്തിൽ കർമ്മോത്സുകരും രാജ്യസ്നേഹികളുമായ ഒരു തലമുറയെ വളർത്തിക്കൊണ്ടുവരാനുള്ള പ്രചോദനമാണ് വി.ടി. നൽകുന്നത്. നാടുവാഴിത്തകാലം യാതൊരു മടിയുമില്ലാതെ വിദേശികൾക്ക് ഒറ്റിക്കൊടുത്ത സ്വന്തം നാടിനെ തിരിച്ചുപിടിക്കാൻ ഗാന്ധിജിയടക്കമുള്ള ദേശീയ നേതാക്കൾ ചെയ്ത പ്രയത്നത്തെ അദ്ദേഹം ഓർമ്മിപ്പിക്കുന്നുണ്ട്. മനുഷ്യത്വത്തിന്, എല്ലാറ്റിനും മീതെ പ്രാധാന്യം കൊടുത്ത ഗാന്ധിജിയുടെ ദർശനം അനുയായികൾ വേണ്ടത്ര തിരിച്ചറിഞ്ഞില്ല എന്നദ്ദേഹം കുറ്റപ്പെടുത്തുന്നുണ്ട്. അനീതിക്കെതിരെ പോരാടാൻ ഒരാളെ പ്രാപ്തനാക്കുന്നത് മനുഷ്യത്വമാണ് എന്നതിന് വി.ടി.യുടെ ജീവിതം തന്നെ മതിയായ തെളിവ്. അത്തരത്തിൽ മനുഷ്യനെ കർമ്മോന്മുഖനും ധാർമ്മികബുദ്ധിയുള്ളവനുമാക്കുന്ന മനുഷ്യത്വബോധത്തെ വീണ്ടെടുക്കാനുള്ള യത്നമാണ് ഇവിടെ വി.ടി. നടത്തുന്നത്.

## Recap

- ഓരോരുത്തരും അവരവർക്കുള്ള തത്ത്വശാസ്ത്രാവബോധത്തിന്റെ വെളിച്ചത്തിൽ പ്രപഞ്ചത്തെയും ജീവിതത്തെയും നോക്കിക്കാണുന്നു. ഇത്തരത്തിൽ സ്വാഭാവികമായി നമ്മിൽ ഉരുത്തിരിഞ്ഞു വന്ന അവബോധമാണ് ആദർശാത്മകത
- ബുദ്ധൻ, ശ്രീശങ്കരൻ, വ്യാസൻ, വാല്മീകി തുടങ്ങി ലോകത്തിന് വെളിച്ചവും വിഭവവും നൽകി വന്ന ഒട്ടേറെ ചിരഞ്ജീവികളുടെ ജന്മം കൊണ്ട് പവിത്രമായതാണ് ഈ മണ്ണ്
- ഹിന്ദു, മുസൽമാൻ, ക്രിസ്ത്യൻ എന്നിങ്ങനെ ബന്ധദാർഢ്യം പുലർത്തുന്ന വ്യത്യസ്ത ജനവിഭാഗങ്ങൾ, ഏതു പ്രസ്ഥാനത്തെയും വളർത്താനും വേണ്ടിവന്നാൽ വലിച്ചെറിയാനുമുള്ള വകതിരിവുള്ള ബുദ്ധിജീവികൾ, സമരം നയിക്കാനും സമാധാനം പാലിക്കാനും സഹകരണാടിസ്ഥാനത്തിൽ സംഘടിച്ച വ്യവസ്ഥകൾ എന്നിങ്ങനെ ഒന്ന് മറ്റൊന്നിന്റെ അടിമയോ ആശ്രിതനോ അല്ലാത്ത 'നാനാത്വത്തിൽ ഏകത്വം' അനുസരിച്ചുള്ള പ്രവർത്തനം
- ആധിപത്യത്തിനുള്ള ആവേശത്തിൽ പരസ്പരം പോരടിക്കാനും വെട്ടിപ്പിടിക്കാനു

മുള്ള ദുര്യോഗം ബാധിച്ച നാടുവാഴിത്തം സാംസ്കാരിക ജീവിതത്തിന്റെ മൂല്യം വ്യക്തിപ്രഭാവത്തിനായി വിറ്റുവില മാറി

- കർഷകൻ താങ്ങാനാവാത്ത നികുതിഭാരത്താൽ കഷ്ടപ്പെട്ടു. ഉദ്യോഗസ്ഥവൃന്ദം തടിച്ചു കൊഴുത്തു. നഗരങ്ങൾ ഉയിർത്തെഴുന്നേൽക്കുകയും ഗ്രാമങ്ങൾ തളരുകയും ചെയ്തു. ഈ കെടുതികൾ ഭാരതീയനിൽ സ്വാതന്ത്ര്യത്തിന്റെ അന്തർദാഹം വളർത്തി
- ഒറ്റ വെടിയുണ്ട പോലുമില്ലാതെ രണ്ടു ലോകമഹായുദ്ധത്തിന്റെ സമരമധ്യത്തിൽ നിന്ന് ഭാരതത്തെ സ്വാതന്ത്ര്യത്തിലെത്തിക്കാൻ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ഇന്ത്യൻ വിമോചനസമരത്തിന് കഴിഞ്ഞു
- പൊതുജീവിതത്തിൽ ധാർമ്മിക മൂല്യങ്ങൾക്ക് പ്രാമാണ്യം കല്പിച്ചതാണ് ഗാന്ധിജിയുടെ മഹത്ത്വം. മനുഷ്യനന്മയേയും മനുഷ്യസ്നേഹത്തെയും പുനഃപ്രതിഷ്ഠിക്കാനുള്ള മാർഗ്ഗമാണ് അദ്ദേഹം അന്വേഷിച്ചത്
- ഗാന്ധിജിയെ ഒരു രാഷ്ട്രീയ നേതാവായല്ലാതെ സത്യാന്വേഷിയായ ഒരു സാധാരണ മനുഷ്യനായി കാണാനാവാത്തതാണ് അനുയായികൾക്ക് പറ്റിയ അബദ്ധം
- സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഭരണരംഗത്തെത്തിയ നേതാക്കൾക്കും കക്ഷികൾക്കും ഭാവിജീവിതത്തിലേക്ക് വെളിച്ചം വീശുന്ന ലക്ഷ്യവും മാർഗ്ഗവും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല
- ജനാധിപത്യത്തിന്റെ മൗലികമായ ലക്ഷ്യം വ്യക്തിത്വത്തിന്റെ പ്രകാശനത്തിന് അനുയോജ്യമായ അവസരവും സ്വാത്രന്ത്ര്യവും അനുവദിക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥിതി രൂപവത്കരിക്കലാണ്
- മനുഷ്യന്റെ മാറ്റ് നോക്കുന്ന ഉരകല്ലാണ് സംസ്കാരം. പാരമ്പര്യവും പരിതസ്ഥിതിയും അതിന്റെ നിദാനങ്ങളാണ്
- ദേശീയത്വത്തെയും അന്തർദേശീയത്വത്തെയും ഉൾക്കൊള്ളാനുതകുന്ന വിശാലവീക്ഷണമുള്ള വ്യക്തികളെ വാർത്തെടുക്കുന്ന ഭരണസംവിധാനക്രമമാണ് ഭാരതത്തിൽ നിന്നും പ്രതീക്ഷിക്കുന്നത്
- ഭാരതം എന്റെ പിതൃഭൂമിയാണ്. അതിന്റെ വൃദ്ധിക്ഷയങ്ങളിൽ ഞാൻ പങ്കാളിയുമാണ്. അതിന്റെ ക്ഷേമൈശ്വര്യങ്ങൾക്കു വേണ്ടി എന്റെ വ്യക്തിത്വം അർപ്പണ മനോഭാവത്തോടെ നൽകാൻ ഞാൻ തയ്യാറാണ്. ഇങ്ങനെ ചിന്തിക്കുന്നവരാണ് യഥാർത്ഥ രാജ്യസ്നേഹികൾ

## Objective Type Questions

1. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' ആരെഴുതിയ നാടകമാണ്?
2. ഗാന്ധിജിയുടെ മഹത്വമായി വി.ടി. കാണുന്നതെന്ത്?
3. മനുഷ്യന്റെ മാറ്റ് നോക്കുന്ന ഉരകല്ലായി വി.ടി. പറയുന്നത് എന്തിനെയാണ്?
4. യഥാർത്ഥ രാജ്യസ്നേഹികൾക്ക് ഭൂരിപക്ഷമുള്ളിടത്ത് ഉടലെടുക്കുന്നതായി വി.ടി. പറയുന്ന വ്യവസ്ഥയേത്?
5. ഗാന്ധിജിയുടെ അനുയായികൾക്ക് പറ്റിയ അബദ്ധമെന്ത്?
6. സംസ്കാരത്തിന്റെ നിദാനങ്ങളായി കരുതുന്നതെന്ത്?

## Answers

- വി.ടി. ഭട്ടതിരിപ്പാട്
- പൊതുജീവിതത്തിൽ ധാർമ്മികമൂല്യങ്ങൾക്ക് പ്രാമാണ്യം കല്പിച്ചത്
- സംസ്കാരം
- ജനാധിപത്യ വ്യവസ്ഥ
- ഗാന്ധിജിയെ സത്യാന്വേഷിയായ സാധാരണ മനുഷ്യനായി കാണാനാവാത്തത്
- പാരമ്പര്യവും പരിസ്ഥിതിയും

## Assignments

1. ദേശീയപ്രസ്ഥാനം ഭാരതത്തിൽ - ഉപന്യസിക്കുക.
2. വി.ടി. ഭട്ടതിരിപ്പാട് 'എന്റെ മണ്ണ്' എന്ന ലേഖനത്തിലൂടെ അവതരിപ്പിക്കുന്ന പ്രധാന ആശയങ്ങൾ ക്രോഡീകരിക്കുക.

## Reference


1. വി.ടി.ഭട്ടതിരിപ്പാട്, സത്യമെന്നത് ഇവിടെ മനുഷ്യനാകുന്നു, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
2. വി.ടി.ഭട്ടതിരിപ്പാട്, കർമ്മവിപാകം, ഡി. സി. ബുക്സ്, കോട്ടയം.
3. പാലക്കീഴ് നാരായണൻ, വി.ടി. ഒരു ഇതിഹാസം, ചെറുകാട് സ്മാരക ട്രസ്റ്റ്, പെരുന്തൽമണ്ണ.

# യൂണിറ്റ് - 4
# മരുഭൂമികൾ പൂക്കുമ്പോൾ

**എം. എൻ. വിജയൻ**

- എം. എൻ. വിജയന്റെ വിമർശനശൈലി പരിചയപ്പെടുന്നു
- എം. എൻ. വിജയന്റെ കൃതികളെക്കുറിച്ചും സാഹിത്യസംഭാവനകളെക്കുറിച്ചും അവബോധം നേടുന്നു
- ബഷീർ എന്ന സാഹിത്യകാരന്റെ ശൈലിയും ജീവിതവീക്ഷണവും പരിചയപ്പെടുന്നു
- ബഷീറിന്റെ രചനകളുടെ സവിശേഷതകൾ തിരിച്ചറിയുന്നു
- ബഷീർസാഹിത്യത്തെക്കുറിച്ച് മനസ്സിലാക്കുന്നു

## Prerequisites

**എം. എൻ. വിജയൻ** (1930-2007)

അധ്യാപകൻ, നിരൂപകൻ, പ്രഭാഷകൻ എന്നീ നിലകളിൽ പ്രശസ്തൻ. സർഗ്ഗാത്മകമായ കലയും ധൈഷണികമായ പ്രവർത്തനവുമായി ഒരേസമയം നിരൂപണത്തെ വളർത്തിക്കൊണ്ടുവന്നു. അദ്ദേഹത്തിന്റെ 'വൈലോപ്പിള്ളി പഠനങ്ങൾ' കേരളത്തിൽ മന:ശാസ്ത്രനിരൂപണ പ്രസ്ഥാനത്തിന് ജീവൻ നൽകി. കാവ്യവിശകലനത്തിനും ജീവിത വ്യാഖ്യാനത്തിനും മന:ശാസ്ത്രത്തെ ഉടനീളം പ്രയോജനപ്പെടുത്തുന്നുണ്ട് അദ്ദേഹം. മാർക്സിന്റെ സാമൂഹിക ചിന്തയും ഫ്രോയ്ഡിന്റെ വ്യക്തിമന:ശാസ്ത്രവും അദ്ദേഹത്തെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. കാളിദാസൻ, കുമാരനാശാൻ, ജി.ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ, വൈലോപ്പിള്ളി, ബഷീർ തുടങ്ങിയവരെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പഠനങ്ങൾ വളരെ പ്രശസ്തമാണ്. കേരളത്തിലുടനീളം പ്രഭാഷണങ്ങൾ നടത്തിക്കൊണ്ട് ഇവിടുത്തെ സാംസ്കാരിക പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി. കേസരി എ. ബാലകൃഷ്ണപ്പിള്ളയുടെ നിരൂപണാദർശം സമർത്ഥവും സർഗ്ഗാത്മകവുമായി പിന്തുടരാൻ എം.എൻ. വിജയന് കഴിഞ്ഞിട്ടുണ്ട്.

പുരോഗമന സാഹിത്യ സംഘടനയുടെ സജീവ പ്രവർത്തകനായിരുന്ന എം. എൻ. വിജയൻ മാഷ് അതിന്റെ അധ്യക്ഷനായിരുന്നിട്ടുണ്ട്. ദേശാഭിമാനി വാരിക, പാഠം മാസിക എന്നിവയുടെ പത്രാധിപരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സാഹിത്യത്തെയും ജീവിതത്തെയും വ്യത്യസ്തമായ ദാർശനിക കാഴ്ചപ്പാടുകളിലൂടെ നോക്കിക്കാണാൻ അദ്ദേഹം ശ്രദ്ധി

**കൃതികൾ**

മനുഷ്യർ പാർക്കുന്ന ലോകങ്ങൾ, ചിതയിലെ വെളിച്ചം, മരുഭൂമികൾ പൂക്കുമ്പോൾ, പുതിയ വർത്തമാനങ്ങൾ, നൂതനലോകങ്ങൾ, വർണ്ണങ്ങളുടെ സംഗീതം, ശീർഷാസനം, കവിതയും മനഃശാസ്ത്രവും, കാഴ്ചപ്പാട്, അടയുന്ന വാതിൽ തുറക്കുന്ന വാതിൽ, വാക്കും മനസ്സും, ഫാസിസത്തിന്റെ മന:ശാസ്ത്രം, സംസ്കാരവും സ്വാതന്ത്ര്യവും, അടയാളങ്ങൾ, ചുമരിൽ ചിത്രമെഴുതുമ്പോൾ, കലയിലെ സ്വാതന്ത്യം, എം.എൻ.വിജയന്റെ പ്രബന്ധങ്ങൾ, പ്രഭാഷണങ്ങൾ, സ്മൃതി ചിത്രങ്ങൾ, കലയും ജീവിതവും, കവിതയുടെ ലോകപദം, അധിനിവേശത്തിന്റെ വഴികൾ, ഭയവും അഭയവും, ഫാഷിസം സിദ്ധാന്തം, പ്രയോഗം, പ്രതിരോധം, പ്രകൃതിപാഠങ്ങൾ, വിയോജിക്കാനുള്ള സ്വാതന്ത്യം. കാലിഡോസ്കോപ്പ്, ഒളിച്ചു കടത്തിയ ആയുധങ്ങൾ, എഴുത്തും പ്രത്യയശാസ്ത്രവും, സ്വാതന്ത്ര്യത്തിന്റെ അർത്ഥം, എം.എൻ.വിജയന്റെ സമ്പൂർണ്ണ കൃതികൾ.

## Key Themes

- 'മരുഭൂമികൾ പൂക്കുമ്പോൾ' എന്ന ലേഖനം എം. എൻ. വിജയന്റെ പ്രസിദ്ധമായ ബഷീർ അനുസ്മരണ പ്രഭാഷണമാണ്.
- ബഷീർ എന്ന എഴുത്തുകാരന്റെ വ്യത്യസ്തതകളും വിപ്ലവബോധവും ദാർശനികതയുമെല്ലാം ലേഖകൻ ആഴത്തിൽ വിചിന്തനം ചെയ്യുന്നുണ്ട്.
- ബഷീർ കൃതികളുടെ പിന്നിലുള്ള ജീവിതാനുഭവങ്ങളുടെ സ്വാധീനത്തെപ്പറ്റി ലേഖകൻ എടുത്തു പറയുന്നുണ്ട്.
- ബഷീറിന്റെ ഏതാനും കൃതികൾ മുൻനിർത്തി ബഷീറിന്റെ കഥാലോകത്തെ സമഗ്രമായി വിലയിരുത്തുകയാണ് ലേഖകൻ.
- സ്വദേശീയരും വിദേശീയരുമായ എഴുത്തുകാരുമായി ബഷീറിയൻ കാഴ്ചപ്പാടുകളെ താരതമ്യപ്പെടുത്താനും ലേഖകൻ ശ്രദ്ധിച്ചിരിക്കുന്നു.

## Discussion

1945 ൽ എറണാകുളത്തെ ബോട്ടുജെട്ടിയിൽ ഒരു പെട്ടിക്കടയിൽ പുസ്തക വിൽപന നടത്തുന്ന കച്ചവടക്കാരനായാണ് വൈക്കം മുഹമ്മദ് ബഷീറിനെ ആദ്യമായി എം.എൻ.വിജയൻ കാണുന്നത്. 1960 കളിൽ തകരപ്പലകകൾ കൊണ്ടുണ്ടാക്കിയ ഷെഡ്ഡിൽ പുസ്തകക്കച്ചവടം നടത്തിയ ഫെർലിംഗ് ഗേട്ടി എന്ന അമേരിക്കൻ കവിയെപ്പോലെ തിരസ്കൃതനായ കലാകാരൻ ഉണ്ടാക്കുന്ന മറുലോകത്തെക്കുറിച്ചുള്ള സങ്കല്പം ബഷീറിനും ചങ്ങമ്പുഴയ്ക്കുമെല്ലാം ഉണ്ടായിരുന്നു. അവരുടെ ഗ്രന്ഥങ്ങളുടെയും ജീവിതത്തിന്റെയും അർത്ഥം അതായിരുന്നു.

ഇടപ്പള്ളി നമ്മുടെ ഭൂമിയെ ഉപേക്ഷിച്ചു. ചങ്ങമ്പുഴ തന്റെ ലോകത്തിന്റെ മാന്യതയെ ധിക്കരിച്ചു. വൈക്കം മുഹമ്മദ് ബഷീർ പ്രഭുവും തടിക്കച്ചവടക്കാരനുമായിരുന്ന പിതാവിന്റെ പാരമ്പര്യം ഉപേക്ഷിച്ചു. ഇതെല്ലാം മാറേണ്ടതും മാറിക്കൊണ്ടിരിക്കുന്നതുമായ ചരിത്രത്തിലെ സംഭവങ്ങൾ ആയിരുന്നു. ഇവയൊന്നും വ്യക്തിയുടെയോ കുടുംബത്തിന്റെയോ മാത്രം സംഭവങ്ങളല്ല. അതുകൊണ്ടാണ് 'മണിനാദ'ത്തിന്റെ അവതാരികയിൽ ലോകത്തിലെ മഹത്തായ ആത്മഹത്യകളിൽ ഒന്ന് ഇടപ്പള്ളിയുടേതാണെന്ന് കേസരി ബാലകൃഷ്ണപ്പിള്ള പറഞ്ഞത്.

ഇടപ്പള്ളി മരണം കൊണ്ട് കാണിച്ചതും ചങ്ങമ്പുഴ തന്റെ നാനാമുഖമായ പ്രവർത്തനങ്ങൾ

കൊണ്ട് തെളിയിച്ചതുമായ കാര്യങ്ങൾ, ഈ ലോകത്തിന് നേരെയുള്ള പരമമായ പുച്ഛവും, പരമമായ അമർഷവും, മറ്റൊരു ലോകം സ്ഥാപിക്കാനുള്ള വെമ്പലുമാണ്. അവർ ജീവിച്ചിരുന്ന കാലഘട്ടത്തിലെ ജനങ്ങൾ അത് മനസ്സിലാക്കിയിരുന്നില്ല. ഒരു എഴുത്തുകാരൻ പൂർണ്ണമായി സംവദിക്കുന്നുണ്ടെങ്കിൽ അതിനർത്ഥം അയാൾക്ക് പരമ്പരാഗതമായുള്ള, സാങ്കേതികമായ കാര്യങ്ങൾ മാത്രമേ പറയാനുള്ളൂ എന്നതാണ്. അയാൾ ലോകത്തിലെ, ലോകചരിത്രത്തിലെ ഒരു ഭാവിനിരീക്ഷണവും നമ്മുടെ മുമ്പിൽ എത്തിക്കുന്നില്ല. പരിചിതമായ കാര്യങ്ങളെ അപരിചിതമായ ഭാഷയിൽ പറയുകയോ അപരിചിതമായ കാര്യങ്ങളെ പരിചിതമായ ഭാഷയിൽ പറയുകയോ ചെയ്യുന്ന വിദ്യ മാത്രമേ അത്തരം എഴുത്തുകാർ പ്രയോഗിക്കാറുള്ളൂ.

ചങ്ങമ്പുഴയും ബഷീറുമെല്ലാം ജീവിതത്തിന്റെ പല അതിരുകളിലേക്കു യാത്ര ചെയ്യുകയും അനുഭവങ്ങളെത്തേടിപ്പോകുകയും സ്വയം മുറിവേല്പിക്കുകയും ചെയ്തു. നമുക്ക് ഉടുക്കാനും സംസാരിക്കാനും കിടക്കാനും പാർക്കാനുമെല്ലാം വ്യത്യസ്തമായ മുണ്ടും ഭാഷയും നിലവും വീടും ഉണ്ടെന്നാണ് ബഷീർ പറഞ്ഞു കൊണ്ടിരുന്നത്. ഭാഷയിലെ നിയമം തെറ്റിക്കുമ്പോഴോ സമുദായത്തിലെ നിയമം ലംഘിക്കുമ്പോഴോ ഒരു എഴുത്തുകാരനോ വിപ്ലവകാരിയോ ലംഘനത്തിലൂടെ മറ്റൊരു ലോകം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്.

അദ്ദേഹത്തെ ബഹുമാനിക്കുന്നതും പത്മശ്രീ പോലുള്ള അംഗീകാരങ്ങൾ നൽകുന്നതുമെല്ലാം നമ്മുടെ സമുദായത്തിന്റെ ഭിത്തികളെ ഭേദിക്കാതിരിക്കാനും കുടുംബവ്യവസ്ഥിതികളെ ചോദ്യം ചെയ്യാതിരിക്കാനുമാണ്. ഉപ്പയുടെ ആട്ടേറ്റ് ഇറങ്ങിപ്പോയ ബഷീർ ഏതെല്ലാം ലോകങ്ങൾ താണ്ടിയാണ് ജീവിതത്തിന്റെ പരമമായ അർത്ഥതലങ്ങൾ കണ്ടെത്തിയതെന്ന് മറക്കാനുള്ള മാർഗ്ഗമാണ് അദ്ദേഹത്തിനു നൽകുന്ന മാന്യതകൾ.

ബഷീറിന് വ്യാകരണത്തെറ്റുണ്ട് എന്ന് പറഞ്ഞിരുന്ന വ്യാകരണപണ്ഡിതർ പിന്നീട് ബഷീറിന്റെ പുസ്തകങ്ങൾ വിൽക്കുന്ന കച്ചവടക്കാരായി മാറുകയും ബഷീർ അംഗീകൃതനായ എഴുത്തുകാരനായി മാറുകയും ചെയ്തു. 'ബാല്യകാലസഖി'യിൽ 'മാതാവ്' എന്ന പദം ഉപയോഗിച്ച ബഷീർ 'പാത്തുമ്മയുടെ ആടിൽ', 'മാതാവേ അൽപം ശുദ്ധജലം വേണ'മെന്ന് പറഞ്ഞ അബ്ദുൾ ഖാദറിനെ തവി കൊണ്ട് അടിക്കുന്നു. എന്താണ് അമ്മയുടെ ഭാഷ എന്ന ചോദ്യം ഉന്നയിച്ച പ്രധാന എഴുത്തുകാരൻ ബഷീറായിരുന്നു. എന്റെ ഉമ്മയുടെ ഭാഷ വിലപ്പെട്ടതാണോ എന്നും എന്റെ ഉമ്മയുടെ ഭാഷയാണോ ഞാൻ സംസാരിക്കേണ്ടത് എന്നും എന്റെ ഉമ്മയുടെ ഭാഷയാണോ മാതൃഭാഷയെന്നും എന്റെ ഉമ്മയുടെ അനുഭവമാണോ മാതൃത്വത്തിന്റെ അനുഭവമെന്നും ഞാൻ കുടിച്ച ഉമ്മയുടെ മുലയാണോ ലോകത്തിന്റെ മുലയെന്നും ചോദിക്കുകയാണ് ബഷീർ തന്റെ കൃതികളിൽ.

യുദ്ധാനന്തരലോകവും അല്ലെങ്കിൽ യുദ്ധലോകവും മനുഷ്യസമുദായത്തിന്റെ പുറംപോക്കുകളിൽ 'ശബ്ദങ്ങളി'ൽ ചിത്രീകരിച്ചപ്പോൾ മലയാളികളുടെ തലയിൽ ആകാശം ഇടിഞ്ഞു വീഴുന്ന പ്രതീതിയാണുണ്ടായിരുന്നത്. നമ്മുടെ സംസ്കാരം എത്ര സംസ്കാരവിരുദ്ധമായ അടിത്തറയിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന് ഈ ലോകത്തോട് വിളിച്ചു പറയുന്ന മലയാള ഭാഷയിലെ ആദ്യത്തെ കൃതി ബഷീറിന്റെ 'ശബ്ദങ്ങൾ' ആണ്. എന്തു സംഭാഷണവും എട്ടണ തരുവാൻ ആവശ്യപ്പെട്ട് അവസാനിപ്പിക്കുന്ന ഇതേ ഉമ്മ തന്നെയാണ് ബഷീർ ദീർഘകാലം ജയിലിൽ കിടന്ന് നരകിച്ചിരുന്നപ്പോൾ എന്നും ഭക്ഷണം വിളമ്പി കാത്തിരുന്നതും. ജീവിതത്തിലെ സ്നേഹത്തിന്റെയും വൈരൂപ്യത്തിന്റെയും രണ്ടു മുഖങ്ങളേയും തിരിച്ചറിയുന്നു എന്നതാണ് ബഷീർ നടത്തിയ പര്യടനങ്ങളുടെ മുഖ്യമായ സ്വഭാവം.

റോ മെറ്റീരിയൽ ആയ ജീവിതത്തിൽ നിന്നും താൻ ഉണ്ടാക്കിയെടുക്കുന്ന സാധനങ്ങൾ കൊണ്ട് വില്പന നടത്തുന്ന നിർമ്മാതാവും വ്യവസായിയുമാണ് താൻ എന്ന ഭൗതികമായ ജീവിതബോധം ബഷീറിനു മാത്രമേ ഇവിടെ ഉണ്ടായിട്ടുള്ളൂ. ബഷീറിന്റെ കൃതികളുടെ അർത്ഥം എഴുത്തുകാരന്റെ മൂലധനം ജീവിതാനുഭവ

ങ്ങളാണെന്നും അതില്ലാത്തവന് എഴുതുക സാധ്യമല്ല എന്നുമാണ്. അതുകൊണ്ടാണ് ബഷീർ അനുഭവത്തിന്റെ പല മേഖലകളിലും അലഞ്ഞു നടക്കുകയും അതിന്റെ പല അതിരുകളിലും ചെന്നു മുട്ടി അപൂർവ്വമായ സിഗ്നലുകൾ ലോകത്തേക്ക് അയക്കുകയും ചെയ്യുന്നത്.

സാധാരണജനങ്ങൾ സംസാരിക്കുന്ന ഭാഷയിൽ എഴുതുന്നതാണ് തന്റെ സാഹിത്യമെന്നും ഈ ഭാഷയിൽ താൻ ജീവിതമാണ് എഴുതുന്നതെന്നും ഇത് സാഹിത്യമായി ആരും അംഗീകരിക്കേണ്ടതില്ല എന്നും ചന്തുമേനോനെപ്പോലെ ബഷീറും കരുതിയിരുന്നു. ഒരു വലിയ സഞ്ചാരിയായ ബഷീറിന്റെ അനുഭവമണ്ഡലത്തെ അത് തിമിംഗലത്തിന്റെ വയറുപോലെ വലുതാക്കിയിട്ടുണ്ടെന്ന് കേസരി ബാലകൃഷ്ണപ്പിള്ള വിലയിരുത്തുന്നു.

നമ്മുടെ നാട്ടിലെ ശുദ്ധാത്മാക്കളായ സാഹിത്യകാരന്മാരുടെ നടുവിൽ ഉന്മാദത്തിന്റെ മേഖലയിൽ പോയി തിരിച്ചു വന്ന അപൂർവ്വവ്യക്തിയാണ് ബഷീർ. ബഷീറിന്റെ മറ്റൊരു ലോകം വിശപ്പിന്റേതായിരുന്നു. അനുഭവത്തിന്റെ പുനർനിർവ്വചനമാണ് ബഷീർ തന്റെ കൃതികളിലൂടെ നിരന്തരമായി ചെയ്തു പോന്നിരുന്നത്. മനുഷ്യനെ മോക്ഷത്തിലേക്ക്, തുരീയത്തിലേക്ക് നയിക്കുന്ന നൂറ്റൊന്ന് മാർഗ്ഗങ്ങളിൽ ഒരു മാർഗ്ഗം വരട്ടുചൊറി മാന്തുകയാണ് എന്ന് പറഞ്ഞ മലയാളത്തിലെ ഒരേയൊരു സാഹിത്യകാരൻ, ഒരേയൊരു സിദ്ധൻ ബഷീറാണ്. സ്നേഹം അനുരാഗം ഇവയെക്കല്ലാം പുതിയ നിർവ്വചനങ്ങൾ ബഷീർ കാണുന്നുണ്ട്. സ്നേഹമെന്നത് താമരയിതളിലെ ലേഖനമല്ലെന്നും നഖം കൊണ്ടുള്ള മാന്തലോ, വിഷ ഉറുമ്പിനെക്കൊണ്ട് കടിപ്പിക്കുന്നതോ ആവാമെന്നും ബഷീർ പഠിപ്പിക്കുന്നുണ്ട്.

'ശപ്പൻ' എന്ന് ചന്തുമേനോന്റെ നായിക നായകനെ വിളിച്ചത് അദ്ദേഹം ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യഘട്ടത്തിൽ ജീവിച്ചിരുന്നതുകൊണ്ടാണ്. ഒരു കാമുകി കാമുകനെ വിളിക്കുമ്പോൾ സമുദായത്തിലെ അടയാളങ്ങൾ മാറുന്നു എന്നതുകൊണ്ടാണ് ബഷീർ തന്റെ കൃതികളിൽ സ്നേഹത്തിന് പുതിയ നിർവ്വചനങ്ങൾ കൊടുത്തു കൊണ്ടിരുന്നത്. ജീവിതത്തിന്റെ സമതലങ്ങളിൽ നിന്ന്, കുടുംബത്തിന്റെ വളരെ ഭദ്രമായ ബന്ധങ്ങളിൽ നിന്ന്, അനുസരിക്കുകയും അനുസരിക്കുന്നവന് സകലതും നൽകുകയും ചെയ്യുന്ന പിതൃപുത്ര ബന്ധത്തിന്റെ ഭദ്രതയിൽ നിന്നും ബഷീർ തെറിച്ചു പോകുന്നു. ഇന്ത്യയിലും അറേബ്യൻ തീരങ്ങളിലും ആഫ്രിക്കയിലുമെല്ലാം അലഞ്ഞു നടന്ന അദ്ദേഹം സൂഫിമാരുടെയും ആൺവേശ്യമാരുടെയും അരികിലേക്കും ചുവന്ന തെരുവിലേക്കും ചാരായക്കടയിലേക്കും പോകുന്നു എന്നതാണ് അനുഭവ സത്യം. നമ്മുടെ സമുദായത്തിനെ ചോദ്യം ചെയ്യാനുള്ള ഘടകമെന്നുള്ളതിനാൽ ബഷീർ എത്തിച്ചേർന്ന ലോകം മദ്യത്തിന്റെതായിരുന്നു. ഉന്മാദതലങ്ങളിൽ ജീവിതം അന്വേഷിച്ചു പോവുകയും അവിടെ നിന്ന് ജീവിതത്തിന്റെ റിപ്പോർട്ടുകൾ അയക്കുകയും ചെയ്തു കൊണ്ടിരുന്ന സാഹിത്യകാരൻ എന്ന നിലയിലാണ് ബഷീർ ഓർമ്മിക്കപ്പെടുന്നത്.

സ്നേഹം എത്ര മഹത്താണ് എന്നു മാത്രമല്ല സ്നേഹം എത്ര നിരർത്ഥകമായ വസ്തുതയായിത്തീരുന്നു എന്നും സ്നേഹം എങ്ങനെ യാഥാർത്ഥ്യത്താൽ ഞെരുക്കപ്പെടുന്നു എന്നും പറയാനാണ് ബഷീർ 'ബാല്യകാലസഖി' എഴുതിയത്. ഏതെല്ലാം തീച്ചൂളകളിലാണ് അദ്ദേഹം വെന്തുനീറിയത് എന്നും ഏതെല്ലാം അഗ്നിപഥങ്ങളിലാണ് അദ്ദേഹം സഞ്ചരിച്ചത് എന്നും വിശപ്പിന്റെ ഏതെല്ലാം ഘട്ടങ്ങളാണ് അദ്ദേഹം അളന്നു തീർത്തത് എന്നും അന്വേഷിക്കുകയാണ് ബഷീറിനെയും ചരിത്രത്തെയും കണ്ടെത്താനുള്ള മാർഗ്ഗം.

താൻ വിവാഹം കഴിക്കുന്ന പെണ്ണിന് മരത്തിൽ കയറാൻ കഴിയണമെന്നും മുടി മുറിക്കാൻ അറിയണമെന്നും അവൾ നല്ല നീന്തൽക്കാരിയാവണം എന്നുമൊക്കെ നിർബന്ധിക്കുന്ന ബഷീർ മറ്റൊരു കൃതിയിൽ കുടുംബത്തിന്റെ പ്രധാനപ്പെട്ട ഒരു ഉപയോഗം ശമ്പളമില്ലാത്ത വേലക്കാരിയെ സമ്പാദിക്കലാണ് എന്നും പറയുന്നുണ്ട്. വളരെ ചെറിയ അർത്ഥത്തിലെങ്കിലും ബഷീർ നമ്മുടെ ദാമ്പത്യബന്ധത്തെ, സീതാസങ്കല്പത്തെ, നളിനീസങ്കല്പത്തെ ടോർപ്പിഡോ ചെയ്യുന്നുണ്ട്.

ബഷീർ 'ശബ്ദങ്ങൾ' എഴുതിയത് ജീവിതത്തെക്കുറിച്ചുള്ള അസാമാന്യമായ സത്യങ്ങൾ നമുക്കു നേരെ തൊടുത്തു വിടാനാണ്. ചരിത്രത്തിന്റെ രാത്രികളിൽ നടക്കുന്ന ഹീനകൃത്യങ്ങൾ അയാൾ നമുക്ക് കാണിച്ചു തന്നു. നാം കാണാതിരുന്ന, നമ്മുടെ മുന്നിലുള്ള സത്യത്തെ നമ്മുടെ മുഖത്തേക്ക് ഒരു പഴയ ചെരിപ്പു പോലെ എടുത്തെറിയുകയാണ് ബഷീർ. ഈ അനുഭവത്തിന്റെ കയങ്ങളേയും അനുഭവത്തിന്റെ കൊടുമുടികളേയും അനുഭവത്തിന്റെ പാതകളെയും കണ്ടെത്തലാണ് ബഷീറിന്റെ സാഹിത്യത്തിലുള്ളത്. ബഷീർ നമുക്കു വേണ്ടി നമുക്കിഷ്ടപ്പെടാത്ത ലോകത്തിലേക്ക് ചെന്ന്, എത്തി നോക്കുകയാണ്. നമുക്കു വേണ്ടി വിഷം കഴിക്കുകയും നമുക്കു വേണ്ടി മരണത്തിന്റെ നിഴലിൽ ജീവിക്കുകയും നമുക്കു വേണ്ടി ജീവിതത്തിന്റെ വഴിയമ്പലങ്ങളുടെ തിണ്ണകളിൽ കിടക്കുകയും നമുക്കു വേണ്ടി ആരുടെയോ കല്ലേറ് കൊള്ളുകയും ചെയ്യുന്ന ബഷീർ ഉണ്ടായിരുന്നു.

ഒരു പട്ടാളക്കാരന് രോഗികളായ വേശ്യകളെ മാത്രമേ കിട്ടൂ എന്നും ഉയർന്ന ഉദ്യോഗസ്ഥന്മാർക്ക് ഉയർന്ന ബന്ധങ്ങളിൽ ഏർപ്പെടാമെന്നും 'ശബ്ദങ്ങളി'ൽ പറയുന്നതിനർത്ഥം നമ്മുടെ സമൂഹം സ്ത്രീകളെ വേശ്യകളായും ദേവിമാരായും രണ്ടായി തിരിക്കുന്ന അവസ്ഥയാണുള്ളത് എന്നതാണ്. ജീവിക്കാൻ വഴിയില്ലാത്ത തൊഴിലാളിയേയും നമുക്കു വേണ്ടി കൊലപാതകം നടത്തുന്ന പട്ടാളക്കാരനേയും നാം അതിരുകളിലേക്ക് ആട്ടിയോടിക്കുന്നു - ഇത്തരത്തിൽ വെളിച്ചത്തിന്റെ കള്ളക്കളി കളിക്കുന്ന ഇരുട്ടിനെ കണ്ടെത്തുകയും പകൽ ഉരുണ്ടുകൂടുന്ന നിഴലുകളെ മനസ്സിലാക്കുകയും ഇതിനെ വിളിച്ചു പറയുകയുമാണ് ബഷീർ തന്റെ കൃതികളിൽക്കൂടി ചെയ്യുന്നത്.

ബഷീർ തന്റെ കഥകൾ എഴുതിത്തീർക്കുമ്പോൾ ഒരു മണ്ടൻ മുത്തപ്പയെയോ ഒരു മുച്ചീട്ടുകളിക്കാരനെയോ ലോകത്തുള്ള സർവ്വ തിരുമാലികളെയോ വർണ്ണിച്ചു തീരുമ്പോൾ ഈ തിരുമാലികളുടെ തിരുമാലിത്വത്തിനു മേലാണ് നാം മാന്യന്മാരായി താമസിക്കുന്നത് എന്നാണ് നമ്മെ വിളിച്ചറിയിക്കുന്നത്. നാമിപ്പോൾ ജീവിക്കുന്നത് ജീവിതമല്ല. നാമിപ്പോൾ ജീവിക്കുന്ന ജീവിതത്തിന്റെ നിഴൽ മാത്രമാണ് എന്നും ഈ ക്രൂരമായ തിരിച്ചറിവ് നമുക്കുണ്ടാവേണ്ടതാണ് എന്നും വിളിച്ചു പറയുകയാണ് ബഷീർ. അദ്ദേഹത്തിന്റെ കൃതികളിലൂടെ ഭാഷയെ നാം തൊടുമ്പോൾ നാം തൊടുന്നത് സമുദായത്തെയാണ് എന്നും ജീവിതത്തെയാണ് എന്നും ജീവിതത്തിന്റെ മൂല്യത്തെയാണ് എന്നും പുനർനിർവ്വചിക്കാനുള്ള ശ്രമം 'ബാല്യകാലസഖി'യിലുണ്ട്. സാഹിത്യം തന്നെയാണ് ജീവിതം എന്നും സംസാരിക്കുന്നത് തന്നെയാണ് ഭാഷയെന്നും കുട്ടികൾ തന്നെയാണ് മുതിർന്നവർ എന്നും പ്രകൃതി തന്നെയാണ് സംസ്കാരമെന്നുമുള്ള ഒരു പുതിയ destination ലേക്ക് ബഷീറിന്റെ ജീവിതവും കലയും എത്തിച്ചേരുന്നത് നമുക്ക് കാണാം. അദ്ദേഹം അനായാസതയുടെ, അവക്രതയുടെ ഒരു വക്രത കണ്ടുപിടിക്കുന്നത് പിന്നീടുള്ള കൃതികളിൽ കാണുന്നു. ഒരു സംഭവത്തിൽ കൂടി, വസ്ത്രധാരണത്തിൽ കൂടി. താൻ വെക്കുന്ന മീശയിൽ കൂടി, തന്റെ കൃതാവിൽ കൂടി ഒരു വ്യവസ്ഥയെ ചോദ്യം ചെയ്യാമെന്നും അതിനുള്ള മാർഗ്ഗങ്ങളിൽ ഒന്ന് സാഹിത്യമാണെന്നും തിരിച്ചറിഞ്ഞിരുന്നതാണ് ബഷീറിന്റെ സാഹിത്യത്തിനുള്ള പ്രധാനപ്പെട്ട ഒരു മൂല്യം.

മനുഷ്യൻ ഒരു സമുദായമാണെന്നും മനുഷ്യന് ഒരു സമുദായമായിട്ടു മാത്രമേ നിലനില്പുള്ളൂ എന്നും അന്തിമമായും ആദിമമായും ഈ ഉണർവ്വ് ആണ് മനുഷ്യന് വേണ്ടത് എന്നും പറയുവാൻ തന്റെ ജീവിതത്തിലെ ഓരോ അണുവിനെയും കൊണ്ട് ശ്രമിക്കുക എന്നത് അദ്ദേഹം തന്റെ ദൗത്യമായി കരുതുന്നുണ്ട്. പുതിയ സമുദായത്തിൽ എല്ലാത്തരം ഉടുപുടവകളും, എല്ലാത്തരം കാതുകുത്തലുകളും എല്ലാത്തരം വിവാഹമര്യാദകളും എല്ലാത്തരം ജീവിതരീതികളും ഉണ്ട് എന്നും അവ ഒരുമിച്ച് ജീവിക്കണം എന്നുമുള്ളത് ബഷീറിന്റെ ഒരു സാർവലൗകിക സ്വപ്നമാണ് എന്നു പറയാം.

തന്റെ പ്രവർത്തന മണ്ഡലങ്ങളിൽ നിന്നെല്ലാം താൻ ഒരു പുതിയ അമൃതത്തിന്റെ ബിന്ദു മാറ്റിയെടുക്കാൻ ശ്രമിക്കുകയാണ് എന്നുള്ളത് ബഷീറിന്റെ സാഹിത്യബോധം മാത്രമല്ല അദ്ദേഹത്തിന്റെ സാർവ്വാംഗണീയമായ ജീവിതബോധം കൂടിയാണ്. അതുകൊണ്ട് ബഷീറിനെ അറി

യുക എന്നതിന്റെ അർത്ഥം നമ്മുടെ ചരിത്രത്തെ അറിയുക എന്നും നമ്മുടെ നാട്ടിൽ വന്നു കൊണ്ടിരിക്കുന്ന ചരിത്രപരമായ, അഭിരുചിപരമായ വിപ്ലവത്തെ തിരിച്ചറിയുക എന്നും കൂടിയാണ്.

ബഷീറിന്റെ രണ്ടാമത്തെ നോവലിലും പാത്തുമ്മയുടെ ആടിലും മൗലികമായി ഒരു മിത്തോളജിക്കൽ ഫിഗർ ഉണ്ട്. തട്ടിപ്പുറത്താക്കപ്പെടുന്ന ഒരു മകൻ, അയാൾ സഞ്ചരിക്കുന്ന ഒരു വലിയ ലോകം, അയാൾ തിരിച്ചെത്തുന്ന മറ്റൊരു ലോകം, ഇത് അനാദിയായ ഒരു മനുഷ്യമിത്ത് ആണ്. ഒരു നിഷ്കാസനവും ഒരന്വേഷണവും ഒരു തിരിച്ചെത്തലും. ഇത് ജീവിതത്തിന്റെ പൂർണ്ണവൃത്തമാണ് എന്ന് പറയാം. ഗാന്ധിയെ തൊട്ട് തിരിച്ചു വരുമ്പോൾ ഗാന്ധി ഒരു പുതിയ ഇന്ത്യ ഉണ്ടാക്കാൻ ശ്രമിക്കുന്ന ആളാണ് എന്നും ഈ പുതിയ സമുദായത്തിനു വേണ്ടി താൻ ശ്രമിക്കും എന്നുമുള്ള ബോധം ബഷീറിൽ ഉണ്ടാകുന്നു. അതിനു വേണ്ടി ശ്രമിക്കുന്ന ഒരു യോദ്ധാവായിത്തീരുകയാണ് തന്റെ ജീവിതദൗത്യം എന്ന് ബാല്യകാലസഖിയിലെ ബഷീർ തീരുമാനിക്കുന്നു.

'ബാല്യകാലസഖി'യിൽ നിന്നും പുറപ്പെട്ടു പോയ നായകൻ 'ന്റുപ്പാപ്പക്കൊരാനണ്ടാർന്നു' എന്ന നോവലിൽ കൂടി തിരിച്ചു വരുന്നു. ഇസ്ലാം എന്താണ് എന്നും ഇസ്ലാം എന്തല്ല എന്നും പറയുവാനുള്ള, ഒരർത്ഥത്തിൽ a refinding of Koran അതായത് യഥാർത്ഥ ഇസ്ലാം എന്താണ് എന്നും അത് മുസ്ലിം സമുദായത്തിന്റെ നവോത്ഥാനത്തിന് തടസ്സമല്ല എന്നു പറയാനും ബഷീർ ഈ നോവലിൽ ശ്രമിക്കുന്നു.

പുതിയ, വരാനിരിക്കുന്ന ലോകം, ആ ലോകത്തിന്റെ ചിത്രം ബഷീറിന്റെ കൃതികളിൽ കാണാം. തനിക്കു വേണ്ടിയല്ല പൂന്തോട്ടം ഉണ്ടാക്കുന്നത് എന്നും താൻ ലോകത്തിനു വേണ്ടി പൂന്തോട്ടമുണ്ടാക്കാൻ നിയുക്തനാണ് എന്നുമുള്ള ബോധം, അതായത് നഷ്ടപ്പെട്ടു പോയ ഏദൻ തോട്ടത്തെ തിരിച്ചു കൊണ്ടുവരാനും സ്വർഗ്ഗത്തിന്റെ ഉദ്യാനത്തെ മനുഷ്യനു വീണ്ടെടുക്കുവാനും വേണ്ടി നിയുക്തരായ അനേകമാളുകളിൽ ഒരാളാണ് താൻ എന്നുള്ള ബോധം തീർച്ചയായും ബഷീറിന്റെ പൂന്തോട്ടപ്പണിയിലുണ്ട്. ധാരാളം പൂക്കളുള്ള ധാരാളം ചാമ്പയ്ക്കാപ്പഴങ്ങളുള്ള ധാരാളം പാമ്പുകളും കടവാതിലുകളും ഉള്ള ഒരു ലോകത്തെയാണ് ബഷീർ തന്റെ മനസ്സിൽ എന്നും കണ്ടു കൊണ്ടിരുന്നത്. 'ഭൂമിയുടെ അവകാശികൾ' എന്ന കഥയിൽ ഈ ഭൂമി മനുഷ്യന് അവകാശപ്പെട്ടതാണോ വവ്വാലിന് അവകാശപ്പെട്ടതാണോ എന്ന ചോദ്യം ബഷീർ ഉന്നയിക്കുന്നുണ്ട്. ഈ ലോകത്തെ നശിപ്പിക്കാതെ നമുക്കിവിടെ ജീവിക്കാൻ കഴിയുമോ എന്ന മൗലികമായ ചോദ്യം തന്നെയാണിത്.

ലോകം എങ്ങനെ ഒരുദ്യാനമാക്കിത്തീർക്കാം എന്ന ഒരു ഒബ്സഷൻ, ഒരു ഐഡിയോളജിക്കൽ ഒബ്സഷൻ ബഷീറിന്റെ മനസ്സിൽ എന്നും ഉണ്ടായിരുന്നു. നാമിന്നു കാണുന്ന ചുറ്റുപാടുകൾ മാത്രമല്ല വാസ്തവം എന്നും നാം പഠിക്കുന്ന ഗുണനപ്പട്ടിക മാത്രമല്ല ലോകത്തിലെ ശരി എന്നും ഇതിൽ നിന്നും വ്യത്യസ്തമായ മറ്റു ചില ശരികൾ അല്ലെങ്കിൽ Possibilities ഉണ്ട് എന്നും ബഷീർ നേരത്തെ അറിഞ്ഞിരുന്നു.

ബഷീറിന്റെ കൃതികളുടെ ഒരു സന്ദേശം നാം കാണുന്നതും അറിയുന്നതും ഉണർന്നിരിക്കുമ്പോൾ തൊട്ടനുഭവിക്കുന്നതുമായ ലോകത്തിനപ്പുറത്ത് ചില ലോകങ്ങളുണ്ട് എന്നതാണ്. ഇതദ്ദേഹം 'നീലവെളിച്ചം' എന്ന കഥയിൽ പറയുന്നുണ്ട്. ബഷീറിന്റെ പ്രശ്നം ബഷീർ താനറിയാതെതന്നെ ഈ രണ്ടു ലോകങ്ങളിലും സഞ്ചരിക്കുകയും ഈ രണ്ടു ലോകങ്ങളിലെ പല അതിരുകളിലും ചെന്ന് മുട്ടുകയും ചെയ്തിരുന്ന ആളാണ് അദ്ദേഹം എന്നതാണ്.

'പാത്തുമ്മയുടെ ആടി'ൽ ഉപ്പയില്ല. പകരം ഇക്കാക്കയാണ് ഉള്ളത്. അതായത് The father is substituted by a big brother എന്നുള്ളതാണ് പാത്തുമ്മയുടെ ആടിൽ നടക്കുന്ന പ്രധാനപ്പെട്ട സംഭവം. അതോടു കൂടി അതിലുള്ള ഈഡിപ്പൽ സംഘർഷം അവസാനിക്കുകയും ഒരു പ്രത്യേക പരിതഃസ്ഥിതിയിലേക്ക് വസ്തുതകളെല്ലാം മാറിച്ചെല്ലുകയും ഇക്കാക്ക ഉണ്ടാക്കുന്ന ഒരു പുതിയ സംവിധാനവുമായി ബഷീറിന്റെ കുടുംബം എന്നു പറയുന്ന ലോകം രൂപാന്തരപ്പെടുകയും ചെയ്യുന്നു. അതുകൊണ്ട് താൻ തിരിച്ചെത്തിയ ലോകം, തന്റെ എന്നു പറയുന്ന തലയോലപ്പറ

മ്പിലെ വീട്ടിലെ സംവിധാനക്രമം, പിന്നീട് നിയന്ത്രിക്കുന്നത് 'ന്റുപ്പാപ്പക്കൊരാനണ്ടാർന്നു' എന്ന കൃതിയിൽ നിസാർ അഹമ്മദു പോലെ അതിന്റെ തലപ്പത്തിരിക്കുന്ന അദ്ധ്യക്ഷനായിരിക്കുന്ന വൈക്കം മുഹമ്മദ് ബഷീറാണ് എന്നു കാണാം. എങ്ങനെ താൻ ഒരു പിതൃസ്വരൂപത്തിന്റെ സ്ഥാനത്ത് ഒരു ഭ്രാതൃസ്വരൂപമായിത്തീരുകയും ഒരു പുതിയ മനുഷ്യബന്ധം ഉണ്ടാക്കിത്തീർക്കുകയും ആവശ്യമായ മറ്റൊരു Situation കൊണ്ട് അതായത് അടിച്ചിട്ട് കുടുംബത്തെ നിയന്ത്രിക്കുന്നതിന് പകരം ഉച്ചത്തിൽ ശാസിച്ചിട്ട് കുടുംബത്തെ നിയന്ത്രിക്കുന്നതിന് പകരം വ്യത്യസ്തമായ മറ്റൊരു വഴിയിലൂടെ കുടുംബത്തെ രക്ഷിക്കാം എന്ന ആശയം 'പാത്തുമ്മയുടെ ആടി'ൽ ബഷീർ അവതരിപ്പിക്കുന്നുണ്ട്.

'ബാല്യകാലസഖി' എഴുതിയ ബഷീറും 'പാത്തുമ്മയുടെ ആട്' എഴുതിയ ബഷീറും ഒരാളല്ല. ഒരു വ്യക്തി, വ്യക്തിജീവിതത്തിന്റെ മാറ്റങ്ങൾക്ക് വിധേയനായിത്തീരുന്നുണ്ട്. മതിലിന്നപ്പുറത്തു കിടക്കുന്ന കൊലപാതകിയായ നാരായണിക്കു മാത്രമേ സ്നേഹമെന്തെന്ന് അറിയുമായിരുന്നുള്ളൂ എന്ന് പറയാനാണ് ബഷീർ 'മതിലുകൾ' എഴുതിയത്. 'മതിലു'കളിൽ സ്നേഹം എന്നത് തമ്മിൽ കാണാത്ത, നാം 'പരിശുദ്ധം' എന്നു പറയുന്ന, തീർച്ചയായും ശരീരസ്പർശം ഇല്ലാത്ത, മാംസനിബദ്ധമല്ലാത്ത അനുരാഗത്തിന്റെ സ്വരൂപം ആണ്.

ഏതാനും ശിങ്കിടികളെക്കൊണ്ട് ശമ്പളം കൊടുത്ത് മനുഷ്യനെ കൊല്ലിക്കുന്ന ഒരു വ്യവസായമാണ് യുദ്ധം എന്ന് 'ശബ്ദങ്ങ'ളിൽ ബഷീർ കണ്ടെത്തുന്നു. ഇതിനെക്കാൾ വലിയ ഒരു യുദ്ധവിരുദ്ധകൃതി നമ്മുടെ സാഹിത്യത്തിൽ ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. ധർമ്മത്തെ സംശയിക്കുന്ന ആളുകൾ ഒരു കാലഘട്ടത്തിലെ വിഷംതീനികളായി രൂപാന്തരപ്പെടുന്നു എന്നതാണ് ബഷീർ കൃതികളിലെ പ്രധാനപ്പെട്ട വസ്തുത. മനുഷ്യാനുഭവത്തിന്റെ ഒരറ്റം വീരരസമാണെന്ന് മനസ്സിലാക്കിയിട്ടാണ് ബഷീർ യുദ്ധത്തിലേക്ക് പോവുന്നത്. ഈ ലോകം ദുർഗന്ധമുള്ള ഒരു സുഗന്ധമാണ് എന്ന് ലോകത്തെ ഒരു മണമായി ബഷീർ 'ശബ്ദങ്ങ'ളിൽ നിർവ്വചിക്കുന്നുണ്ട്.

ബഷീർ, നടന്നു തീർത്ത വഴിയാണ്. ചാരിയിരിക്കുന്ന കസേരയല്ല. ബഷീർ അദ്ദേഹത്തിന്റെ തലക്കു മുകളിലുള്ള നിഴലല്ല, കത്തിയെരിയുന്ന സൂര്യനാണ്. അദ്ദേഹം കൊണ്ട വെയിലാണ്, അദ്ദേഹമിരുന്ന തണലുകളല്ല. വിശപ്പ് ഒരു ആത്യന്തിക വികാരമാണ് എന്ന് കണ്ടെത്തുന്നതു പോലെ ഉന്മാദമെന്നത് മനുഷ്യൻ നിർമ്മിച്ച സമുദായത്തിന്റെ അതിരുകളെ ഉല്ലംഘിക്കുന്ന അവസ്ഥയാണ് എന്നും അദ്ദേഹം കണ്ടെത്തിയിട്ടുണ്ട്.

ഈ കഠാരയാണ് എന്റെ പാതിവ്രത്യം സംരക്ഷിക്കുന്നതെന്നു പറയാനായി തുണി ഉയർത്തിക്കാട്ടുന്ന ഒരു ഭാരതീയ പതിവ്രതയെ സൃഷ്ടിച്ചു എന്നുള്ളതാണ് ബഷീറിന്റെ വലുപ്പങ്ങളിൽ വെച്ചുള്ള വലുപ്പം. ഒരു കല്യാണസൗഗന്ധികം തേടിപ്പോവുന്ന ഭീമനെപ്പോലെ നമുക്കു വേണ്ടി കല്യാണസൗഗന്ധികങ്ങൾ അല്ലെങ്കിൽ മരുഭൂമിയിലെ അനുഭവങ്ങൾ തേടിപ്പോവുകയും ജീവിതത്തിന് മരുഭൂമികൾ ഉണ്ടെന്നും അവിടെ പൂക്കൾ വിരിയുന്നുണ്ടെന്നും ആ പൂക്കൾക്ക് സമതലങ്ങളിൽ വിരിയുന്ന മുല്ലപ്പൂക്കളേക്കാൾ സൗന്ദര്യമുണ്ട് എന്നു പറയുന്ന ഒരപൂർവ സാഹസികത്വം ബഷീറിന്റെ സഞ്ചാരപഥങ്ങളിലുണ്ട്. നമ്മുടെ ഭാഷയേയും സംസ്കാരത്തെയും ബോധമണ്ഡലത്തെയും ശരി / തെറ്റ്, സുഗന്ധം / ദുർഗന്ധം, ശ്ലീലം / അശ്ലീലം എന്നുള്ള സർവമാന സങ്കല്പങ്ങളെയും തിരുത്തിയെഴുതുന്ന, ഒരു പക്ഷേ സ്ഫോടനം ചെയ്യുന്ന അസാമാന്യമായ ഒരു നീണ്ട കരുത്താണ് ബഷീറിന്റെ ജീവിതം എന്ന് തിരിച്ചറിയുകയാണ് തീർച്ചയായും ബഷീറിനോട് ചെയ്യേണ്ട വിപ്ലവകരമായ കടമ.

ബഷീർ കൃതികളുടെ സമഗ്രമായ അവലോകനമാണ് എം.എൻ.വിജയന്റെ ഈ പ്രൗഢമായ പ്രബന്ധം. ലേഖകന്റെ ബഷീർ അനുസ്മരണ പ്രഭാഷണത്തിന്റെ ഭാഗമായാണ് ഇതിന്റെ രചന എന്നതിനാൽ പ്രഭാഷണത്തിന്റെ ശൈലി ഉടനീളം ദീക്ഷിച്ചിരിക്കുന്നു. ബഷീറിന്റെ വ്യതിരിക്തത, വിപ്ലവദർശനം, ഭാഷാപരമായ കാഴ്ചപ്പാടുകൾ, മൂല്യചിന്ത ഇവയൊക്കെ ലേഖകൻ വിലയിരുത്തുന്നുണ്ട്. ബഷീറിന്റെ പ്രസിദ്ധകൃതികളായ ബാല്യകാലസഖി, ന്റുപ്പുപ്പാക്കൊരാനണ്ടാർന്ന്, മതിലുകൾ, പാത്തുമ്മയുടെ ആട് തുട

ങ്ങിയവയെ കേന്ദ്രീകരിച്ചാണ് പഠനം മുന്നോട്ടു പോവുന്നതെങ്കിലും ബഷീർ കൃതികളുടെ സമഗ്രമായ വിശകലനം ഇവിടെയുണ്ട്. ബഷീർ കൃതികളിൽ അനുഭവങ്ങൾക്കുള്ള സ്ഥാനം, വിശാലമായ മാനവികതാബോധം എന്നിവയ്ക്ക് ഊന്നൽ നൽകുന്നുണ്ട് ലേഖകൻ. വിമർശനം ധൈഷണികവും അതോടൊപ്പം സർഗ്ഗാത്മകവുമാണ് എന്നതിനു തെളിവാണ് എം.എൻ.വിജയന്റെ ഈ ബഷീർ പഠനം.

## Recap

- 1960 കളിൽ തകരപ്പലകകൾ കൊണ്ടുണ്ടാക്കിയ ഷെഡ്ഡിൽ പുസ്തകക്കച്ചവടം നടത്തിയ ഫെർലിംഗ് ഗേട്ടി എന്ന അമേരിക്കൻ കവിയെപ്പോലെ തിരസ്കൃതനായ കലാകാരൻ ഉണ്ടാക്കുന്ന മറുലോകത്തെക്കുറിച്ചുള്ള സങ്കല്പം ബഷീറിനും ചങ്ങമ്പുഴയ്ക്കുമെല്ലാം ഉണ്ടായിരുന്നു. അവരുടെ ഗ്രന്ഥങ്ങളുടെയും ജീവിതത്തിന്റെയും അർത്ഥം അതായിരുന്നു
- ചങ്ങമ്പുഴയും ബഷീറുമെല്ലാം ജീവിതത്തിന്റെ പല അതിരുകളിലേക്കും യാത്ര ചെയ്യുകയും അനുഭവങ്ങളെ തേടിപ്പോകുകയും സ്വയം മുറിവേൽപിക്കുകയും ചെയ്തു
- ഭാഷയിലെ നിയമം തെറ്റിക്കുമ്പോഴോ സമുദായത്തിലെ നിയമം ലംഘിക്കുമ്പോഴോ ഒരു എഴുത്തുകാരനോ വിപ്ലവകാരിയോ ലംഘനത്തിലൂടെ മറ്റൊരു ലോകം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്
- ബഷീറിനെ ബഹുമാനിക്കുന്നതും 'പത്മശ്രീ' പോലുള്ള അംഗീകാരങ്ങൾ നൽകുന്നതുമെല്ലാം നമ്മുടെ സമുദായത്തിന്റെ ഭിത്തികളെ ഭേദിക്കാതിരിക്കാനും കുടുംബവ്യവസ്ഥിതികളെ ചോദ്യം ചെയ്യാതിരിക്കാനുമാണ്
- നമ്മുടെ സംസ്കാരം എത്ര സംസ്കാരവിരുദ്ധമായ അടിത്തറയിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന് ഈ ലോകത്തോട് വിളിച്ചു പറയുന്ന മലയാള ഭാഷയിലെ ആദ്യത്തെ കൃതി ബഷീറിന്റെ 'ശബ്ദങ്ങൾ' ആണ്
- ജീവിതത്തിലെ സ്നേഹത്തിന്റെയും വൈരൂപ്യത്തിന്റെയും രണ്ടു മുഖങ്ങളേയും തിരിച്ചറിയുന്നു എന്നതാണ് ബഷീർ നടത്തിയ പര്യടനങ്ങളുടെ മുഖ്യമായ സ്വഭാവം
- ബഷീറിന്റെ കൃതികളുടെ അർത്ഥം എഴുത്തുകാരന്റെ മൂലധനം ജീവിതാനുഭവങ്ങളാണെന്നും അതില്ലാത്തവന് എഴുതുക സാധ്യമല്ല എന്നുമാണ്
- സാധാരണ ജനങ്ങൾ സംസാരിക്കുന്ന ഭാഷയിൽ എഴുതുന്നതാണ് തന്റെ സാഹിത്യമെന്നും ഈ ഭാഷയിൽ താൻ ജീവിതമാണ് എഴുതുന്നതെന്നും ഇത് സാഹിത്യമായി ആരും അംഗീകരിക്കേണ്ടതില്ല എന്നും ചന്തുമേനോനെപ്പോലെ ബഷീറും കരുതിയിരുന്നു
- ജീവിതത്തിന്റെ സമതലങ്ങളിൽ നിന്ന്, കുടുംബത്തിന്റെ വളരെ ഭദ്രമായ ബന്ധങ്ങളിൽ നിന്ന്, അനുസരിക്കുകയും അനുസരിക്കുന്നവന് സകലതും നൽകുകയും ചെയ്യുന്ന പിതൃപുത്രബന്ധത്തിന്റെ ഭദ്രതയിൽ നിന്നും ബഷീർ തെറിച്ചു പോകുന്നു
- ഉന്മാദതലങ്ങളിൽ ജീവിതം അന്വേഷിച്ചു പോവുകയും അവിടെ നിന്ന് ജീവിതത്തിന്റെ റിപ്പോർട്ടുകൾ അയക്കുകയും ചെയ്തു കൊണ്ടിരുന്ന സാഹിത്യകാരൻ എന്ന നിലയിലാണ് ബഷീർ ഓർമ്മിക്കപ്പെടുന്നത്
- സ്നേഹം എത്ര മഹത്താണ് എന്നു മാത്രമല്ല സ്നേഹം എത്ര നിരർത്ഥകമായ വസ്തുതയായിത്തീരുന്നു എന്നും സ്നേഹം എങ്ങനെ യാഥാർത്ഥ്യത്താൽ ഞെരുക്കപ്പെടുന്നു എന്നും പറയാനാണ് ബഷീർ 'ബാല്യകാലസഖി' എഴുതിയത്

- വളരെ ചെറിയ അർത്ഥത്തിലെങ്കിലും ബഷീർ നമ്മുടെ ദാമ്പത്യബന്ധത്തെ, സീതാ സങ്കല്പത്തെ, നളിനീ സങ്കല്പത്തെ ടോർപ്പിഡോ ചെയ്യുന്നുണ്ട്
- ബഷീർ 'ശബ്ദങ്ങൾ' എഴുതിയത് ജീവിതത്തെക്കുറിച്ചുള്ള അസാമാന്യമായ സത്യങ്ങൾ നമുക്കു നേരെ തൊടുത്തു വിടാനാണ്
- വെളിച്ചത്തിന്റെ കള്ളക്കളി കളിക്കുന്ന ഇരുട്ടിനെ കണ്ടെത്തുകയും പകൽ ഉരുണ്ടു കൂടുന്ന നിഴലുകളെ മനസ്സിലാക്കുകയും ഇതിനെ വിളിച്ചു പറയുകയുമാണ് ബഷീർ തന്റെ കൃതികളിൽക്കൂടി ചെയ്യുന്നത്
- നാമിപ്പോൾ ജീവിക്കുന്നത് ജീവിതമല്ല. നാമിപ്പോൾ ജീവിക്കുന്ന, ജീവിതത്തിന്റെ നിഴൽ മാത്രമാണ് എന്നും ഈ ക്രൂരമായ തിരിച്ചറിവ് നമുക്കുണ്ടാവേണ്ടതാണ് എന്നും വിളിച്ചു പറയുകയാണ് ബഷീർ തന്റെ കൃതികളിലൂടെ
- സാഹിത്യം തന്നെയാണ് ജീവിതം എന്നും സംസാരിക്കുന്നത് തന്നെയാണ് ഭാഷയെന്നും കുട്ടികൾ തന്നെയാണ് മുതിർന്നവർ എന്നും പ്രകൃതി തന്നെയാണ് സംസ്കാരമെന്നുമുള്ള ഒരു പുതിയ destination ലേക്ക് ബഷീറിന്റെ ജീവിതവും കലയും പോകുന്നു
- ഭാഷയെ നാം തൊടുമ്പോൾ നാം തൊടുന്നത് സമുദായത്തെയാണ് എന്നും ജീവിതത്തെയാണ് എന്നും ജീവിതത്തിന്റെ മൂല്യത്തെ ആണ് എന്നും പുനർനിർവ്വചിക്കാനുള്ള ശ്രമം 'ബാല്യകാലസഖി'യിലുണ്ട്
- മനുഷ്യൻ ഒരു സമുദായമാണെന്നും മനുഷ്യന് ഒരു സമുദായമായിട്ടു മാത്രമേ നിലനില്പുള്ളൂ എന്നും അന്തിമമായും ആദിമമായും ഈ ഉണർവ്വ് ആണ് മനുഷ്യന് വേണ്ടത് എന്നും പറയുവാൻ തന്റെ ജീവിതത്തിലെ ഓരോ അണുവിനെയും കൊണ്ട് ശ്രമിക്കുക എന്നത് അദ്ദേഹം തന്റെ ദൗത്യമായി കരുതുന്നുണ്ട്
- ബഷീറിനെ അറിയുക എന്നതിന്റെ അർത്ഥം നമ്മുടെ ചരിത്രത്തെ അറിയുക എന്നും നമ്മുടെ നാട്ടിൽ വന്നു കൊണ്ടിരിക്കുന്ന ചരിത്രപരമായ, അഭിരുചിപരമായ വിപ്ലവത്തെ തിരിച്ചറിയുക എന്നും കൂടിയാണ്
- 'മതിലു'കളിൽ സ്നേഹം എന്നത്, തമ്മിൽ കാണാത്ത ശരീര സ്പർശം ഇല്ലാത്ത മാംസനിബദ്ധമല്ലാത്ത അനുരാഗത്തിന്റെ സ്വരൂപം ആണ്
- ധർമ്മത്തെ സംശയിക്കുന്ന ആളുകൾ ഒരു കാലഘട്ടത്തിലെ വിഷംതീനികളായി രൂപാന്തരപ്പെടുന്നു എന്നതാണ് ബഷീർ കൃതികളിലെ പ്രധാനപ്പെട്ട വസ്തുത
- 'വിശപ്പ്' ഒരു ആത്യന്തിക വികാരമാണ് എന്ന് കണ്ടെത്തുന്നതു പോലെ ഉന്മാദമെന്നത് മനുഷ്യൻ നിർമ്മിച്ച സമുദായത്തിന്റെ അതിരുകളെ ഉല്ലംഘിക്കുന്ന അവസ്ഥയാണ് എന്നും അദ്ദേഹം കണ്ടെത്തിയിട്ടുണ്ട്
- നമ്മുടെ ഭാഷയെയും സംസ്കാരത്തെയും ബോധമണ്ഡലത്തെയും ശരി / തെറ്റ്, സുഗന്ധം / ദുർഗന്ധം, ശ്ലീലം / അശ്ലീലം എന്നുള്ള സർവ്വമാന സങ്കല്പങ്ങളെയും തിരുത്തിയെഴുതുന്ന, ഒരു പക്ഷേ സ്ഫോടനം ചെയ്യുന്ന അസാമാന്യമായ ഒരു നീണ്ട കരുത്താണ് ബഷീറിന്റെ ജീവിതം എന്ന് തിരിച്ചറിയുകയാണ് തീർച്ചയായും ബഷീറിനോട് ചെയ്യേണ്ട വിപ്ലവകരമായ കടമ

## Objective Type Questions

1. ലേഖകൻ ബഷീറിനെ ആദ്യമായി കണ്ടത് എപ്പോഴാണ്?
2. ലോകത്തിലെ മഹത്തായ ആത്മഹത്യകളിൽ ഒന്ന് ഇടപ്പള്ളിയുടേതാണെന്ന് പറഞ്ഞ താര്?
3. 'ബാല്യകാലസഖി' എഴുതിയതാര്?
4. ബഷീറിന്റെ കൃതികളിൽ വ്യാകരണത്തെറ്റ് കണ്ടെത്തിയ പണ്ഡിതന്മാർക്ക് പിന്നീടു വന്ന പരിണാമമെന്ത്?
5. 'മാതാവേ, അല്പം ശുദ്ധജലം വേണ'മെന്ന് പറയുന്ന ബഷീറിന്റെ കഥാപാത്രമേത്.
6. ജീവിതത്തെക്കുറിച്ചുള്ള അസാമാന്യമായ സത്യങ്ങൾ നമുക്ക് നേരെ തൊടുത്തുവിടുന്ന ബഷീറിന്റെ കൃതിയേത്?
7. ബഷീറിനെ സംബന്ധിച്ച് എഴുത്തിന്റെ മൂലധനം എന്താണ്?
8. നാം കാണുന്നതും അറിയുന്നതും ഉണർന്നിരിക്കുമ്പോൾ തൊട്ടനുഭവിക്കുന്നതുമായ ലോകത്തിനപ്പുറത്ത് ചില ലോകങ്ങളുണ്ട് എന്നു പറയുന്ന ബഷീറിന്റെ രചനയേത്?
9. ഇതിനേക്കാൾ വലിയ യുദ്ധവിരുദ്ധകൃതി നമ്മുടെ സാഹിത്യത്തിലുണ്ടായിട്ടില്ല എന്ന് എം.എൻ. വിജയൻ പറയുന്നത് ബഷീറിന്റെ ഏത് കൃതിയെക്കുറിച്ചാണ്?
10. ബഷീർക്കൃതികളുടെ സമഗ്രമായ അവലോകനം നടത്തുന്ന എം.എൻ. വിജയന്റെ പ്രബന്ധം?

## Answers

1. 1945 ൽ ഒരു പുസ്തക വിൽപനക്കാരനായി
2. കേസരി ബാലകൃഷ്ണപിള്ള
3. ബഷീർ
4. ബഷീറിന്റെ പുസ്തകങ്ങൾ വിൽക്കുന്ന കച്ചവടക്കാരായി മാറി
5. അബ്ദുൾഖാദർ
6. ശബ്ദങ്ങൾ
7. എഴുത്തുകാരന്റെ മൂലധനം അനുഭവങ്ങളാണ് എന്നത്
8. നീലവെളിച്ചം
9. ശബ്ദങ്ങൾ
10. മരുഭൂമികൾ പൂക്കുമ്പോൾ

## Assignments

1. ബഷീറിന്റെ കഥാലോകത്തിന്റെ സവിശേഷതകളെ എം. എൻ. വിജയൻ നിരീക്ഷിക്കുന്നതെങ്ങനെ? ഉപന്യസിക്കുക.
2. മലയാള സാഹിത്യത്തിൽ വിപ്ലവം സൃഷ്ടിച്ച ബഷീറിന്റെ കൃതികളുടെ സവിശേഷതകളെ 'മരുഭൂമികൾ പൂക്കുമ്പോൾ' എന്ന ലേഖനത്തെ മുൻനിർത്തി വിവരിക്കുക.

## Reference


1. എ ഡി: എം.കെ. സാനു, ബഷീർ വർത്തമാനത്തിന്റെ ഭാവി, ഡി.സി. ബുക്സ്, കോട്ടയം.
2. എം. എൻ. വിജയൻ, മരുഭൂമികൾ പൂക്കുമ്പോൾ, കറന്റ് ബുക്സ്, തൃശ്ശൂർ.
3. കെ.എ. ബീന, ബഷീർ എന്ന അനുഗ്രഹം, റാസ്ബറി ഇംപ്രിന്റ്, കോഴിക്കോട്.

BLOCK - 03

# മാധ്യമങ്ങൾക്ക് വേണ്ടിയുള്ള രചന

# യൂണിറ്റ് - 1
## 1.വാർത്താ ഘടന

ജോയ് തിരുമൂലപുരം

## Learning Outcomes

- മാധ്യമരംഗത്തെ പ്രത്യേകതകളെ വിലയിരുത്തുന്നു
- പത്രവാർത്തയുടെ ഘടനയെപ്പറ്റി ചർച്ച ചെയ്യുന്നു
- വാർത്തയുടെ റിപ്പോർട്ടിങ്ങിനെക്കുറിച്ചറിയുന്നു
- വാർത്താ എഡിറ്റിങ്ങിന്റെ രീതികളെ അറിയുന്നു
- വാർത്താഘടനയുടെ ഘട്ടങ്ങളെയും എഴുത്തുരീതിയെയും അപഗ്രഥിക്കുന്നു
- വാർത്താഘടനയിലെ മൗലികതയെ വിലയിരുത്തുന്നു
- വാർത്തയുടെ തലക്കെട്ടു കൊടുക്കുന്നതിലെ ഔചിത്യത്തെപ്പറ്റി ചർച്ചചെയ്യുന്നു

## Prerequisites

മലയാള മനോരമ, ദീപിക, മംഗളം, കേരള കൗമുദി തുടങ്ങി നിരവധി ദിനപത്രങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള പ്രശസ്ത മാധ്യമപ്രവർത്തകനാണ് ജോയ് തിരുമൂലപുരം.

കഴിഞ്ഞ നാലര ദാശാബ്ദത്തിനിടെ കേരളം കണ്ട മികച്ച പത്രപ്രവർത്തകരിൽ ഒരാളാണ് ജോയി തിരുമൂലപുരം. ഈ നാട്, മംഗളം ദിനപത്രങ്ങളുടെ എഡിറ്റോറിയൽ വിഭാഗങ്ങളുടെ ആദ്യ തലവനായിരുന്നു.

ഇന്ത്യയിലെ ഏറ്റവും മികച്ച പത്രസംവിധാനത്തിന് രണ്ട് വർഷങ്ങളിൽ രാഷ്ട്രപതിയുടെ പുരസ്കാരം നേടിയിട്ടുള്ള ഒരേയൊരു മലയാളി പത്രപ്രവർത്തകനാണ് ഇദ്ദേഹം.

ഗ്രാമീണ റിപ്പോർട്ടിങ്ങിനുള്ള രാജ്യത്തെ മികച്ച റിപ്പോർട്ടർക്കുള്ള സ്റ്റേറ്റ്സ്മാൻ അവാർഡ് നേടിയ ആദ്യ മലയാളിയും ജോയി തിരുമൂലപുരമാണ്. 'ഇടമലക്കുടിയിലെ മുതുവാന്മാർ' എന്ന പരമ്പരയാണ് സ്റ്റേറ്റ്സ്മാൻ അവാർഡ് നേടിക്കൊടുത്തത്. 700 ഓളം ചെറുകഥ എഴുതിയിട്ടുണ്ട്.

വാർത്ത, റിപ്പോർട്ടിങ്, എഡിറ്റിങ്, സമ്പൂർണ്ണ പത്രസംവിധാനം എന്നിങ്ങനെ വ്യത്യസ്ത മേഖലകളെക്കുറിച്ച് ജോയി തിരുമൂലപുരം രചിച്ച പുസ്തകങ്ങൾ മലയാള പത്രപ്രവർത്തനത്തിലെ ആധികാരിക ഗ്രന്ഥങ്ങളാണ്. ഫോട്ടോ എഡിറ്റിങ് രംഗത്ത് നവീനമായ ആശയങ്ങൾ പ്രദാനം ചെയ്ത വ്യക്തിയായിരുന്നു.

73-ാം വയസ്സിൽ 2010 ജൂലൈ 23 ന് കോട്ടയത്ത് അന്തരിച്ചു.



SREENARAYANAGURU OPEN UNIVERSITY

വാർത്ത (3 വോള്യം 1. പത്രവും വാർത്തയും 2. റിപ്പോർട്ടിങ് എഡിറ്റിങ്, 3. സമ്പൂർണ്ണ പത്രസംവിധാനം), ഓശാനപ്പൂക്കൾ, വരാത്തവരുടെ കാല്പാടുകൾ, ഇടമലക്കുടിയിലെ മുതുവാന്മാർ, ദു:ഖത്തിന്റെ തുരുത്തിൽ, യുദ്ധം, മാളത്തിൽ തനിയെ, കറുത്ത പക്ഷം, ഉറ ങ്ങൂ ഓമനേ ഉറങ്ങൂ, ഓമലേ ആരോമലേ, തീർത്ഥയാത്ര എന്നിവയാണ് പ്രധാന രചന കൾ.

## Key Themes

- വാർത്താഘടന - എഴുത്ത് രീതി - റിപ്പോർട്ടിങ് - എഡിറ്റിങ് - തലക്കെട്ട് എന്നിവ വിശദമാ ക്കുന്നു.
- വാർത്തയുടെ മൗലികത ചർച്ചചെയ്യുന്നു.
- ഇൻവെർട്ടഡ് പിരമിഡ് ശൈലിയെപ്പറ്റി പറയുന്നു.

## Discussion

ജോയ് തിരുമൂലപുരത്തിന്റെ വാർത്ത വോ ള്യം 3 ലാണ് 'വാർത്താ ഘടന' എന്ന ലേഖനം കൊടുത്തിട്ടുള്ളത്.

വാർത്താഘടനയെക്കുറിച്ചും എഴുത്തുരീതി യെക്കുറിച്ചുമാണ് ഈ ലേഖനത്തിൽ പ്രതിപാദി ക്കുന്നത്

വാർത്താഘടനയിലെ ഓരോ ഘടകത്തെയും സൂക്ഷ്മമായി വിശദീകരിക്കുന്നുണ്ട്.

വാർത്തയുടെ ആദ്യ ഘട്ടമായ തലക്കെട്ടി നെപ്പറ്റിയാണ് ആദ്യം പറയുന്നത്. രണ്ട് വാർ ത്താ ഉദാഹരണങ്ങൾ കൊടുത്തുകൊണ്ട് തല ക്കെട്ടിനെ വിശകലനം ചെയ്യുന്നു.

തലക്കെട്ടിനെപ്പറ്റിയുള്ള വിവരണത്തിന് ശേ ഷം ക്രെഡിറ്റ് ലൈനിനെ (Credit Line) പരിച യപ്പെടുത്തുന്നു.

വിവിധങ്ങളായ ക്രെഡിറ്റ് ലൈനുകളെ സൂചി പ്പിക്കുന്നു.

പിന്നീട് പ്ലേസ്‌ലൈനി(Placeline)നെപ്പറ്റി വി ശകലനം ചെയ്യുന്നു. ഒരു കാലത്ത് നിലവിലു ണ്ടായിരുന്ന ഡേറ്റ്ലൈനി(Dateline) നെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്.

ഇൻട്രോ (Intro), ബോഡി (Body), ടെയിൽ (Tale) തുടങ്ങി വാർത്തയുടെ ഭാഗങ്ങളെപ്പറ്റി വി ശദമായി ചർച്ച ചെയ്യുന്നുണ്ട്. വാർത്ത എഴുതാൻ വേണ്ടി പരമ്പരാഗതമായി ഉപയോഗിക്കുന്ന ഇൻ വെർട്ടഡ് പിരമിഡ് ശൈലി (Inverted Pyramid Style)യെപ്പറ്റിയും അതിന്റെ ഗുണഗണങ്ങളെ യും പോരായ്മകളെയും പറ്റിയും സൂചിപ്പിക്കു ന്നുണ്ട്.

1. വാർത്താഘടനയുടെ മൗലികതയെപ്പറ്റി സൂചിപ്പിച്ചുകൊണ്ടാണ് ലേഖനം തുടങ്ങു ന്നത്.

നമ്മൾ പലപ്പോഴും ഒരു തലക്കെട്ട് വായിച്ച തിനു ശേഷമാണ് ആ വാർത്ത വായിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്. ചില തല ക്കെട്ടുകൾ വായനക്കാരെ ആകർഷിക്കുകയും വാർത്ത വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യു ന്നു. തലക്കെട്ടിലൂടെയാണ് ഒരു വാർത്തയിലേ ക്ക് നമ്മൾ കടക്കുന്നത്. എന്തുകൊണ്ടും ഒരു വാർത്തയുടെ ആദ്യഭാഗം എന്ന് പറയുന്നത് തല ക്കെട്ട് തന്നെയാണ്.

ലേഖനത്തിൽ രണ്ട് വാർത്താഉദാഹരണങ്ങൾ കൊടുത്തിട്ടുണ്ട്.

'ഗുജറാത്തിലെ പ്രതിസന്ധി മൂർച്ഛിക്കുന്നു'

എന്നാണ് ആദ്യവാർത്തയുടെ തലക്കെട്ട്.

ഈ തലക്കെട്ട് വായിക്കുമ്പോൾ തന്നെ വാർത്തയുടെ സ്വഭാവം ഏകദേശം മനസിലാവുന്നുണ്ട്. എന്നാൽ എന്ത് പ്രതിസന്ധിയാണ് മൂർച്ഛിക്കുന്നതെന്ന് തലക്കെട്ടിൽ കൊടുത്തിട്ടില്ല. തലക്കെട്ട് വായിച്ച്, ജിജ്ഞാസയോടെ വാർത്തയിലേക്ക് കടക്കാനുള്ള മനഃശാസ്ത്രപരമായ ഒരു വിദ്യയാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. ഒരു വാർത്ത വായിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാൻ തലക്കെട്ട് പ്രധാന കാരണമാകുന്നു. അതുകൊണ്ട് തന്നെ തലക്കെട്ട് പ്രയോഗിക്കുന്നതിൽ കാര്യമായ സൂക്ഷ്മതയും ഔചിത്യവും ആവശ്യമാണ്.

അടുത്ത ഭാഗത്ത് ക്രെഡിറ്റ് ലൈനി(Credit Line) നെപ്പറ്റിയാണ് പറയുന്നത്. തലക്കെട്ട് കഴിഞ്ഞാൽ പിന്നീട് നമ്മൾ കാണുന്നത് ക്രെഡിറ്റ് ലൈൻ ആണ്. വാർത്ത ശേഖരിച്ച ആളെ സൂചിപ്പിക്കാൻ ആണ് ഈ പ്രയോഗം. പലപ്പോഴും 'സ്വന്തം ലേഖകൻ' എന്ന് കാണാറുണ്ട്. സംഭവസ്ഥലത്തുനിന്നും വാർത്ത ശേഖരിക്കാൻ പത്രം നിയോഗിച്ച ലേഖകൻ ആണ് സ്വന്തം ലേഖകൻ. എന്നാൽ സ്വന്തം ലേഖകൻ ഇല്ലാത്ത പക്ഷം പത്രം മറ്റുള്ളവരുടെ താത്കാലിക സഹായം തേടാറുണ്ട്.

അതായത്, മറ്റെവിടെയെങ്കിലും നിന്നുള്ള ലേഖകനെക്കൊണ്ട് വാർത്ത ശേഖരിക്കുമ്പോൾ അത് 'സ്വന്തം പ്രതിനിധി' ആവുന്നു. എഡിറ്റോറിയൽ സ്റ്റാഫിലെ ആരെങ്കിലും ആണ് വാർത്ത ശേഖരിക്കുന്നതെങ്കിൽ സ്റ്റാഫ് പ്രതിനിധിയോ സ്റ്റാഫ് റിപ്പോർട്ടർ (Staff Reporter) എന്നോ വിളിക്കപ്പെടുന്നു.

പ്രത്യേക ലേഖകൻ എന്ന ഒരു പോസ്റ്റിനെപ്പറ്റി പറയുന്നുണ്ട്. സ്പെഷ്യൽ കറസ്പോണ്ടന്റ്, പ്രത്യേക റിപ്പോർട്ടർ (Special Correspondent) എന്നീ പേരുകളിലും അറിയപ്പെടുന്ന ഈ തസ്തികയ്ക്ക് ഗ്രേഡ് കൂടുതലാണ്. സ്വന്തം ലേഖകനേക്കാൾ അൽപം ഉയർന്ന തസ്തികയാണ് ഇത്. മാത്രമല്ല സ്വന്തം ലേഖകനേക്കാൾ ഗ്രേഡ് കൂടിയ ലേഖകൻ ആയിരിക്കും ഈ തസ്തിക കൈകാര്യം ചെയ്യുന്നത്.

ആരെങ്കിലും അയച്ചു കൊടുക്കുകയോ സന്ദേശം അയക്കുകയോ ചെയ്യുന്ന വാർത്തയാണെങ്കിൽ ഒരു ലേഖകൻ എന്നാണ് ക്രെഡിറ്റ് ലൈൻ (Credit Line) വരുക.

വാർത്തയുടെ പ്രധാന ഉറവിടമാണ് ഏജൻസികൾ. വിവിധ ഏജൻസികളിൽ നിന്നും ഒരുപാട് വാർത്തകൾ പത്രങ്ങൾ ശേഖരിക്കുന്നുണ്ട്. എന്നാൽ പലപ്പോഴും ക്രെഡിറ്റ് ലൈനിൽ ഏജൻസികളുടെ പേർ കൊടുക്കാറില്ല. വാർത്തയുടെ ഒടുവിലോ അല്ലെങ്കിൽ വാർത്തയുടെ ഇടയ്ക്കെപ്പോഴെങ്കിലുമോ ചേർക്കുകയാണ് പതിവ്.

ബൈലൈനി(Byline)നെപ്പറ്റി പറയുന്നുണ്ട്. ക്രെഡിറ്റ് ലൈനിനു പകരം റിപ്പോർട്ട് ചെയ്ത ആളുടെ പേർ കൊടുക്കുന്നതാണ് ബൈലൈൻ. ബൈലൈൻ കൊടുക്കുന്നത് റിപ്പോർട്ടറിന്റെ ആത്മവിശ്വാസം വർധിപ്പിക്കാനും അയാളുടെ നിക്ഷേപം കൂടിയതും മികച്ചതുമാക്കാനും സഹായിക്കും. തന്റെ പേരിലൂടെയാണ് ഈ വാർത്ത പ്രസിദ്ധീകരിക്കപ്പെടാൻ പോവുന്നത് എന്ന ബോധ്യത്തിൽ പരമാവധി നന്നായി വാർത്ത ശേഖരിക്കാനും റിപ്പോർട്ട് ചെയ്യാനും അയാൾ ഉത്സാഹിക്കും. എന്നാൽ എസ്ക്ലൂസീവ് (Exclusive)ആയിട്ടുള്ള വാർത്തകൾക്ക് മാത്രമേ പൊതുവെ ബൈലൈൻ കൊടുക്കാറുള്ളൂ.

വാർത്താഘടനയിലെ അടുത്ത ഭാഗം പ്ലേസ്ലൈൻ (Placeline) ആണ്. സംഭവം നടന്ന സ്ഥലത്തെ സൂചിപ്പിക്കുന്നതാണ് ഈ ഭാഗം. കാസർഗോഡ് ആണ് ഒരു സംഭവം നടന്നതെങ്കിൽ തലക്കെട്ടും ക്രെഡിറ്റ് ലൈനും കഴിഞ്ഞ് കാസർഗോഡ് എന്ന് ചേർത്ത് ആണ് വാർത്ത തുടങ്ങുന്നത്. പണ്ട് ഡേറ്റ്ലൈൻ (Dateline) എന്ന പേരിൽ സംഭവം നടന്ന തീയതിയും ഒപ്പം കൊടുക്കുന്ന പതിവുണ്ടായിരുന്നു. എന്നാൽ അത് വായനക്കാരിൽ തെറ്റിദ്ധാരണകൾ ഉണ്ടാക്കുന്നത് കൊണ്ട് ഉപേക്ഷിക്കുകയിരുന്നു.

ഇനിയാണ് വാർത്തയിലേക്ക് കടക്കുന്നത്. വാർത്തയുടെ ആദ്യ പാരഗ്രാഫിനെ 'ഇൻട്രോ' (Intro) അല്ലെങ്കിൽ 'ലീഡ്' (Lead) എന്ന് വിളിക്കുന്നു. വാർത്തയുടെ ആദ്യ വാക്യം അല്ലെങ്കിൽ ആദ്യ ഖണ്ഡികയാണ് ലീഡ്. വാർത്തയിലേക്കുള്ള പ്രവേശനകവാടവും വാർത്തയുടെ സ്വ

ഭാവം വ്യക്തമാക്കുന്ന ഘടകവും കൂടിയാണിത്. വായനക്കാരെ ആകർഷിക്കുന്ന തരത്തിൽ സൂക്ഷ്മതയോടെയായിരിക്കണം ഇൻട്രോ എഴുതേണ്ടത്. ഇൻട്രോയിൽ നിന്ന് തന്നെ വാർത്തയെപ്പറ്റി ഏകദേശം വിവരങ്ങളൊക്കെ കിട്ടുമെങ്കിലും നല്ലൊരു ഇൻട്രോ വായനക്കാരനെ ഇരുത്തി വായിപ്പിക്കുന്നു.

വാർത്താഘടനയിലെ അടുത്ത ഭാഗം ബോഡി (Body) അഥവാ വാർത്താശരീരമാണ്. ലീഡിന്റെ വിശദീകരണമാണ് ബോഡിയിൽ ഉൾപ്പെടുത്തുന്നത്.

വാർത്താഘടനയിലെ അവസാനഭാഗം 'ടെയിൽ' (Tale) ആണ്. വാർത്തയുടെ ഒടുക്കം എന്ന് വിശേഷിപ്പിക്കുന്നു. അവസാന ഖണ്ഡികയാണിത്. ടെയിൽ വായിക്കുന്ന വായനക്കാരന് വാർത്തയുടെ ഉള്ളടക്കം നഷ്ടപ്പെടുന്നില്ല.

ഇത്തരത്തിൽ വാർത്ത എഴുതുന്നതിന് 'ഇൻവെർട്ടഡ് പിരമിഡ്' (Inverted Pyramid) അഥവാ തിരിച്ചുവച്ച പിരമിഡിന്റെ രൂപത്തിലുള്ള എഴുത്തുരീതിയാണ് പിന്തുടരുന്നത്. പിരമിഡ് തിരിച്ചു വെക്കുമ്പോൾ അതിന്റെ വിശാലമായ പരന്ന ഭാഗം മുകളിലും കൂർത്ത ഭാഗം താഴെയുമായി വരുന്നു. ഇതു പോലെത്തന്നെയാണ് വാർത്ത എഴുതേണ്ടതും.

പ്രധാനപ്പെട്ട കാര്യങ്ങൾ ആദ്യഭാഗത്തും പിന്നീട് പ്രാധാന്യം കുറഞ്ഞവ താഴെ താഴെയായി എഴുതി വരുന്നു.

ഇങ്ങനെ എഴുതുന്നതുകൊണ്ട് വായനക്കാർക്കുള്ള ഗുണം, എളുപ്പത്തിൽ, സമയം പോലെ അറിയേണ്ടുന്നവ ആദ്യം വായിച്ചെടുക്കാൻ കഴിയുന്നു എന്നതാണ്. അവസാന ഭാഗം വായിച്ചില്ലെങ്കിലും വലിയ നഷ്ടമൊന്നും ഉണ്ടാവുന്നില്ല.

മാത്രമല്ല, എഡിറ്റർമാർക്കും ഈ ഒരു രീതി വളരെ സഹായം ചെയ്യുന്നു. സ്ഥലം തികയാതെയോ മറ്റോ വന്നാൽ വാർത്തകളിലെ അവസാന ഭാഗം വേണ്ടത് പോലെ ഒഴിവാക്കാം.

പത്രവാർത്തകൾ എഴുതുന്നതിന് ഉപയോഗിക്കുന്ന പരമ്പരാഗത ശൈലിയാണ് 'ഇൻവെർട്ടഡ് പിരമിഡ്'. ഈ രീതിയിൽ പ്രധാന വസ്തുതകൾ ആദ്യഭാഗത്തും വിശദീകരണങ്ങൾ പിന്നീടും ചേർക്കുന്നു. തലകീഴായുള്ള പിരമിഡ് ശൈലിയിലുള്ള പത്രവാർത്തകൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിക്ക് മുമ്പ് പ്രചാരത്തിലുണ്ടായിരുന്നു. അമേരിക്കൻ ആഭ്യന്തര യുദ്ധകാലഘട്ടത്തിലാണ് തലകീഴായ പിരമിഡ് ശൈലി ഉത്ഭവിച്ചത്. യുദ്ധഭൂമിയിൽ പ്രവർത്തിച്ചിരുന്ന റിപ്പോർട്ടർമാർ ടെലിഗ്രാം വഴിയാണ് വാർത്തകൾ അവരുടെ ആസ്ഥാനങ്ങളിൽ എത്തിച്ചിരുന്നത്. ഏത് സമയത്തും ടെലിഗ്രാം കേബിളുകൾ ശത്രു സൈന്യം മുറിച്ചു മാറ്റിയേക്കാം എന്നതും സാങ്കേതിക പിഴവുകൾ വന്നേക്കാം എന്നതും റിപ്പോർട്ടർമാരെ നിരന്തരം അലട്ടിയിരുന്നു. അതുകൊണ്ട് അവർ ഏറ്റവും പ്രധാനപ്പെട്ട കാര്യം ആദ്യം അറിയിക്കുകയും വിശദാംശങ്ങൾ പിന്നീട് കൂട്ടിച്ചേർക്കുകയും ചെയ്യുന്ന ശൈലി ആരംഭിച്ചു. ടെലിഗ്രാം സന്ദേശങ്ങൾ ഉപയോഗിച്ച് വാർത്താഏജൻസി തലകീഴായ പിരമിഡ് ശൈലി സ്ഥിരപ്പെടുത്തി. പിന്നീട് പത്രവാർത്തകളുടെ ഘടനയും ഈ ശൈലീപ്രകാരമായി തീർന്നു. എഡിറ്റിങ്ങിനും ഈ രീതി സൗകര്യമായിരുന്നു. സ്ഥലപരിമിതി ഉണ്ടാകുമ്പോൾ വാർത്തകളുടെ അവസാനഭാഗം ഒഴിവാക്കിയാൽ പ്രധാന വസ്തുതകൾ നഷ്ടപ്പെടുന്നില്ല എന്നത് ഈ ശൈലിയുടെ ഒരു പ്രത്യേകതയാണ്. വായനക്കാർക്കും ഇത് ഗുണകരമാണ്. എന്തെന്നാൽ ഈ ശൈലിയിൽ വായനക്കാരന് വളരെ പെട്ടന്ന് വസ്തുതകൾ മനസിലാക്കാൻ സാധിക്കുന്നു. ഒരു വാർത്ത തുടർന്ന് വായിക്കണോ എന്ന് തലക്കെട്ടും ലീഡും വായിച്ചതിനുശേഷം വായനക്കാരനു തീരുമാനിക്കാം. തലകീഴായ പിരമിഡ് ശൈലിക്ക് ചില പോരായ്മകളുണ്ട്. ആദ്യ ഖണ്ഡിക തന്നെ ഒരു സംഭവത്തിന്റെ സംഗ്രഹം നൽകുന്നതുകൊണ്ട് പിന്നീടുള്ള ഭാഗത്തു ധാരാളം ആവർത്തനങ്ങൾ വരാൻ സാധ്യതയുണ്ട്. കൂടാതെ തലകീഴായ പിരമിഡ് ശൈലിയിൽ എഴുതുന്ന വാർത്തകളിൽ ആകാംക്ഷയ്ക്ക് സ്ഥാനമില്ല. കാരണം ആദ്യഭാഗത്ത് നിന്ന് ഏറ്റവും പ്രധാനപ്പെട്ട വസ്തുതകൾ വായനക്കാർ അറിയുന്നു.

എന്നാൽ എല്ലാത്തരം വാർത്തകൾക്കും ഈ ഇൻവെർട്ടഡ് പിരമിഡ് ഘടന ഉപയുക്തമല്ല. വായനക്കാരെ വൈകാരികമായി ഉണർത്തേ

ണ്ടുന്ന വാർത്തകൾ ഇത്തരത്തിൽ എഴുതാറില്ല.

പത്രവാർത്ത എഴുത്തിന് തനതായ ഒരു ശൈലി തന്നെയുണ്ട്. മറ്റെല്ലാ എഴുത്തുകളിൽ നിന്നും വിഭിന്നമാണിത്. ചുറ്റുപാടും നടക്കുന്ന സംഭവങ്ങൾ ജനങ്ങളെ അറിയിക്കുക, പൊതുജനാഭിപ്രായം രൂപീകരിക്കുക തുടങ്ങിയവയാണ് പത്രമാധ്യമങ്ങൾ മുന്നോട്ടു വെക്കുന്ന ധർമം.

ഓരോ വാർത്തയും അതിന്റെ ഉള്ളടക്കം ചോരാതെ ജനങ്ങളിലേക്കെത്തിക്കേണ്ടത് അത്യാവശ്യമാണ്. ആകർഷകമായ തലക്കെട്ടുകളാണ് പലപ്പോഴും ജനങ്ങളെ വായനയിലേക്ക് നയിക്കുന്നത്.

കൊടുത്തിരിക്കുന്ന വാർത്തയെ ഉൾക്കൊള്ളാൻ തലക്കെട്ടുകൾക്കാവണം. ഔചിത്യം ദീക്ഷിച്ചു കൊണ്ടാണ് ഓരോ ഭാഗവും പൂർത്തിയാക്കേണ്ടത്.

എന്നാൽ ഇന്ന്, തലക്കെട്ട് കൊണ്ട് വാർത്തയുടെ അർത്ഥധ്വനി തന്നെ മാറുന്ന രീതിയിലേക്ക് വാർത്തയെഴുത്തിലെ ഔചിത്യബോധവും മറ്റും കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്നു.

പത്രങ്ങൾ, പക്ഷപാതിയായി നിന്നുകൊണ്ട് പല വാർത്തകളിലെയും പ്രധാനകാര്യങ്ങളെ മറച്ചു പിടിക്കാനോ വളച്ചൊടിക്കാനോ ശ്രമിക്കുന്നുണ്ട്.

## Recap

- പത്രവാർത്തയ്ക്ക് കൃത്യമായ എഴുത്തുരീതി സ്വന്തമായുണ്ട്
- തലക്കെട്ടിലൂടെയാണ് വാർത്തയിലേക്ക് കടക്കുന്നത്
- തലക്കെട്ട് കഴിഞ്ഞാൽ അടുത്ത ഭാഗം ക്രെഡിറ്റ് ലൈൻ ആണ്. ഇവിടെ, വാർത്ത ശേഖരിച്ച ആളെ സൂചിപ്പിക്കുന്നു വിവിധ തരത്തിലുള്ള ക്രെഡിറ്റ് ലൈനുകൾ ഉണ്ട്. അവയ്ക്ക് അവയുടേതായ അർത്ഥവും സ്ഥാനവും ഉണ്ട്
- പ്ലേസ്‌ലൈൻ സംഭവം നടന്ന സ്ഥലത്തെ സൂചിപ്പിക്കുന്നു
- ഇൻവെർട്ടഡ് പിരമിഡിന്റെ ഘടനയാണ് വാർത്തയുടെ എഴുത്തുരീതിക്ക് ഉപയോഗിക്കുന്നത്
- പ്രധാനപ്പെട്ട കാര്യങ്ങൾ ആദ്യഭാഗത്തും അതിന്റെ വിശദീകരണങ്ങൾ പിന്നീടുമായി കൂട്ടിച്ചേർക്കുന്നു
- വാർത്തയുടെ തുടക്കം ഇൻട്രോ എന്ന പേരിൽ അറിയപ്പെടുന്നു. പ്രധാനപ്പെട്ട കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കുന്നു
- ഇൻട്രോ കഴിഞ്ഞാൽ അടുത്ത ഭാഗം 'ബോഡി' അഥവാ വാർത്താശരീരമാണ്. ഇവിടെ ഇൻട്രോയുടെ വിശദീകരണമാണ് കൊടുക്കുന്നത്
- അവസാനഭാഗമാണ് ടെയിൽ. അപ്രധാനമായ കാര്യങ്ങളാണ് ഇവിടെ കൊടുക്കുന്നത്. ടെയിൽ ഒഴിവാക്കിയാലും വാർത്തയുടെ ഉള്ളടക്കം നഷ്ടപ്പെടുന്നില്ല
- വായനക്കാർക്ക്, അവശ്യ കാര്യങ്ങൾ എളുപ്പത്തിൽ വായിച്ചെടുക്കാനും പത്ര എഡിറ്റർമാർക്ക് സൗകര്യത്തിനനുസരിച്ച് ടെയിലും മറ്റും ഒഴിവാക്കിക്കൊണ്ടുള്ള എഡിറ്റിങിനുമൊക്കെ ഈ ഇൻവെർട്ടഡ് പിരമിഡ് രീതി സഹായകമാണ്

## Objective Type Questions

1. വാർത്ത തുടങ്ങുന്നത് എന്തിലൂടെയാണ്?
2. ക്രെഡിറ്റ് ലൈൻ എന്തിനെ സൂചിപ്പിക്കുന്നു?
3. പ്ലേസ്‌ലൈൻ എന്തിനെ സൂചിപ്പിക്കുന്നു?
4. വാർത്തയുടെ എഴുത്ത് ഘടന ഏതാണ്?
5. വാർത്തയുടെ തുടക്കം അറിയപ്പെടുന്നത് എങ്ങനെയാണ്?
6. പ്രത്യക്ഷത്തിൽ ആദ്യം ജനങ്ങളെ വായനയിലേക്ക് നയിക്കുന്നതെന്ത്?
7. മികച്ച റിപ്പോർട്ടിങിനുള്ള സ്റ്റേസ്മാൻ അവാർഡ് നേടിയ ആദ്യ മലയാളി?
8. ബൈലൈൻ എന്തിനെ സൂചിപ്പിക്കുന്നു?
9. ഇൻട്രോ അഥവാ ലീഡ് എന്നാലെന്ത്?
10. സ്റ്റേസ്മാൻ അവാർഡ് ജോയ് തിരുമൂലപുരത്തിന് നേടിക്കൊടുത്ത പരമ്പര ഏത്?

## Answers

1. തലക്കെട്ടിലൂടെ
2. വാർത്തശേഖരിച്ച ആളെ
3. സംഭവം നടന്ന സ്ഥലത്തെ
4. ഇൻവെർട്ടഡ് പിരമിഡിന്റെ ഘടന
5. ഇൻട്രോ എന്നറിയപ്പെടുന്നു
6. തലക്കെട്ടുകൾ
7. ജോയ് തിരുമൂലപുരം
8. ക്രെഡിറ്റ് ലൈനിന് പകരം റിപ്പോർട്ടറുടെ പേര് കൊടുക്കുന്നത്
9. ഒരു വാർത്തയിലെ പ്രധാനപ്പെട്ട ആദ്യ പാരഗ്രാഫ്
10. ഇടമലക്കുടിയിലെ മുതുവാന്മാർ

## Assignments

1. വാർത്തയുടെ തലക്കെട്ടിന്റെ പ്രയോഗത്തിൽ പുലർത്തേണ്ട സൂക്ഷ്മതയുടെ പ്രാധാന്യം വിലയിരുത്തുക.
2. വിവിധ വാർത്തകൾ ശേഖരിച്ച് വാർത്താഘടകങ്ങളെക്കുറിച്ച് വിലയിരുത്തുക.
3. വാർത്തയെഴുത്തിൽ ശ്രദ്ധിക്കേണ്ട വിവരങ്ങൾ ജോയ് തിരുമൂലപുരം സംക്ഷേപിക്കുന്നതെങ്ങനെ? ഉപന്യസിക്കുക.

## Reference


1. പുതുപ്പള്ളി രാഘവൻ, കേരള പത്രപ്രവർത്തന ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, വൃത്താന്തപത്രപ്രവർത്തനം, മാളുബൻ, തിരുവനന്തപുരം.
3. പി.കെ. രാജശേഖരൻ, മലയാളിയുടെ മാധ്യമജീവിതം , കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ജോയ് തിരുമൂലപുരം, വാർത്ത:സമ്പൂർണ്ണ പത്രസംവിധാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ജോയ് തിരുമൂലപുരം, വാർത്ത:സ്വഭാവം, പ്രകൃതം, മൂല്യം, ഉറവിടം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - തിരുവനന്തപുരം.

# 2.വാർത്താ മൂലകങ്ങൾ

ജോയ് തിരുമൂലപുരം

## Learning Outcomes

- പത്രപ്രവർത്തന രംഗത്ത് ജോയ് തിരുമൂലപുരം നൽകിയ സംഭാവനകൾ മനസ്സിലാക്കുന്നു
- വാർത്ത എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നു
- അഞ്ചു വാർത്താമൂലകങ്ങളെ അപഗ്രഥിക്കുന്നു
- ഇൻഡ്രോ, ബോഡി, ടെയിൽ (Intro, Body, Tale) എന്നിവയെക്കുറിച്ച് വിശദീകരിക്കുന്നു
- എഡിറ്റിങിനെ സഹായിക്കുന്ന ഘടകങ്ങളെപ്പറ്റി അറിയുന്നു
- NEWS- എന്ന വാക്കിനെ വാർത്താരചനയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നു
- മാധ്യമപ്രവർത്തകന് സമൂഹത്തിലുള്ള ഉത്തരവാദിത്വത്തെപ്പറ്റി ചർച്ച ചെയ്യുന്നു

## Prerequisites

പ്രശസ്ത മലയാള പത്രപ്രവർത്തകനാണ് ജോയ് തിരുമൂലപുരം. മലയാള പത്രപ്രവർത്തനരംഗത്ത് തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം പത്രപ്രവർത്തന രംഗത്ത് നൽകിയ സംഭാവനകൾ ഏറെയാണ്.

മലയാള മനോരമ, ദീപിക, മംഗളം, കേരള കൗമുദി തുടങ്ങിയ നിരവധി ദിനപത്രങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള ജോയ് മംഗളം ദിനപത്രത്തിന്റെ എഡിറ്റോറിയൽ വിഭാഗങ്ങളുടെ ആദ്യ തലവനായിരുന്നു.

ഇന്ത്യയിലെ ഏറ്റവും മികച്ച പത്രസംവിധാനത്തിന് രണ്ട് വർഷങ്ങളിൽ രാഷ്ട്രപതിയുടെ പുരസ്കാരം നേടിയിട്ടുള്ള ഒരേയൊരു മലയാളി പത്രപ്രവർത്തകൻ എന്ന ഖ്യാതി ജോയ് തിരുമൂലപുരത്തിനു സ്വന്തമാണ്.

വാർത്ത, റിപ്പോട്ടിങ്, എഡിറ്റിങ്, സമ്പൂർണ്ണ പത്രസംവിധാനം എന്നിങ്ങനെ വ്യത്യസ്ത മേഖലകളെക്കുറിച്ച് ജോയി തിരുമൂലപുരം രചിച്ച പുസ്തകങ്ങൾ മലയാള പത്രപ്രവർത്തന മേഖലയിലെ ആധികാരിക ഗ്രന്ഥങ്ങളാണ്.

700 ഓളം ചെറുകഥകളും ജോയ് തിരുമൂലപുരം എഴുതിയിട്ടുണ്ട്. ഫോട്ടോ എഡിറ്റിങ് രംഗത്ത് നവീനമായ ആശയങ്ങൾ പ്രദാനം ചെയ്ത വ്യക്തിയാണ് അദ്ദേഹം.

വാർത്ത 3 വോള്യം (1. പത്രവും വാർത്തയും 2. റിപ്പോർട്ടിംഗ് എഡിറ്റിംഗ് 3. സമ്പൂർണ്ണ പത്രസംവിധാനം), ഓശാനപ്പൂക്കൾ, വരാത്തവരുടെ കാൽപ്പാടുകൾ, ഇടമലക്കുടിയിലെ

മുതുവാന്മാർ, ദു:ഖത്തിന്റെ തുരുത്തിൽ, യുദ്ധം, മാളത്തിൽ തനിയെ, കറുത്ത പക്ഷം, ഉറങ്ങൂ ഓമനേ ഉറങ്ങൂ, ഓമലേ ആരോമലേ, തീർത്ഥയാത്ര എന്നിവയാണ് രചിച്ച പുസ്തകങ്ങൾ.

73 ാം വയസ്സിൽ 2010 ജൂലൈ 23 ന് കോട്ടയത്ത് അന്തരിച്ചു.

## Key Themes

- വാർത്തയുടെ അടിസ്ഥാന ചോദ്യങ്ങൾ - 5 വാർത്താ എന്നിവ മൂലകങ്ങൾ പരിചയപ്പെടുന്നു.
- ഇൻട്രോ - ബോഡി - ടെയിൽ (Intro, Body, Tale) - എന്നിവ എന്തെന്ന് മനസ്സിലാക്കുന്നു.

## Discussion

ജോയ് തിരുമൂലപുരത്തിന്റെ വാർത്ത വോള്യം 3 എന്ന പുസ്തകത്തിലാണ് 'വാർത്താമൂലകങ്ങൾ' എന്ന ലേഖനം കൊടുത്തിട്ടുള്ളത്.

ഒരു വാർത്തയുടെ അടിസ്ഥാനമൂലകങ്ങളെ പറ്റിയാണ് ലേഖനത്തിൽ ചർച്ച ചെയ്യുന്നത്.

5 W കളെയും 1 H ഉം പരിചയപ്പെടുത്തുന്നുണ്ട്. ഒരു സംഭവത്തോട് പൊതുവെ മനുഷ്യൻ അറിയാൻ ആഗ്രഹിക്കുന്ന അടിസ്ഥാനപരമായ ആറു ചോദ്യങ്ങളാണിവ. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരമെന്നോണമാണ് വാർത്ത എഴുതിപ്പോകുന്നത്.

ഈ ചോദ്യങ്ങളെ പരിഗണിക്കാതിരുന്നാൽ ഉണ്ടാകുന്ന അപൂർണ്ണതയെപ്പറ്റി വിശദീകരിക്കുന്നു.

വാർത്താമൂലകങ്ങളും അവയുടെ ശരിയായ ഉപയോഗവും ന്യൂസ് എന്ന പദത്തിലെ നാല് അക്ഷരങ്ങൾ ഉപയോഗിച്ച് ചർച്ച ചെയ്യുന്നു.

ഒരു സംഭവം നടന്നാൽ അനുനിമിഷം റിപ്പോർട്ടറുടെ ഉള്ളിൽ ഈ ചോദ്യങ്ങൾ ഉരുത്തിരിയേണ്ടുന്ന ആവശ്യകതയെപ്പറ്റി അവസാനഭാഗത്ത് സൂചിപ്പിക്കുന്നു.

വാർത്താ മൂലകങ്ങളെ പരിചയപ്പെടുത്തുകയാണ് ആദ്യ ഭാഗത്ത്. ഒരു വാർത്തയ്ക്കു 5 മൂലകങ്ങളുണ്ട്.

എപ്പോൾ (When?)

എവിടെ (Where?)

എന്ത് (What?)

എന്തു കൊണ്ട് (Why?)

ആര് (Who?)

എങ്ങനെ (How?)

ഇവയാണ് വാർത്തയിലെ അഞ്ചു മൂലകങ്ങൾ. മലയാളത്തിൽ ഇവയെ 5എകൾ, ഒരു അ എന്നോ ആറു എകൾ എന്നോ പറയുന്നു. ഇംഗ്ലീഷിൽ 5 W കളും 1 H ഉം എന്ന് വിളിക്കുന്നു.

ഇവയ്ക്കുള്ള ഉത്തരം പോലെയാണ് വാർത്ത എഴുതേണ്ടത്.

ഒരു സംഭവത്തെപ്പറ്റി വായനക്കാർ അറിയാൻ ആഗ്രഹിക്കുന്ന വസ്തുതകളുടെ ചോദ്യങ്ങളാണിവ. ഈ ചോദ്യങ്ങൾക്ക് കൃത്യമായി ഉത്തരങ്ങൾ നൽകാൻ വാർത്തയ്ക്കാവണം.

ഈ ചോദ്യങ്ങളിലൊന്നിനെ പരിഗണിക്കാതിരുന്നാൽ പോലും വാർത്ത അപൂർണ്ണമാകും.

ഈ കാര്യം മനസിലാക്കാൻ വേണ്ടി, ഒരു ഉദാഹരണം വിവരിച്ചു കൊടുത്തിട്ടുണ്ട്.

പൊതുവെ എവിടെയെങ്കിലും എന്തെങ്കിലു

മൊരു കാര്യം സംഭവിച്ചാൽ, അല്ലെങ്കിൽ ആരെങ്കിലും പറയുന്നത് കേട്ടാൽ സ്വഭാവികമായും നമ്മൾ ചോദിച്ചു പോകുന്ന ചോദ്യങ്ങൾ തന്നെയാണ് ആര്?, എന്ത്?, എപ്പോൾ?, എവിടെ? എന്നൊക്കെ. പത്രമാധ്യമത്തിന്റെ ധർമം ഒരു വാർത്ത അതിന്റെ പൂർണ്ണതയോടെ ജനങ്ങളിലേക്ക് എത്തിക്കുക എന്നാണല്ലോ. അപ്പോൾ തീർച്ചയായും ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം തന്നുകൊണ്ടായിരിക്കണം ഒരു വാർത്ത ഉണ്ടാവേണ്ടത്.

വാർത്തയ്ക്കു പ്രധാനമായും ഇൻട്രോ, ബോഡി, ടെയിൽ (Intro, Body, Tale) എന്ന് മൂന്ന് ഭാഗങ്ങളുണ്ടല്ലോ. അതിൽ ഇൻട്രോ എന്ന ഭാഗത്ത് തന്നെ അഥവാ വാർത്തയുടെ തുടക്കത്തിൽ തന്നെ ഈ ആറു ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ ഉൾകൊള്ളിക്കാൻ ആദ്യകാലത്തെ പത്രങ്ങൾ ശ്രദ്ധിച്ചിരുന്നു. എന്നാൽ അത്തരമൊരു രീതി വാർത്തയുടെ തുടക്കത്തെ കൂടുതൽ സങ്കീർണ്ണവും ദീർഘവുമാക്കുന്നു എന്നതിനാൽ പിന്നീട്, കുറച്ച് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം ഇൻട്രോയിൽ കൊടുക്കുന്ന രീതി പിന്തുടർന്നു. ബാക്കി ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ അടുത്ത ഭാഗത്ത് കൊടുക്കുന്ന രീതി സ്വീകരിച്ചു.

സംഭവസ്ഥലത്തു നിന്നോ അല്ലാതെയോ വാർത്ത റിപ്പോർട്ട് ചെയ്യുമ്പോൾ തന്നെ ഈ ചോദ്യങ്ങൾ റിപ്പോർട്ടറുടെ മനസ്സിൽ വരേണ്ടതാണ്. ആദ്യറിപ്പോർട്ട് തന്നെ ഇത്തരത്തിൽ ചോദ്യങ്ങളെ പിന്തുടരുന്നതാകയാൽ പിന്നീട് കൂടുതൽ പണി വരുന്നില്ല. എഡിറ്റിങ്ങിനും അത് ഒരുപാട് സഹായിക്കുന്നു.

വാർത്താമൂലകങ്ങളെയും അവയുടെ ശരിയായ ഉപയോഗത്തേയും ന്യൂസ് എന്ന ഇംഗ്ലീഷ് പദത്തിലെ നാലക്ഷരങ്ങൾ ഉപയോഗിച്ച് ചർച്ച ചെയ്യുന്നുണ്ട്. ആദ്യത്തെ അക്ഷരമായ N- news value അഥവാ വാർത്താമൂല്യത്തെ സൂചിപ്പിക്കുന്നു. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതും റേഡിയോയിലൂടെ കേൾക്കുന്നതും ടെലിവിഷനിലൂടെ കാണുന്നതുമായ കാര്യങ്ങളാണ് വാർത്തകൾ. എന്നാൽ വാർത്തകൾ സംഭവങ്ങളല്ല. മറിച്ചു സംഭവങ്ങളെ സംബന്ധിച്ചിട്ടുള്ള റിപ്പോർട്ടുകളാണ് എന്നത് പ്രത്യേകം ഓർത്തിരിക്കേണ്ട വസ്തുതയാണ്. ആയിരക്കണക്കിന് സംഭവങ്ങൾ, പ്രതികരണങ്ങൾ, പ്രസ്താവനകൾ തുടങ്ങിയവ അനുദിനം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വന്നു കൊണ്ടിരിക്കുന്നു. ഇതിൽ ഏതൊക്കെയാണ് വാർത്താമൂല്യമുള്ളത്, ഏതൊക്കെയാണ് പ്രധാനപ്പെട്ടവ, ഏതൊക്കെയാണ് ഒഴിവാക്കേണ്ടത്, ഏതൊക്കെയാണ് മുൻപേജിൽ സ്ഥാനം പിടിക്കേണ്ടത്, ഇങ്ങനെ വാർത്തയെ മൂല്യനിർണ്ണയം ചെയ്യുമ്പോൾ പാലിക്കേണ്ട ചില പൊതു മാനദണ്ഡങ്ങളുണ്ട്.

ഒരു സംഭവം വലിയൊരു വിഭാഗം ജനങ്ങളെ ബാധിക്കുന്നതോ ബാധിക്കാൻ സാധ്യത ഉള്ളതോ ആണെങ്കിൽ അത് വൻ വാർത്തയാകും. എല്ലാ സംഭവങ്ങൾക്കും ജനങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള സ്വാധീനം ചെലുത്താൻ സാധിച്ചേക്കും. എന്നാൽ സമൂഹത്തിൽ വലിയ തോതിൽ അനന്തരഫലങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ അവ നിശ്ചയമായും വാർത്തകളായി സ്ഥാനം പിടിക്കും.

മിക്ക അഭിപ്രായഭിന്നതകൾക്കും വാർത്താമൂല്യമുണ്ട്. അഭിപ്രായഭിന്നതകൾ സംഘർഷത്തിലേക്കും തുടർന്ന് നാശനഷ്ടങ്ങളിലേക്കും എത്തിച്ചേരുമ്പോൾ അവയുടെ വാർത്താമൂല്യം വർദ്ധിക്കുന്നു. ചെറിയ അപകടങ്ങൾ ചെറിയ വാർത്തകളും വലിയ അപകടങ്ങൾ വലിയ വാർത്തകളുമായി മാറുന്നു. 'സമകാലികത്വം' വാർത്താമൂല്യങ്ങളിൽ പ്രധാനപ്പെട്ടതാണ്. സമയം വൈകുന്തോറും വാർത്തയുടെ മൂല്യം നഷ്ടപ്പെടുന്നു. നാലു മണിക്കൂർ മുമ്പ് നടന്ന ഗതാഗത തടസ്സത്തിന് ഇരുപത്തിനാല് മണിക്കൂർ മുമ്പേ നടന്ന ഗതാഗത തടസ്സത്തേക്കാൾ പ്രാധാന്യം ലഭിക്കും. അതുപോലെതന്നെ വാർത്തയ്ക്കു ആധാരമായ സംഭവം നടക്കുന്ന സ്ഥലവുമായി വായനക്കാരനുള്ള അടുപ്പം വാർത്താമൂല്യം വർദ്ധിപ്പിക്കുന്നു. മനുഷ്യന്റെ വികാരത്തെ തൊട്ടുണർത്തുന്ന വാർത്തകൾ വാർത്താമൂല്യമേറിയവയാണ്.

പുതുമയുള്ള പ്രസ്താവനകൾ, പ്രവൃത്തികൾ, സംഭവങ്ങൾ ഇവയ്ക്കൊക്കെ വാർത്താമൂല്യമുണ്ട്. സംഭവങ്ങളിലെ അസാധാരണത്വമാ

ണ് ഇതിനു കാരണം.

ചിലരുടെ പേരുകൾ തന്നെ വാർത്ത സൃഷ്ടിക്കുന്നു. സെലിബ്രിറ്റികളായ ആൾക്കാരുടെ ഇടപെടലുകൾ, പ്രസ്താവനകൾ, ജീവിതം ഇവയൊക്കെ വാർത്താപ്രാധാന്യം നേടുന്നു. ധനസംബന്ധമായ കാര്യങ്ങൾ, ലൈംഗികതയുമായി ബന്ധപ്പെട്ട സംഭവങ്ങൾ ഇവയ്ക്കൊക്കെ വാർത്താമൂല്യമുണ്ട്.

ഇങ്ങനെ വാർത്താമൂല്യമുള്ള വാർത്തകൾ മാത്രമേ മാധ്യമങ്ങളിൽ ഇടം പിടിക്കുന്നുള്ളൂ. News എന്ന പദത്തിലെ രണ്ടാമത്തെ അക്ഷരമായ 'e' emphasis (ഊന്നൽ) ആണ് മുന്നോട്ട് വെക്കുന്നത്. ഇൻട്രോയിൽ വാർത്തയുടെ പ്രധാനവും രസകരവുമായ വസ്തുതകൾ ഉണ്ടോ എന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

വാർത്തയുടെ തുടക്കമാണ് ഇൻട്രോ(Intro). ഇൻവെർട്ടഡ് പിരമിഡ് ഘടനയിലുള്ളതായിരിക്കണമല്ലോ വാർത്ത. സംഭവവുമായി ബന്ധപ്പെട്ട, പ്രധാന കാര്യങ്ങൾ 'ഇൻട്രോ'യിൽ കൊടുത്തിരിക്കണം. മാത്രമല്ല, 'ഇൻട്രോ' രസകരമായി അവതരിപ്പിക്കാൻ ആവണം. രസകരമായ ഇൻട്രോ വായനക്കാരെ ആകർഷിക്കുകയും ഇരുത്തി വായിപ്പിക്കുകയും ചെയ്യുന്നു.

അടുത്ത അക്ഷരമായ w(worthiness)അഥവാ വാർത്താവായന 'പ്രധാന'മാണോ അല്ലെങ്കിൽ വാർത്ത വായിക്കാൻ കൊള്ളാമോ എന്നാണ്. വായനയെ സുഗമമാക്കുന്ന രീതിയിലായിരിക്കണം വാർത്താഎഴുത്തിലെ ഭാഷ. സാധാരണക്കാരായ ജനങ്ങളടക്കം വായിക്കേണ്ടുന്നതാകയാൽ അവരെയും കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പൊതുവായ ഭാഷയും ലാളിത്യവും പ്രയോഗിക്കണം.

അടുത്ത അക്ഷരമായ s (source) 'ഉറവിട'ത്തെയാണ് സൂചിപ്പിക്കുന്നത്. വാർത്താ ഉറവിടങ്ങളെപ്പറ്റി എല്ലാ വാർത്തയിലും കൊടുക്കാറില്ല. അത് നിർബന്ധവുമല്ല.

ഇതൊക്കെ വാർത്താറിപ്പോർട്ടിങ്ങിൽപ്പെടുന്ന കാര്യങ്ങളാണ്.

ഒരു വാർത്ത റിപ്പോർട്ട് ചെയ്യുമ്പോൾ ഈ കാര്യങ്ങളൊക്കെയും റിപ്പോർട്ടറുടെ മനസ്സിൽ തനിയെ വരേണ്ടതാണ്. ഒരു സംഭവം നടന്നാൽ അപ്പോൾ തന്നെ 5 Wകളും 1 H ഉം റിപ്പോർട്ടറുടെ മനസ്സിൽ കടന്നു വരണം. അങ്ങനെ ആണെങ്കിൽ ചെറിയ സമയത്തിനുള്ളിൽ എല്ലാ കാര്യങ്ങളും പെട്ടെന്ന് ചെയ്തു തീർക്കാൻ പറ്റുന്നു.

നമ്മുടെ ചുറ്റുവട്ടത്തും അതിനപ്പുറവും സംഭവിച്ചതും സംഭവിക്കുന്നതും സംഭവിക്കാൻ പോകുന്നതുമായ കാര്യങ്ങൾ അറിയുന്നതിനുള്ള ജിജ്ഞാസ എല്ലാ മനുഷ്യരിലും ഉണ്ട്. ബഹുജന മാധ്യമങ്ങളായ പത്രം, റേഡിയോ, ടെലിവിഷൻ, സിനിമ, ഇന്റർനെറ്റ് എന്നിവയുമായി മാത്രം ബന്ധപ്പെട്ട് കിടക്കുന്നതല്ല വാർത്ത. മനുഷ്യകുലത്തിന്റെ ചരിത്രാരംഭത്തിൽ തന്നെ ജനങ്ങൾ വാർത്തകൾ പരസ്പരം കൈമാറാൻ തുടങ്ങിയിരുന്നു. ഒരു പ്രദേശത്തെ ജനങ്ങൾ കണ്ടുമുട്ടുമ്പോൾ പരസ്പരം വാർത്തകൾ വാമൊഴിയായി കൈമാറിയതായിരുന്നു പഴയ രീതി. കാലക്രമേണ ദിനപത്രങ്ങളുടെ വികാസവും പിന്നീട് പ്രക്ഷേപണ മാധ്യമങ്ങളുടെ വികാസവും വാർത്തകളുടെ വിപണനത്തിന് ആക്കം വർധിപ്പിച്ചു. വാർത്തകൾ ശേഖരിച്ച് അവ വിതരണം ചെയ്യുന്നത് പിന്നീട് ഒരു തൊഴിലായി രൂപാന്തരപ്പെട്ടു.

അങ്ങനെ പൊതുജനങ്ങൾക്ക് വാർത്തകൾ എത്തിച്ചു കൊടുക്കുന്ന സേവനദാതാക്കളായി മാധ്യമങ്ങൾ മാറി.

അതുകൊണ്ട് തന്നെ മാധ്യമപ്രവർത്തകർക്കുള്ള ഉത്തരവാദിത്തങ്ങൾ വളരെ വലുതാണ്.

വാർത്തകൾ കൃത്യതയോടെ വസ്തുനിഷ്ഠമായി ജനങ്ങളിലേക്ക് എത്തിക്കേണ്ടത് മാധ്യമങ്ങളുടെ കടമയാണ്.

പരമ്പരാഗതമായി ശീലിച്ചു പോയ ഒരു വാർത്താ എഴുത്ത് രീതിയും ഘടനയുമൊക്കെയാണ് ഇന്നും പത്രമാധ്യമങ്ങൾ പിന്തുടരുന്നത്. 5 Wകളും 1 H ഉം അടങ്ങിയ (വാർത്താമൂലകങ്ങൾ) ചോദ്യങ്ങളുടെ ഉത്തരങ്ങളെന്നോണം എഴുതിപ്പോന്ന പാരമ്പര്യമാണ് നമ്മുടെ പത്രമാധ്യമങ്ങൾക്ക് ഉള്ളത്. എന്നാൽ പലപ്പോഴും വ്യത്യസ്തമായ അവതരണ ശൈലികൾ കാണാറുണ്ട്.

## Recap

- വാർത്തയുടെ അടിസ്ഥാന മൂലകങ്ങൾ 5 W കളും 1 H ഉം എന്ന് അറിയപ്പെടുന്നു
- എന്ത്?, എപ്പോൾ?, എവിടെ?, എന്തുകൊണ്ട്?, എങ്ങനെ?, ആര്? തുടങ്ങിയ ചോദ്യ ങ്ങൾക്കുള്ള ഉത്തരമെന്നോണമായിരിക്കണം വാർത്ത എഴുതേണ്ടത്
- ഒരു വാർത്ത വായിക്കുമ്പോൾ ആ വാർത്തയിൽ നിന്ന് വായനക്കാരൻ സാധാരണ ഗതിയിൽ അറിയാൻ ആഗ്രഹിക്കുന്ന കാര്യങ്ങളാണവ
- ആദ്യ കാലത്ത് എല്ലാ ചോദ്യങ്ങളും 'ഇൻട്രോ'യിൽ തന്നെ കൊടുത്തിരുന്നു. എന്നാൽ പിന്നീട് കുറച്ച് ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ മാത്രം ഇൻട്രോയിൽ കൊ ടുത്ത് ബാക്കി അതിനു ശേഷം കൊടുക്കാൻ തുടങ്ങി
- ഉത്തരങ്ങൾ എല്ലാം കൂടി ഒരു വാചകത്തിൽ തന്നെ കൊടുത്ത്, വാചകം സങ്കീർ ണ്ണമാക്കാതെ ഓരോ ഉത്തരവും ഓരോ ലഘുവാചകമാക്കി ചമയ്ക്കുന്നതാണ് നല്ല രചനാരീതി
- ആദ്യ വായനയിൽ തന്നെ വായനക്കാരന് മനസിലാകുന്ന തരത്തിൽ ലളിതമായിരി ക്കണം എഴുത്ത്
- ഒരു സംഭവം നടന്നാൽ അതിനോട് വാർത്താമൂലകങ്ങളായ ആറു ചോദ്യങ്ങൾ തേ ടാനും ഉത്തരം കണ്ടെത്താനും റിപ്പോർട്ടർക്ക് കഴിയണം

## Objective Type Questions

1. വാർത്ത എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട ചോദ്യങ്ങൾ ഏതാണ്?
2. വാർത്ത എഴുതുമ്പോൾ സ്വീകരിക്കാവുന്ന നല്ല രചനാരീതി ഏതാണ്?
3. പൊതുജനങ്ങൾക്ക് വിവരങ്ങൾ എത്തിച്ചു കൊടുക്കുന്ന സേവനദാതാക്കൾ ആരാണ്?
4. വാർത്തയുടെ അടിസ്ഥാന മൂലകങ്ങൾ ഏതാണ്?
5. മാധ്യമങ്ങളുടെ കടമയെന്താണ്?
6. വാർത്തയ്ക്ക് പ്രധാനമായും എത്ര ഭാഗമാണുള്ളത്? ഏതെല്ലാം?
7. വാർത്താമൂലകങ്ങളെ ഏത് വാക്കുപയോഗിച്ചാണ് സൂചിപ്പിക്കുന്നത്?
8. വാർത്താമൂലകങ്ങളിൽ പ്രധാനപ്പെട്ടത് ഏതാണ്?

## Answers

1. എന്ത്, എപ്പോൾ, എവിടെ, എന്തുകൊണ്ട്, എങ്ങനെ, ആര്
2. വാചകം സങ്കീർണ്ണമാക്കാതെ ഉത്തരം ലഘുവാക്കി ചമയ്ക്കുന്നു
3. മാധ്യമങ്ങൾ
4. 5 Wകളും 1 H ഉം
5. വാർത്തകൾ കൃത്യതയോടെ, വസ്തുനിഷ്ഠമായി ജനങ്ങളിലെത്തിക്കുക
6. മൂന്ന് ഭാഗം, ഇൻട്രോ, ബോഡി, ടെയിൽ
7. NEWS
8. സമകാലികത്വം

## Assignments

1. വാർത്താമൂലകങ്ങളുടെ ശരിയായ ഉപയോഗത്തെക്കുറിച്ച്, ജോയ് തിരുമൂലപുരം ഉന്നയിക്കുന്ന കാര്യങ്ങൾ സംക്ഷേപിക്കുക.
2. വാർത്താമൂലകങ്ങളായി അവതരിപ്പിച്ച ആറു ചോദ്യങ്ങളുടെ പ്രസക്തിയെക്കുറിച്ച് ഉപന്യസിക്കുക.

## Reference


1. പുതുപ്പള്ളി രാഘവൻ, കേരള പത്രപ്രവർത്തന ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, വൃത്താന്തപത്രപ്രവർത്തനം, മാളുബൻ, തിരുവനന്തപുരം.
3. പി.കെ. രാജശേഖരൻ, മലയാളിയുടെ മാധ്യമജീവിതം , കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ജോയ് തിരുമൂലപുരം, വാർത്ത:സമ്പൂർണ്ണ പത്രസംവിധാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ജോയ് തിരുമൂലപുരം, വാർത്ത:സ്വഭാവം, പ്രകൃതം, മൂല്യം, ഉറവിടം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - തിരുവനന്തപുരം.

# യൂണിറ്റ് - 2
# പംക്തിയെഴുത്തിന്റെ രാഷ്ട്രീയം

എൻ. പി. രാജേന്ദ്രൻ

## Learning Outcomes

- മലയാളത്തിലെ പംക്തി എഴുത്തിനെക്കുറിച്ച് ആഴത്തിലുള്ള അറിവ് നേടുന്നു
- പംക്തിയുടെ നിർവചനം, വ്യക്തിത്വം എന്നിവയെപ്പറ്റി ചർച്ച ചെയ്യുന്നു
- പംക്തിയുടെ ഉത്ഭവ സിദ്ധാന്തത്തെപ്പറ്റി അറിയുന്നു
- നവോത്ഥാനഘട്ടത്തിലെ പംക്തിയെഴുത്തിന്റെ രാഷ്ട്രീയം ചർച്ച ചെയ്യുന്നു
- കേസരി ബാലകൃഷ്ണപിള്ള, സ്വദേശാഭിമാനി, ഇ. എം. എസ്. എന്നിവരുടെ എഴുത്തു പംക്തിയെപ്പറ്റി വിവരിക്കുന്നു
- മാധ്യമരംഗത്തെ ഒറ്റയാന്മാരായ എഴുത്തുകാരെ പരിചയപ്പെടുന്നു

## Prerequisites

പ്രമുഖ പത്രപ്രവർത്തകനും ഗ്രന്ഥകാരനും കോളമെഴുത്തുകാരനുമാണ് എൻ.പി. രാജേന്ദ്രൻ. മാതൃഭൂമി ദിനപത്രം ഡെപ്യൂട്ടി എഡിറ്ററും കേരള പത്രപ്രവർത്തക യൂണിയൻ പ്രസിഡന്റും കേരള മീഡിയ അക്കാദമിയുടെ ചെയർമാനുമായിരുന്നു അദ്ദേഹം.

1981ൽ പത്രപ്രവർത്തക പരിശീലനത്തിന് മാതൃഭൂമിയിൽ ചേർന്നു. പരിശീലനത്തിനു ശേഷം സ്റ്റാഫ് റിപ്പോർട്ടറായി കോഴിക്കോട്, പാലക്കാട്, കൊല്ലം, തൃശ്ശൂർ, കണ്ണൂർ ബ്യൂറോകളിൽ പ്രവർത്തിച്ചു. ദൈനംദിനസംഭവങ്ങളും രാഷ്ട്രീയവും റിപ്പോർട്ട് ചെയ്തതോടൊപ്പം വ്യാപകമായി സഞ്ചരിക്കുകയും നിരവധി അന്വേഷണാത്മക റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തു.

സാമ്പത്തിക ചൂഷണം, മാവൂരിലെ ഗ്വാളിയാർ റയോൺസ് ഫാക്ടറി നടത്തിയ പരിസ്ഥിതിവിനാശകമായ പ്രകൃതിവിഭവചൂഷണം (1988), സർക്കാർ വിദ്യാലയങ്ങൾക്ക് നിലനിൽപിനായി നടത്തേണ്ടി വരുന്ന സഹതാപാർഹമായ ശ്രമങ്ങൾ, ഭൂമി ഇടപാടുകളിൽ നടക്കുന്ന വ്യാപകമായ അഴിമതി, ഇതിനു പിന്നിലെ മാഫിയാസമാനമായ സംഘങ്ങൾ എന്നിവയെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ശ്രദ്ധേയമാണ്. കേരളത്തിലെ 44 നദികൾക്ക് സംഭവിക്കുന്ന നാശത്തെക്കുറിച്ച് എട്ട് ലക്കങ്ങളിലായി എഴുതിയ റിപ്പോർട്ട് (1990), ഈ വിഷയത്തിലെ ആഴത്തിലുള്ള പഠനമാണ്.

കേരളത്തിലെ അണക്കെട്ടുകളുടെ അവസ്ഥ (1991), കേരളം നേരിടുന്ന ഊർജ്ജപ്രതിസന്ധി (1992), ജില്ലാ കൗൺസിലുകളുടെ പരിതാപകരമായ പ്രവർത്തനം (1992), പാക് പൗരന്മാരെന്നു മുദ്രകുത്തപ്പെട്ട നാട്ടുകാരായ ചിലരുടെ ദുരിതകഥകൾ (1994), തലശ്ശേരിയിലെയും (1987)

നാദാപുരത്തെയും (1995) രാഷ്ട്രീയകൊലപാതകങ്ങളുടെ സാമൂഹികപശ്ചാത്തലം എന്നിവയെക്കുറിച്ചുള്ള റിപ്പോർട്ടുകൾ എൻ.പി.രാജേന്ദ്രൻ മികച്ച പത്രപ്രവർത്തകനാണെന്നു തെളിയിച്ചു. വികസനോന്മുഖ പത്രപ്രവർത്തനത്തിലും ഇദ്ദേഹം കഴിവ് തെളിയിച്ചിട്ടുണ്ട്. മാതൃഭൂമി ദിനപത്രത്തിന്റെ ഇന്റർനെറ്റ് പോർട്ടലായ മാതൃഭൂമി.കോം ന്റെ ചുമതല വഹിക്കുന്ന ഡപ്യൂട്ടി എഡിറ്ററായി ഒമ്പതു വർഷം പ്രവർത്തിച്ച ശേഷം 2014 നവംബറിൽ വിരമിച്ചു.

22 വർഷം മാതൃഭൂമിയിൽ വിശേഷാൽപ്രതി എന്ന പംക്തി എഴുതി. മതിലില്ലാത്ത ജർമ്മനിയിൽ, പത്രം ധർമ്മം നിയമം, ഫോർത്ത് എസ്റ്റേറ്റിന്റെ മരണം, വിശേഷാൽപ്രതി, വീണ്ടും വിശേഷാൽ പ്രതി, മാറുന്ന ലോകം മാറുന്ന മാധ്യമ ലോകം, പശ്ചിമ ബംഗാൾ ചില അപ്രിയ സത്യങ്ങൾ, വേണം മാധ്യമങ്ങൾക്ക് https://www.facebook.com/yasir.ibrahim.311/videos/1314157182043293/മേലെയും ഒരു കണ്ണ്, വിമർശകർ വിദൂഷകർ വിപ്ലവകാരികൾ, മലയാള മാധ്യമം അകവും പുറവും, പത്രാനന്തര വാർത്തയും ജനാധിപത്യവും ഇവയൊക്കെയാണ് കൃതികൾ

തന്റെ സവിശേഷമായ പത്രപ്രവർത്തനത്തിൽനിന്നും വായനയിൽനിന്നും അനുഭവങ്ങളിൽനിന്നും ഉൾക്കൊണ്ട മാധ്യമ വിചാരങ്ങളെ തന്റേതായ കാഴ്ചപ്പാടുകൾ ചേർത്തു കൊണ്ട് രചിച്ച കൃതിയാണ് 'പത്രാനന്തരവാർത്തയും ജനാധിപത്യവും'.

ഒരേ സമയം അക്കാദമികവും ജേർണലിസ്റ്റിക്കുമായ സമീപനവും നിലവാരവും പുലർത്തുന്നവയാണ് രാജേന്ദ്രന്റെ എഴുത്തുകൾ. ഈ പുസ്തകത്തിൽ പഠനങ്ങൾ, നിരീക്ഷണങ്ങൾ, പോരാളികൾ എന്നിങ്ങനെ മൂന്നു ഭാഗങ്ങളിലായി പതിനഞ്ചു രചനകൾ സമാഹരിച്ചിരിക്കുന്നു.

പഠനങ്ങൾ എന്ന ഭാഗത്ത് നാല് ലേഖനങ്ങളാണുള്ളത്. ഇതിൽ മൂന്നാമത്തെ ലേഖനമാണ് 'പംക്തിഎഴുത്തിന്റെ രാഷ്ട്രീയം'.

## Key Themes

- മലയാളത്തിലെ പംക്തിഎഴുത്തിനെ പറ്റിയുള്ള സാമാന്യ വിവരണമാണ് ഈ ലേഖനത്തിൽ കൊടുത്തിട്ടുള്ളത്.
- നവോത്ഥാന കാലഘട്ടത്തിലെ പംക്തിയെഴുത്തിന്റെ രാഷ്ട്രീയം ചർച്ച ചെയ്യുന്നു
- പ്രമുഖരായ വ്യക്തികളുടെ പംക്തികളെ കൈകാര്യം ചെയ്യുന്ന രീതി വെളിവാക്കുന്നു.

## Discussion

മാധ്യമപ്രവർത്തന രംഗത്ത് പംക്തി എന്ന രചനാ വിഭാഗത്തിന് നൽകിപ്പോന്ന അംഗീകാരത്തെ സൂചിപ്പിച്ചു കൊണ്ടാണ് ലേഖനം തുടങ്ങുന്നത്.

പംക്തിയുടെ നിർവ്വചനം, വ്യക്തിത്വം എന്നിവയെപ്പറ്റിയാണ് ആദ്യഭാഗത്ത് ചർച്ച ചെയ്യുന്നത്.

പ്രാരംഭകാലത്തെ പംക്തിരചനയുടെ സവിശേഷതകളിലേക്കാണ് പിന്നീട് ചർച്ച പുരോഗമിക്കുന്നത്. പംക്തിയുടെ ഉത്ഭവസിദ്ധാന്തത്തെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. എഴുത്തുകാരന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്താനുള്ള ഒരു സ്വത

“മലയാളത്തിൽ പംക്തി രചന എന്നത് ഒരു ഗൗരവമുള്ള മാധ്യമ പ്രവർത്തന ശാഖയായി അംഗീകരിക്കപ്പെട്ടിട്ടില്ല” എന്ന പ്രസ്താവനയോടെയാണ് ലേഖനം തുടങ്ങുന്നത്. പത്രമാധ്യമങ്ങളിലെ വളരെ സാധാരണമായൊരു ഭാഗം മാത്രമായാണ് മലയാളികൾ പംക്തിയെ നോക്കി കണ്ടിരുന്നത് എന്ന വസ്തുതയെ ഈ വരികളിൽനിന്നും സംഗ്രഹിക്കാം. മാത്രമല്ല പത്രത്തിലും മറ്റ് ആനുകാലികങ്ങളിലും സ്ഥിരമായി കാണാറുള്ള രചനകളെയുമൊക്കെ ‘പംക്തി’ എന്ന വിഭാഗത്തിലായി മലയാളികൾ ഗണിക്കാറുണ്ട് എന്നും ലേഖകൻ പറയുന്നു. അതിനുദാഹരണമായി, ഭാഷയിൽ ആദ്യമുണ്ടായ ‘പംക്തി’ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ‘ഐതിഹ്യമാല’ ആണെന്ന ഒരു പത്രാധിപന്റെ പരാമർശത്തെ ഉദ്ധരിക്കുന്നു. തുടർച്ചയായി പ്രസിദ്ധീകരിക്കുന്ന എന്തിനെയും പംക്തിയെന്ന് വിളിക്കാം എന്ന ധാരണയായിരുന്നു വെച്ച് പുലർത്തിയിരുന്നത്. ആ കണക്കിൽ ഐതിഹ്യമാലയേയും മറ്റും പംക്തിയായി ഗണിച്ചിരുന്നു. എന്നാൽ അക്കാദമിക് ആയ ഒരു നിർവ്വചനം അവതരിപ്പിച്ചു കൊണ്ട് ഈ ധാരണയെ ലേഖകൻ ഖണ്ഡിക്കുന്നു.

എന്താണ് പംക്തി രചന എന്നതിനെപ്പറ്റി പൊതുവെയുള്ള ധാരണകളെ തിരുത്തിക്കൊണ്ടാണ് ലേഖനം അതിന്റെ സൂക്ഷ്മ ചർച്ചകളിലേക്ക് കടക്കുന്നത്.

“മാധ്യമങ്ങളിൽ ദീർഘകാലം ആവർത്തിക്കപ്പെടുന്ന, എഴുത്തുകാരന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്ന കുറിപ്പുകളും ലേഖനങ്ങളുമാണ് പംക്തി അഥവാ കോളം എന്നാണ് പശ്ചാത്യമാധ്യമ നിർവ്വചനം”. ഈ നിർവ്വചനത്തെ ഉപയോഗിച്ച് കൊണ്ട് ഐതിഹ്യമാല ഒരു പംക്തിയല്ല എന്ന് സമർത്ഥിക്കാൻ ലേഖകൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ഈ നിർവ്വചനവും അപൂർണമാണെന്ന് ലേഖകൻ ചൂണ്ടിക്കാട്ടുന്നു. വിഷയം, പേജ്, കാലം, എഴുത്തുകാരൻ ഇവയെപ്പറ്റിയുള്ള ധാരണകൾ നൽകുന്നില്ല. രചനകൾ പല പേജുകളിൽ പല നാളുകളിലായി പല പ്രസിദ്ധീകരണങ്ങളിലായി എഴുതുമ്പോൾ തന്നെയും ഇവയെയൊക്കെയും ബന്ധിപ്പിക്കുന്ന ഒരു കണ്ണി ഉണ്ടാവുമ്പോഴാണ് അതൊരു പംക്തിഇടം എന്ന നിലയിൽ പംക്തി മുന്നോട്ട് വെക്കുന്ന സാധ്യതകളെ നിരത്തുന്നതോടൊപ്പം രൂക്ഷപ്രകടനങ്ങളെ അടയാളപ്പെടുത്താനുള്ള മാധ്യമമായി വർത്തിക്കുന്ന ഹാസ്യത്തെപ്പറ്റിയും സൂചിപ്പിക്കുന്നുണ്ട്.

അഭിപ്രായം തുറന്നു വെക്കാനുള്ള ഒരു ഇടമായി പംക്തി മാറിയതിന്റെ ചരിത്രം പറയുന്നതിന് മുമ്പ്, പത്രമാധ്യമചരിത്രത്തിൽ ‘‘പൊതുജനാഭിപ്രായം”കടന്നു വന്ന കാലഘട്ടത്തെയും സാമൂഹിക സാഹചര്യങ്ങളെയും സാമാന്യമായി പരാമർശിക്കുന്നുണ്ട്. പത്രമാധ്യമങ്ങൾക്ക് അഭിപ്രായം, നിലപാട് എന്നിവ ഉണ്ടാക്കികൊടുത്തത് ചെങ്കുളത്ത് കുഞ്ഞിരാമ മേനോൻ ആണെന്ന് സമർത്ഥിക്കുന്നു ലേഖകൻ.

നവോത്ഥാന കാലഘട്ടത്തിലെ പംക്തിയെഴുത്തിലെ രാഷ്ട്രീയത്തെപ്പറ്റിയും എഴുത്തുകാരെപ്പറ്റിയുമാണ് അടുത്ത ഭാഗത്ത് ചർച്ച ചെയ്യുന്നത്. സി കൃഷ്ണൻ, മൂർക്കോത്തു കുമാരൻ, സഞ്ജയൻ എന്നീ എഴുത്തുകാരെപ്പറ്റി പറയുന്നുണ്ട്.

രാഷ്ട്രീയപ്രവർത്തനത്തിന്റെ ഭാഗമായി പത്രപ്രവർത്തനം നടത്തിയിരുന്ന പംക്തിയെഴുത്തുകാരെ അടുത്ത ഭാഗങ്ങളിൽ പരിചയപ്പെടുത്തുന്നു. കേസരി ബാലകൃഷ്ണ പിള്ള, സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള എന്നിവരുടെ സാഹസിക ഉദ്യമങ്ങളെ സൂചിപ്പിക്കുന്നുണ്ട്. ഒപ്പം സ്വാതന്ത്ര്യസമരങ്ങളുടെയും മറ്റും ഭാഗമായി പംക്തിഎഴുത്തും മറ്റും നടത്തിയവരെപ്പറ്റിയും കൂട്ടിച്ചേർക്കുന്നു.

ഏറ്റവും കൂടുതൽ പംക്തിയെഴുതിയ ഇ. എം. എസ്. നമ്പൂതിരിപ്പാടിനെ വിശദമായിത്തന്നെ അടുത്ത ഭാഗത്ത് പരിചയപ്പെടുത്തുന്നു.

പംക്തിയിൽ എന്തും എഴുതാം എന്ന മാറ്റത്തിന് തുടക്കം കുറിച്ച കെ. ബാലകൃഷ്ണനെയും പരിചയപ്പെടുത്തുന്നു. ‘ഒറ്റയാന്മാർ’ എന്ന അവസാനഭാഗത്ത് ഒ. വി വിജയൻ, എം. പി നാരായണ പിള്ള, തായാട്ട് ശങ്കരൻ, സുകുമാർ അഴീക്കോട് എന്നിങ്ങനെ പംക്തി എഴുത്തിൽ വ്യത്യസ്തത പുലർത്തിയ ഒറ്റയാന്മാരായ എഴുത്തുകാരെ പരിചയപ്പെടുത്തുന്നു.

ക്തിയാണെന്ന് ഉറപ്പിക്കാനാവുക എന്ന നിഗമന ത്തിലെത്തുന്നു. മാത്രമല്ല, പംക്തിയുടെ വ്യക്തി ത്വത്തെയും കൂടി പരാമർശിച്ചു കൊണ്ട് സാമാ ന്യ ചരിത്രവും അവതരിപ്പിക്കുന്നുണ്ട്.

'തുടക്കത്തിലേ രാഷ്ട്രീയം' എന്ന ഭാഗത്ത് ആദ്യകാലത്തെ പംക്തികളുടെ സവിശേഷതക ളെപ്പറ്റിയും 'പംക്തി' വഹിക്കുന്ന ധർമ്മങ്ങളെപ്പ റ്റിയും ചർച്ച ചെയ്യുന്നു.1997 ൽ പ്രസിദ്ധീകരിച്ച പെൻഗ്വിൻ ബുക്ക് ഓഫ് കോളമിസ്റ്റ്സ് എന്ന, 140 ലേഖകന്മാരുടെ പംക്തി സമാഹാരത്തിൽ കാണുന്ന പൊതുവെയുള്ള സ്വഭാവങ്ങളെ ക്രോ ഡീകരിക്കുന്നുണ്ട്.

വ്യക്തികളുടെ അഭിപ്രായങ്ങളും നിരീക്ഷണ ങ്ങളുമാണ് അവയൊക്കെയും അടയാളപ്പെടു ത്തിയത്.

ഇവിടെ നിന്നാണ് പത്രം -അഭിപ്രായം എന്നീ വീക്ഷണകോണുകളിലേക്ക് ലേഖകൻ കടന്നു ചെല്ലുന്നത്. പത്രയുടമ തന്റെ അഭിപ്രായങ്ങൾ മുഖപ്രസംഗത്തിലൂടെ രേഖപ്പെടുത്തിയപ്പോൾ എഡിറ്റർമാർ തങ്ങളുടെ അഭിപ്രായം അവതരി പ്പിക്കാൻ പംക്തി തുടങ്ങി എന്ന ഉത്ഭവസിദ്ധാന്ത ത്തെപ്പറ്റി പറഞ്ഞു കൊണ്ടാണ് ഈ ചർച്ചയിലേ ക്ക് കടക്കുന്നത്. വ്യക്തികളുടെ അഭിപ്രായങ്ങൾ അവതരിപ്പിക്കാനുള്ള ഇടമായതിനാൽ ഒരു സ്വതന്ത്ര ഇടമായാണ് പംക്തിയെ വ്യാഖ്യാനി ക്കുന്നത്. സമൂഹത്തിൽ നിലനിൽക്കുന്ന രാ ഷ്ട്രീയ സാമൂഹിക ദുരാചാരങ്ങളെയും വ്യവ സ്ഥിതികളെയും രൂക്ഷമായി വിമർശിക്കാനുള്ള മാധ്യമം കൂടിയാണ് പംക്തി എന്ന് പറഞ്ഞു കൊണ്ട് ഹാസ്യത്തെ ഉപയോഗിച്ച് പംക്തിയിലൂ ടെ സാമൂഹ്യവിമർശനം നടത്തിയ സഞ്ജയൻ, ഇ. വി കൃഷ്ണപിള്ള, കേസരി വേങ്ങയിൽ കു ഞ്ഞിരാമൻ നായനാർ തുടങ്ങിയ എഴുത്തുകാരെ സൂചിപ്പിക്കുന്നു.

മലയാള പത്രപ്രവർത്തന ചരിത്രത്തിൽ ചെ ങ്കുളത്ത് കുഞ്ഞിരാമ മേനോൻ എന്ന പത്രാധിപ ർക്കുള്ള സ്ഥാനത്തെ പറ്റിയാണ് അടുത്ത ഭാഗ ത്ത് ചർച്ച ചെയ്യുന്നത്. മലയാളപത്രത്തിനു നില പാടും അഭിപ്രായവും ഉണ്ടാക്കിക്കൊടുത്തത് കേരളപത്രിക എന്ന പത്രത്തിന്റെ പത്രാധിപ രായ ചെങ്കുളത്ത് ആണെന്ന് ലേഖകൻ സമർ ത്ഥിക്കുന്നു. അതിനു മുമ്പ് പൊതുജനാഭിപ്രായം എന്ന ഒന്നില്ലായിരുന്നു എന്നും പ്രമാണികളുടെ യോ ഉദ്യോഗസ്ഥന്മാരുടെയോ അഭിപ്രായങ്ങളാ യിരുന്നു അവസാന വാക്കുകളായി വർത്തിച്ചിരു ന്നതെന്നും ചൂണ്ടിക്കാട്ടുന്നു. കേരള പത്രികക്ക് മുമ്പുള്ള പത്രങ്ങളിലൊക്കെയും വാർത്തകൾ ഉണ്ടായിരുന്നു, പക്ഷേ അഭിപ്രായങ്ങൾ ഇല്ലാ യിരുന്നു. ഈയൊരു സാഹചര്യത്തിലായിരുന്നു ചെങ്കുളത്തിന്റെയും കേരള പത്രികയുടെയും പ്രസക്തി.

"നവോത്ഥാന കാലം" എന്ന അടുത്ത ഭാഗ ത്ത് മലയാളത്തിലെ നവോത്ഥാനകാല പംക്തി എഴുത്തുകാരെയും എഴുത്തുകളെയും പരിച യപ്പെടുത്തുന്നു. കേരളത്തിൽ നിലനിന്നിരുന്ന ജാതീയമായ ഉച്ചനീച്ചത്വങ്ങൾക്കും രാഷ്ട്രീയ കൊള്ളരുതായ്മകൾക്കും എതിരായി പ്രതിഷേ ധസ്വരങ്ങൾ ഉയർന്നു തുടങ്ങിയ കാലത്തെയാ ണ് നവോത്ഥാന കാലം അടയാളപ്പെടുത്തുന്ന ത്. എഴുത്തുകാർ തങ്ങളുടെ വിവിധങ്ങളായ എഴുത്തുകളിലൂടെയായിരുന്നു പ്രതിഷേധിച്ച തും പോരാടിയതും. ഇത്തരത്തിൽ, വിമർശന ത്തിനും പ്രതിഷേധത്തിനുമുള്ള ഉപാധിയായി പംക്തി എഴുത്തിനെയും അന്നുള്ളവർ സ്വീകരി ച്ചിരുന്നു എന്നാണ് ലേഖകൻ പറയുന്നത്. മിത വാദി സി. കൃഷ്ണൻ, സി. വി. കുഞ്ഞുരാമൻ, കുമാരനാശാൻ, സഹോദരൻ അയ്യപ്പൻ എന്നിവ രെ എടുത്തു പറയുന്നുണ്ട്. തങ്ങളുടെ സമുദാ യത്തിൽ കൊടികുത്തി വാഴുന്ന ജാതീയമായ വേർതിരിവുകളെയും അനീതികളെയും പത്രപ്ര വർത്തനത്തിലൂടെ -പംക്തി എഴുത്തിലൂടെ - നിശിതമായി വിമർശിക്കുകയും പ്രതിഷേധിക്കു കയും ചെയ്ത നവോത്ഥാന നായകർ കൂടിയാ ണിവർ. മഹാകവി കുമാരനാശാൻ ഒരു കവി എന്നതിലുപരി, കൃത്യമായ സാമൂഹ്യബോധം കൈമുതലായിരുന്ന ഒരു പത്രാധിപനും കൂടി ആയിരുന്നുവെന്ന് ലേഖനം ഓർമപ്പെടുത്തുന്നു.

ഹാസ്യപംക്തി എഴുത്തുകാരനായ മൂർക്കോ ത്ത് കുമാരനെയും കുമാരന്റെ പിൻഗാമി എന്ന നിലയിൽ സഞ്ജയനെയും പ്രതിപാദിക്കുന്നു ണ്ട്. ഈഴവ ജനതയുടെ വിമോചനത്തിന് വേ ണ്ടിയാണ് കുമാരൻ പോരാടിയതെങ്കിൽ മൂർ

ച്ചയേറിയ സാമൂഹികവിമർശനവും രാഷ്ട്രീയ വിമർശനവുമായിരുന്നു സഞ്ജയന്റെ മേഖല. സഞ്ജയനേക്കാൾ തീക്ഷ്ണമായി രാഷ്ട്രീയം കൈകാര്യം ചെയ്തിരുന്ന ഹാസ്യ സാഹിത്യകാരനായ ഇ. വി. കൃഷ്ണപിള്ളയെയും സൂചിപ്പിക്കുന്നുണ്ട്

"രാഷ്ട്രീയ പംക്തികൾ മുന്നിൽ" എന്ന ഭാഗത്ത്, പംക്തി എഴുത്തിൽ രാഷ്ട്രീയ ദൗത്യം ശക്തമായി മുറുകെ പിടിച്ചവരെ നിരത്തുന്നുണ്ട്. എം. സി. ജോസഫ്, കേസരി ബാലകൃഷ്ണപിള്ള, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള തുടങ്ങിയവരെപ്പറ്റി ആദ്യം പറയുന്നുണ്ട്. രാജഭരണത്തിന്റെ അധികാര ദുർവിനിയോഗങ്ങൾക്കെതിരെ ശക്തമായ ഭാഷയിൽ വിമർശിച്ച പത്രപ്രവർത്തനം നടത്തിയതിനു നാട് കടത്തപ്പെട്ട സ്വദേശാഭിമാനിയെ വിലമതിക്കുന്നുണ്ട്. ഇത്തരത്തിലുള്ള തിരിച്ചടികൾ നേരിടേണ്ടി വന്ന കേസരിയെയും ഓർക്കുന്നുണ്ട്. വ്യക്തികളുടെ സ്വതന്ത്രമായ അഭിപ്രായങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയിരുന്ന ഒരു കാലത്തിന്റെ ഓർമ്മപ്പെടുത്തലുകളാണ് ലേഖകൻ നടത്തുന്നത്. സ്വാതന്ത്ര്യസമര രാഷ്ട്രീയ ആഹ്വാനങ്ങളുടെ ഭാഗമായി പംക്തി എഴുത്തിൽ സജീവമായി ഏർപ്പെട്ട എഴുത്തുകാരുടെ പേരുകളും കൂടെ പരാമർശിക്കുന്നുണ്ട്.

ഏറ്റവും കൂടുതൽ പംക്തികൾ എഴുതിയ ഇ എം എസ് നമ്പൂതിരിപ്പാടിനെയാണ് അടുത്ത ഭാഗത്ത് പരിചയപ്പെടുത്തുന്നത്.

മരിക്കുന്നതിന് തൊട്ട് മുമ്പുപോലും പംക്തി എഴുതിയ ഇ എം എസിന്റെ ലേഖനങ്ങളുടെ കാതൽ രാഷ്ട്രീയമായിരുന്നു. തന്റെ നിലപാടുകളും അഭിപ്രായങ്ങളും എല്ലാവിധ ജനങ്ങളിലേക്കും എത്തണമെന്ന ഉദ്ദേശ്യത്തോടെ എഴുതിയ ഇ. എം. എസ്. അവരിലൊക്കെയും കൃത്യമായ രാഷ്ട്രീയ വിദ്യാഭ്യാസം രൂപപ്പെടുത്തിയെടുക്കാനുള്ള ശ്രമങ്ങളായിരുന്നു നടത്തിയത്.

പംക്തിയിൽ എന്തു വിഷയവും ആവാം എന്ന സാധ്യതയ്ക്ക് തുടക്കമിട്ട കെ. ബാലകൃഷ്ണനെയാണ് അടുത്ത ഭാഗത്ത് അവതരിപ്പിക്കുന്നത്. 'കൗമുദി' ആഴ്ചപ്പതിപ്പിൽ പ്രവർത്തിച്ചിരുന്ന കെ. ബാലകൃഷ്ണന്റെ രചനകൾ ഒരേ സമയം ജനപ്രിയകരവും ഇടതുപക്ഷാശയങ്ങളുടെ പോരാട്ടപ്രകടനപത്രികയും ആയിരുന്നുവെന്നാണ് എഴുത്തിന്റെ സ്വഭാവത്തെപ്പറ്റി വിവരിക്കുന്നത്.

രാഷ്ട്രീയ വിമോചനത്തിനും സാമൂഹിക സമത്വത്തിനും വേണ്ടി എഴുത്തിലൂടെ പോരാടിയവരായ കാമ്പിശേരി കരുണാകരൻ, കേശവദേവ്, വൈക്കം ചന്ദ്രശേഖരൻനായർ തുടങ്ങിയവരേയും ലേഖകൻ ഓർക്കുന്നുണ്ട്. കാർട്ടൂൺ പംക്തിയിലൂടെ രാഷ്ട്രീയ വിമർശനം നടത്തിയിരുന്ന മലയാള നോവലിസ്റ്റ് ഒ. വി. വിജയനെയും പരാമർശിക്കുന്നു.

"ഒറ്റയാന്മാർ" എന്ന ഭാഗത്ത് പംക്തി എഴുത്തിൽ വ്യത്യസ്തത പുലർത്തിയ എഴുത്തുകാരെയാണ് അവതരിപ്പിക്കുന്നത്. യുക്തികളും കുയുക്തികളും കലക്കിച്ചേർത്ത് നർമ്മവും പരിഹാസവും കലർന്ന ജനപ്രിയ ലേഖനങ്ങൾ എഴുതിയിരുന്ന എഴുത്തുകാരനായിരുന്നു എം. പി. നാരായണപിള്ള. ജനാധിപത്യ സംവിധാനത്തിലെയും കക്ഷി രാഷ്ട്രീയത്തിലെയും ജീർണ്ണതകൾക്കെതിരെ പോരാടിയ ലേഖകനായിരുന്നു സുകുമാർ അഴീക്കോട്. ഇടതുപക്ഷത്തിന്റെ ജീർണ്ണതകളെ ശക്തമായി ചോദ്യം ചെയ്ത ലേഖകനായിരുന്നു എം. എൻ. വിജയൻ. ഗാന്ധിസത്തെ മാർക്സിസവുമായി സമരസപ്പെടുത്തിക്കൊണ്ടുള്ള ഒരു സ്വതന്ത്രചിന്ത പുലർത്തിയ ലേഖകനായിരുന്നു തായാട്ട് ശങ്കരൻ. ആഴത്തിലുള്ള വായനയിൽനിന്നും ആർജ്ജിച്ച അറിവുകൾ ഉൾക്കൊള്ളിച്ച വിജ്ഞാനപ്രദമായ ലേഖനങ്ങളായിരുന്നു പി. ഗോവിന്ദപ്പിള്ള എഴുതിയിരുന്നത്.

ഇങ്ങനെ ഒറ്റപ്പെട്ട ലേഖകന്മാരെ പരിചയപ്പെടുത്തുമ്പോൾ അവരുടെ രാഷ്ട്രീയ നിലപാടുകളെയും പരിണാമങ്ങളെയും ലേഖകൻ അടയാളപ്പെടുത്തുന്നുണ്ട്.

എന്നാൽ ഒപ്പം നിഷ്പക്ഷമായി രാഷ്ട്രീയത്തെ സമീപിച്ചവരെയും പരാമർശിക്കുന്നു. ഈ കാഴ്ച്ചപ്പാടോടെ കേരള കൗമുദിയിൽ പ്രവർത്തിച്ച കെ. കാർത്തികേയനെയും, പംക്തിഎഴുത്തിൽ ഇന്നും മുഖ്യധാരയിൽ നിലകൊള്ളുന്ന, മലയാള മനോരമ പത്രത്തിൽ പ്രവർത്തിച്ച ടി. എം. ചുമ്മാറിനെയും സൂചിപ്പിക്കുന്നുണ്ട്. ടി. എം.

ചുമ്മാറിന്റെ ലേഖനങ്ങൾ കക്ഷി രാഷ്ട്രീയത്തെപ്പറ്റി ആഴത്തിലുള്ള ഉൾക്കാഴ്ച നൽകിപ്പോന്നു എന്നും ലേഖകൻ പറയുന്നു.

അവസാനഭാഗത്ത് ഇന്നത്തെ പംക്തികളുടെ സ്വഭാവത്തെയാണ് വിശദീകരിക്കുന്നത്. ജീവിതകാലം മുഴുവനും പംക്തി എഴുതിയിരുന്ന ഒരു കാലത്തിൽനിന്നും ആറു മാസം പന്ത്രണ്ടു ലേഖനം ഒരേ പേജിൽ എഴുതിയാൽ പംക്തിക്കാരൻ ആവാം എന്ന നിലയിലേക്ക് പംക്തിയെഴുത്ത് പരിണമിച്ചിരിക്കുന്നു എന്നാണ് ലേഖകൻ നിരീക്ഷിക്കുന്നത്. മാത്രമല്ല, ടെക്നോളജി, കമ്പ്യൂട്ടർ, എന്നിവയെയും നിർമ്മിത ബുദ്ധി പോലുള്ള ഉത്തരാധുനിക ശാസ്ത്രസാങ്കേതികമേഖലകളെയും ഉൾപെടുത്തിക്കൊണ്ടുള്ള കാലോചിതമായ മാറ്റങ്ങളാണ് പംക്തിഎഴുത്തുകൾ സ്വീകരിക്കുന്നതെന്നും പംക്തികൾ ഒരിക്കലും മരിക്കുന്നില്ല എന്നും സംഗ്രഹിച്ചുകൊണ്ട് ലേഖനം അവസാനിക്കുന്നു.

വ്യക്തികൾക്ക് തങ്ങളുടെ സ്വതന്ത്രമായ അഭിപ്രായങ്ങളും നിലപാടുകളും പൊതു സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കാൻ യാതൊരു സ്വാതന്ത്ര്യവും ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. ആദ്യകാല പത്രങ്ങൾ വെറും വാർത്ത അവതരിപ്പിക്കുക എന്നതിലപ്പുറം അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള ആഹ്വാനം ഒന്നും നടത്തിയിരുന്നില്ല. കേരള പത്രികയുടെ പത്രാധിപരായ ചെങ്കുളത്ത് കുഞ്ഞിരാമ മേനോൻ മുമ്പ് മലയാളപത്രപ്രവർത്തന രംഗത്ത് പൊതുജനാഭിപ്രായം എന്ന ഒന്ന് ഇല്ലായിരുന്നു എന്ന് അഭിപ്രായപ്പെട്ടിരുന്നു.

പത്രങ്ങൾക്ക്, അഭിപ്രായങ്ങളും നിലപാടുകളും ഉണ്ടാക്കിക്കൊടുത്തു എന്നതിൽ ചെങ്കുളത്ത് കുഞ്ഞിരാമ മേനോനുള്ള സ്ഥാനം അദ്വിതീയമാണ്. കാരണം വെറും വാർത്ത കൊണ്ട് സമൂഹത്തിന്റെ സാംസ്കാരിക ചിന്താമണ്ഡലം ഒരിക്കലും വളരുന്നില്ല. എന്നാൽ പംക്തി എഴുത്തുകൾ തുടങ്ങിയതോടെ അതിനുള്ള സാധ്യതകൾ തുറക്കപ്പെടുകയായിരുന്നു.

വ്യത്യസ്തങ്ങളായ മേഖലകളെപ്പറ്റി വ്യക്തികൾക്കുള്ള സ്വതന്ത്രമായ നിലപാടുകളും അഭിപ്രായങ്ങളും അവതരിപ്പിക്കപ്പെടുകയും അതിനെ തരംപോലെ ഉൾക്കൊള്ളുകയും വിമർശിക്കുകയും ചെയ്യുന്ന ഒരു വായനാസമൂഹം ഉണ്ടാവുകയും ചെയ്യുമ്പോഴാണ് സാംസ്കാരിക സമൂഹം വളരുന്നത്. ഈ വളർച്ചയിൽ പംക്തി എന്ന മാധ്യമരചനാവിഭാഗം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. കാരണം ചരിത്രം എടുത്തു നോക്കുകയാണെങ്കിൽ ഓരോ കാലഘട്ടത്തിലെയും രാഷ്ട്രീയ സാമൂഹിക വ്യവസ്ഥിതികളെയും പ്രവർത്തനങ്ങളെയും വിലയിരുത്തിയതിലും വിമർശിച്ചതിലും സജീവമായിരുന്നത് പംക്തി എഴുത്തുകാരായിരുന്നു എന്നു കാണാം. പംക്തിയെഴുത്തുകൾ നിലനിൽക്കേണ്ടതിന്റെ ആവശ്യവും അത് തന്നെയാണ്.

ഇന്ന് പംക്തി എഴുത്തുകൾ അതിന്റെ എല്ലാ ഘടകങ്ങളിലും പരിണമിച്ചിട്ടുണ്ട്. മാത്രമല്ല കാലോചിതമായി പുതിയ വിഷയങ്ങളെയും പംക്തികൾ കൈകാര്യം ചെയ്യാൻ തുടങ്ങിയിരിക്കുന്നു.

## Recap

- എഴുത്തുകാരുടെ അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നതും, മാധ്യമങ്ങളിൽ ദീർഘകാലം ആവർത്തിക്കുന്നതുമായ കുറിപ്പുകളാണ് പംക്തികൾ
- പല വിഷയങ്ങളിലായി പല പേജുകളിലായി പല നാളുകളിലായി പല പ്രസിദ്ധീകരണങ്ങളിലോ ആയി എഴുതുന്നതാണ് പംക്തി എന്ന് വിശാലമായി പറയാമെങ്കിലും ഈ ഘടകങ്ങളെയൊക്കെയും പരസ്പരം ബന്ധിപ്പിക്കുന്ന ഒരു കാര്യം ഉണ്ടെങ്കിൽ മാത്രമേ പംക്തിയെ അതിന്റെ പൂർണതയിൽ ഉറപ്പിക്കാനാവു
- വ്യത്യസ്തതകളും വ്യക്തിത്വവും സ്വയം നിലനിൽക്കാൻ ശേഷിയുമുള്ള മാധ്യമ രചനാവിഭാഗമാണ് പംക്തി
- 1990 ലാണ് പംക്തിരചനയുടെ സ്വതന്ത്രവ്യക്തിത്വം അംഗീകരിച്ചുകൊണ്ട് ഇംഗ്ലീഷിലുള്ള ആദ്യത്തെ ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയത്
- 1997 ൽ പ്രസിദ്ധപ്പെടുത്തിയ പംക്തി സമാഹരമായ പെൻഗിൻ ബുക്ക് ഓഫ് കോളമിസ്റ്റ്സ് എന്ന പുസ്തകത്തിലെ ലേഖനങ്ങളിൽ പൊതുവെ കണ്ടെത്താവുന്ന നിരീക്ഷണം, അവയൊക്കെയും എഴുത്തുകാരന്റെ സ്വതന്ത്രമായ അഭിപ്രായങ്ങളും നിലപാടുകളും ആയിരുന്നു എന്നതാണ്
- സമകാലിക വിഷയങ്ങളാണ് പംക്തികൾ കൈകാര്യം ചെയ്യുന്നത്
- പത്രപംക്തി സ്വതന്ത്രമായ ഒരു ഇടമാണ്. നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥിതികളോടുള്ള രോഷപ്രകടനങ്ങളും വിമർശനങ്ങളും പംക്തികളിൽ അവതരിപ്പിക്കപ്പെടുന്നു
- പംക്തികളിൽ രോഷപ്രകടനത്തിനുള്ള മാധ്യമമായി ഹാസ്യത്തെ ഉപയോഗിക്കുന്നുണ്ട്
- ആദ്യകാല പത്രങ്ങളിൽ വാർത്ത മാത്രമേ ഉണ്ടായിരുന്നുള്ളു, പൊതുജനാഭിപ്രായം എന്ന ഒന്ന് അന്ന് ഉണ്ടായിരുന്നില്ല
- ചെങ്കുളത്ത് കുഞ്ഞിരാമ മേനോൻ ആണ് പത്രങ്ങൾക്ക് നിലപാടുകളും അഭിപ്രായങ്ങളും ഉണ്ടാക്കിക്കൊടുത്തത്
- നവോത്ഥാനകാലത്തെ പംക്തി എഴുത്തുകൾ ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെയും അനീതിക്കും, അസമത്വങ്ങൾക്കും എതിരെയും തൂലിക ചലിപ്പിച്ചു
- രാഷ്ട്രീയപംക്തികളിലൂടെ മുന്നോട്ട് വെച്ച അഭിപ്രായങ്ങളും നിലപാടുകളും എഴുത്തുകാർക്കെതിരെയുള്ള അധികാരികളുടെ തിരിച്ചടികൾക്ക് ഇടയായിട്ടുണ്ട്
- സ്വതന്ത്ര പംക്തി എഴുത്തുകാരിൽ ഏറ്റവും മുന്നിൽ ഉണ്ടായിരുന്ന ഒരാളായിരുന്നു ഇ എം എസ്
- പംക്തിയെഴുത്തിന് എന്തും വിഷയമാക്കാം എന്ന സാധ്യതയ്ക്ക് തുടക്കം കുറിച്ച എഴുത്തുകാരനാണ് കെ ബാലകൃഷ്ണൻ
- ആദ്യകാലത്തെ രാഷ്ട്രീയ പംക്തികളിൽ വ്യക്തികളുടെ വ്യത്യസ്തമായ രാഷ്ട്രീയ താൽപര്യങ്ങൾ പ്രകടമായിരുന്നു. എന്നാൽ പിന്നീട് നിഷ്പക്ഷരീതിയിലുള്ള പംക്തി എഴുത്തുകൾ ഉണ്ടായിത്തുടങ്ങി
- പഴയ പ്രവണതകളിൽനിന്നും വ്യത്യസ്തമായി പംക്തികൾക്ക് ഇന്ന് പല രൂപാന്തരങ്ങൾ സംഭവിച്ചിട്ടുണ്ട്. ആറു മാസം കൊണ്ട് പന്ത്രണ്ടു ലേഖനം എഴുതിയാൽ പംക്തിയായി എന്ന നിലക്ക് പംക്തിയെഴുത്തിന്റെ കാലദൈർഘ്യം വളരെ ചുരുങ്ങിപ്പോയി
- ഉത്തരാധുനിക ശാസ്ത്ര-സാങ്കേതിക മേഖലാവിഷയങ്ങളെ ഉൾപെടുത്തിക്കൊ

ണ്ടുള്ള കാലോചിതമായ മാറ്റം പംക്തികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു

## Objective Type Questions

1. പംക്തി രചനയെക്കുറിച്ചുള്ള ആദ്യ പുസ്തകം പ്രസിദ്ധീകൃതമായ വർഷം?
2. പംക്തിയെഴുത്തിന് എന്തും വിഷയമാക്കാം എന്ന സാധ്യത കൊണ്ടുവന്ന എഴുത്തുകാരൻ ആരാണ്?
3. ഇ. എം. എസ്. ഏത് തരം പംക്തികൾ ആണ് എഴുതിയിരുന്നത്?
4. 1997 ൽ പ്രസിദ്ധീകരിച്ച പംക്തി സമാഹാരത്തിന്റെ പേരെന്ത്?
5. എന്തിനെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാറ്റമാണ് പംക്തികൾ ഇന്ന് സ്വീകരിച്ചിട്ടുള്ളത്?
6. പംക്തികളിൽ ഹാസ്യത്തെ എന്തിനായി ഉപയോഗിക്കുന്നു?
7. കേരള പത്രിക - ആരുടെ പത്രമായിരുന്നു?
8. ആദ്യകാല ഹാസ്യപംക്തി എഴുത്തുകാർ ആരെല്ലാം?
9. പംക്തിയെഴുത്തിലെ ഒറ്റയാന്മാർ ആരൊക്കെ?
10. ഭാഷയിൽ ആദ്യമുണ്ടായ പംക്തിയായി കരുതപ്പെടുന്നതെന്ത്?
11. നാടുകടത്തപ്പെട്ട ആദ്യ പത്രപ്രവർത്തകൻ?
12. കാർട്ടൂൺ പംക്തിയിലൂടെ സാമൂഹികവിമർശനം നടത്തിയ നോവലിസ്റ്റ്?

## Answers

1. 1990 –ൽ
2. കെ. ബാലകൃഷ്ണൻ
3. സ്വതന്ത്രപംക്തിയെഴുത്ത്, രാഷ്ട്രീയ ലേഖനങ്ങൾ
4. പെൻഗ്വിൻ ബുക്ക് ഓഫ് കോളമിസ്റ്റ്
5. ഉത്തരാധുനിക ശാസ്ത്ര-സാങ്കേതിക മേഖലാവിഷയങ്ങൾ
6. രോഷപ്രകടനത്തിനുള്ള മാധ്യമമായി
7. ചെങ്കുളത്ത് കുഞ്ഞിരാമ മേനോൻ
8. മൂർക്കോത്ത് കുമാരൻ, സഞ്ജയൻ, ഇ. വി. കൃഷ്ണപിള്ള
9. ഒ. വി. വിജയൻ, എം. പി. നാരായണപിള്ള, തായാട്ട് ശങ്കരൻ, സുകുമാർ അഴീക്കോട്
10. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാല
11. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള
12. ഒ. വി. വിജയൻ

## Assignments

1. മലയാള പത്രപ്രവർത്തനത്തിന്റെ ആദ്യകാലചരിത്രം സംഗ്രഹിക്കുക
2. മലയാളപത്രപ്രവർത്തനചരിത്രത്തിൽ ചെങ്കുളത്ത് കുഞ്ഞിരാമ മേനോന്റെ സ്ഥാനം എന്താണ്? വിവരിക്കുക
3. ഇന്നത്തെ പത്രപംക്തികളുടെ അവസ്ഥ എന്താണെന്ന് ഉദാഹരണങ്ങളെ മുൻനിർത്തി ചർച്ച ചെയ്യുക.

## Reference


1. പുതുപ്പള്ളി രാഘവൻ, കേരള പത്രപ്രവർത്തന ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, വൃത്താന്തപത്രപ്രവർത്തനം, മാളുബൻ, തിരുവനന്തപുരം.
3. പി.കെ. രാജശേഖരൻ, മലയാളിയുടെ മാധ്യമജീവിതം , കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ജോയ് തിരുമൂലപുരം, വാർത്ത:സമ്പൂർണ്ണ പത്രസംവിധാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ജോയ് തിരുമൂലപുരം, വാർത്ത:സ്വഭാവം, പ്രകൃതം, മൂല്യം, ഉറവിടം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് - തിരുവനന്തപുരം.

# യൂണിറ്റ് - 3
# സ്വാതന്ത്ര്യം വിലപേശാനുള്ളതല്ല
**ജമാൽ കൊച്ചങ്ങാടി**

## Learning Outcomes

- അഭിമുഖസംഭാഷണത്തിന്റെ സവിശേഷതകൾ വിലയിരുത്തുന്നു
- ബ്രിട്ടീഷ് പ്രതിനിധിയുടെ ചോദ്യങ്ങൾക്കുള്ള ഗാന്ധിജിയുടെ മറുപടി വിശദീകരിക്കുന്നു
- സ്വാതന്ത്ര്യവാഗ്ദാനത്തോടുള്ള ഗാന്ധിജിയുടെ പ്രതികരണം മനസ്സിലാക്കുന്നു
- അഹിംസയുടെ പ്രാധാന്യത്തെപ്പറ്റി ഗാന്ധിജിയുടെ വാക്കുകളിലൂടെ ഗ്രഹിക്കുന്നു
- അനുഭവക്കുറിപ്പുപോലെ അഭിമുഖസംഭാഷണം വിലയിരുത്തുന്നു
- ബ്രിട്ടന്റെ നിലപാടുകൾക്കെതിരെ ശക്തമായ പ്രതിരോധം തീർക്കുന്ന ഗാന്ധിജിയെ തിരിച്ചറിയുന്നു
- ചരിത്രപഠനത്തിന്റെ ഭാഗമായി ഈ അഭിമുഖത്തെ വിലയിരുത്തുന്നു

## Prerequisites

പത്രപ്രവർത്തകൻ, ഗാനരചയിതാവ്, നാടകരചയിതാവ്, കഥാകൃത്ത്, തിരക്കഥാകൃത്ത്, നോവലിസ്റ്റ്, വിവർത്തകൻ തുടങ്ങി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച എഴുത്തുകാരനാണ് ജമാൽ കൊച്ചങ്ങാടി.

എറണാകുളത്തെ 'കേരളനാദം' സായാഹ്ന പത്രത്തിലായിരുന്നു പത്രപ്രവർത്തന തുടക്കം. പിന്നീട് ജയ്ഹിന്ദ്, കൊച്ചിൻ എക്സ്പ്രസ്, യുവകേരളം തുടങ്ങിയ സായാഹ്നപത്രങ്ങളിലും ഫിലിംനാദം, യാത്ര, ചിത്രകാർത്തിക, ദീപ്തി, സർഗ്ഗം ,സിനിമ തുടങ്ങിയ ആനുകാലികങ്ങളിലും പ്രവർത്തിച്ചു. ഇതിനിടെ സമസ്ത കേരള സാഹിത്യപരിഷത്തിന്റെ ഓഫീസ് സെക്രട്ടറിയായി കുറച്ചുനാൾ ജോലിചെയ്തു. സ്ക്കൂൾ ഫൈനലിനു പഠിക്കുന്ന കാലത്തു തന്നെ 1961-ൽ മുൻ ഡെപ്യൂട്ടി സ്പീക്കർ എം.ജെ സക്കറിയാ സേട്ടുവിനോടൊപ്പം അഞ്ചും മൂന്നും ഒന്ന് എന്ന കഥാസമാഹാരം പുറത്തിറക്കി. 'തളിരിട്ട കിനാക്കൾ, ചാപ്പ്' എന്നീ ചിത്രങ്ങൾക്ക് കഥയും തിരക്കഥയും എഴുതി. സിനിമയ്ക്കും അല്ലാതെയും ഗാനരചനകൾ നടത്തി. 1980ൽ 'ലീഗ് ടൈംസ്' പത്രാധിപസമിതിയിൽ അംഗമായി. 1987ൽ മാധ്യമം ദിനപത്രം ആരംഭിച്ച കാലം തൊട്ടേ അതിലുണ്ടായിരുന്നു. ഡെസ്ക് ചീഫായും വാരാന്ത്യ മാധ്യമത്തിന്റെ എഡിറ്ററായും പ്രവർത്തിച്ചു. പതിനഞ്ചുവർഷം മാധ്യമം വാർഷിക പതിപ്പുകളുടെ പത്രാധിപരായിരുന്നു. 2002 ൽ മാധ്യമത്തിൽനിന്നും വിരമിച്ചു. ഇനിയും ഉണരാത്തവർ, ക്ഷുഭിതരുടെ ആശംസകൾ എന്നീ പ്രഫഷണൽ നാടകങ്ങളുടെ രചയിതാവ്. കഥ,നോവൽ, വിവർത്തനം, പഠനം തുടങ്ങിയ ഇനങ്ങളിൽ ഇരുപത്തഞ്ചിലേറെ കൃതികൾ. ക്ലാസിക്ക് അഭി

മുഖങ്ങൾ, കാർട്ടൂണിസ്റ്റുകളെ കുറിച്ചുള്ള 'സത്യം പറയുന്ന നുണയന്മാർ' എന്നിവ മാധ്യമ സംബന്ധിയായ പുസ്തകങ്ങളാണ്.

1980 -ൽ പി. ഗോപികുമാറിന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ 'തളിരിട്ട കിനാക്കൾ' എന്ന ചലച്ചിത്രം നിർമ്മിച്ചുകൊണ്ടാണ് ജമാൽ ചലച്ചിത്ര രംഗത്തെത്തിയത്. തളിരിട്ട കിനാക്കളിലെ ഗാനങ്ങളും അദ്ദേഹം രചിച്ചു. അതുകൂടാതെ 1983ൽ പ്രദർശനത്തിനെത്തിയ 'മറക്കില്ലൊരിക്കലും' എന്ന ചലച്ചിത്രത്തിന് വേണ്ടിയും ഗാനരചന നടത്തി. പി. എ. ബക്കർ സംവിധാനം ചെയ്ത് 1983 -ൽ പ്രദർശനത്തിനെത്തിയ 'ചാപ്പ' എന്ന ചിത്രത്തിന്റെ കഥയെഴുതിയതും ജമാൽ കൊച്ചങ്ങാടി ആയിരുന്നു.

'ക്ലാസിക് അഭിമുഖങ്ങൾ' എന്ന കൃതിയിൽ നിന്നാണ് ഈ അഭിമുഖലേഖനം എടുത്തിരിക്കുന്നത്.

ദർശനം കൊണ്ടും രാഷ്ട്രീയപ്രവർത്തനത്താലും ലോകത്തെ മാറ്റിമറിച്ച കാൾമാർക്സ്, മഹാത്മാഗാന്ധി, ഹിറ്റ്ലർ, മുസോളിനി, സ്റ്റാലിൻ, മാവോ സേ തുങ് തുടങ്ങി രാഷ്ട്രീയം തത്ത്വചിന്ത, സാഹിത്യം, ശാസ്ത്രം, സംഗീതം, തുടങ്ങിയ മേഖലകളിലെ ഇരുപത്തഞ്ച് പ്രശസ്തരുമായുള്ള അഭിമുഖ സംഭാഷണങ്ങളാണ് ഈ പുസ്തകത്തിലുള്ളത്.

ചായം തേക്കാത്ത മുഖങ്ങൾ, നിലാവിന്റെ സംഗീതം, മരുഭൂമിയിലെ പ്രവാചകൻ, കൊളംബസും മറ്റു യാത്രികരും, താൻസൻ മുതൽ സക്കീർ ഹുസൈൻ വരെ, ലതാ മങ്കേഷ്കർ സംഗീതവും ജീവിതവും, സ്വകാര്യതയുടെ അതിർത്തികൾ, ധ്യാനം ഇസ്ലാമിൽ, സ്ഫടികംപോലെ, പി എ സെയ്തു മുഹമ്മദ്, തവിടുതിന്ന രാജാവ് ഇവയൊക്കെയാണ് മറ്റു കൃതികൾ.

## Key Themes

- ഹെൻറി ബ്രെയിൽസ് ഫോഡ് എന്ന പത്രപ്രവർത്തകൻ മഹാത്മാ ഗാന്ധിയുമായി നടത്തിയ അഭിമുഖമാണ് 'സ്വാതന്ത്ര്യം വിലപേശാനുള്ളതല്ല' എന്ന ലേഖനം.
- സ്വാതന്ത്ര്യത്തെക്കുറിച്ച് ഗാന്ധിജിയുടെ വ്യക്തമായ നിലപാട് വെളിവാകുന്നു.

## Discussion

ലേഖനം തുടങ്ങുന്നതിനുമുമ്പ് അഭിമുഖകാരനായ ഹെൻറി ബ്രെയിൽസ് ഫോഡിന്റെ ചെറിയൊരു ജീവചരിത്രക്കുറിപ്പ് കൊടുത്തിട്ടുണ്ട്.

വെറും ചോദ്യങ്ങളും മറുപടികളും മാത്രം എഴുതി വെക്കുന്നതിന് പകരം, ഗാന്ധിജിയുമായി താൻ നടത്തിയ അഭിമുഖത്തിന്റെ അനുഭവക്കുറിപ്പ് പോലെയാണ് ബ്രെയിൽസ് ഈ ലേഖനം എഴുതിയിരിക്കുന്നത്.

അഭിമുഖം നടക്കുന്ന സാഹചര്യങ്ങളെയും അഭിമുഖം ചെയ്യുന്നതിന് മുമ്പുള്ള ഗാന്ധിജിയുടെ ഭാവങ്ങളെയും അവസ്ഥകളെയും വിവരിച്ചുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്.

ബ്രിട്ടന്റെ സ്വാതന്ത്ര്യവാഗ്ദാനത്തോടുള്ള ഗാന്ധിയുടെ പ്രതികരണങ്ങളാണ് അടുത്ത ഭാഗങ്ങളിൽ കാണുന്നത്. പ്രതികരിക്കുമ്പോഴുണ്ടായ ഗാന്ധിജിയുടെ ഭാവമാറ്റങ്ങളെയും അടയാളപ്പെടുത്താൻ ലേഖകൻ ശ്രമിക്കുന്നുണ്ട്.

രാഷ്ട്രപദവിയെക്കാൾ ഇന്ത്യക്കാർ എന്തുകൊ

ണ്ട് സ്വാതന്ത്ര്യത്തിനു പ്രാധാന്യം കൊടുക്കുന്നു എന്നതിനുള്ള വിശദീകരണം തുടർന്നു നൽകുന്നുണ്ട്.

സ്വതന്ത്ര ഇന്ത്യ ബ്രിട്ടനുമായുള്ള സൗഹൃദക്കരാറിൽ ഒപ്പ് വെക്കണമെന്ന ഉടമ്പടിയോടെ, സ്വാതന്ത്ര്യവാഗ്ദാനം നടത്തുന്നതിനോട് ശക്തമായി പ്രതികരിക്കുന്നുണ്ട്. സ്വാതന്ത്ര്യം വില പേശാനുള്ളതല്ല എന്ന തന്റെ വാദത്തെ വ്യക്തമായി വിശദീകരിക്കുന്നുണ്ട്.

ഇംഗ്ലീഷ്കാർ വ്യാപാരി മനോഭാവത്തിൽ നിന്ന്, ധാർമ്മികതയിലധിഷ്ഠിതമായ ബ്രാഹ്മണത്ത്വത്തിലേക്ക് മാറേണ്ടതിന്റെ അനിവാര്യതയെപ്പറ്റി ചർച്ച ചെയ്യുന്നുണ്ട്.

അഹിംസയിലധിഷ്ഠിതമായ സമീപനങ്ങളുടെ പ്രാധാന്യത്തെപ്പറ്റി വാചാലനാവുന്നുണ്ട്.

അവസാനഭാഗത്ത്, ഗാന്ധിയുമായുള്ള അഭിമുഖം തന്റെ മനസ്സിൽ സൃഷ്ടിച്ച തിരിച്ചറിവുകളെയും അടയാളപ്പെടുത്തുന്നു.

അഭിമുഖം ചെയ്യാൻ പോകുന്ന സമയത്തെ ഗാന്ധിജിയുടെ അവസ്ഥയെയും സാഹചര്യങ്ങളെയുമെല്ലാം മനസിലാക്കി, ആദ്യഭാഗത്ത് തന്നെ അതൊക്കെയും രേഖപ്പെടുത്തിയിട്ടുണ്ട്. സംഭാഷണങ്ങളെ അതേപോലെ എഴുതിച്ചേർക്കുന്നതിന് പകരം ഒരു അനുഭവ റിപ്പോർട്ട് പോലെയോ, അല്ലെങ്കിൽ സംഭാഷണങ്ങളെ സ്വയംവിശകലനം ചെയ്തുകൊണ്ടോ ആണ് ഈ അഭിമുഖലേഖനം എഴുതിയിരിക്കുന്നത്.

താൻ സമീപിക്കുമ്പോൾ ഗാന്ധിജി സന്തുഷ്ടനായിരുന്നു എന്ന് പറഞ്ഞു കൊണ്ടാണ് തുടങ്ങുന്നത്. ഒരു അഭിമുഖകാരനെ സംബന്ധിച്ചിടത്തോളം താൻ അഭിമുഖീകരിക്കുന്ന വ്യക്തി പ്രസന്നതയോടെ, സന്തോഷത്തോടെ ഇരിക്കേണ്ടത് അത്യാവശ്യമാണ്. ദുഖിതനായി ഇരിക്കുന്ന ഒരാളുമായി അഭിമുഖം നടത്തിയാൽ അത് അഭിമുഖത്തെ നന്നായി ബാധിക്കും.

ഇവിടെ ഗാന്ധിജിയെ അഭിമുഖം നടത്താൻ നല്ലൊരു സമയമാണ് ബ്രെയിൽസിനു കിട്ടിയിരിക്കുന്നത്.

ഇന്ത്യ സ്വാതന്ത്ര്യത്തിലേക്ക് കടക്കാൻ പോകുന്നു എന്ന വാർത്ത പരന്നിരുന്ന സമയത്ത്, ഇന്ത്യൻ സ്വാതന്ത്ര്യസമരങ്ങൾക്ക് നേതൃത്വം വഹിച്ച ആളെന്ന നിലക്ക് ഗാന്ധിജിക്കുണ്ടായിട്ടുള്ള സന്തോഷവും ആവേശവും വളരെ കൂടുതലായിരിക്കാം. അതുകൊണ്ട് തന്നെ ഗാന്ധിജിയെ കണ്ടപ്പോൾ പ്രായം കൂടിയതായി തനിക്കനുഭവപ്പെട്ടു എന്ന് ബ്രെയിൽസ് പറയുന്നുണ്ട്.

താൻ കോൺഗ്രസിന് വേണ്ടിയല്ല, വ്യക്തിപരമായാണ് സംസാരിക്കുന്നതെന്ന് ആദ്യം തന്നെ മുന്നറിയിപ്പ് കൊടുത്തു കൊണ്ടാണ് ഗാന്ധിജി ബ്രെയിൽസിന്റെ അഭിമുഖ ചോദ്യങ്ങളെ സ്വീകരിക്കുന്നത്. സ്വാതന്ത്ര്യം തെരഞ്ഞെടുക്കാനുള്ള ഇന്ത്യയുടെ അവകാശത്തെക്കുറിച്ചുള്ള പ്രധാനമന്ത്രിയുടെ അംഗീകാരത്തിൽ നിന്നാണ് സംഭാഷണം ആരംഭിക്കുന്നത്. കഴിഞ്ഞ രണ്ട് മാസങ്ങളായി ഉദാരമായ ലക്ഷണങ്ങളാണ് കാണുന്നതെന്നും ഇപ്രാവശ്യം ബ്രിട്ടീഷ് സർക്കാർ കാര്യം നടപ്പിലാക്കുമെന്നാണ് പ്രതീക്ഷയെന്നും ലോകചരിത്രത്തിലെ തന്നെ നാഴികക്കല്ലായിരിക്കും ഇതെന്നും ഗാന്ധിജി പറയുന്നുണ്ട്.

എന്നാൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ രീതി ഗാന്ധിജിയെ ഒട്ടും തൃപ്തിപ്പെടുത്തിയില്ല എന്ന് അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്നും ലേഖകൻ മനസിലാക്കുന്നുണ്ട്. രാഷ്ട്രീയ തടവുകാരുടെ മോചനം ഇപ്പൊഴും അപൂർണ്ണതയിലാണെന്ന് ഗാന്ധിജി പരാതിപ്പെടുന്നുണ്ട്.

ഉപ്പുനികുതിയെക്കുറിച്ചുള്ള ഗാന്ധിജിയുടെ അഭിപ്രായം അതേപോലെ തന്നെ ലേഖകൻ അവതരിപ്പിച്ചിട്ടുണ്ട്. സ്വാതന്ത്ര്യം ലഭിച്ചാലുടനെ ഉപ്പു നികുതിയും നിർത്തലാക്കും. പക്ഷേ ഇപ്പോൾ റദ്ദാക്കിയത് എന്തിനാണെന്ന് ഗാന്ധിജി ചോദിക്കുന്നുണ്ട്. പ്രതീക്ഷയുടെ ജനവികാരം സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് ഇതിലൂടെ കഴിഞ്ഞു എന്നാണ് ഗാന്ധിജി കണ്ടെത്തുന്നത്.

പുത്രികരാഷ്ട്രപദവിയെക്കാൾ ഇന്ത്യക്കാർ സ്വാതന്ത്ര്യത്തിന് പ്രാധാന്യം കൊടുക്കുന്നതിന്റെ വിശദീകരണം ലേഖകൻ ആവശ്യപ്പെടുന്നുണ്ട്. ഇതിന് ആദ്യം ഗാന്ധി സ്തോഭം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും തുടർന്ന് ഒരുകാലത്ത് താനും പുത്രികരാഷ്ട്രപദവി അഥവാ ഡോമി

നിയൻ സ്റ്റേറ്റ് ഇന്ത്യക്കാരന്റെ ഉള്ളിൽ ഉണ്ടാവണമെന്ന് ആഗ്രഹിച്ച ഒരാളായിരുന്നു എന്നും എന്നാൽ ഈ ചിന്തയെ സ്വാതന്ത്ര്യം എന്ന ചിന്തയിലേക്ക് വഴി തിരിച്ചു വിട്ടത് സി. എഫ്. ആൻഡ്രൂസർ എന്ന ഇംഗ്ലീഷ് ഫുട്ബോളർ ആണെന്നും ഗാന്ധി ചിരിയോടെ ഓർക്കുന്നുണ്ട്.

ഓരോ സംഭാഷണത്തിലും ഗാന്ധിയുടെ ഭാവങ്ങളെ രേഖപ്പെടുത്തി വെക്കാൻ ബ്രെയിൽസിനു കഴിഞ്ഞിട്ടുണ്ട് എന്നത് ഈ അഭിമുഖത്തെ വ്യത്യസ്തമാക്കുന്നു.

തങ്ങൾ അതായത് ഇന്ത്യക്കാർ ആദ്യം മോചിതരാവേണ്ടത് അധഃകൃതാവസ്ഥയിൽ നിന്നാണെന്നും ബ്രിട്ടീഷ് കര-നാവികസേനകളുടെ സംരക്ഷണം ഇന്ത്യയ്ക്ക് ആവശ്യമില്ലെന്നും ഗാന്ധിജി വ്യക്തമാക്കുന്നു. അഹിംസയിൽ അടിയുറച്ചു നിൽക്കുന്നിടത്തോളം കാലം ഇന്ത്യ ഒറ്റയ്ക്ക് തന്നെ ഒരു പ്രകാശമായി ജ്വലിച്ചുയരും എന്ന തിരിച്ചറിവിനെയാണ് ഗാന്ധി മുന്നോട്ട് വെച്ചത്.

ലോകത്തിനും നിങ്ങൾക്കും ഞങ്ങൾക്കും വേണ്ടി നിങ്ങൾക്കിന്ന് സ്വാതന്ത്ര്യം ലഭിക്കണം എന്ന് ഇംഗ്ലീഷ്കാർ പറഞ്ഞു കേൾക്കാനാണ് താൻ ആഗ്രഹിക്കുന്നതെന്ന് ഗാന്ധിജി പറയുന്നു.

ബ്രെയിൽസ് ഒരു ബ്രിട്ടീഷ് പ്രതിനിധിയെപ്പോലെ തന്നെയായിരുന്നു ഗാന്ധിജിയെ അഭിമുഖം നടത്തിയത്. ഒരു ബ്രിട്ടീഷ് പൗരന് അറിയേണ്ട കാര്യങ്ങളൊക്കെയും അവന്റെ സംശയങ്ങൾക്കുള്ള എല്ലാ ഉത്തരങ്ങളും ബ്രെയിൽസ് തന്റെ ചോദ്യങ്ങളിലൂടെ തേടുന്നുണ്ട് എന്ന് കാണാൻ കഴിയും. ഇന്ത്യയുടെ സ്വാതന്ത്ര്യം ബ്രിട്ടന്റെയും ലോകത്തിന്റെ തന്നെയും സുരക്ഷിതത്വത്തിന് കാരണമാകുമോ എന്ന ചോദ്യത്തിന് സ്വതന്ത്രഭാരതത്തെ ബ്രിട്ടനു പേടിക്കേണ്ട ആവശ്യമില്ലെന്നും ബ്രിട്ടനുമായി സൗഹൃദം തുടരുമെന്നുമാണ് ഗാന്ധി പറഞ്ഞു വെക്കുന്നത്. നൂറ്റാണ്ടുകളായി ഇന്ത്യയെ അടിച്ചമർത്തിക്കൊണ്ടിരുന്ന ബ്രിട്ടനോട് വളരെ സൗഹാർദ്ദപരമായ സമീപനം ആയിരുന്നു എപ്പോഴും ഗാന്ധിജി പുലർത്തിയിരുന്നതെന്ന് ഈ മറുപടികളൊക്കെയും മനസിലാക്കിത്തരുന്നു. ബ്രിട്ടീഷുകാർ ചിന്തിക്കുന്നതിലപ്പുറമായിരുന്നു ഗാന്ധിയുടെയും ഇന്ത്യക്കാരുടെയും സഹിഷ്ണുതാഭാവം. അഹിംസയിലധിഷ്ഠിതമായ സങ്കല്പ്പങ്ങളിൽ ഒരിക്കലും വിദ്വേഷമോ ശത്രുതയോ ഇല്ലെന്ന ഉറപ്പിക്കലുകളാണ് ഓരോ മറുപടികളിലൂടെയും ഗാന്ധി പറഞ്ഞു വെക്കുന്നത്.

സ്വാതന്ത്ര്യാനന്തരം ഇന്ത്യ തുടരുമെന്ന് പറഞ്ഞ സൗഹൃദത്തിന് ഒരു ഉറപ്പ് ബ്രിട്ടന് കിട്ടേണ്ടിയിരിക്കുന്നു എന്നും ഒരു കരാറിൽ ഒപ്പിടാൻ ഇന്ത്യ തയ്യാറാണോ എന്നുമുള്ള ചോദ്യത്തിന് ഒരു മറുചോദ്യമാണ് ഗാന്ധി ഉന്നയിക്കുന്നത്. അങ്ങനെയൊരു കരാറിൽ ഒപ്പിടാൻ തയ്യാറല്ല എന്ന് പറഞ്ഞാൽ ഈ സ്വാതന്ത്ര്യവാഗ്ദാനം നിഷേധിക്കുമോ എന്നായിരുന്നു. ഇവിടെയാണ് സ്വാതന്ത്ര്യം ഒരു വിലപേശൽ അല്ല എന്ന വാദം ഗാന്ധി ശക്തമായി മുന്നോട്ടു വെക്കുന്നത്. ഒരു ഉപാധിയെ വെച്ചുകൊണ്ടാണ് ഇവിടെ ബ്രിട്ടൻ ഇന്ത്യയുടെ സ്വാതന്ത്ര്യത്തെ അംഗീകരിക്കുന്നത്. വാഗ്ദാനത്തിന്റെ മൂല്യത്തെ നിഷ്പ്രഭമാക്കുന്ന സമീപനമാണ് അതെന്ന് ഗാന്ധി തിരിച്ചടിക്കുന്നുണ്ട്. സ്വാതന്ത്ര്യം ഇന്ത്യയുടെ അവകാശമാണെന്ന് കാണുന്നതാണ് ശരിയായ സമീപനം എന്ന് ഗാന്ധിജി തിരുത്തുന്നുണ്ട്.

ഇന്ത്യയുമായുള്ള ഭീഷണമായ ബന്ധം ഉപേക്ഷിക്കാനാണ് ബ്രിട്ടൻ ആഗ്രഹിക്കുന്നതെന്ന് പറഞ്ഞു കൊണ്ട്, ബ്രിട്ടന്റെ ആലോചനകൾ വിശദമായി ബ്രെയിൽസ് മുന്നോട്ട് വെക്കുന്നുണ്ട്. തങ്ങളുടെ അക്രമരീതികൾക്കെതിരായി യുദ്ധം നടത്താൻ ഇന്ത്യയിലെ തുറമുഖങ്ങളും മറ്റും, അനുവദിക്കുന്ന തരത്തിലുള്ള ഒരു സൗഹൃദം ഒരു വിലപേശലുമില്ലാതെ തന്നെ അനുവദിക്കുമോ എന്നായിരുന്നു ബ്രെയിൽസ് തുടർന്ന് ചോദിച്ചത്. ഇതിന് സമാധാനപരമായൊരു ഉപദേശമാണ് ഗാന്ധിജി കൊടുക്കുന്നത്. അതായത് ധർമ്മിക മൂല്യങ്ങൾക്ക് വില കൽപിക്കുന്ന ബ്രാഹ്മണരുടെ അവസ്ഥയിലേക്ക് ബ്രിട്ടീഷുകാർ മാറണമെന്നും നിലവിൽ ഒരു വ്യാപാര മനോഭാവമുള്ള ബനിയന്മാരാണ് ബ്രിട്ടീഷുകാരെന്നും ഗാന്ധി പറയുന്നു. അഹിംസാത്മകമായ ഒരു ജീവിത ഭരണരീതിയാണ് എല്ലാവരും പിന്തുടരേണ്ടതെന്നും അങ്ങനെയായാൽ ധീരതയോടെ ഉന്നതിയിലേക്ക് എത്താൻ പറ്റുമെന്നുമുള്ള തന്റെ വിശ്വാസത്തെ ഗാന്ധി ഉറപ്പിച്ചു പറയുന്നു.

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി ഒരു വില പേശൽ നടത്തിക്കൊണ്ട് തന്റെ സഹോദരങ്ങളെ അപകൃഷ്ടരാക്കാൻ താൻ ആഗ്രഹിക്കുന്നില്ലെന്ന് ഗാന്ധിജി തന്റെ പക്ഷം വ്യക്തമായി തുറന്ന് പറയുന്നു. മാത്രമല്ല, ഇന്ത്യക്കാരായ പലർക്കും ഈ ഒരു വിലപേശലിന്റെ അപകടം മനസിലാക്കാൻ കഴിഞ്ഞെന്ന് വരില്ല എന്ന ബോധം കൂടി ഗാന്ധിജിക്ക് ഉണ്ടെന്ന് വാക്കുകളിൽ നിന്ന് മനസിലാക്കാം. സ്വാതന്ത്ര്യം ശുദ്ധവായുപോലെ കിട്ടേണ്ട ഒന്നാണെന്നും എല്ലാവർക്കും ഒരു പോലെ ലഭിക്കേണ്ടതാണെന്നും ഒരു വിലപേശലിലൂടെ നേടിയെടുക്കേണ്ടത് അല്ലെന്നും ഗാന്ധിജി പറഞ്ഞു വെക്കുന്നു.

ധർമ്മികമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുത്തു കൊണ്ടുള്ള, അഹിംസയിലധിഷ്ഠിതമായ, ഒരു ഇന്ത്യയെയും ഭരണ-ജീവിത-സാമൂഹ്യ-സംസ്കാര പുരോഗതിയെയുമാണ് ഗാന്ധിജി സ്വപ്നം കണ്ടത്. അതുകൊണ്ട് തന്നെ സ്വതന്ത്ര്യഇന്ത്യ ബ്രിട്ടനുമായുള്ള പ്രതിരോധസഖ്യത്തിൽ പങ്കുകൊള്ളുമോ എന്ന ചോദ്യത്തിനുള്ള ഗാന്ധിജിയുടെ മറുപടിയും ഈ സങ്കൽപ്പത്തെ മുൻനിർത്തിയുള്ളതായിരുന്നു. ബ്രിട്ടനോടുള്ളതു പോലുള്ള സൗഹൃദം മറ്റു രാജ്യങ്ങളിലേക്കും കൂടി വ്യാപിക്കുമെന്നും ഇന്ത്യയ്ക്ക് ചേർന്ന ഒരു സഖ്യത്തിൽ പങ്കു ചേരുമെന്നും, ധാർമ്മികശക്തി നേടിയവർക്ക് മാത്രമേ സന്തുലിതത്വം നിലനിർത്താൻ ആവുകയുള്ളുവെന്നും അതിനെ സാക്ഷാൽകരിക്കാൻ 125 വയസ് വരെ ജീവിക്കാൻ ആഗ്രഹിക്കുന്നുണ്ടെന്നും ഗാന്ധി പറയുന്നുണ്ട്.

അഹിംസയിലധിഷ്ഠിതമായ ഒരു സ്വതന്ത്ര ഇന്ത്യയെ വാർത്തെടുക്കാനുള്ള ആഗ്രഹങ്ങളായിരുന്നു ഗാന്ധിജിയെ നയിച്ചതെന്നു വ്യക്തമാവുന്നു. വാണിജ്യപരമായ സൗഹൃദത്തിന് ബ്രിട്ടനോട് നല്ല രീതിയിൽ കൂറ് പുലർത്താനുള്ള പ്രത്യാശ ഗാന്ധി പ്രകടിപ്പിക്കുന്നുണ്ട്. ഇന്ത്യയുടെ സാമ്പത്തിക പുരോഗതിക്കു വേണ്ടിയുള്ള ആഹ്വാനങ്ങളും സ്വാതന്ത്ര്യത്തിനു മുമ്പേ തന്നെ ഗാന്ധി സ്വപ്നം കണ്ടിരുന്നുവെന്ന് ഈ പ്രത്യാശകളിൽ തെളിയുന്നു.

മനുഷ്യസമാധാനത്തിനും മനുഷ്യനന്മയ്ക്കും പ്രാധാന്യം കൊടുത്തു കൊണ്ടുള്ള സങ്കൽപ്പങ്ങളായിരുന്നു ഗാന്ധിജിയുടേത്. ഗാന്ധിജി എന്ന ധീരനായ മനുഷ്യനെ ഈ ഒരു കോണിൽ മനസിലാക്കിക്കൊണ്ടാണ് ബ്രെയിൽസ് തന്റെ അഭിമുഖ ലേഖനത്തിന് അവസാനം കുറിക്കുന്നത്.

ബ്രിട്ടനടക്കമുള്ള രാജ്യങ്ങളുടെ സൈനിക വിപത്തിനെക്കുറിച്ചുള്ള ആശങ്കകളിൽ നിന്നും പ്രതിരോധമനോഭാവങ്ങളിൽ നിന്നും വ്യത്യസ്തമായി മനുഷ്യൻ മറ്റ് മനുഷ്യനെ സഹോദരനായി സ്നേഹിക്കാൻ പഠിച്ചാലേ യഥാർത്ഥ സുരക്ഷിതത്വം കൈവരിക്കാനാവു എന്ന ഗാന്ധിജിയുടെ അടിയുറച്ച നിലപാടിനെ അടയാളപ്പെടുത്തിക്കൊണ്ട് ബ്രെയിൽസ് നിർത്തുന്നു.

അഭിമുഖം വാമൊഴിയാണ്. അതിനെ വരമൊഴിയിലേക്ക് പകർത്തുന്നതാണ് അഭിമുഖ ലേഖനം. എന്നാൽ പലപ്പോഴും വരമൊഴിയിലാക്കപ്പെടുമ്പോൾ വാമൊഴിയിൽ വിരചിതമായ അഭിമുഖത്തിന്റെ ആത്മാവ് നഷ്ടപ്പെട്ടു പോകാറുണ്ട്.

അഭിമുഖം ചെയ്യപ്പെടുന്ന വ്യക്തിയുടെ ഭാവമാറ്റങ്ങളെയും അവസ്ഥകളെയും, ഓരോ മറുപടി പറയുമ്പോഴുള്ള മുഖഭാവങ്ങളെയും രേഖപ്പെടുത്താനാവുമ്പോഴാണ് അഭിമുഖലേഖനം അതിന്റെ പൂർണ്ണത കൈവരിക്കുന്നത്. വ്യക്തിയുടെ ഓരോ മറുപടിയെയും അയാൾ ഏത് ഭാവത്തോടെയാണോ പറഞ്ഞത്, ആ ഭാവങ്ങളെയും കൂടി ഉൾപ്പെടുത്തുമ്പോൾ വായനക്കാർക്ക് വ്യക്തിയെ നന്നായി അറിയാൻ പറ്റുന്നു. മാത്രമല്ല, പല തെറ്റിദ്ധാരണകളും ഒഴിവാക്കപ്പെടാൻ സഹായകമാവുന്നു.

ബ്രെയിൽസ്, ഗാന്ധിജിയുമായി നടത്തിയ അഭിമുഖത്തിന്റെ ഒരു അഭിമുഖ-അനുഭവക്കുറിപ്പ് പോലെയാണ് ഈ ലേഖനം എഴുതിയിരിക്കുന്നത്.

ഒരു അഭിമുഖകാരൻ ഒരു ധീര പുരുഷനുമായി നടത്തിയ അഭിമുഖങ്ങളുടെ അനുഭവങ്ങളാണ് 'സ്വാതന്ത്ര്യം വില പേശാനുള്ളതല്ല' എന്ന ലേഖനമെന്ന് പറയാം. ബ്രിട്ടന്റെ സ്വാതന്ത്ര്യ വാഗ്ദാനങ്ങളുടെ സാഹചര്യത്തിലാണ് ഈ അഭിമുഖം നടത്തിയിരിക്കുന്നതെന്നു കാണാൻ കഴിയും. ഒരു ഉപാധി വെച്ച് കൊണ്ടുള്ള സ്വാതന്ത്ര്യഅംഗീകാരത്തിന് ഗാന്ധിജി തയ്യാറല്ലായി

രുന്നു. സ്വാതന്ത്ര്യം വിലപേശാനുള്ളതല്ല എന്നായിരുന്നു ഗാന്ധിജിയുടെ വാദം.

ചരിത്രം പഠിക്കുന്നവർക്ക് എന്തുകൊണ്ടും ഒഴിച്ച് കൂടാനാവാത്തതാണ് ഈ അഭിമുഖ ലേഖനമെന്ന് നിസ്സംശയം പറയാം. കാരണം, സ്വതന്ത്രഇന്ത്യയെക്കുറിച്ചുള്ള ഗാന്ധിജിയുടെ സ്വപ്നങ്ങൾ ഒരു ബ്രിട്ടൻ പ്രതിനിധിയോട് പങ്കുവെക്കുന്ന ഭാഷണമാണിത്. മാത്രമല്ല, സ്വാതന്ത്ര്യത്തെപ്പറ്റിയുള്ള ശരിയായ സങ്കൽപ്പങ്ങളെ മനസിലാക്കാൻ ഈ അഭിമുഖലേഖനം സഹായിക്കും.

ഈ അഭിമുഖത്തിന് തീർച്ചയായും കാലിക പ്രസക്തിയുണ്ട്. ഇന്ത്യ സ്വാതന്ത്ര്യം കൈവരിച്ചു എന്ന് പറയുമ്പോഴും ഇന്ത്യയിലെ മുഴുവൻ ജനങ്ങളും സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ടോ എന്നത് ചിന്തിക്കേണ്ട ചോദ്യമാണ്. സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള വിലപേശലുകൾ ഇന്നും നടക്കുന്നുണ്ട്. സ്വാതന്ത്ര്യത്തെ വിശാലാർത്ഥത്തിൽ എല്ലാ കൈവഴികളെയും ഉൾപ്പെടുത്തിയാലും വ്യക്തിസ്വാതന്ത്ര്യം പോലും പൂർണമായും ഹനിക്കപ്പെടുന്ന രീതിയിലുള്ള സംഭവങ്ങളാണ് ഇന്ത്യയിൽ നടമാടിക്കൊണ്ടിരിക്കുന്നത്.

## Recap

- സാധാരണ ഗതിയിലുള്ള സംഭാഷണരൂപത്തിൽ നിന്നും വ്യത്യസ്തമായി ഒരു അനുഭവക്കുറിപ്പ് പോലെയാണ് ഈ അഭിമുഖ ലേഖനം എഴുതിയിരിക്കുന്നത്
- ബ്രിട്ടന്റെ സ്വാതന്ത്ര്യവാഗ്ദാനങ്ങളുടെ ഒരു സാഹചര്യത്തിലാണ് ഈ അഭിമുഖം നടത്തിയിരിക്കുന്നതെന്നു കാണാൻ കഴിയും
- ബ്രെയിൽസ്, ഒരു ബ്രിട്ടീഷ് പ്രതിനിധി എന്ന നിലയിൽ അഭിമുഖം ചെയ്യുമ്പോൾ ഒരു ഇന്ത്യൻ പൗരൻ എന്ന നിലയിൽ ഗാന്ധിജി പ്രതികരിക്കുന്നു
- ബ്രിട്ടന്റെ സ്വാതന്ത്ര്യവാഗ്ദാനത്തെ അംഗീകരിക്കുന്നുണ്ടെങ്കിലും അവരുടെ രീതിയെ ഗാന്ധിജി എതിർക്കുന്നു
- സ്വതന്ത്ര ഇന്ത്യ, ബ്രിട്ടനുമായുള്ള സൗഹൃദത്തിൽ ഉടമ്പടി വെക്കുമോ എന്ന ഉപാധി കൂടി വെച്ച് കൊണ്ടുള്ള സ്വാതന്ത്ര്യവാഗ്ദാനത്തോട് ഗാന്ധിജി ശക്തമായി പ്രതികരിക്കുന്നുണ്ട്
- സ്വാതന്ത്ര്യം ഇന്ത്യയുടെ അവകാശം എന്ന നിലക്കാണ് ബ്രിട്ടൻ അംഗീകരിക്കേണ്ടത് എന്ന് ഗാന്ധി തന്റെ നിലപാട് വ്യക്തമാക്കുന്നു
- ഒരു ഉപാധിയും വെക്കാതെ, ഒരു വിലപേശലും ഇല്ലാതെയാണ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടേണ്ടതെന്ന നിലപാടിൽ ഗാന്ധിജി ഉറച്ചു നിൽക്കുന്നു. സ്വാതന്ത്ര്യം ശുദ്ധവായു പോലെ കിട്ടേണ്ട ഒന്നാണെന്നും കൂട്ടിച്ചേർക്കുന്നുണ്ട്
- ബ്രിട്ടന്റെ പ്രതിരോധസഖ്യത്തിൽ ഇന്ത്യ പങ്ക് കൊള്ളുമോ എന്നും ആക്രമണരീതികൾക്കെതിരായി യുദ്ധം നടത്താൻ ഇന്ത്യയിലെ തുറമുഖങ്ങളെയും മറ്റും അനുവദിക്കുമോ എന്നും ഉള്ള ചോദ്യങ്ങൾക്ക്, ബ്രിട്ടൻ വ്യാപാരി മനോഭാവത്തിൽ നിന്നും ധാർമികതയിലധിഷ്ഠിതമായ ബ്രാഹ്മണസ്വഭാവത്തിലേക്ക് കടന്നു വരണം എന്ന ഉപദേശമാണ് ഗാന്ധി നൽകുന്നത്
- അഹിംസയുടെ പ്രാധാന്യത്തെപ്പറ്റി ഗാന്ധി വാചാലനാവുന്നുണ്ട്

- ധർമ്മികമൂല്യങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട്, മറ്റു മനുഷ്യരെ സ്വന്തം സഹോദരങ്ങളെ പോലെ സ്നേഹിക്കാൻ കഴിയുമ്പോൾ മാത്രമേ യഥാർത്ഥ സുരക്ഷിതത്വം കൈവരിക്കാൻ ആവൂ എന്ന് കൂട്ടിച്ചേർക്കുന്നു
- സ്വതന്ത്ര്യ ഇന്ത്യ, ഇന്ത്യയുടെ ഇച്ഛയ്ക്കനുസരിച്ചുള്ള സഖ്യത്തിൽ ചേരുമെന്നും അഹിംസാത്മകമായി മുന്നോട്ട് പോകുമെന്നും അതിനെ സാക്ഷാൽകരിക്കാൻ 125 വയസ് വരെ താൻ ജീവിക്കാൻ ആഗ്രഹിക്കുന്നുണ്ടെന്നും ഗാന്ധിജി മനസ് തുറക്കുന്നുണ്ട്
- ഗാന്ധിജി എന്ന മനുഷ്യന്റെ സങ്കൽപ്പങ്ങളെയും നിലപാടുകളെയും പൂർണ്ണമായും മനസിലാക്കിക്കൊണ്ടാണ് ബ്രെയിൽസ് തന്റെ അഭിമുഖത്തിന് വിരാമമിടുന്നത്
- വാമൊഴിയായി നടന്ന അഭിമുഖത്തിന്റെ ആത്മാവ് ഒട്ടും ചോർന്നു പോകാതെ വരമൊഴിയിലേക്ക് പകർത്താൻ ബ്രെയിൽസിന് കഴിഞ്ഞിട്ടുണ്ട്
- ചരിത്രപഠനത്തിലേക്കുള്ള ഒരു പാഠഭാഗമായി ഈ അഭിമുഖലേഖനത്തെ സ്വീകരിക്കാവുന്നതാണ്

## Objective Type Questions

1. ഗാന്ധിജിയുമായി അഭിമുഖം നടത്തിയ ബ്രിട്ടീഷ് പ്രതിനിധി ആരാണ്?
2. ബ്രിട്ടീഷുകാർ ആരെപ്പോലെ മാറണമെന്നാണ് ഗാന്ധിജിയുടെ അഭിപ്രായം?
3. ഗാന്ധിജിയിൽ സ്വാതന്ത്ര്യം എന്ന ചിന്ത ഉണ്ടാക്കിയെടുക്കാൻ കാരണക്കാരനായത് ആരാണ്?
4. ബ്രിട്ടനുമായി വാണിജ്യ സൗഹൃദം ആകാമെന്നു ഗാന്ധിജി ചിന്തിച്ചത് എന്തു കാരണത്താൽ ആണ്?
5. എന്തിൽ ഉറച്ചു നിന്ന്, ഒറ്റയ്ക്ക് ഒരു പ്രകാശമായി ഇന്ത്യ മാറുമെന്നാണ് ഗാന്ധിജി കരുതുന്നത്?
6. സ്വാതന്ത്ര്യം എങ്ങനെ ലഭിക്കണമെന്നാണ് ഗാന്ധിജിയുടെ അഭിപ്രായം?
7. ഇന്ത്യാക്കാർ ആദ്യം മോചിതരാകേണ്ടത് ഏതവസ്ഥയിൽ നിന്നാണ്?
8. ഇന്ത്യയെക്കുറിച്ചുള്ള ഗാന്ധിജിയുടെ ആഗ്രഹമെന്തായിരുന്നു?
9. ഈ അഭിമുഖലേഖനം ഏത് ഗ്രന്ഥത്തിൽ നിന്നെടുത്തതാണ്?
10. ജമാൽ കൊച്ചങ്ങാടി തന്റെ പത്രപ്രവർത്തന ചരിത്രം ആരംഭിച്ചതെവിടെ?

## Answers

1. ഹെൻറി ബ്രെയിൽസ് ഫോഡ്
2. ധാർമ്മികതയിൽ അധിഷ്ഠിതമായ ബ്രാഹ്മണ(ത്വത്തിലേക്ക്)സ്വഭാവത്തിലേക്ക്
3. സി. എഫ്. ആൻഡ്രൂസർ
4. അഹിംസയിൽ അധിഷ്ഠിതമായ സഹിഷ്ണുതാഭാവം കാരണം
5. അഹിംസയിൽ അടിയുറച്ചു നിൽക്കുമ്പോൾ
6. സ്വാതന്ത്ര്യം ശുദ്ധവായുപോലെ, എല്ലാവർക്കും ഒരുപോലെ
7. അധഃകൃതാവസ്ഥയിൽ നിന്ന്
8. അഹിംസയിലധിഷ്ഠിതമായ ഒരു സ്വതന്ത്ര ഇന്ത്യ
9. ക്ലാസ്സിക്ക് അഭിമുഖങ്ങൾ
10. 'കേരളനാദം' എന്ന സായാഹ്ന പത്രത്തിൽ

## Assignments

1. വെറും ചോദ്യോത്തരങ്ങളുടെ രേഖപ്പെടുത്തലിനപ്പുറം 'സ്വാതന്ത്ര്യം വിലപേശാനുള്ളതല്ല' എന്ന അഭിമുഖ ലേഖനത്തിന്റെ പ്രസക്തി എന്താണ്? കുറിപ്പ് ഉപന്യസിക്കുക.
2. സ്വാതന്ത്ര്യം വിലപേശാനുള്ളതല്ല എന്ന് ഗാന്ധിജി പറയുന്നതിന്റെ സാംഗത്യമെന്ത്? വിശദമാക്കുക.
3. 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്ന കൃതിക്ക് വായനാനുഭവക്കുറിപ്പ് തയ്യാറാക്കുക.

## Reference


1. പി. കെ. രാജശേഖരൻ, മലയാളികളുടെ മാധ്യമജീവിതം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ജമാൽ കൊച്ചങ്ങാടി, ക്ലാസിക്ക് അഭിമുഖങ്ങൾ, ഒലിവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.

# യൂണിറ്റ് - 4
# കോവിലനുമായി എസ്. വി. വേണുഗോപൻനായർ നടത്തിയ അഭിമുഖ സംഭാഷണം

## Learning Outcomes

- വ്യക്തിഗത അഭിമുഖ സംഭാഷണത്തിന്റെ പ്രത്യേകതകൾ തിരിച്ചറിയുന്നു
- കോവിലന്റെ പട്ടാളജീവിതവും സാഹിത്യജീവിതവും തമ്മിലുള്ള വൈരുധ്യവും സംഘർഷവും വിലയിരുത്തുന്നു
- 'തോറ്റങ്ങൾ' എന്ന നോവലെഴുതാനിടയായ പശ്ചാത്തലം അറിയുന്നു
- 'ഹിമാലയം' എന്ന നോവലിനെ കോവിലന്റെ മാസ്റ്റർപീസ് എന്ന നിലയിൽ ചർച്ച ചെയ്യുന്നു
- കോവിലന്റെ രചനാരീതിയെ സമഗ്രമായി വിശകലനം ചെയ്യുന്നു
- നിരൂപകരെ നിശിതമായി വിമർശിക്കുന്നതിനെ വിലയിരുത്തുന്നു

## Prerequisites

എസ്. വി. വേണുഗോപൻനായർ 1945 ൽ നെയ്യാറ്റിൻകരയിൽ ജനിച്ചു. അച്ഛൻ: പി സദാശിവൻ തമ്പി. അമ്മ: ജെ വി വിശാലാക്ഷിയമ്മ. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, കേരള സർവ്വകലാശാല എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി. മലയാള സാഹിത്യത്തിൽ എം എ, എം ഫിൽ, പി എച്ച് ഡി ബിരുദങ്ങൾ നേടി. 1965 ൽ നാഗർകോവിൽ സ്കോട്ട് ക്രിസ്ത്യൻ കോളേജിൽ അദ്ധ്യാപകനായി. തുടർന്ന് വിവിധ എൻ എസ് എസ് കോളേജുകളിൽ അദ്ധ്യാപനം. കഥ, നാടകം, പഠനം, സംഗൃഹീത പുനരാഖ്യാനം എന്നീ വിഭാഗങ്ങളിലായി ഇരുപതോളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൃതികൾ: ആദിശേഷന്, മൃതിതാളം, ഗർഭശ്രീമാൻ, രേഖയില്ലാത്ത ഒരാൾ, തിക്തം തീക്ഷ്ണം തിമിരം, ഒറ്റപ്പാലം, ഭൂമിപുത്രന്റെ വഴി, കഥകളതിസാദരം, എന്റെ പരദൈവങ്ങൾ, വീടിന്റെ നാനാർത്ഥം, കാമതീർത്ഥം, വരുമ്പോൾ ഞാനെന്തു പറയും? (കഥകൾ) ഐ സി സിപ്പു, ജിംപ്രഭു (സംഗൃഹീത പുനരാഖ്യാനം) ചുമന്ന അകത്തളത്തിന്റെ കിനാവ്, ആ മനുഷ്യൻ (വിവർത്തനം), ബുദ്ധിജീവികൾ, സ്വദേശാഭിമാനി (നാടകം) ഹാസ്യം നോവൽ ശിൽപത്തിൽ, വാത്സല്യരസം സി വിയുടെ ആഖ്യായികകളിൽ, ദേവതാത്മാവിന്റെ മടിത്തട്ടിൽ (പഠനം). ഇടശ്ശേരി പുരസ്കാരം (1984), കേരള സാഹിത്യ അക്കാദമി അവാർഡ് (1990), അബുദാബിശക്തി പുരസ്കാരം (2000), പത്മരാജൻ പുരസ്കാരം (2003), ഡോക്ടർ കെ എം ജോർജ്ജ് ട്രസ്റ്റിന്റെ ഗവേഷണ പുരസ്കാരം, ബാംഗ്ലൂരിലെ കലാരംഗം പുരസ്കാരം (2008), ലളിതാംബിക അന്തർജ്ജനം ജന്മ

ശതാബ്ദി പുരസ്കാരം (2009), അബുദാബി മലയാളം സമാജം അവാർഡ് (2015), എന്നിവ നേടിയിട്ടുണ്ട്. 'ഭൂമിപുത്രന്റെ വഴി എന്ന കഥയെ ആസ്പദമാക്കി കൈരളി നിർമ്മിച്ച സത്യവാൻ സാവിത്രി ടെലിസീരിയലിന് മികച്ച കഥാകൃത്തിനുള്ള അവാർഡ് (2000) ലഭിച്ചു.

മലയാളത്തിലെ പ്രശസ്തനായ നോവലിസ്റ്റാണ് കോവിലൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന കണ്ടാണശ്ശേരി വട്ടോമ്പറമ്പിൽ വേലപ്പൻ അയ്യപ്പൻ.

തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരിയിലാണ് കോവിലൻ ജനിച്ചത് (1923-2010). വട്ടോമ്പറമ്പിൽ വേലപ്പനും കൊടക്കാട്ടിൽ കാളിയുമായിരുന്നു മാതാപിതാക്കൾ. കണ്ടാണശ്ശേരി എക്സെൽസിയർ സ്കൂളിലും, നെന്മിനി ഹയർ എലമെന്ററി സ്കൂളിലും പാവറട്ടി സാഹിത്യ ദീപിക സംസ്കൃത കോളേജിലും പഠിച്ചു. 1943 മുതൽ 1946 വരെ റോയൽ ഇന്ത്യൻ നേവിയിലും, 1948 മുതൽ 1968 വരെ കോർ ഓഫ് സിഗ്നൽസിലും പ്രവർത്തിച്ചു.

കഥകളുടെ യാഥാർത്ഥ്യവും ശക്തമായ കഥാപാത്രാവിഷ്കാരവും തുളച്ചുകയറുന്ന ഭാഷയും കോവിലന്റെ കഥകളെ വ്യത്യസ്തമാക്കുന്നു. പട്ടാളക്കാരനായിരുന്ന കാലം വളരെ മിഴിവോടെ രചനകളിൽ ആവിഷ്കരിച്ചു. അവയെല്ലാം തന്നെ അവിസ്മരണീയങ്ങളായി.

**പുരസ്കാരങ്ങൾ**

കേരള സാഹിത്യ അക്കാദമി പുരസ്കാരം (1972): തോറ്റങ്ങൾ എന്ന നോവലിന്
കേരള സാഹിത്യ അക്കാദമി പുരസ്കാരം (1977): ശകുനം (കഥാസമാഹാരം)
മുട്ടത്തു വർക്കി പുരസ്കാരം (1995)
ബഷീർ പുരസ്കാരം (ഖത്തറിലെ പ്രവാസി എന്ന സംഘടന ഏർപ്പെടുത്തിയത്), (1995)
എ.പി. കുളക്കാട് പുരസ്കാരം (1997): തട്ടകം (നോവൽ)
കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ് (1997)
കേരള സാഹിത്യ പരിഷത്ത് അവാർഡ് (1998): തട്ടകം (നോവൽ)
സാഹിത്യ അക്കാദമി പുരസ്കാരം (1998): തട്ടകം (നോവൽ)
എൻ.വി. പുരസ്കാരം (1999): തട്ടകം (നോവൽ)
വയലാർ പുരസ്കാരം (1999): തട്ടകം (നോവൽ)
എഴുത്തച്ഛൻ പുരസ്കാരം (2006)
മാതൃഭൂമി സാഹിത്യ പുരസ്കാരം (2009)

**കൃതികൾ**

തോറ്റങ്ങൾ, ശകുനം, എ മൈനസ് ബി, ഏഴാമെടങ്ങൾ, താഴ്വരകൾ, ഭരതൻ, ഹിമാലയം, തേർവാഴ്ചകൾ, ഒരു കഷ്ണം അസ്ഥി, ഈ ജീവിതം അനാഥമാണ്, സുജാത, ഒരിക്കൽ മനുഷ്യനായിരുന്നു, തിരഞ്ഞെടുത്ത കഥകൾ, പിത്തം, തകർന്ന ഹൃദയങ്ങൾ, ആദ്യത്തെ കഥകൾ, ബോർഡ്ഔട്ട്, കോവിലന്റെ കഥകൾ, കോവിലന്റെ ലേഖനങ്ങൾ, ആത്മഭാവങ്ങൾ, തട്ടകം, നാമൊരു ക്രിമിനൽ സമൂഹം

## Key Themes

- കോവിലന്റെ കൃതികളുടെ അവലോകനം, കോവിലൻ എന്ന എഴുത്തുകാരൻ നടത്തിയിട്ടുള്ള പ്രസ്താവനകൾ, വിശദീകരണങ്ങൾ എന്നിവ പ്രധാന പ്രമേയം.

## Discussion

ഒരു വ്യക്തിയെപ്പറ്റി കൂടുതൽ അറിയാൻ വേണ്ടിയാണ് വ്യക്തിഗത അഭിമുഖം നടത്തുന്നത്. വ്യക്തി ഒരു എഴുത്തുകാരൻ ആവുമ്പോൾ, അഭിമുഖം നടത്തുന്ന വ്യക്തി നല്ലൊരു വായനക്കാരനും സാഹിത്യത്തിൽ താൽപ്പര്യമുള്ള ആളും ആയിരിക്കേണ്ടത് അത്യാവശ്യമാണ്.

എസ്. വി. വേണുഗോപൻനായർ 'കോവിലൻ' എന്ന എഴുത്തുകാരനുമായി നടത്തിയ അഭിമുഖമാണ് കൊടുത്തിരിക്കുന്നത്. കോവിലൻ തന്നെ മുമ്പ് നടത്തിയ പ്രസ്താവനകൾ ഉദ്ധരിച്ചു കൊണ്ട് അതിന്റെ വിശദീകരണങ്ങളാണ് പലപ്പോഴും എസ് വി തേടിയത്. പട്ടാള ജീവിതം നയിച്ച ഒരു എഴുത്തുകാരനായത് കൊണ്ട് തന്നെ ജോലിയും എഴുത്തുജീവിതവും തമ്മിൽ നടന്ന സംഘർഷങ്ങളെപ്പറ്റി ചോദിച്ചു കൊണ്ട് കോവിലൻ എന്ന എഴുത്തുകാരനെ പറ്റിയുള്ള കൂടുതൽ അറിവുകളിലേക്ക് വാതിൽ തുറക്കുന്നുണ്ട് എസ് വി. 'ഹിമാലയം' എന്ന നോവലിനെപ്പറ്റിയും വാചാലനാവുന്നുണ്ട്. നിരൂപകരെപ്പറ്റിയും പുതുമുഖ എഴുത്തുകാരെപ്പറ്റിയുമൊക്കെ എസ്. വി. ചോദിക്കുന്നുണ്ട്. ഒരു പട്ടാളക്കാരനായിരുന്നതുകൊണ്ടുതന്നെ അവസാന ഭാഗത്ത് ഇന്ത്യയെപ്പറ്റിയും ചോദിക്കുന്നുണ്ട്.

കോവിലൻ എന്ന എഴുത്തുകാരനെപ്പറ്റി അറിയേണ്ടതെല്ലാം ഓരോ ചോദ്യത്തിലൂടെയും എസ് വി ശേഖരിക്കുന്നുണ്ട്. എസ്. വിയുടെ ചോദ്യങ്ങളെ പോലെ അത്രയും മികച്ചവ തന്നെയാണ് കോവിലന്റെ മറുപടികളും.

'കോവിലൻ' എന്ന എഴുത്തുകാരന്റെ മേഖലയെപ്പറ്റി പരമാവധി പഠിച്ചു കഴിഞ്ഞതിനു ശേഷമാണ് എസ്. വി. വേണുഗോപൻനായർ അദ്ദേഹത്തോട് അഭിമുഖം നടത്തിയിരിക്കുന്നത് എന്ന് ആദ്യത്തെ ചോദ്യങ്ങളിൽ നിന്ന് തന്നെ നമുക്ക് ദർശിക്കാവുന്നതാണ്.

കോവിലൻ ഒരിക്കൽ പറഞ്ഞു വെച്ച ഒരു പ്രസ്താവനയെ ഉദ്ധരിച്ചു കൊണ്ടാണ് എസ്. വി. തന്റെ അഭിമുഖ ചോദ്യങ്ങളിലേക്ക് കടക്കുന്നത്. ആ പ്രസ്താവനയെ ഖണ്ഡിക്കുന്ന രീതിയിലുള്ള പരാമർശം പിന്നീട് കോവിലന്റെ ഒരു എഴുത്തിൽ കണ്ടപ്പോൾ ഉണ്ടായ വൈരുധ്യത്തെ വിശദീകരിക്കാൻ ആണ് അഭിമുഖകാരൻ ആദ്യമായി ആവശ്യപ്പെടുന്നത്. അടുത്ത സ്നേഹിതന്മാരെ ഒരിക്കലും കഥാപാത്രമാക്കില്ലെന്ന് ഒരിടത്ത് പറഞ്ഞ കോവിലൻ, 'കഥയുടെ കഥ' എന്ന എഴുത്തിൽ, തന്റെ 'തോറ്റങ്ങൾ' എന്ന നോവലിലുള്ളത് തനിക്ക് അടുപ്പമുള്ള വ്യക്തികളുടെ മോഡലുകൾ ആണെന്ന് പറഞ്ഞിട്ടുണ്ടെന്നും ഈ വൈരുദ്ധ്യത്തെപ്പറ്റിയുള്ള കോവിലന്റെ അഭിപ്രായം എന്താണെന്നുമാണ് എസ്. വി. ആരായുന്നത്.

കോവിലന്റെ എഴുത്തുകൾ എസ്. വി. വായിച്ചിട്ടുണ്ടെന്ന് നമുക്കീ ചോദ്യത്തിൽ നിന്നും മനസിലാക്കാം. എഴുത്തുകാരനായ ഒരു വ്യക്തിക്ക്, തന്നെ അഭിമുഖം ചെയ്യാനിരിക്കുന്ന ആൾ തന്റെ കൃതികൾ വായിച്ചിട്ടുണ്ട് എന്ന് അറിയുമ്പോൾ തീർച്ചയായും സന്തോഷവും, ആ അഭിമുഖം നല്ല രീതിയിൽ മുന്നോട്ട് കൊണ്ട് പോവാനുള്ള ആവേശവും ഉടലെടുക്കും. ഇത്തരമൊരു മനഃശാസ്ത്രപരമായ സമീപനമാണ് എസ് വി ആദ്യ ചോദ്യത്തിൽ നടത്തിയത്.

എസ്. വി യുടെ ചോദ്യത്തിന് ദീർഘമായൊരു മറുപടി തന്നെ കോവിലൻ നൽകുന്നുണ്ട്.

തന്റെ ബാല്യകാലസുഹൃത്തായ ദാമുവിനെ സ്മരിച്ചു കൊണ്ടാണ് കോവിലൻ ഈ ചോദ്യത്തിന് ഉത്തരം നൽകുന്നത്. ദാമുവിനെപ്പോലുള്ള സ്നേഹിതന്മാരെപ്പറ്റി കുറെ എഴുതാനുണ്ടെന്ന് പറയുന്ന കോവിലൻ, സ്നേഹിതന്മാരെ കഥാപാത്രങ്ങൾ ആക്കില്ലെന്നത് പഴയ പ്രസ്താവന ആയിരുന്നുവെന്നാണ് ഉത്തരം നൽകുന്നത്. സ്നേഹിതന്മാരെ വിറ്റ് പണവും പ്രശസ്തിയും വേണ്ടെന്നുള്ള ചിന്താഗതിക്കാരനായിരുന്നുവെന്നും പക്ഷേ അതൊക്കെയും പഴയ അഭിപ്രായങ്ങളായിരുന്നു എന്നും പറയുന്നു. തന്റെ നാടിന്റെ കഥ എഴുതുമ്പോൾ തന്റെ സ്നേഹിതന്മാരുടെ ചരിത്രങ്ങൾ കൂടി ഉൾപ്പെട്ടേക്കാമെന്നും തനിക്കറിയാവുന്ന ഭൗമിക പശ്ചാത്തലങ്ങളാണ് തന്റെ എഴുത്തിൽ നിറഞ്ഞതെന്നുമുള്ള കൃത്യമായ ഉത്തരം കോവിലൻ നൽകുന്നു.

ഒരു അഭിമുഖകാരനെ സംബന്ധിച്ചിടത്തോളം, തന്റെ മുന്നിലിരിക്കുന്ന വ്യക്തിയെപ്പറ്റിയുള്ള

എല്ലാ കാര്യങ്ങളും അറിഞ്ഞു വെക്കേണ്ടതുണ്ട്. വ്യക്തിയുടെ ജോലി, കുടുംബം,ആഗ്രഹങ്ങൾ, നേട്ടങ്ങൾ ഇവയൊക്കെയും മനസിലാക്കി വെക്കണം. കോവിലൻ പട്ടാളത്തിൽ ജോലി ചെയ്തിരുന്ന ഒരു എഴുത്തുകാരനായിരുന്നു. ഇക്കാര്യം അറിഞ്ഞു വെച്ചു കൊണ്ടാണ് എസ്. വി. യുടെ പിന്നീടുള്ള ചോദ്യങ്ങൾ. പട്ടാളജീവിതവും എഴുത്തും തമ്മിൽ നേരിട്ട സംഘർഷങ്ങളെ പറ്റി ചോദിക്കുന്നുണ്ട്. ഒരു പട്ടാള ജീവിതത്തിന്റെ എല്ലാ സങ്കീർണതകളും സംഘർഷങ്ങളുടെ തീവ്രതയും നന്നായി മനസിലാക്കിക്കൊണ്ടുള്ള ചോദ്യമാണത്. ഇതിനുത്തരമായി, താൻ നേരിട്ട സംഘർഷാനുഭവങ്ങളെപ്പറ്റി കോവിലൻ വാചാലനാവുന്നുണ്ട്. ഉത്തരവാദിത്തങ്ങളും തിരക്കുകളും ഏറിയ പട്ടാളജീവിത കാലത്ത് ഉറക്കമൊഴിച്ചും മറ്റും എഴുതിക്കൂട്ടിയ രചനകളെ പരിചയപ്പെടുത്തുന്നുമുണ്ട്. കോവിലൻ എന്ന എഴുത്തുകാരന് തന്റെ എഴുത്ത് ജീവിതത്തിന്റെ വ്യത്യസ്തമായ വഴികളെ ലോകത്തിനു മുന്നിൽ തുറക്കാനുള്ള വലിയൊരു സാധ്യതയെയാണ് എസ് വി തന്റെ ചോദ്യങ്ങളിലൂടെ ഒരുക്കിക്കൊടുത്തത്.

'ഹിമാലയം' എന്ന നോവലിനെ പറ്റിയാണ് അടുത്ത ചോദ്യം. തന്റേതായ തുരുത്തിൽ കൂടി നിന്നു കൊണ്ടാണ് എസ് വി ചോദ്യം ഉന്നയിക്കുന്നത്. എല്ലാവരും കോവിലന്റെ 'തോറ്റങ്ങൾ' എന്ന നോവലിനെ തോറ്റം പാടി പുകഴ്ത്തി എന്ന് പറയുന്ന എസ്. വി, 'തോറ്റങ്ങളെ'ക്കാൾ കുറെ പടവുകൾ മേലെയാണ് 'ഹിമാലയം' എന്ന തന്റേതായ പ്രസ്താവന നടത്തുന്നുണ്ട്. മാത്രമല്ല 'ഹിമാലയ'ത്തെ മാസ്റ്റർ പീസ് എന്നു കൂടി അദ്ദേഹം വിളിക്കുന്നു. സ്വന്തമായ നിലപാടും വിശകലനസമർഥ്യവുമുള്ള ഒരാളാണ് എസ്. വി. ഇവിടെ അദ്ദേഹം കോവിലന്റെ എല്ലാ നോവലുകളും വായിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. മാത്രമല്ല, ആ നോവലുകളൊക്കെയും സ്വന്തം വീക്ഷണാനുസരണം വിശകലനം ചെയ്ത്, 'ഹിമാലയം' ആണ് തനിക്കു മികച്ചതായി തോന്നിയത് എന്ന് വെട്ടിത്തുറന്നു പറയുകയാണ് എസ്. വി. അതിനു ശേഷമാണ് കോവിലനോട് അഭിപ്രായം ചോദിക്കുന്നത്. അതിനുത്തരമെന്നോണം കോവിലൻ ഏറെ വികാരഭരിതനായി മനസ് തുറക്കുന്നുണ്ട്. ഇതിന് കാരണം എസ്. വിയുടെ ചോദ്യങ്ങളുടെ പ്രത്യേക ശൈലി തന്നെയാണ്. തന്റെയും കൂടി അനുഭവം ചേർത്തുകൊണ്ടാണ് എസ്. വി ആ ചോദ്യം ചോദിച്ചത്.

ഒരുപാട് പ്രതീക്ഷയോടെയായിരുന്നു 'ഹിമാലയം' എന്ന നോവലിനെ ആദ്യം കണ്ടതെന്നായിരുന്നു കോവിലന്റെ മറുപടി. എന്നാൽ നിർഭാഗ്യവശാൽ അപ്രതീക്ഷിതമായ തിരസ്കാരങ്ങളായിരുന്നു പലരിൽ നിന്നും കിട്ടിയതെന്ന് വൈകാരികമായി തനിക്കുണ്ടായ അസ്വസ്ഥതകളെ പങ്കുവെക്കുന്നുണ്ട് കോവിലൻ. പിന്നീട് ഹിമാലയ പ്രദേശങ്ങളിലെ പട്ടാള ജീവിതത്തെയും അനുഭവങ്ങളെയും പരാമർശിക്കുന്നുണ്ട്. തനിക്കും പ്രിയപ്പെട്ട നോവൽ 'ഹിമാലയം' തന്നെ ആയിരുന്നുവെന്ന് തുറന്നുപറയുന്ന കോവിലൻ, നമ്മുടെ തലച്ചോറിലെ ഏതോ സെല്ലുകൾ സമാന സ്വഭാവികളായിരിക്കാമെന്നും അതുകൊണ്ടായിരിക്കാം എസ്. വിയും ഹിമാലയത്തിൽ അഭിരമിച്ചു പോയത് എന്ന് പറഞ്ഞു കൊണ്ടാണ് നിർത്തുന്നത്. ഇവിടെ അഭിമുഖകാരനും അഭിമുഖീകരിക്കപ്പെടുന്ന വ്യക്തിയും തമ്മിൽ ഒരു ആത്മബന്ധം ഉടലെടുത്തു കഴിഞ്ഞിട്ടുണ്ട്. വ്യക്തിക്ക് തന്റെ മനസ് തുറക്കാനുള്ള സാധ്യതകളാണ് ഇത്തരത്തിലുള്ള വഴികൾ സൃഷ്ടിച്ചെടുക്കുന്നത്.

കോവിലന്റെ തന്നെ മറ്റൊരു പ്രസ്താവന ഉദ്ധരിച്ചു കൊണ്ടാണ് അടുത്ത ചോദ്യം. മനുഷ്യന് മറ്റുള്ളവരെ ചൂഷണം ചെയ്യാതെ ജീവിക്കാൻ ആവില്ലെന്ന് പറഞ്ഞ കോവിലൻ മനുഷ്യസ്നേഹത്തിന്റെ അതിതീവ്രമായ ഭാവങ്ങളെ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനെപ്പറ്റിയാണ് ചോദ്യം. മനുഷ്യനന്മയിൽ തന്നെയാണ് വിശ്വാസം എന്നാൽ ഇവിടെ നന്മ വാഴുന്നില്ല എന്നാണ് കോവിലന്റെ ഉത്തരം. എന്തിനെയും ലാഭവിഹിതത്തിലേക്ക് ചേർത്തു കൊണ്ടുള്ള ജീവിതം നയിക്കുന്ന കൺസ്യൂമർ സൊസൈറ്റിയെ പരാമർശിക്കുന്നു. ഓരോ പൗരനും ദാഹിച്ചാൽ തണുപ്പിച്ച ബിയർ കുടിക്കാനുള്ള സാമ്പത്തികശേഷി ഉണ്ടായിരിക്കണം എന്നാണ് കോവിലന്റെ പക്ഷം. മലിനജലം കുടിച്ച് വയറിളക്കം പോലുള്ളവയ്ക്ക് ഇരയായവർക്കിടയിൽ, ബിയർ കുടിച്ച് രക്ഷപ്പെട്ട തന്റെ അനുഭവകഥയെ ന്യായീകരിക്കുന്നുണ്ട്. തന്റേതായ അഭിപ്രായങ്ങളെ നിരത്തുന്നുണ്ട്.

കോവിലന്റെ നോവൽ രചനാരീതി വളരെ വ്യത്യസ്തമാണ്. ഈ ഒരു വ്യത്യസ്തതയെ അവതരിപ്പിച്ചു കൊണ്ടാണ് എസ്. വി. യുടെ അടുത്ത ചോദ്യം. മലയാള സാഹിത്യകാരന്മാർ ആദ്യം കഥകൾ എഴുതുകയും പിന്നീട് നോവലുകളിലേക്ക് കടക്കുകയാണെന്നുമുള്ള പൊതുധാരണയെ നിരാകരിച്ചു കൊണ്ട് താൻ ആദ്യം നോവലാണെഴുതിയിട്ടുള്ളതെന്ന് പറയുന്നുണ്ട്.

ഇതേ വിഷയത്തിൽ നിന്നുകൊണ്ട് തന്നെയാണ്, തിരിഞ്ഞു നോക്കുമ്പോൾ സർഗ്ഗസംതൃപ്തി നൽകുന്നത് നോവൽ ആണോ ചെറുകഥ ആണോ എന്ന ചോദ്യം എസ്. വി. ചോദിക്കുന്നത്. ഇതിന് കൃത്യമായ ഉത്തരം നൽകാൻ കോവിലന് കഴിയുന്നില്ല.

കോവിലന്റെ എല്ലാ കൃതികളെയും വായിച്ചതോടൊപ്പം ഓരോ കൃതിയിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ തിരിച്ചറിയുകയും കൂടി ചെയ്ത അഭിമുഖകാരനാണ് എസ് വി. കാൽപ്പനികമായ 'എ മൈനസ് ബി' യിൽ നിന്നും പിൽക്കാല കൃതികളിലേക്ക് വരുമ്പോൾ കാണുന്ന മാറ്റത്തെപ്പറ്റി ബോധവാൻ ആണോ എന്നാണ് ചോദിക്കുന്നത്. മലയാളനോവലുകളിൽ താൻ ദർശിച്ച, ഒരേ രീതിയിലുള്ള പ്രമേയങ്ങളിൽ നിന്നും അവതരണരീതികളിൽ നിന്നും വ്യത്യസ്തമായി എഴുതണമെന്ന് ആഗ്രഹിച്ച ഒരാളായിരുന്നു താൻ എന്നും തന്റെ എഴുത്തുകളിലൊക്കെയും വ്യത്യസ്തത കൊണ്ട് വരാൻ ശ്രമിച്ചിട്ടുണ്ടെന്നും കോവിലൻ ശരി വെക്കുന്നു.

കഥാസാഹിത്യത്തിൽ നിരൂപകർ നെല്ലും പതിരും തിരിച്ചറിയാതെ അളന്നു തട്ടുകയല്ലേ എന്ന ചോദ്യത്തിന് നിരൂപകരെ അടച്ചു പറയാൻ താൻ ആളല്ല എന്നാണ് കോവിലന്റെ മറുപടി. മാത്രമല്ല നിരൂപകരോടുള്ള കടപ്പാട് കൂടി കോവിലൻ പ്രകടിപ്പിക്കുന്നുണ്ട്. ഉൾകാഴ്ച്ചയോടെ വിപരീത വിമർശനം നടത്തുന്നവരോടാണ് തന്റെ പക്ഷമെന്ന് കൂടി കോവിലൻ പറയുന്നുണ്ട്. അത്തരത്തിൽ തന്നെ ഖണ്ഡന വിമർശനം നടത്തിയവരെ വളരെ ബഹുമാനത്തോടുകൂടിത്തന്നെയാണ് കോവിലൻ ഓർക്കുന്നതെന്ന് കാണാൻ കഴിയും.

എന്നാൽ അഹന്തയോടെ അവാർഡ് നിർണ്ണയനം നടത്തുന്ന ഒരു കൂട്ടം നിരൂപകരെ കോവിലൻ വിമർശിക്കുന്നുണ്ട്. ഇവർക്ക് നെല്ലും പതിരും തിരിച്ചറിയാൻ കഴിയുന്നില്ല. എന്നാൽ വായനക്കാർ വിവേകികളാണെന്നും അവർ എല്ലാം മനസിലാക്കുന്നുണ്ടെന്നും അതുകൊണ്ട് ആശങ്കയില്ലെന്നും കൂടി കോവിലൻ പറഞ്ഞു വെക്കുന്നുണ്ട്.

കോവിലനിലെ കവി, കഥാശിൽപത്തെ സ്വാധീനിച്ചിട്ടുണ്ടോ എന്നാണ് അടുത്ത ചോദ്യം. ഇതിനെ ശരി വെക്കുന്നുണ്ടെങ്കിലും അത് കണ്ടെത്താൻ വിമർശകർക്ക് വിട്ടു കൊടുക്കുകയാണ് കോവിലൻ. സംഗീതാത്മകമായ ഭാഷയിൽ താൻ എഴുതിയിട്ടുണ്ടെന്ന് അദ്ദേഹം സമ്മതിക്കുന്നുണ്ട്. പലപ്പോഴും കവിതയാണ് എഴുതിയിട്ടുള്ളതെങ്കിലും തന്നെയാരും കവി എന്ന് വിളിക്കുന്നില്ല എന്നും കവികൾക്കാണ് ഇവിടെ മുന്തിയ സ്ഥാനമെന്നും തനിക്കതും കിട്ടുന്നില്ല എന്നും കോവിലൻ പരിഭവം പറയുന്നുണ്ട്.

മനുഷ്യന്റെ അസ്തിത്വത്തെപ്പറ്റിയുള്ള അടുത്ത ചോദ്യത്തിന് ആഹാരമാണ് ജീവന്റെ പ്രാഥമികാവശ്യം എന്നാണ് കോവിലന്റെ മറുപടി.

പ്രസ്ഥാനങ്ങളുടെ ഇടയിൽപ്പെട്ട് കഥ മരിച്ചു പോയി എന്ന പൊതുപ്രവണതയെപ്പറ്റി ചോദിച്ചപ്പോൾ വാചാലനാവുന്നുണ്ട് കോവിലൻ.'മാട്ടു വണ്ടിയിൽ വന്നവന് സ്പുഡ്നിക്കിന്റെ മക്കളോടൊത്ത് ജീവിക്കണം' എന്ന കോവിലന്റെ തന്നെ വാക്കുകളെ ഉദ്ധരിച്ചിട്ട് പുതുമുഖങ്ങളെ പറ്റി ചോദിക്കുന്നുണ്ട്. മാട്ടുവണ്ടി തന്നെപ്പോലെ പഴയവരും സ്പുഡ്നിക് പുതുമുഖങ്ങളുമാണെന്ന് വിവക്ഷ. തനിക്ക് കിട്ടാതെ പോയത് തന്റെ പിന്നാലെ വരുന്ന പുതുമുഖങ്ങൾക്ക് കിട്ടണം എന്നുള്ളത് കൊണ്ട് അവരെ പ്രോത്സാഹിപ്പിക്കാൻ പരമാവധി ശ്രമിക്കുന്നു എന്ന മറുപടിയാണ് കോവിലൻ നൽകുന്നത്.

പട്ടാള ജീവിതം നയിച്ച ഒരാളെന്ന നിലക്ക് ഇന്നത്തെ ഭാരതത്തെക്കുറിച്ച് എന്ത് വികാരമാണ് തോന്നുന്നതെന്ന് ആരായുന്നുണ്ട്. ഉപ്പിട്ട കഞ്ഞി കുടിക്കാൻ ഇഷ്ടപ്പെടുന്നതും തുണി ഉടുക്കുന്നതും മാത്രമാണ് ഇന്ത്യക്കാരിൽ കാണുന്ന സമാന സ്വഭാവമെന്ന് പറയുമ്പോഴും ഇന്ത്യക്കാർ

വ്യത്യസ്ത ദേശീയതയുള്ളവരാണെന്ന് സമ്മതിക്കുന്നില്ല. മാത്രമല്ല, ഇന്ത്യൻ ദേശീയതയ്ക്കെതിരായി പ്രവർത്തിച്ചവരെ വിമർശിക്കുന്നുമുണ്ട്.

ഒരു എഴുത്തുകാരനെ അഭിമുഖം നടത്തുമ്പോൾ അയാളുടെ എല്ലാ കൃതികളും വായിച്ചിരിക്കുകയോ അല്ലെങ്കിൽ കൃതികളെപ്പറ്റി സാമാന്യഅറിവെങ്കിലും ഉണ്ടായിരിക്കുകയോ വേണ്ടതാണ്. മാത്രമല്ല, എഴുത്തിന്റെ ശൈലി, ഭാവുകത്വ പരിണാമം, തുടങ്ങിയവ അറിഞ്ഞിരിക്കണം. എഴുത്തുകാരന് കിട്ടിയ നേട്ടങ്ങൾ, അയാളുടെ പൂർവ പ്രസ്താവനകൾ, അഭിപ്രായങ്ങൾ ഇവയൊക്കെയും അറിഞ്ഞുവെക്കാനും ഇവയിൽ നിന്ന് ചോദ്യങ്ങളുണ്ടാക്കാനും കഴിയണം..

എസ്. വി വേണുഗോപൻനായർ സമർത്ഥനായ അഭിമുഖകാരൻ ആയിരുന്നുവെന്ന് നിസ്സംശയം പറയാം. എസ്. വി, കോവിലനെപ്പറ്റി നന്നായി പഠിച്ചിട്ടുണ്ട്. കോവിലന്റെ കൃതികളൊക്കെയും വായിച്ചിട്ടാണ് എസ്. വി കോവിലനെ അഭിമുഖം നടത്തിയിരിക്കുന്നത്.

ഈയൊരു അഭിമുഖത്തിലൂടെ കോവിലൻ എന്ന എഴുത്തുകാരനെ പറ്റി കൂടുതൽ അറിവുകൾ നമുക്ക് കിട്ടുന്നുണ്ട്. എസ്. വിയുടെ ചോദ്യങ്ങളോരൊന്നും അത്രയും മികച്ചതായിരുന്നു. ഓരോ ചോദ്യങ്ങൾക്കും കൃത്യമായ ഉത്തരങ്ങൾ കോവിലൻ നൽകുന്നുമുണ്ട്.

നോവലെഴുത്തിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ഒരെഴുത്തുകാരൻ ആയിരുന്നുവെന്നും തികച്ചും വ്യത്യസ്തമായ കാഴ്ചപ്പാടുകൾ പുലർത്തുന്ന ഒരാളാണെന്നും മനസിലാവുന്നു. പുതിയ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്ന കോവിലൻ തനിക്ക് കിട്ടാതെ പോയത് തന്റെ പിൻഗാമികൾക്ക് കിട്ടണം എന്നാഗ്രഹിച്ച എഴുത്തുകാരൻ ആയിരുന്നു.

കോവിലൻ എന്ന എഴുത്തുകാരനെ പറ്റി മാത്രമല്ല എസ്. വി യുടെ വിജ്ഞാന പാടവവും സാമർഥ്യവും ചിന്തയും എല്ലാം ഈ അഭിമുഖത്തിലൂടെ നമുക്ക് വായിച്ചെടുക്കാൻ പറ്റുന്നു.

ഒരു എഴുത്തുകാരനെ എങ്ങനെയാണ് അഭിമുഖം നടത്തേണ്ടത് എന്നതിന് മാതൃകയാണ് എസ്. വി. നടത്തിയ ഈ അഭിമുഖം.

## Recap

- കോവിലൻ എന്ന എഴുത്തുകാരന്റെ മേഖല, നേട്ടങ്ങൾ, കൃതികൾ, പൂർവ പ്രസ്താവനകൾ ഇവയെപ്പറ്റിയെല്ലാം സാമാന്യമായും വിശദമായുമുള്ള അറിവോട് കൂടിയാണ് എസ് വി അഭിമുഖം നടത്തിയിരിക്കുന്നത്
- കോവിലന്റെ എല്ലാ കൃതികളെപ്പറ്റിയും എഴുത്തിന്റെ രീതിയെ പറ്റിയും എസ് വി ക്ക് നല്ല ബോധ്യമുണ്ട്
- എസ് വിയുടെ ചോദ്യങ്ങൾക്കെല്ലാം കോവിലൻ കൃത്യമായ മറുപടി നൽകുന്നുണ്ട്
- കോവിലൻ ഒരിക്കൽ നടത്തിയ പ്രസ്താവനയും എഴുത്തും തമ്മിലുള്ള വൈരുധ്യത്തെപ്പറ്റി ചോദിച്ചപ്പോൾ ഒട്ടും പ്രകോപിതനാവാതെ തന്നെ, അത് തന്റെ പഴയ അഭിപ്രായമായിരുന്നുവെന്നും എന്തുകൊണ്ട് പിന്നീട് അതിനു വിപരീതമായി പ്രവർത്തിക്കേണ്ടി വന്നു എന്നും വിശദീകരിക്കുന്നുണ്ട്
- ഹിമാലയം എന്ന നോവൽ എഴുതുമ്പോൾ നല്ല പ്രതീക്ഷയുണ്ടായിരുന്നെങ്കിലും വായനക്കാരിൽ നിന്നും നിരൂപകരിൽ നിന്നും തികഞ്ഞ തിരസ്കാരമായിരുന്നു കിട്ടിയതെന്ന് കോവിലൻ വൈകാരികതയോടെ വെളിപ്പെടുത്തുന്നു

- പട്ടാള ജീവിതവും എഴുത്തു ജീവിതവും തമ്മിൽ നേരിട്ട സംഘർഷങ്ങളെ പറ്റി ചോദിച്ചപ്പോൾ തന്റെ അനുഭവങ്ങളിലേക്ക് വൈകാരികമായി കടന്നു ചെല്ലുന്നുണ്ട് കോവിലൻ
- മനുഷ്യ നന്മയിൽ വിശ്വസിക്കുന്ന കോവിലൻ, ലോകത്ത് നന്മ വാഴുന്നില്ല എന്നാണ് പറയുന്നത്
- നാളിത് വരെ മലയാള നോവലുകളിൽ കാണുന്ന ചർവ്വിത ചർവ്വണങ്ങളായ പ്രമേയങ്ങളിൽ നിന്നും അവതരണ ശൈലിയിൽ നിന്നും വ്യത്യസ്തമായിരിക്കണം തന്റെ എഴുത്ത് എന്ന് ആഗ്രഹിച്ച ഒരാളായിരുന്നു കോവിലൻ. ആ വ്യത്യാസം കോവിലന്റെ എഴുത്തുകളിൽ പ്രകടമാണ്
- നിരൂപകരെപ്പറ്റി ചോദിച്ചപ്പോൾ ഉൾകാഴ്ച്ചയോടെ വിപരീത വിമർശനം നടത്തുന്നവരോടാണ് തന്റെ പക്ഷപാതമെന്ന് പറയുന്നുണ്ട്. അങ്ങനെയുള്ള നിരൂപകരെ കോവിലൻ ബഹുമാനിക്കുന്നുമുണ്ട്
- പുതിയ എഴുത്തുകാരെ നന്നായി പ്രോത്സാഹിപ്പിക്കുന്ന ഒരെഴുത്തുകാരനാണ് കോവിലൻ. തനിക്ക് കിട്ടാതെ പോയതൊക്കെയും അവർക്ക് കൊടുക്കണമെന്ന് ആഗ്രഹിക്കുന്നുണ്ട്
- ആരോഗ്യപരവും കാര്യക്ഷമത നിറഞ്ഞതുമായ ഒരു അഭിമുഖമാണിത്
- അഭിമുഖകാരനും അഭിമുഖം ചെയ്യപ്പെടുന്ന വ്യക്തിയും സഹവർത്തിത്വത്തോടെയാണ് മുന്നോട്ട് പോകുന്നത്

## Objective Type Questions

1. കോവിലന്റെ മാസ്റ്റർപീസ് ആയ നോവൽ ഏതാണ്?
2. എങ്ങനെയുള്ള നിരൂപകരെയാണ് കോവിലൻ ബഹുമാനിക്കുന്നത്?
3. കോവിലൻ എന്ന പേരിൽ അറിയപ്പെട്ട എഴുത്തുകാരൻ ആരാണ്?
4. കോവിലനെ പ്രധാനമായും ഏത് നിലയിലാണ് അറിയപ്പെടുന്നത്?
5. മനുഷ്യാവസ്ഥയെപ്പറ്റി കോവിലന്റെ അഭിപ്രായമെന്ത്?
6. കോവിലൻ സാഹിത്യത്തിൽ ഏത് രീതിയിലാണ് കടന്നുവന്നത്?

## Answers

1. ഹിമാലയം
2. ഉൾക്കാഴ്ചയോടെ വിപരീത വിമർശനം നടത്തുന്നവരെ
3. വി. വി. അയ്യപ്പൻ
4. പട്ടാളക്കഥാകാരൻ
5. മനുഷ്യ നന്മയിൽ വിശ്വസിക്കുന്നുവെങ്കിലും ലോകത്ത് നന്മ വാഴുന്നില്ല എന്നാണഭിപ്രായം
6. മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി ആദ്യം നോവലെഴുതുകയും പിന്നീട് കഥകളെഴുതുകയും ചെയ്തു

## Assignments

1. ഒരെഴുത്തുകാരനുമായി നടത്തുന്ന അഭിമുഖം എന്ന നിലയിൽ, എസ്. വി യുടെ ചോദ്യങ്ങളും അഭിമുഖരീതിയും എത്രത്തോളം വിജയിച്ചിട്ടുണ്ട്? പരിശോധിക്കുക.
2. കോവിലൻ എന്ന എഴുത്തുകാരനെപ്പറ്റി കുറിപ്പ് തയ്യാറാക്കുക.
3. അഭിമുഖകാരനും അഭിമുഖം ചെയ്യപ്പെടുന്ന വ്യക്തിയും തമ്മിലുള്ള സഹവർത്തിത്വത്തിന് ഈ അഭിമുഖം മാതൃകയാക്കാമോ? സ്വന്തം അഭിപ്രായങ്ങൾ ചേർത്ത് കുറിപ്പ് തയ്യാറാക്കുക.

## Reference


1. എസ്. വി. വേണുഗോപൻനായർ, കോവിലൻ, മൾബറി ബുക്സ്, കോഴിക്കോട്.
2. കോവിലൻ, ഹിമാലയം, ഗ്രീൻ ബുക്സ്, തൃശ്ശൂർ.

# യൂണിറ്റ് - 5
# കവിതയിലെ ശുദ്ധനാദങ്ങൾ- ആർ. രാമചന്ദ്രനുമായി പി. എം നാരായണൻ നടത്തിയ അഭിമുഖ സംഭാഷണം

## Learning Outcomes

- ആർ. രാമചന്ദ്രൻ എന്ന കവിയെയും കാവ്യലോകത്തെയും പരിചയപ്പെടുന്നു
- പ്രകൃതി ബോധം, ശൂന്യതാബോധം തുടങ്ങിയ ദർശനങ്ങളുടെ അടിസ്ഥാനത്തിൽ രാമചന്ദ്രന്റെ കവിതകൾ വിലയിരുത്തുന്നു
- ആർ. രാമചന്ദ്രനെ സ്വാധീനിച്ച കവിതകളെപ്പറ്റി അറിയുന്നു
- ജീവിതത്തിന്റെ ക്ഷണികതയെയും നിർത്ഥകതയെയും കവിതകളിലൂടെ തിരിച്ചറിയുന്നു
- ആസ്തിക, നാസ്തിക ചിന്തകളുടെ സംഘർഷം വെളിവാകുന്നു
- ബുദ്ധദർശനത്തിലെ ശൂന്യതാവാദമാണ് കവിയെ സ്വാധീനിച്ചതെന്ന് മനസ്സിലാക്കുന്നു
- കവിതയുടെ ഭാവി ആപേക്ഷികമാണെന്നും കാലഘട്ടമനുസരിച്ച് മാറിമറിയുന്നുണ്ടെന്നും എന്നുമുള്ള കാഴ്ചപ്പാടിലെത്തുന്നു

## Prerequisites

മലയാളകവിതയിൽ തന്റേതായ പാത വെട്ടിത്തെളിച്ച കവിയാണ് ആർ. രാമചന്ദ്രൻ. വളരെക്കുറച്ചു കവിതകൾ മാത്രമേ എഴുതിയിട്ടുള്ളൂവെങ്കിലും രചിക്കപ്പെട്ടവയെല്ലാം ആസ്വാദകലോകം നെഞ്ചേറ്റിയവയാണ്.

തൃശൂരിലെ താമരത്തുരുത്തിയിൽ 1923ൽ ജനനം രാമചന്ദ്രൻ മലയാളത്തിൽ എം.എ. ബിരുദം വിവിധ കോളജുകളിൽ അധ്യാപകനായിരുന്നു. കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളജിൽ വർഷങ്ങളോളം അധ്യാപകനായിരുന്നു. കോഴിക്കോട്ടെ പ്രസിദ്ധമായ കോലായ സംവാദങ്ങളിൽ സജീവസാന്നിധ്യമായിരുന്നു.

ശ്യാമസുന്ദരി, പിന്നെ, ഒന്നുമില്ല, സന്ധ്യാനികുഞ്ജങ്ങൾ എന്നിവയാണ് പ്രധാന കൃതികൾ. പാബ്ലോ നെരൂദയുടെ അടക്കം ഒട്ടേറെ കവിതകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. 2002 ൽ കേന്ദ്രസാഹിത്യ അക്കാദമി ആർ. രാമചന്ദ്രന്റെ കൃതികൾക്ക് പുരസ്കാരം നൽകി ആദരിച്ചു.

കവിതയെഴുതുന്നതിലല്ല കവിയായി ജീവിക്കുന്നതാണ് പ്രധാനമെന്ന് വിശ്വസിച്ചയാളാണ് ആർ. രാമചന്ദ്രൻ.

## Key Themes

- കവിയുടെ ദർശനം, കവിതയുടെ പ്രമേയങ്ങൾ, ശുദ്ധകവിതകൾ,
- സ്വകാര്യ കവിതകൾ, ബുദ്ധദർശനവും ശൂന്യതാവാദവും

## Discussion

ഒരു വ്യക്തിയെ കൂടുതൽ അറിയുന്നതിന് വേണ്ടിയാണ് വ്യക്തിഗത അഭിമുഖം നടത്തുന്നത്. എന്നാൽ അഭിമുഖം ചെയ്യേണ്ട വ്യക്തിയെപ്പറ്റി ഒരു വിവരവുമില്ലാതെ അയാളെ അഭിമുഖം ചെയ്യുന്നതിൽ പ്രസക്തിയില്ല. വ്യക്തിയെപ്പറ്റി സാമാന്യമായെങ്കിലും അറിഞ്ഞിരിക്കണം.

പി. എം. നാരായണൻ കവി ആർ. രാമചന്ദ്രനുമായി നടത്തിയ അഭിമുഖ ലേഖനമാണ് 'കവിതയിലെ ശുദ്ധനാദങ്ങൾ'.

കവിയെപ്പറ്റി കൂടുതൽ അറിയുന്നതിന് വേണ്ടിയുള്ള പഴുതുകളാണ് ഓരോ ചോദ്യത്തിലൂടെയും പി. എം. അവതരിപ്പിക്കുന്നത്.

ആദ്യ ഭാഗങ്ങളിൽ, രാമചന്ദ്രന്റെ കവിതയിൽ കാണുന്ന പ്രമേയങ്ങളെപ്പറ്റിയാണ് ചോദിക്കുന്നത്. ദൈവരാഗവിദ്വേഷം, പ്രകൃതി, ദുഃഖം, ശൂന്യതാബോധം തുടങ്ങി കവിയുടെ കവിതകളിൽ കാണുന്ന ദർശനങ്ങളെയും പ്രമേയങ്ങളെയും പറ്റിയുള്ള വിശദീകരണങ്ങൾ തേടുന്നുണ്ട് പി. എം. . ശുദ്ധകവിത, സ്വകാര്യകവിത തുടങ്ങി രാമചന്ദ്രന്റെ കവിതകൾക്കുള്ള വിശേഷണങ്ങളെ കവിയുടെ അഭിപ്രായങ്ങളിൽ നിന്നു കൊണ്ട് തന്നെ രേഖപ്പെടുത്താൻ ശ്രമിക്കുന്നു.

കുറച്ച് കവിതകൾ മാത്രം എഴുതിയ കവിയായിരുന്നു ആർ. രാമചന്ദ്രൻ. അതിന്റെ വിശദീകരണങ്ങളെല്ലാം കവി പങ്കു വെക്കുന്നുണ്ട്. ജി ശങ്കരക്കുറുപ്പ്, പി. കുഞ്ഞിരാമൻ നായർ, വൈലോപ്പിള്ളി ശ്രീധരമേനോൻ തുടങ്ങിയവരുടെ സ്വാധീനത്തെപ്പറ്റിയും രാമചന്ദ്രൻ വിശദീകരിക്കുന്നു. ഒപ്പം, ആധുനിക കവിതയെപ്പറ്റിയുള്ള തന്റേതായ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു.

'കവിതയിലെ ശുദ്ധനാദങ്ങൾ' എന്ന അഭിമുഖത്തിന്റെ ആദ്യ ഭാഗത്ത് രാമചന്ദ്രന്റെ കവിതകളിലെ പൊതു സവിശേഷതയെപ്പറ്റിയും സ്വഭാവത്തെപ്പറ്റിയും സാമാന്യമായ അറിവുകൾ നൽകിയതിന് ശേഷമാണ് സംഭാഷണഭാഗങ്ങളിലേക്ക് കടന്നിരിക്കുന്നത്.

രാമചന്ദ്രന്റെ കവിതകളുടെ മുഖമുദ്ര വിഷാദമാണ്. ക്ഷണികമായ ജീവിതത്തിന്റെ നിരർത്ഥകതയെയാണ് കവി തന്റെ കവിതകളിൽ വരച്ചു വെക്കുന്നത്.

ഇങ്ങനെ കവിതകളെക്കുറിച്ചുള്ള സൂചനകൾ നൽകിക്കൊണ്ട് ചോദ്യങ്ങളിലേക്ക് കടക്കുന്നു. രാമചന്ദ്രന്റെ കവിതകളെല്ലാം നന്നായി വായിച്ചു കഴിഞ്ഞതിനു ശേഷമാണ് പി. എം. അദ്ദേഹത്തെ ഇന്റർവ്യൂ ചെയ്തിരിക്കുന്നതെന്ന് ഈ ഭാഗം വായിക്കുമ്പോൾ തന്നെ വ്യക്തമാകും.

തനിക്ക് മുന്നിൽ ഇരിക്കുന്ന വ്യക്തിയെ വാചാലനാക്കാൻ അയാൾക്ക് ഇഷ്ടമുള്ള വിഷയത്തെ പറ്റി തന്നെ ആദ്യം ചോദിക്കുന്നത് നല്ലതാണ്. ഈ ഒരു സമീപനം തന്നെയാണ് പി. എം. നാരായണനും തെരഞ്ഞെടുത്തിരിക്കുന്നത്. പ്രകൃതിയുമായി കവിക്കുള്ള അഗാധമായ ബന്ധം അദ്ദേഹത്തിന്റെ കവിതകളിൽ നിന്ന് അഭിമുഖകാരന് ദർശിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് ഉറപ്പിക്കാം. ഈ ഒരു സൂചനയുടെ വെളിച്ചത്തിലാണ് അഭിമുഖം ആരംഭിക്കുന്നത്. പ്രകൃതി എങ്ങനെയാണ് ജീവിതത്തെയും കവിതയെയും സ്വാധീനിച്ചത് എന്നാണ് ആദ്യ ചോദ്യം. ഇതിനുത്തരമായി കവി തന്റെ വീടും ബാല്യകാല അനുഭവങ്ങളുമൊക്കെ പ്രകൃതിയോട് എവ്വിധമാണ് ചേർന്നിരിക്കുന്നത് എന്ന് വ്യക്തമാക്കുന്നു. പ്രകൃതിയുടെ മുന്നിൽ ധ്യാനനിമഗ്നനായി നിൽക്കുന്ന മുഹൂർത്തങ്ങളാണ് ജീവിതത്തിലെ ഏറ്റവും ധന്യമായ നിമിഷങ്ങൾ എന്ന് വിശ്വസിക്കുന്ന കവിയിൽ, ഗ്രാമപ്രകൃതി സൃഷ്ടിച്ചെടുത്ത, കണ്ടതിനപ്പുറത്തു കാണാത്തതെന്തോ ഉണ്ടെന്ന തോന്നലുകളാണ് കവിതകളായി ജന്മം കൊണ്ടത് എന്ന യാഥാർത്ഥ്യം അനാവരണം ചെയ്യുന്നു.

കവിതയിൽ കാണുന്ന ദൈവവും കവിയും

തമ്മിലുള്ള രാഗദ്വേഷബന്ധത്തിന്റെ പ്രമേയങ്ങളെ പറ്റിയാണ് അടുത്ത ചോദ്യം. ദൈവമില്ലെങ്കിൽ ജീവിതത്തിന് ഒരർത്ഥവും ഇല്ല എന്നാണ് കവിയുടെ വിശ്വാസം. ദൈവമുണ്ടായാൽ കൊള്ളാം എന്ന് ആഗ്രഹിക്കുന്ന കവിക്ക് പക്ഷെ, ദൈവമുണ്ടെന്ന് ഉറപ്പിച്ചു വിശ്വസിക്കാൻ ആവുന്നില്ല. ജീവിതത്തെ ആകർഷകമാക്കുന്നത് സ്നേഹബന്ധങ്ങളും പ്രകൃതിയുമാണെന്ന് വിശ്വസിക്കുന്ന കവി സ്നേഹബന്ധങ്ങൾ ദുഖത്തിൽ കുതിർന്നതാണെന്ന് പരിതപിക്കുന്നു. ജീവിതത്തിന്റെ അന്തർധാര ദു:ഖമാണെന്ന ബുദ്ധദർശനത്തിൽ അധിഷ്ഠിതമാണ് കവിയുടെ ചിന്തകൾ. അമാവാസി രാത്രികളിൽ വീടിനു മുന്നിൽ തമസ്സ് പോലെ പ്രത്യക്ഷപ്പെടാറുള്ള വയൽ പരപ്പ് തന്റെ സങ്കൽപ്പലോകത്തിന് നിദാനമായിട്ടുണ്ടെന്ന് കവി ഓർക്കുന്നു. നിത്യദു:ഖിയായ ദൈവവും നിത്യദു:ഖിയായ ഭൂമിയും കവിയുടെ ചിന്തകളെയും കവിതകളെയും ആഴത്തിൽ പിന്തുടർന്നു എന്ന് പറയാം.

ഓരോ ചോദ്യത്തിനും കവി വളരെ വിശദമായി തന്നെയാണ് ഉത്തരം നൽകുന്നത്.

ദു:ഖത്തിന്റെയും ഇരുട്ടിന്റെയും ദർശനം അവസാനം ശൂന്യതാവാദത്തിലേക്ക് എത്തി നിൽക്കുന്നതിനെപ്പറ്റി ചോദിച്ചപ്പോൾ, അങ്ങനെയൊരു ചോദ്യമുണ്ടാകാനുള്ള കാരണം അറിയാൻ കവി ആഗ്രഹം പ്രകടിപ്പിക്കുന്നുണ്ട്. മാത്രമല്ല, തന്നെ ഏറ്റവും കൂടുതൽ ആകർഷിച്ച ബുദ്ധദർശനത്തിന്റെ ഉൾകൊള്ളലിലാണ് ശൂന്യതയിലേക്ക് എത്തിയതെന്ന് വ്യക്തമായ മറുപടിയും നൽകുന്നുണ്ട്. ഈ ഒരു മറുപടിയെ മുൻനിർത്തിക്കൊണ്ടാണ് അടുത്ത ചോദ്യം. ആർ. രാമചന്ദ്രൻ എന്ന കവിയെ കൂടുതൽ അറിയാനുള്ള പഴുതുകളാണ് ഓരോ ചോദ്യത്തിലൂടെയും പി. എം. തുറന്നിടുന്നത്.

ബുദ്ധദർശനത്തിലെ ശൂന്യതാദർശനമാണ് തന്നെ പിന്നീട് സ്വാധീനിച്ചതെന്ന് പറയുമ്പോൾ, അത് ആപൽക്കരമല്ലേ, എന്ന് പി. എം. സന്ദേഹിക്കുന്നുണ്ട്. ഇതിനുത്തരമായി, തന്റെ കവിതയെഴുത്തിനെ പറ്റി വ്യക്തമായി പറഞ്ഞു വെക്കുന്നു. കവിതയ്ക്ക് യാതൊരു സാമൂഹിക പ്രതിബദ്ധതയും ആവശ്യമില്ലെന്ന് വിശ്വസിക്കുന്ന കവി കവിതയെഴുതുന്നത് സ്വന്തം മനസിന്റെ സന്തോഷത്തിനും ആശ്വാസത്തിനും മാത്രമാണെന്ന് ഉറപ്പിച്ചു പറയുന്നുണ്ട്.

ഈ മറുപടിക്ക് മറുചോദ്യം എന്ന പോലെയാണ് അടുത്ത ചോദ്യം. സമൂഹത്തിന്റെ പ്രശ്നങ്ങളോട് പുറം തിരിഞ്ഞ് നടക്കുന്നത് കവിതയുടെ പരിമിതിയല്ലേ എന്നാണ് പി. എം. ഉന്നയിക്കുന്നത്. നേരത്തെ ചോദിച്ച ചോദ്യം വേറെ വാക്കുകളിൽ ആവർത്തിക്കുകയാണ് താങ്കൾ എന്നാണ് കവി ഈ ചോദ്യത്തോട് പ്രതികരിക്കുന്നത്. എങ്കിലും തന്റെ ഉള്ളിലെ ദുഃഖബോധത്തെയും അതിൽ നിന്നും പൊട്ടി മുളച്ച ശൂന്യതാബോധതെയും പറ്റി വീണ്ടും ആവർത്തിക്കുന്നുണ്ട് കവി. സ്വന്തം അസ്തിത്വത്തിന്റെ പ്രശ്നങ്ങളെയും പേറി നടക്കുന്ന കവി, അസ്തിത്വം സ്പർശിക്കാത്ത ഒരു രചനയെയും താൻ രചനയായി സ്വീകരിക്കില്ലെന്ന് ഉറപ്പിക്കുന്നു.

താൻ കവിതയെ കലയിൽ നിന്ന് വേർതിരിക്കുന്നു എന്ന് പറഞ്ഞപ്പോൾ വേർതിരിവിന്റെ അടിസ്ഥാനം എന്താണെന്ന് പി. എം. ചോദിക്കുന്നു. കല ആവിഷ്കാരമാണെന്നും കവിത കവിയുടെ മനസ്സിൽ ആണെന്നുമാണ് രാമചന്ദ്രന്റെ മറുപടി. ഓരോ കലയ്ക്കും ഓരോ കവിതയ്ക്കും അതിന്റെതായ മൂല്യവും പരിമിതിയുമുണ്ടെന്നും, പരിമിതികളെ മറി കടക്കാൻ മറ്റു ഘടകങ്ങൾ കൂട്ടിച്ചേർക്കുന്നതിന് താൻ എതിരാണെന്നും കവി പറഞ്ഞു വെക്കുന്നുണ്ട്.

പ്രപഞ്ചം തന്നെ അർത്ഥശൂന്യമായ പ്രതിഭാസം ആണെങ്കിൽ കവിതയും അർത്ഥശൂന്യമല്ലേ എന്ന് ചോദിക്കുമ്പോൾ, തനിക്ക് കവിത എന്നാൽ ആ അർത്ഥശൂന്യതയെ ഒന്നു കൂടി തന്നെ ഓർമ്മപ്പെടുത്താനുള്ള മാധ്യമമാണെന്നാണ് ഉത്തരം. വാക്കുകളെക്കാൾ നല്ലത് മൗനമാണെന്ന് പിന്നീട് തോന്നിയെന്നാണ്, കവിതയെഴുത്തിനും ജീവിതത്തിനും ഇടയിലെപ്പോഴോ ഉണ്ടായ മൗനത്തെപ്പറ്റി കവിക്ക് പറയാനുള്ളത്. മലയാളത്തിൽ സ്വകാര്യകവിത മാത്രം എഴുതിയ ഒരാളാണ് താങ്കളെന്ന് പി. എം. പറയുമ്പോൾ കവി അത് സമ്മതിക്കുന്നുണ്ട്. സ്വന്തം അസ്തിത്വത്തെ കേന്ദ്രീകരിച്ചു മാത്രമായിരുന്നു തന്റെ കവിതകളെന്ന് ഒരിക്കൽ കൂടി കൂട്ടിച്ചേർക്കുന്നുണ്ട്. ശുദ്ധ കവിതയെന്ന് കേൾക്കുമ്പോൾ ആദ്യം ഓർമ്മ വരുന്നത് താങ്കളെയാണ് എന്നതി

ന് പി. എം. വിശദീകരണം തേടിയപ്പോൾ തന്റെ കവിതകളിൽ ഭൂതഭാവി വർത്തമാനങ്ങളൊന്നും ഇല്ലെന്നും സമകാലീന സമൂഹവുമായി അതിന് യാതൊരു ബന്ധവുമില്ലെന്നും അതുകൊണ്ടായിരിക്കാം ശുദ്ധകവിതയെന്ന് വിളിക്കപ്പെടുന്നതെന്നുമാണ് കവി പറയുന്നത്.

പൂർണതയ്ക്ക് വേണ്ടി നടത്തുന്ന കാത്തിരിപ്പിൽ പല കവിതകളും എഴുതാനാവാതെ നഷ്ടപ്പെട്ടു പോയില്ലേ എന്ന ചോദ്യത്തിന്, കവിയായി ജീവിക്കലാണ് കാര്യം, എഴുതലല്ല എന്നാണ് കവിയുടെ ഉത്തരം. എഴുതിയില്ലെങ്കിൽ പോലും അനുഭൂതിയിൽ തൃപ്തിയടഞ്ഞ ഒരാളായിരുന്നു കവി. കവിതയെഴുത്തിൽ സ്വതന്ത്രവും സ്വകാര്യവുമായ ചിന്തകളാണ് ഈ കവി പുലർത്തിയതെന്ന് കാണാൻ കഴിയും.

രാമചന്ദ്രന്റെ കവിതകളുടെ സ്വഭാവങ്ങളെല്ലാം നന്നായി പഠിച്ചാണ് പി. എം. ഓരോ ചോദ്യവും ഉന്നയിക്കുന്നത്. മൂർത്തമായ ജീവിതാനുഭവങ്ങളിൽ നിന്ന് ഉണ്ടായ കവിതകളെപ്പറ്റി ചോദിച്ചപ്പോൾ അജന്ത, സൂര്യകിരണം, കൃതജ്ഞത തുടങ്ങിയ കവിതകളെപ്പറ്റി വാചാലനാവുന്നുണ്ട് കവി.

മഹാകവി ജി.യുടെ സ്വാധീനത്തെപ്പറ്റിയുള്ള ചോദ്യത്തിന് തന്റെ കോളേജ് കാലഘട്ടത്തിലെ ഓർമ്മകളെ അയവിറക്കുന്നു. പദങ്ങളിലെ സൗഷ്ഠവവും ആഭിജാത്യവും അതിമനോഹരമായ കൽപനകളുമാണ് ജി.യുടെ കവിതകളിൽ തന്നെ ഏറെ ആകർഷിച്ചതെന്നാണ് പറയുന്നത്. ജി.യുടെ കവിതകളെപ്പറ്റി ഒരുപാട് പറഞ്ഞതിന് ശേഷം, ജി.യുടെ കവിതകളോടുള്ള അമിതമായ അഭിമുഖ്യം ആണ് തന്നെ വഴി തെറ്റിച്ചതെന്ന് തുറന്നു പറയുന്നുണ്ട്.

കവിക്ക് പി. കുഞ്ഞിരാമന്റെ കവിതകളുമായുള്ള അഗാധമായ ബന്ധം അറിഞ്ഞു കൊണ്ട് തന്നെയായിരുന്നിരിക്കണം പി. എം. മഹാകവി പി. യെപ്പറ്റി ചോദിച്ചത്. പി. യെപ്പറ്റി പറയുമ്പോൾ വല്ലാത്ത ഒഴുക്കിലൂടെയാണ് കവി സഞ്ചരിക്കുന്നത്. പി.യിൽ കൂടി ഞാനെന്റെ ആത്മാവിനെ തിരിച്ചറിഞ്ഞു എന്നാണ് കവി പറയുന്നത്.

പി.യുടെ കവിതകളിലാണ് ആദ്യമായി താൻ ഗൃഹാതുരത കണ്ടതെന്നും പ്രകൃതിയുമായി ഇത്രയേറെ ഇണങ്ങി ജീവിച്ച വേറൊരു കവിയും മലയാളത്തിലില്ലെന്നും രാമചന്ദ്രൻ നിരീക്ഷിക്കുന്നു.

വൈലോപ്പിള്ളിയും രാമചന്ദ്രനും തമ്മിലുള്ള അടുപ്പത്തെപ്പറ്റി തുടർന്ന് പി. എം. ചോദിക്കുന്നു. വൈലോപ്പിള്ളിക്കവിത തന്നെ സ്വാധീനിച്ചിട്ടില്ലെങ്കിലും വൈലോപ്പിള്ളിക്കവിതകളെപ്പറ്റി ഒരുപാട് പറയുന്നുണ്ട്. നമ്മുടെ കാവ്യപാരമ്പര്യത്തിന്റെ മുഴുവൻ ചൈതന്യവും ആവാഹിച്ച് ആധുനികതയുമായി ചേർന്നു നിൽക്കാൻ മറ്റൊരു കവിക്കും കഴിഞ്ഞിട്ടില്ല എന്നാണ് വൈലോപ്പിള്ളിയെ വിലയിരുത്തുന്നത്.

രാമചന്ദ്രൻ എന്ന കവി ആധുനികതയുടെ കവിയായിരുന്നു. അതുകൊണ്ട് തന്നെ ആ കാലഘട്ടത്തിലെ കവികളെപ്പറ്റി ചോദിക്കുന്നു. ആധുനിക കവികൾ കൂടുതൽ ഉള്ളിലേക്ക് നോക്കുന്നവരായിരുന്നു എന്നാണ് കവിയുടെ അഭിപ്രായം. ഓരോ കവിയും തന്റേതായ ഒരു നിലപാടിൽ നിന്നു കൊണ്ടാണ് ലോകത്തെ കാണുന്നത്.

കവിതയുടെ ഭാവി എന്തായിരിക്കുമെന്ന ചോദ്യത്തിന് കൃത്യമായ മറുപടി നൽകാൻ ആവുകയില്ല എന്നാണ് കവി പറയുന്നത്. ഓരോ കാലത്തും മനുഷ്യരുടെ സൗന്ദര്യബോധം മാറി വരികയാണ്. അതിനനുസരിച്ച് കവിതയും എഴുത്തും വായനയും എല്ലാം മാറി വരുന്നു. ഒരു നൂറ്റാണ്ട് കഴിഞ്ഞാൽ മനുഷ്യരുടെ സൗന്ദര്യബോധം എന്തായിരിക്കുമെന്ന് പറയാൻ പറ്റുകയില്ല. ഇങ്ങനെയൊക്കെയാണ് കവി പ്രതികരിക്കുന്നത്.

പിന്നീട് മരണത്തെപ്പറ്റിയാണ് ചോദിക്കുന്നത്. മരണത്തെ ഓർക്കൽ കുറവാണ് എന്നാണ് മറുപടി. ഈ ഭൂമിയിൽ കാണുന്ന സ്നേഹവും സൗന്ദര്യവും മരണാനന്തരവും ഉണ്ടായാൽ കൊള്ളാം എന്ന് ആഗ്രഹിക്കുന്ന കവിയെ സംബന്ധിച്ചിടത്തോളം കവിതകളിൽ മൃത്യുബോധത്തിനു പ്രസക്തി ഇല്ലായിരുന്നു.

പി. എം. നാരായണന്റെ ചോദ്യങ്ങളിലെ സൂക്ഷ്മതയും അടക്കവും ആർ. രാമചന്ദ്രന്റെ കൃത്യമായ തുറന്ന് പറച്ചിലുമാണ് ഈ അഭിമുഖത്തെ

വിജയകരമായി മുന്നോട്ടു നയിച്ചതെന്ന് നിസ്സംശയം പറയാം.

കവിയെപ്പറ്റിയുള്ള സാമാന്യ അറിവുകൾക്കപ്പുറം ആർക്കും അറിയാത്ത അറിവുകൾ തേടുന്നതായിരുന്നു പി. എം. ന്റെ ഓരോ ചോദ്യവും.

ഒരു വിശദീകരണം കിട്ടിയാൽ അതിൽ വ്യക്തമാവാത്ത പക്ഷം ആ സംശയത്തെ പുതിയൊരു അറിവിലേക്കുള്ള ചോദ്യമെന്ന രൂപത്തിലാണ് പിന്നീട് ചോദ്യങ്ങൾ ചോദിക്കുന്നത്. കവിതയെക്കുറിച്ചും ജീവിതദർശനങ്ങളെക്കുറിച്ചും വളരെ സൂക്ഷ്മമായ ചോദ്യങ്ങളിലൂടെയാണ് ഉത്തരം തേടുന്നത്. മാത്രമല്ല ഓരോ ചോദ്യത്തിനും വിശദമായ വിവരണങ്ങളാണ് കവി നൽകുന്നത്.

കവിത എഴുതുന്നതിനേക്കാളുപരി കവിതയിൽ ജീവിച്ച കവിയായിരുന്നു ആർ. രാമചന്ദ്രൻ. തന്റെ കവിതയ്ക്ക് സാമൂഹിക പ്രതിബദ്ധത ഇല്ലെന്നും തന്റെ മനസിന്റെ ആനന്ദത്തിനും തൃപ്തിക്കും വേണ്ടിയാണ് എഴുതുന്നതെന്നും തുറന്നു പറയുന്നുണ്ട്. ദു:ഖമാണ് രാമചന്ദ്രന്റെ കവിതകളിലെ മുഖമുദ്ര. പ്രകൃതിയെ ഉപാസിച്ചു കൊണ്ടെഴുതുന്ന ഈ കവിതകൾ ശൂന്യതാബോധത്തിലധിഷ്ഠിതമാണ്.

## Recap

- ദു:ഖമാണ് ആർ. രാമചന്ദ്രന്റെ കവിതകളുടെ മുഖമുദ്ര. ഗ്രാമീണപ്രകൃതിയെ ഉപാസിച്ചു കൊണ്ടാണ് കവി തന്റെ കാവ്യാനുഭൂതിയെ അനുഭവിക്കുന്നത്
- കവിയെ സംബന്ധിച്ച് സ്നേഹബന്ധങ്ങൾ, ഭൂമിയുടെ സൗന്ദര്യം ഇവ രണ്ടും മാത്രമാണ് ജീവിതത്തെ ആകർഷകമാക്കുന്ന രണ്ടു ഘടകങ്ങൾ
- ദൈവമുണ്ടെങ്കിൽ ജീവിതത്തിന് ഒരർത്ഥമുണ്ടാകുമെന്ന് ആഗ്രഹിക്കുമ്പോഴും, ദൈവമുണ്ടെന്ന് ഉറച്ചു വിശ്വസിക്കാൻ ആവുന്നില്ല
- ബുദ്ധദർശനത്തിലും ശൂന്യതാവാദത്തിലും അധിഷ്ഠിതമാണ് രാമചന്ദ്രന്റെ കവിതകൾ
- കവിത എഴുതുന്നതിലുപരി കവിതയിൽ ജീവിക്കാൻ ആഗ്രഹിച്ച കവിയായിരുന്നു രാമചന്ദ്രൻ
- തന്റെ കവിതകൾക്ക് സാമൂഹിക പ്രതിബദ്ധത ഇല്ലെന്ന് ഉറപ്പിച്ചു പറയുന്ന കവിക്ക്, കവിത എന്നാൽ തന്റെ വ്യക്തിപരമായ അനുഭൂതിക്കുള്ള ഉപാധി മാത്രമാണ്
- ജിയുടെ കവിതകൾ തന്നെ സ്വാധീനിച്ചിട്ടുണ്ടെങ്കിലും പി. യിലൂടെയാണ് തന്റെ ആത്മാവിനെ കണ്ടെത്താനായത് എന്ന് വിലമതിക്കുന്നുണ്ട്
- ആധുനിക കവികൾ തന്റേതായ നിലപാടുകളിൽ നിന്നു കൊണ്ട് ലോകത്തെ വീക്ഷിക്കുന്നവരാണ് എന്നാണ് കവി പറയുന്നത്

## Objective Type Questions

1. ആർ. രാമചന്ദ്രന്റെ കവിതകളുടെ മുഖമുദ്ര എന്താണ്?
2. കവി എന്തിനെയാണ് ഉപാസിക്കുന്നത്?
3. ജീവിതത്തെ ആകർഷിക്കുന്ന രണ്ട് ഘടകങ്ങൾ ഏതൊക്കെയാണെന്നാണ് കവി പറയുന്നത്?
4. രാമചന്ദ്രന്റെ കവിതകൾ എന്തിലധിഷ്ഠിതമാണ്?
5. ആധുനിക കവികൾ എങ്ങനെയുള്ളവരാണ്?
6. തന്റെ ആത്മാവിനെ ആരുടെ കവിതകളിലൂടെയാണ് കവി കണ്ടെത്തിയത്
7. തന്റെ കവിതയിൽ എന്തില്ലെന്നാണ് കവി പറയുന്നത്
8. കവിത എന്താണെന്നാണ് കവി പറയുന്നത്

## Answers

1. ദുഃഖമാണ്
2. ഗ്രാമീണ പ്രകൃതിയെ
3. സ്നേഹബന്ധങ്ങൾ, ഭൂമിയുടെ സൗന്ദര്യം
4. ബുദ്ധദർശനത്തിലും ശൂന്യതാവാദത്തിലും
5. തന്റേതായ നിലപാടുകളിൽ നിന്നു കൊണ്ട് ലോകത്തെ വീക്ഷിക്കുന്നവർ
6. പി. കുഞ്ഞിരാമൻനായരുടെ കവിതകളിലൂടെ
7. സാമൂഹികപ്രതിബദ്ധത
8. വ്യക്തിപരമായ അനുഭൂതിയുടെ ഉപാധി

## Assignments

1. ആർ. രാമചന്ദ്രന്റെ കവിതകളുടെ പ്രമേയസ്വഭാവം എന്തായിരുന്നു? ചർച്ച ചെയ്യുക.
2. എന്തു കൊണ്ടാണ് രാമചന്ദ്രന്റെ കവിതകൾ സ്വകാര്യ കവിതകൾ എന്ന് വിളിക്കപ്പെട്ടത്? വിശദമാക്കുക
3. ആർ. രാമചന്ദ്രനുമായി പി. എം. നടത്തുന്ന അഭിമുഖ സംഭാഷണം സംഗ്രഹിക്കുക.

## Reference

1. ആർ. രാമചന്ദ്രൻ, ആർ. രാമചന്ദ്രന്റെ കൃതികൾ, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്.
2. പി. എം. നാരായണൻ, കോലായ ചർച്ചകൾ, കറന്റ് ബുക്സ്, തൃശ്ശൂർ.

BLOCK - 04

# വിവർത്തനം



SREENARAYANAGURU OPEN UNIVERSITY

# യൂണിറ്റ് - 1
# വിവർത്തനം - അവതാരിക

**എൻ. വി. കൃഷ്ണവാരിയർ**

## Learning Outcomes

- വിവർത്തനത്തിന്റെ ആവശ്യകതയെപ്പറ്റി മനസ്സിലാക്കുന്നു
- വിവർത്തനചരിത്രം പഠിക്കുന്നു
- വിവർത്തകന് വേണ്ട യോഗ്യതകൾ തിരിച്ചറിയുന്നു
- വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ മനസ്സിലാക്കുന്നു
- വ്യത്യസ്തമായ വിവർത്തന രീതികൾ, സ്വീകരിക്കേണ്ട സന്ദർഭങ്ങൾ എന്നിവ വിലയിരുത്തുന്നു
- സ്രോതഭാഷ, ലക്ഷ്യഭാഷ ഇവയെക്കുറിച്ച് ആഴത്തിൽ അറിവ് നേടുന്നു
- ശാസ്ത്രവിവർത്തനവും സാഹിത്യവിവർത്തനവും തമ്മിലുള്ള സാജാത്യ വൈജാത്യങ്ങൾ തിരിച്ചറിയുന്നു

## Prerequisites

എൻ. വി. കൃഷ്ണവാരിയർ (1916 - 1989) -

ബഹുഭാഷാപണ്ഡിതൻ, കവി, സാഹിത്യചിന്തകൻ എന്നീ നിലകളിലെല്ലാം ശ്രദ്ധേയൻ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപക ഡയറക്ടർ. മാതൃഭൂമി പ്രസിദ്ധീകരണങ്ങളുടെ മുഖ്യ പത്രാധിപരും കുങ്കുമം വാരികയുടെ പത്രാധിപരുമായിരുന്നു. മധുരയിലെ ദ്രാവിഡ ഭാഷാസമിതിയുടെ സീനിയർ ഫെല്ലോ എന്ന നിലയിൽ പ്രവർത്തിച്ചു. മലയാള കവിതയിൽ ആധുനികതയ്ക്ക് തുടക്കം കുറിച്ചത് എൻ.വി.കൃഷ്ണവാരിയരാണ്. കേരള– കേന്ദ്ര സാഹിത്യ അക്കാദമികളിൽ അംഗമായിരുന്നിട്ടുണ്ട്. കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, സമസ്ത കേരള സാഹിത്യ പരിഷത്ത്, കേരള ഗ്രന്ഥശാലാസംഘം തുടങ്ങി വിവിധ സമിതികളിൽ ശ്രദ്ധേയ സ്ഥാനം വഹിച്ചു. നാടകം, ആട്ടക്കഥ, ബാലസാഹിത്യം, വിവർത്തനം തുടങ്ങിയ മേഖലകളിലെല്ലാം രചനകൾ നടത്തി. എങ്കിലും കവി എന്ന പേരിലാണ് മുഖ്യമായും അറിയപ്പെട്ടത്.

കൃതികൾ – എൻ.വിയുടെ കവിതകൾ (സമ്പൂ.. സമാഹാരം), അകം കവിതകൾ, അക്ഷരം പഠിക്കുവിൻ. കാവ്യകൗതുകം, കാളിദാസന്റെ സിംഹാസനം, നീണ്ട കവിതകൾ, കുറെക്കൂടി നീണ്ട കവിതകൾ, കൊച്ചു തൊമ്മൻ, വിദ്യാപതി, ഗാന്ധിയും ഗോഡ്സേയും, ചാട്ടവാർ, ചിത്രാംഗദ (ആട്ടക്കഥ), ബുദ്ധചരിതം (ആട്ടക്കഥ), എൻ.വി.യുടെ ഗവേഷണ പ്രബന്ധങ്ങൾ, എൻ.വി.യുടെ സാഹിത്യവിമർശനം, വീക്ഷണങ്ങൾ വിമർശനങ്ങൾ, പരിപ്രേക്ഷ്യം, പ്രശ്നങ്ങൾ പഠനങ്ങൾ, ഭൂമിയുടെ രസതന്ത്രം, മേൽപ്പത്തൂരിന്റെ വ്യാകരണപ്രതിഭ, വ്യക്തിചിത്രങ്ങൾ, സമാകലനം, സമസ്യകൾ സമാധാനങ്ങൾ, സംസ്കൃത വ്യാകരണത്തിന് കേരളപാണിനിയുടെ സംഭാവനകൾ, സ്മൃതിചിത്രങ്ങൾ, ഹൃദയത്തിന്റെ വാതായനങ്ങൾ, എൻ.വി.യുടെ നാടകങ്ങൾ, വാസ്കോ ഡി ഗാമയും മറ്റ് മൂന്ന് നാടകങ്ങളും, വീര രവിവർമ്മ ചക്രവർത്തി, ജാലവിദ്യ, ലേഖനകല, ഏഴു ജർമ്മൻ കഥകൾ, ഗാന്ധിയുടെ വിദ്യാർത്ഥി ജീവിതം, ദേവദാസൻ, മന്ത്രവിദ്യ, സുമതി

## Key Themes

- വിവർത്തനത്തെ സംബന്ധിച്ച അടിസ്ഥാന കാര്യങ്ങളാണ് ബഹുഭാഷാപണ്ഡിതനായ എൻ. വി. കൃഷ്ണവാരിയർ ഇവിടെ പ്രതിപാദിക്കുന്നത്.
- വിവർത്തനത്തിന്റെ ലോകപശ്ചാത്തലത്തിലുള്ള ചരിത്രം എൻ. വി. നല്കുന്നു.
- വിവർത്തനത്തിന്റെ ആവശ്യകത, വിവർത്തകനു വേണ്ട യോഗ്യതകൾ, വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വിവർത്തനത്തിന് സഹായകമാകുന്ന ഉപകരണങ്ങൾ എന്നിവയൊക്കെയാണ് ഈ ലേഖനത്തിന്റെ പ്രതിപാദ്യവിഷയം.
- വിവിധതരം വിവർത്തന രീതികൾ, അവ ഓരോന്നും സ്വീകരിക്കേണ്ട സന്ദർഭങ്ങൾ ഇവയും ലേഖകൻ വ്യക്തമാക്കുന്നുണ്ട്.
- ലക്ഷ്യഭാഷ, സ്രോതഭാഷ, തെസാരസ് എന്ന വിജ്ഞാന നിഘണ്ടു എന്നിങ്ങനെ വിവർത്തനവുമായി ബന്ധപ്പെട്ട സാങ്കേതിക സംജ്ഞകളും ലേഖകൻ വിശദമാക്കുന്നുണ്ട്.
- കലയും ശാസ്ത്രവും സമന്വയിക്കുന്ന വിമർശനശാഖയെക്കുറിച്ച് അനൽപമായ വിവരങ്ങൾ നൽകാൻ പര്യാപ്തമാണ് ഈ ലേഖനം.

## Discussion

തൊഴിലില്ലാത്ത ബിരുദധാരികൾക്ക് തൊഴിൽ നൽകാൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഒരു വിവർത്തന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. വിവർത്തനത്തിന്റെ സിദ്ധാന്തപരവും പ്രായോഗികവുമായ വശങ്ങളിൽ ബിരുദധാരികൾക്ക് പരിശീലനം നൽകി പുസ്തകങ്ങൾ വിവർത്തനം ചെയ്യിക്കുക എന്നതാണ് ഇത്. ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായവും ഉണ്ട്. മൂന്നു മാസത്തെ വിവർത്തന പരിശീലനത്തിനായി പാഠപുസ്തകം നിർമ്മിക്കാനുള്ള ശ്രമത്തിന്റെ ഫലമാണ് വിവർത്തനം എന്ന ഗ്രന്ഥം.

വിവർത്തനത്തിന്റെ പ്രശ്നങ്ങളെപ്പറ്റി കാലാകാലമായി ചർച്ചകൾ ഇവിടെ നടന്നിട്ടുണ്ട്. ധാരാളം സെമിനാറുകളും ഇതു സംബന്ധമായി നടന്നിട്ടുണ്ട്. എങ്കിലും വിവർത്തനം സംബന്ധിച്ച ഒരു ലക്ഷണഗ്രന്ഥം ഇവിടെ ഉണ്ടാകേണ്ടതുണ്ട്. വിവർത്തനത്തിൽ താൽപ്പര്യവും പരിചയവുമുള്ള പല ലേഖകർ എഴുതിയ പ്രബന്ധങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം.

ഭാഷ പോലെ ജടിലവും സമർത്ഥവുമായ ഒരു ആശയാവിഷ്ക്കരണ -വിനിമയമാധ്യമം മനുഷ്യ

വർഗ്ഗത്തിനു മാത്രമേ കൈവന്നിട്ടുള്ളൂ. ഭാഷ, ആശയവിനിമയത്തിലൂടെ മനുഷ്യരെ ഒന്നിപ്പിക്കുന്നതിനു സഹായിച്ചപ്പോൾ തന്നെ ഭാഷകൾ ആശയങ്ങളെ പരസ്പരം അനഭിഗമ്യങ്ങളാക്കുക വഴി ജനതയെ ഭിന്നിപ്പിക്കുന്നതിനും കാരണമാവുകയുണ്ടായി. ഈ സ്ഥിതി ഇപ്പോഴും തുടരുന്നു.

പരസ്പരം ഗാഢസമ്പർക്കം പുലർത്താത്ത സമുദായാംഗങ്ങൾ തമ്മിൽ വിശ്വാസത്തിലും ആചാരത്തിലും അതിലേറെ ഭാഷയിലും വ്യത്യാസം വളർന്നു വരുന്നത് പ്രകൃതിനിയമമാണ്. ഇക്കാരണത്താൽ ഒരേ സമുദായത്തിൽപ്പെട്ടവരിൽ തന്നെ വ്യത്യസ്ത ഭാഷകൾ ഉണ്ടാകുന്നു. ഇവ പരസ്പരം മനസ്സിലാക്കാത്ത നിലയും ക്രമേണ വന്നു ചേരുന്നു. എഴുത്തു നടപ്പിലായതോടെ ഭാഷകളുടെ ദ്രുതപരിണാമശീലത്തിന് അൽപം മാറ്റമുണ്ടായിട്ടുണ്ട്. എങ്കിലും വ്യാപകമായ നിരക്ഷരത്വമുള്ളപ്പോൾ ഒരേ ഭാഷ സംസാരിക്കുന്ന ജനങ്ങൾക്കിടയിൽത്തന്നെ പല ഉപഭാഷാഭേദങ്ങൾ ഉത്ഭവിക്കുകയും അവ കാലക്രമേണ വിഭിന്ന ഭാഷകളായിത്തീരുകയും ചെയ്യുന്നത് എക്കാലത്തും കണ്ടുവരുന്ന പ്രക്രിയയാണ്.

പല ജനതകളിലും കണ്ടുവരുന്നതും ചിലപ്പോഴൊക്കെ ഒരു ഭ്രാന്തുപോലെയായിത്തീർന്നതുമായ ഭാഷാഭിമാനത്തിന്റെ അടിയിലുള്ളത് യഥാർത്ഥത്തിൽ മറ്റൊരു ഭാഷ പഠിക്കുന്നതിനാവശ്യമായ പ്രയത്നത്തിന്റെ വൈമുഖ്യവും പ്രയത്നിച്ചാൽ തന്നെ മറ്റൊരു ഭാഷ ശരിക്കു കൈകാര്യം ചെയ്യാനുള്ള കഴിവുകേടുമാകുന്നു. എന്നാൽ ഒന്നിലേറെ ഭാഷാമേഖലകൾ ഒന്നിച്ചു ചേരുന്ന അതിർത്തി പ്രദേശങ്ങളിൽ വസിക്കുന്നവർ അനായാസമായിത്തന്നെ പല ഭാഷകൾ സ്വായത്തമാക്കുന്നു. ആദ്യ വിവർത്തകന്മാർ ഇത്തരം ദ്വിഭാഷാ പ്രദേശങ്ങളിലും ബഹുഭാഷാ പ്രദേശങ്ങളിലും നിവസിച്ചിരുന്നവർ ആയിരുന്നിരിക്കണം. കച്ചവടാവശ്യങ്ങൾക്കോ മതപരമായ ആവശ്യങ്ങൾക്കോ വേണ്ടി ആവിഷ്ക്കരിക്കപ്പെട്ട ലിപിസമ്പ്രദായം വ്യാപകമായി പ്രചരിച്ചതോടെ വ്യത്യസ്ത ഭാഷകളിലെ ഗ്രന്ഥസന്ദർഭങ്ങൾ എഴുതാനും അവയെ താരതമ്യപ്പെടുത്താനും അവസരം ലഭിച്ചു

ക്രിസ്തുവിന് മൂവായിരം വർഷങ്ങൾക്ക് മുമ്പ് അസീറിയ ഭരിച്ചിരുന്ന സാർഗോൺ എന്ന ചക്രവർത്തി തന്റെ വീരകൃത്യങ്ങൾ അസീറിയൻ ഭാഷയിലുള്ള ശാസനങ്ങളിലൂടെ വിളംബരം ചെയ്യുകയുണ്ടായി. അസീറിയനല്ലാത്ത ഭാഷ സംസാരിക്കുന്ന വിശാലമായ അസീറിയൻ സാമ്രാജ്യത്തിലെ ജനവിഭാഗങ്ങൾക്കായി ഈ ശാസനങ്ങൾ വിവർത്തനം ചെയ്യപ്പെട്ടു. ലോകത്തിൽ അറിയപ്പെടുന്ന ആദ്യത്തെ വിവർത്തന ശ്രമം ഇതാണെന്ന് കരുതപ്പെടുന്നു.

ഇതുപോലെ ക്രിസ്തുവിന് 2100 വർഷം മുമ്പ് ബാബിലോൺ ഭരിച്ചിരുന്ന ഹമ്മുറബിയുടെ ശാസനങ്ങളും പല ഭാഷകളിലും പ്രസിദ്ധീകരിച്ചിരുന്നു. എങ്കിലും ക്രിസ്തുവിന് രണ്ടാം നൂറ്റാണ്ട് മുമ്പ് എഴുതപ്പെട്ട പ്രസിദ്ധമായ റോസറ്റാ ശാസനമാണ് നിലവിലുള്ള ഏറ്റവും പഴയ വിവർത്തന മാതൃക. ഈ ഫലകത്തിൽ ഹീറോഗ്ലിഫിക്, ഡെമോട്ടിക് എന്നീ രണ്ടു തരം ഈജിപ്ഷ്യൻ ലിപികളിൽ എഴുതപ്പെട്ട സംഗതികൾ തന്നെ ഗ്രീക്ക് ലിപിയിൽ ഗ്രീക്ക്ഭാഷയിലും ആലേഖിതമായിരിക്കുന്നു.

പാശ്ചാത്യരാജ്യങ്ങളിൽ വിവർത്തനത്തിന് ഒരു ചിട്ടയും പാരമ്പര്യവും ഏർപ്പെട്ടത് ബൈബിൾ തർജ്ജമകൾ വഴിയാണ്. ബൈബിൾ പഴയനിയമം എഴുതപ്പെട്ടത് ഹീബ്രുഭാഷയിലാണ്. ഹീബ്രു അറിയാത്ത, ഗ്രീക്ക്ഭാഷ സംസാരിക്കുന്ന യഹൂദന്മാർക്കായി പഴയനിയമത്തിന്റെ തർജ്ജമകൾ ഗ്രീക്ക് ഭാഷയിലുണ്ടായി. ഈ തർജ്ജമകൾ മിക്കതും ഹീബ്രു മൂലത്തെ അക്ഷരശ്ശ: അനുസരിക്കുന്നതായിരുന്നു. തന്മൂലം അവ ഗ്രീക്ക് ഭാഷാശൈലിക്ക് ഇണങ്ങിയില്ല. ഒരു പക്ഷേ അവിശ്വാസികൾക്ക് മനസ്സിലാവരുതെന്ന വിശ്വാസത്തോടെ വിവർത്തനശൈലി മന:പൂർവ്വം ക്ലിഷ്ടമാക്കിയതുമാവാം.

ഗ്രീക്ക് ഭാഷയിലെ മിക്ക ഗ്രന്ഥങ്ങൾക്കും ലാറ്റിൻ ഭാഷയിൽ തർജ്ജമകളുണ്ടായി. ക്രി.മു. 240 നടുത്ത് ഹോമറിന്റെ ഒഡീസി ലാറ്റിൻ ഭാഷയിൽ വിവർത്തനം ചെയ്യപ്പെട്ടു. തുടർന്ന് ഗ്രീക്ക് നാടകങ്ങളും പ്ലേറ്റോവിന്റെ കൃതികളും ബൈബിൾ പുതിയ നിയമവും ലാറ്റിനിലേക്ക് ഗ്രീക്കിൽ നിന്നും വിവർത്തനം ചെയ്യപ്പെടുകയുണ്ടായി.

ക്രി. പി. നാലാം ശതകത്തിൽ സെയിന്റ് ജറാം എഴുതിയ ബൈബിൾ വിവർത്തനം ഏറെ ശ്രദ്ധിക്കപ്പെട്ടു. ആശയത്തിലൂന്നിക്കൊണ്ടുള്ള ഈ വിവർത്തനത്തെ ആസ്പദമാക്കി അദ്ദേഹത്തെ ശാസ്ത്രീയ രീതിയിലുള്ള വിവർത്തനത്തിന്റെ സ്ഥാപകൻ എന്ന് വിശേഷിപ്പിക്കാറുണ്ട്. ലാറ്റിനിലെ വിവർത്തകന്മാർ വിവർത്തനത്തിന്റെ പ്രശ്നങ്ങളെപ്പറ്റിയും അഗാധമായി ചിന്തിച്ചു.

ക്രി. പി. 8, 9, 10 ശതകങ്ങളിൽ അറബികൾ സംസ്കൃതത്തിൽ നിന്നും അങ്കഗണിതം ജ്യാമിതി, തർക്കശാസ്ത്രം, സംഗീതം, വൈദ്യശാസ്ത്രം, രസതന്ത്രം മുതലായ പല വിഷയത്തിലുമുള്ള ഗ്രന്ഥങ്ങൾ സ്വഭാഷയിലേക്ക് പകർത്തി. ശുശ്രുത സംഹിത, ചരകസംഹിത, പഞ്ചതന്ത്രം, മഹാഭാരതത്തിന്റെ ഏതാനും ഭാഗങ്ങൾ എന്നിവ ഇക്കൂട്ടത്തിൽ പ്രസ്താവ്യമാണ്. ക്രി. പി. 830 ൽ ഖലീഫ അൽമാമുൻ ബാഗ്ദാദിൽ വിവർത്തനത്തിനായി ഒരു പണ്ഡിതസംഘത്തെ തന്നെ സ്ഥാപിച്ചു. ഭാരതീയരുടെ പ്രാചീനവിജ്ഞാനം പാശ്ചാത്യർക്ക് ആദ്യമായി ലഭിച്ചത് അറബി വിവർത്തനങ്ങളിലൂടെയായിരുന്നു.

മാർട്ടിൻ ലൂഥർ ലാറ്റിനിൽ നിന്ന് ജർമ്മൻ ഭാഷയിലേക്ക് ബൈബിൾ വിവർത്തനം ചെയ്തതോടെ വിവർത്തനത്തിന്റെ പുതിയ യുഗം ആരംഭിച്ചു. മതത്തിന്റെ മേഖലയിൽ നിന്നും മതനിരപേക്ഷ വിജ്ഞാനത്തിന്റെ മേഖലകളിലേക്ക് വിവർത്തനം അതിവേഗത്തിൽ വ്യാപിച്ചു.

ഇന്ത്യയിലെ ക്ലാസിക് ഭാഷയായ സംസ്കൃതത്തിൽ വിവർത്തനങ്ങൾ കുറവാണ്. സംസ്കൃതത്തിലെ വിവർത്തനങ്ങളിൽ ശ്രദ്ധേയം പൈശാചി ഭാഷയിലെഴുതപ്പെട്ട ഗുണാഢ്യന്റെ ബൃഹത് കഥയുടെ സംക്ഷേപമായ ബൃഹത്കഥാമഞ്ജരിയും കഥാസരിത്സാഗരവുമാണ്. സംസ്കൃതനാടകങ്ങളിൽ സ്ത്രീകളും നീചകഥാപാത്രങ്ങളും സംസാരിക്കുന്ന പ്രാകൃതത്തിന്റെ സംസ്കൃത വിവർത്തനം 'ഛായ' എന്ന പേരിൽ നാടകങ്ങളിൽ അതാതിടത്ത് ചേർത്തതും വിവർത്തനമായി കണക്കാക്കാം. എന്നാൽ പദാനുപദം മുതൽ ഭാവാനുവാദം വരെയുള്ള വിവർത്തന രൂപഭേദങ്ങളിലായി സംസ്കൃത സാഹിത്യത്തിലെ മിക്ക കൃതികളും ഭാരതീയ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

പാശ്ചാത്യരുമായുള്ള സമ്പർക്കം ഭാരതീയ ഭാഷകളിൽ വിവർത്തനത്തെ വളരെയധികം പ്രോത്സാഹിപ്പിച്ചു. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം വിവർത്തനം ഒരു വൃത്തി ( പ്രൊഫഷൻ) ആയി മാറി. ലോകസംഘടനകൾ തമ്മിൽ കാര്യനിർവഹണത്തിന് ഉടനുടൻ തർജ്ജമയ്ക്കുള്ള സംവിധാനങ്ങൾ ആവശ്യമായി. സാമ്പത്തികാഭിവൃദ്ധിയുടെ ഫലമായി ടൂറിസം വൻകിട വ്യവസായമായതും വിവർത്തനം ആവശ്യമാക്കി. ആധുനിക വിജ്ഞാനത്തിലുണ്ടായ വളർച്ചയും വിജ്ഞാന വികസനത്തിൽ വൻകിട രാജ്യങ്ങൾ തമ്മിലുള്ള കിടമത്സരവും വിവർത്തനത്തെ പ്രോത്സാഹിപ്പിച്ചു. സാക്ഷരത്വത്തിലും വിദ്യാഭ്യാസത്തിലുമുണ്ടായ വളർച്ചയും വാർത്താവിതരണത്തിൽ വന്നു ചേരുന്ന വിപ്ലവവും വികസ്വരമായി വരുന്ന ഏകലോകമനോഭാവവും വിവർത്തനപ്രക്രിയയെ വിപുലമാക്കി. കമ്പ്യൂട്ടറുകൾ പ്രചാരത്തിൽ വന്നതോടെ യന്ത്രവിവർത്തനത്തിനും സാധ്യത തെളിഞ്ഞു.

ഒരു പദത്തിന്റെയോ വാക്യത്തിന്റെയോ ഗ്രന്ഥസന്ദർഭത്തിന്റെയോ അർത്ഥം മറ്റൊരു ഭാഷയിൽ ആവിഷ്ക്കരിക്കുന്നതാണ് നിഘണ്ടു നിർവചന പ്രകാരം വിവർത്തനം. ഏതു ഭാഷയിൽ നിന്ന് വിവർത്തനം ചെയ്യുന്നുവോ ആ ഭാഷയെ സ്രോതഭാഷ എന്നും ഏതു ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നുവോ ആ ഭാഷയെ ലക്ഷ്യഭാഷ എന്നും പറയുന്നു. സങ്കീർണ്ണമായ ആശയ സംരചനകൾ ആവിഷ്ക്കരിക്കുന്ന ഒരു ഭാഷയിലെ വാക്യങ്ങളുടെയും ഗ്രന്ഥഭാഗങ്ങളുടെയും അർത്ഥം അതിവ്യാപ്തിയോ അവ്യാപ്തിയോ കൂടാതെ മറ്റൊരു ഭാഷയിൽ പകർത്തുക പ്രയാസമാണ്. "സ്രോതഭാഷയിൽ ആവിഷ്ക്കരിക്കപ്പെട്ട ആശയങ്ങളെ കഴിയുന്നത്ര ഏറ്റക്കുറച്ചിൽ കൂടാതെയും ലക്ഷ്യഭാഷയുടെ ആവിഷ്ക്കരണ രീതിക്ക് ഇണങ്ങുന്ന രീതിയിലും ലക്ഷ്യഭാഷയിൽ ആവിഷ്ക്കരിക്കുന്നതിനുള്ള പ്രയത്നമാണ് വിവർത്തനം. ഈ പ്രയത്നത്തിൽ ആവിഷ്ക്കരിക്കുന്ന ഭാഷകളുടെ ശൈലികൾക്കും കഴിയുന്നത്ര സമാനതയുണ്ടാവുന്നത് ആവശ്യമാണ്.

വിവർത്തകന് സ്രോതഭാഷയിലും ലക്ഷ്യ

ഭാഷയിലും നല്ല പാണ്ഡിത്യം ഉണ്ടായിരിക്കണം. അതു പോലെ പ്രതിപാദ്യവിഷയത്തിലും അഗാധമായ അവഗാഹം വേണം- വിവർത്തകനുണ്ടായിരിക്കേണ്ട ഏറ്റവും മുഖ്യമായ ഗുണം വിശ്വാസ്യത അഥവാ സത്യസന്ധതയാണ്. വിവർത്തകൻ മൂലത്തോട് അങ്ങേയറ്റം കൂറുപുലർത്തണം -മൂലത്തിലുള്ളത് വിട്ടു കളയുകയോ തെറ്റിദ്ധരിപ്പിക്കുകയോ അരുത്. മൂലത്തിലെ തെറ്റുകൾ അടിക്കുറിപ്പുകളിലൂടെ ചൂണ്ടിക്കാണിക്കാം. അത്യാവശ്യമല്ലാത്ത ഭാഗങ്ങൾ വിട്ടു കളയുകയും അസ്പഷ്ടതകൾ വിശദീകരിക്കുകയും ചെയ്യാം. ചുരുക്കത്തിൽ മൂലഗ്രന്ഥകാരനോട് വിവർത്തകൻ പരമാവധി നീതി പുലർത്തണം

വികാരപ്രധാനമായ കവിത, കഥ, നോവൽ മുതലായവയും വിചാരപ്രധാനമായ ശാസ്ത്ര-മാനവിക വിഷയങ്ങളും തർജ്ജമ ചെയ്യുമ്പോൾ വിഷയത്തിനനുസൃതമായി ഭാഷാശൈലിയിൽ വ്യത്യാസം വരുത്തണം. വികാരപ്രധാനമായ കൃതികളിൽ ഉള്ളടക്കത്തേക്കാൾ രൂപം പ്രധാനമായതിനാൽ പദാനുപദവിവർത്തനത്തേക്കാൾ ഉചിതം അർത്ഥപ്രത്യർത്ഥ വിവർത്തനമോ ഖണ്ഡികാനുഖണ്ഡികാ വിവർത്തനമോ ആയിരിക്കും. മൂലകൃതി ഉദാത്തമോ അതിപ്രാചീനമോ ഗ്രാമ്യഭാഷാനിബദ്ധമോ ആവുമ്പോൾ അതനുസരിച്ച് വിവർത്തനത്തിന്റെ ഭാഷയിലും വ്യത്യാസം വരുത്തണം. ഇക്കാര്യത്തിൽ വിവർത്തകന്റെ ഔചിത്യബോധമാണ് പരമപ്രധാനം.

സ്രോതഭാഷയിലെ ശൈലികൾക്കും പഴഞ്ചൊല്ലുകൾക്കും തുല്യമായവ ലക്ഷ്യഭാഷയിൽ കണ്ടില്ലെങ്കിൽ ഏറെക്കുറെ സമാനാർത്ഥകങ്ങളായ ശൈലികളും പഴഞ്ചൊല്ലുകളും കണ്ടെത്തി പ്രയോഗിക്കുകയോ സ്രോതഭാഷയിലെ ശൈലികളും പഴഞ്ചൊല്ലുകളും അൽപം വികസിപ്പിച്ച് അർത്ഥബോധമുളവാക്കുകയോ ആണ് വേണ്ടത്. ഇതും വിവർത്തകന്റെ ഔചിത്യദീക്ഷയ്ക്ക് വളരെ പ്രാധാന്യമുള്ള രംഗമാണ്.

മൂലകൃതി വിചാര പ്രധാനമെങ്കിൽ പദാനുപദ വിവർത്തനമാണ് ഉചിതം. വിവർത്തനം ആരെ ഉദ്ദേശിച്ചു ചെയ്യുന്നു എന്നതും പ്രധാനമാണ്. ഭാവാനുവാദം, വിപുലനം, രൂപാന്തരണം തുടങ്ങിയ വിവർത്തനഭേദങ്ങൾ അതനുസരിച്ച് ഇവിടെ പ്രസക്തമാണ്.

പ്രയുക്ത ഭാഷാശാസ്ത്രത്തിന്റെ (Applied Linguistics) ഒരു വിഭാഗമാണ് വിവർത്തനശാസ്ത്രം. ഭാഷാശാസ്ത്രത്തിന്റെ വിഭാഗങ്ങളായ സ്വനവിജ്ഞാനം, രൂപവിജ്ഞാനം, അർത്ഥവിജ്ഞാനം, വാക്യവിന്യാസം എന്നിവയ്ക്കെല്ലാം വിവർത്തനവുമായി ബന്ധമുണ്ട്.

സ്രോതഭാഷാപദങ്ങളിലെ ലിപികളുടെ ഉച്ചാരണം ശരിക്കു മനസ്സിലാക്കി അതേ ഉച്ചാരണമോ അതിനോട് ഏറ്റവും അടുത്ത ഉച്ചാരണമോ നൽകുന്ന ലക്ഷ്യഭാഷാ ലിപികളിൽ ആ പദങ്ങൾ എഴുതുക എന്ന പ്രക്രിയയ്ക്ക് 'ലിപ്യന്തരണം' എന്നു പറയുന്നു.

സാധാരണയായി വിവർത്തനം നടക്കുന്നത് വാക്യതലത്തിലാണ്. സ്രോതഭാഷയിലെ ഒരു വാക്യത്തിനു പകരം സമാനാർത്ഥകമായ ലക്ഷ്യഭാഷയിലെ ഒരു വാക്യം വിന്യസിക്കലാണ് വിവർത്തനം. വാക്യഘടകങ്ങളായ ഉപവാക്യങ്ങൾ, പദസമൂഹങ്ങൾ, പദങ്ങൾ എന്നിവയ്ക്ക് തുല്യമായ ഘടകങ്ങൾ ലക്ഷ്യഭാഷയിൽ ഉണ്ടായിക്കൊള്ളണമെന്നില്ല. എങ്കിലും കഴിയുന്നിടത്തോളം മൂലഭാഷാ വാക്യത്തിലെ ക്രമത്തെ വിവർത്തനത്തിലും നിലനിർത്തുന്നത് അർത്ഥം ചോർന്നു പോകാതിരിക്കാൻ സഹായിക്കും.

സ്രോതഭാഷയിലുള്ള ഒരു പദത്തിന് തുല്യമായ ഒരു പദം ലക്ഷ്യഭാഷയിലില്ലെങ്കിൽ സമാനമായ ഒരു പദം ഉപയോഗിക്കേണ്ടി വരും. ഇത്തരം സന്ദർഭങ്ങളിൽ മൂലത്തിലില്ലാത്ത വിശേഷണങ്ങൾ ഉപയോഗിച്ച് ലക്ഷ്യഭാഷാപദത്തിന്റെ അർത്ഥം സങ്കോചിപ്പിക്കുകയോ വികസിപ്പിക്കുകയോ ചെയ്യേണ്ടത് ആവശ്യമാണ്. ചിലപ്പോൾ ലക്ഷ്യഭാഷയിൽ ഉചിതമായ പ്രത്യയങ്ങൾ ചേർത്ത് പുതിയ പദം സൃഷ്ടിക്കേണ്ടി വരും. ചിലപ്പോൾ വിദേശീയ പ്രകൃതികളോട് സ്വദേശീയ പ്രത്യയങ്ങൾ ചേർക്കേണ്ടി വരും. മെഷീനിമ, മോഡുലിത്രം മുതലായവ ഉദാഹരണം. പുതിയ പദങ്ങൾ നിർമ്മിക്കുക തീരെ സാധ്യമല്ലെങ്കിൽ സ്രോതഭാഷാ പദങ്ങൾ കടമെടുക്കാം. സ്വരതാനം (tone) കൊണ്ട് ഒരേ പദത്തിന് വ്യത്യസ്തമോ വിപരീതമോ ആയ അർത്ഥം വരാം. ഒരേ പദത്തിന്റെ അർത്ഥത്തിന് കാലക്രമത്തിൽ സങ്കോചമോ

വികാസമോ സംഭവിക്കാം. ഇത്തരം കാര്യങ്ങൾ വിഷയമായ അർത്ഥവിജ്ഞാനത്തിൽ സാമാന്യമായ ജ്ഞാനമെങ്കിലും വിവർത്തകന് വേണം.

മലയാളത്തിൽ ലിംഗം അർത്ഥനിഷ്ഠമെങ്കിൽ സംസ്കൃതം, ജർമ്മൻ, റഷ്യൻ തുടങ്ങിയ ഭാഷകളിൽ ശബ്ദനിഷ്ഠവുമാവാം. ചില ഭാഷകളിൽ ഏക- ബഹു വചനങ്ങൾക്ക് പുറമെ ദ്വിവചനവുമുണ്ട്. ഇത്തരം കാര്യങ്ങൾ കൂടി തർജ്ജമയിൽ പരിഗണിച്ചില്ലെങ്കിൽ അർത്ഥം ചോർന്നു പോവാൻ ഇടയുണ്ട്.

മിക്ക ഭാഷകളിലും അനന്തവൈചിത്ര്യമാർന്ന സംരചനകൾ സാധ്യമാണ്. സംരചന ബാഹ്യ സംരചന, ആന്തരസംരചന എന്ന് രണ്ടു വിധമുണ്ട്. ബാഹ്യസംരചനയ്ക്ക് ഒന്നിലധികം അർത്ഥങ്ങളുണ്ടാവുമ്പോൾ ആന്തരസംരചനയ്ക്ക് ഒരർത്ഥമേ ഉണ്ടാവൂ. വിവർത്തനത്തിൽ മുഖ്യം ആന്തരസംരചനയാകുന്നു.

സംരചനയ്ക്ക് വൈചിത്ര്യമാകാമെങ്കിലും ഏറെക്കുറെ നിയതമായ വിന്യാസക്രമം ഓരോ ഭാഷയിലെ വാക്യങ്ങൾക്കുമുണ്ടാവും. ഇംഗ്ലീഷിലെ വാക്യങ്ങൾക്ക് കർത്താവ്, ക്രിയ, പൂരകം, വിശേഷകം എന്നതാണ് ക്രമമെങ്കിൽ മലയാളത്തിൽ കർത്താവ് ആദ്യവും ക്രിയ ഒടുവിലുമാണ്. ഈ രണ്ട് സംരചനാക്രമങ്ങൾ തമ്മിലുള്ള വ്യത്യാസത്താൽ ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ സ്രോതഭാഷയിൽ ഒടുവിൽ പറഞ്ഞ കാര്യങ്ങൾ ലക്ഷ്യഭാഷയിൽ ആദ്യം പറയേണ്ടി വരുന്നു. ഗണിതശാസ്ത്രത്തിലെ സമവാക്യങ്ങളിൽ നിന്നും ക്രിയാപദങ്ങൾ ഒഴിവാക്കി ക്രിയാനാമങ്ങൾ പ്രയോഗിക്കുകയാണ് ഈ പ്രശ്നം ഒഴിവാക്കാനുള്ള വഴി.

ശബ്ദശ്ലേഷം, അർത്ഥശ്ലേഷം, ഉഭയശ്ലേഷം എന്നിവ കൊണ്ടെല്ലാം വിവർത്തനം അസാധ്യമായിത്തീരുന്ന സന്ദർഭങ്ങളുണ്ട്. ഗ്രന്ഥഭാഗത്തിന്റെ സംസ്കാര വിശേഷണത്തിന്റെ അസാധാരണതയാൽ ശബ്ദവിവർത്തനം അസാധാരണമായിത്തീർന്നേക്കാം. എങ്കിലും ഏതു ഭാഷകൾ തമ്മിലും വിവർത്തനം ഏറെക്കുറെ തൃപ്തികരമായി നിർവഹിക്കാവുന്നതാണ്.

ഉഭയഭാഷാ നിഘണ്ടുക്കൾ, ശൈലീ നിഘണ്ടുക്കൾ ശബ്ദാവലികൾ, വിവർത്തനീയ ഗ്രന്ഥത്തിന്റെ വിഷയം പ്രതിപാദിക്കുന്ന ലക്ഷ്യഗ്രന്ഥങ്ങൾ മുതലായവ വിവർത്തനത്തിന്റെ പ്രധാനപ്പെട്ട ഉപകരണങ്ങളാണ്. വിവർത്തനം ചെയ്യേണ്ട ഗ്രന്ഥം വായിച്ച് സാങ്കേതിക പദങ്ങളുടെ ഒരു സൂചി തയ്യാറാക്കുന്നത് നന്ന്. ഒരു ആശയവുമായി ബന്ധപ്പെട്ട അർത്ഥങ്ങൾ പ്രതിപാദിക്കുന്ന ചില പദങ്ങൾക്ക് മറ്റു പദങ്ങളേക്കാൾ സാമർത്ഥ്യം എല്ലാ ഭാഷകളിലും കാണാം ഊണു കഴിക്കുകയല്ലാതെ തിന്നാറില്ല. എന്നാൽ പലഹാരം തിന്നുകയും കഴിക്കുകയും പതിവുണ്ട്. ഇത്തരത്തിൽ സഹപ്രയോഗമോ സഹസംബന്ധമോ ഉള്ള പദങ്ങളെ സമാഹരിച്ചു നിർമ്മിച്ച തെസാരസ് എന്നറിയപ്പെടുന്ന നിഘണ്ടു - വിജ്ഞാന കോശങ്ങൾ വിവർത്തകന് വളരെയധികം ഉപയോഗപ്പെടും.

വിവർത്തനം, തർജ്ജമ, ഭാഷാന്തരീകരണം, ഭാഷാന്തരണം, പരാവർത്തനം തുടങ്ങിയ പല പദങ്ങളും ഏറെക്കുറെ ഒരേ അർത്ഥത്തിൽ നാം ഉപയോഗിക്കാറുണ്ട്. 'അനുവാദം' എന്ന പദമാണ് ഇന്ത്യയിലെ മിക്ക ഭാഷകളിലും ഇപ്പോൾ നടപ്പുള്ളത്. പറഞ്ഞത് രണ്ടാമത് എടുത്തു പറയൽ എന്നാണ് സംസ്കൃതത്തിൽ ഇതിനർത്ഥം. ഭാവാനുവാദം എന്ന വിശേഷാർത്ഥത്തിൽ പലരും പരാവർത്തനം എന്ന പദം ഉപയോഗിക്കുന്നുണ്ട്.

ബഹുഭാഷാ പണ്ഡിതനും വിവർത്തകനുമായ എൻ. വി. കൃഷ്ണവാരിയർ വിവർത്തനം എന്ന ശാഖയെക്കുറിച്ച് അടിസ്ഥാന വിവരങ്ങൾ നൽകുകയാണ് ഈ ലേഖനത്തിലൂടെ. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട പ്രവർത്തന മേഖലയിൽ വ്യാപരിക്കവേ ശാസ്ത്ര സാങ്കേതിക സാഹിത്യരംഗങ്ങളിലെല്ലാം വിവർത്തനത്തിന്റെ കാര്യത്തിൽ നമ്മുടെ ഭാഷ വളരെ ശുഷ്ക്കമായ നിലയിലാണെന്ന് എൻ. വി.കണ്ടെത്തി. മതവിദ്വേഷത്തിന്റെയും രാജ്യങ്ങൾ തമ്മിലുള്ള കിടമത്സരത്തിന്റെയും പശ്ചാത്തലത്തിൽ പലതുകൊണ്ടും വിഭിന്നരായ മനുഷ്യരെ ഒന്നിപ്പിക്കുവാൻ വിവർത്തനത്തിന് ചിലത് ചെയ്യാൻ കഴിയും എന്നദ്ദേഹത്തിന് അനുഭവപ്പെട്ടു. അതിനാൽ അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ആളു

കളെ വിവർത്തന ശ്രമത്തിലേക്ക് കൊണ്ടുവരാൻ മുൻകൈയെടുത്തതിന്റെ ഫലമായാണ് വിവർത്തനം എന്ന ഗ്രന്ഥം പിറന്നത്. അതിന്റെ ലക്ഷ്യത്തിനനുസൃതമായ പ്രൗഢമായ അവതാരികയാണ് എൻ. വി. നൽകിയത്. വിവർത്തനം എത്രമാത്രം ഗൗരവവും സൂക്ഷ്മതയും അർഹിക്കുന്ന മേഖലയാണ് എന്ന് ഈ ലേഖനം നമ്മെ ഓർമ്മിപ്പിക്കുന്നു.

## Recap

- തൊഴിലില്ലാത്ത ബിരുദധാരികളായ ചെറുപ്പക്കാർക്ക് തൊഴിൽ നൽകുമാറ് കേന്ദ്രസർക്കാർ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. വിവർത്തനത്തിന്റെ സിദ്ധാന്തപരവും പ്രായോഗിക പരവുമായ വശങ്ങളിൽ പരിശീലനം നൽകി പുസ്തകങ്ങൾ വിവർത്തനം ചെയ്യിക്കുന്നതാണ് ഈ പദ്ധതി
- ഭാഷ ആശയവിനിമയത്തിലൂടെ മനുഷ്യരെ ഒന്നിപ്പിക്കുന്നതിന് സഹായിച്ചപ്പോൾ തന്നെ ആശയങ്ങളെ അനഭിഗമ്യങ്ങളാക്കുക വഴി ഭിന്നിപ്പിക്കുന്നതിനും കാരണമായി
- പരസ്പരം ഗാഢസമ്പർക്കം പുലർത്തുന്ന സമുദായാംഗങ്ങൾ തമ്മിലും വിശ്വാസത്തിലും ആചാരത്തിലും അതിലേറെ ഭാഷയിലും വ്യത്യാസം വളർന്നു വരുന്നത് പ്രകൃതി നിയമമാണ്
- എഴുത്തു നടപ്പിലാക്കിയതോടെ ഭാഷകളുടെ ദ്രുതപരിണാമശീലത്തിന് അൽപം മാറ്റമുണ്ട്
- വ്യാപകമായ നിരക്ഷരത്വമുള്ളപ്പോൾ ഒരേ ഭാഷ സംസാരിക്കുന്ന ജനങ്ങൾക്കിടയിൽത്തന്നെ പല ഉപഭാഷാഭേദങ്ങൾ ഉത്ഭവിക്കുകയും കാലക്രമേണ വിഭിന്ന ഭാഷകളായിത്തീരുകയും ചെയ്യുന്നത് എക്കാലത്തും കണ്ടു വരുന്ന പ്രക്രിയയാണ്
- പല ജനതയിലും കണ്ടുവരുന്നതും ചിലപ്പോഴൊക്കെ ഭ്രാന്തുപോലെ ആയിത്തീരുന്നതുമായ ഭാഷാഭിമാനത്തിന്റെ അടിയിലുള്ളത്, യഥാർത്ഥത്തിൽ മറ്റൊരു ഭാഷ പഠിക്കുന്നതിനാവശ്യമായ പ്രയത്നത്തിന്റെ വൈമുഖ്യവും, പ്രയത്നിച്ചാൽ തന്നെ മറ്റൊരു ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവുകേടുമാണ്
- ഒന്നിലേറെ ഭാഷാമേഖലകൾ ഒന്നിച്ചു വരുന്ന അതിർത്തി പ്രദേശങ്ങളിൽ വസിക്കുന്നവർ അനായാസമായിത്തന്നെ പല ഭാഷകൾ സ്വായത്തമാക്കുന്നു. ആദ്യ വിവർത്തകന്മാർ ഇത്തരം ദ്വിഭാഷാപ്രദേശങ്ങളിലും ബഹുഭാഷാപ്രദേശങ്ങളിലും വസിച്ചിരുന്നവർ ആയിരിക്കാം
- ക്രിസ്തുവിന് 3000 വർഷങ്ങൾക്ക് മുമ്പ് അസീറിയയിലെ സാർഗോൺ ചക്രവർത്തിയുടെ ശാസനങ്ങളുടെ വിവർത്തനമാണ് ആദ്യ വിവർത്തന ശ്രമമായി കരുതുന്നത്
- ക്രിസ്തുവിന് 2100 വർഷം മുമ്പ് ബാബിലോൺ ഭരിച്ചിരുന്ന ഹമ്മുറാബിയുടെ ശാസനങ്ങൾ പല ഭാഷകളിലും പ്രസിദ്ധീകരിച്ചിരുന്നു
- ക്രിസ്തുവിന് രണ്ടാം നൂറ്റാണ്ട് മുമ്പ് എഴുതപ്പെട്ട പ്രസിദ്ധമായ റോസറ്റാ ശാസനമാണ് നിലവിലുള്ള ഏറ്റവും പഴയ വിവർത്തന മാതൃക
- പാശ്ചാത്യ രാജ്യത്തിൽ വിവർത്തനത്തിന് ചിട്ടയും പാരമ്പര്യവും ലഭിച്ചത് ബൈബിൾ തർജ്ജമകൾ വഴിയാണ്
- ഹീബ്രുവിലുള്ള പഴയനിയമത്തിന്റെ വിവർത്തനം ഗ്രീക്ക് ഭാഷയിലുണ്ടായി
- ഗ്രീക്കിൽ നിന്നും പല ഗ്രന്ഥങ്ങളും ലത്തീനിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു
- നാലാം ശതകത്തിൽ ലത്തീനിലേക്ക് ബൈബിൾ വിവർത്തനം ചെയ്ത സെയിന്റ് ജറാം, ശാസ്ത്രീയ രീതിയിലുള്ള വിവർത്തനത്തിന്റെ സ്ഥാപകൻ എന്ന് വിശേഷിപ്പിക്കപ്പെടുന്നു

- ക്രി. പി. 8, 9, 10 ശതകങ്ങളിൽ അറബികൾ സംസ്കൃതത്തിൽ നിന്നും അങ്കഗണിതം, ജ്യോമിതി, തർക്കശാസ്ത്രം, സംഗീതം, വൈദ്യം തുടങ്ങിയ പല മേഖലകളിൽ നിന്നുള്ള ഗ്രന്ഥങ്ങൾ സ്വഭാഷയിലേക്ക് പകർത്തി
- ക്രി. പി. 830 ൽ ഖലീഫ അൽ മാമുൽ ബാഗ്ദാദിൽ വിവർത്തനത്തിനായി ഒരു പണ്ഡിത സംഘം സ്ഥാപിച്ചു
- പാശ്ചാത്യ രാജ്യങ്ങളിൽ വിവർത്തനത്തിന് ഒരു ചിട്ടയും പാരമ്പര്യവും ഉണ്ടായത് ബൈബിൾ തർജ്ജമകൾ വഴിയാണ്
- മാർട്ടിൻലൂഥർ ലാറ്റിനിൽനിന്ന് ജർമ്മൻ ഭാഷയിലേക്ക് ബൈബിൾ വിവർത്തനം ചെയ്തതോടെ വിവർത്തനത്തിന്റെ പുതിയ യുഗം ആരംഭിച്ചു
- സംസ്കൃത വിവർത്തനങ്ങളിൽ ശ്രദ്ധേയം പൈശാചി ഭാഷയിലെഴുതപ്പെട്ട ഗുണാഢ്യന്റെ ബൃഹത്കഥയുടെ സംക്ഷേപമായ ബൃഹത്കഥാമഞ്ജരിയും കഥാസരിത് സാഗരവുമാണ്
- സംസ്കൃത നാടകങ്ങളിൽ സ്ത്രീകളും നീച കഥാപാത്രങ്ങളും സംസാരിക്കുന്ന പ്രാകൃതത്തിന്റെ സംസ്കൃത വിവർത്തനം 'ഛായ' എന്ന പേരിൽ നാടകങ്ങളിൽ അതാതിടത്ത് ചേർത്തതും വിവർത്തനമായി കണക്കാക്കാം
- പാശ്ചാത്യരുമായുള്ള സമ്പർക്കം ഭാരതീയഭാഷകളിൽ വിവർത്തനത്തെ വളരെയധികം പ്രോത്സാഹിപ്പിച്ചു
- രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം വിവർത്തനം ഒരു വൃത്തി ( പ്രൊഫഷൻ) ആയി മാറി. ലോക സംഘടനകൾ തമ്മിൽ കാര്യനിർവ്വഹണത്തിന് ഉടനുടൻ തർജ്ജമയ്ക്കുള്ള സംവിധാനങ്ങൾ ആവശ്യമായി
- സാമ്പത്തികാഭിവൃദ്ധിയുടെ ഫലമായി ടൂറിസം വൻകിടവ്യവസായമായതും വിവർത്തനം ആവശ്യമാക്കി
- ആധുനിക വിജ്ഞാനത്തിലുണ്ടായ വളർച്ചയും വിജ്ഞാന വികസനത്തിൽ വൻകിടരാജ്യങ്ങൾ തമ്മിലുള്ള കിടമത്സരവും വിവർത്തനത്തെ പ്രോത്സാഹിപ്പിച്ചു
- സാക്ഷരത്വത്തിലും വിദ്യാഭ്യാസത്തിലുമുണ്ടായ വളർച്ചയും വാർത്താവിനിമയത്തിൽ വന്നു ചേരുന്ന വിപ്ലവവും വികസ്വരമായി വരുന്ന ഏകലോകഭാവവും വിവർത്തന പ്രക്രിയയെ വിപുലപ്പെടുത്തി
- കമ്പ്യൂട്ടറുകൾ പ്രചാരത്തിൽ വന്നതോടെ യന്ത്രവിവർത്തനത്തിനും സാധ്യത തെളിഞ്ഞു
- ഒരു പദത്തിന്റെയോ വാക്യത്തിന്റെയോ ഗ്രന്ഥസന്ദർഭത്തിന്റെയോ അർത്ഥം മറ്റൊരു ഭാഷയിൽ ആവിഷ്ക്കരിക്കുന്നതാണ് നിഘണ്ടു നിർവ്വചനപ്രകാരം വിവർത്തനം
- ഏതു ഭാഷയിൽ നിന്ന് വിവർത്തനം ചെയ്യുന്നുവോ ആ ഭാഷയെ 'സ്രോതഭാഷ' എന്നും ഏതു ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നുവോ ആ ഭാഷയെ 'ലക്ഷ്യഭാഷ' എന്നും പറയുന്നു
- സ്രോതഭാഷയിൽ ആവിഷ്ക്കരിക്കപ്പെട്ട ആശയങ്ങളെ കഴിയുന്നത്ര ഏറ്റക്കുറച്ചിൽ കൂടാതെയും ലക്ഷ്യഭാഷയുടെ ആവിഷ്ക്കരണരീതിക്ക് ഇണങ്ങുന്ന രീതിയിലും ലക്ഷ്യഭാഷയിൽ ആവിഷ്ക്കരിക്കുന്നതിനുള്ള പ്രയത്നമാണ് വിവർത്തനം
- വിവർത്തകന് സ്രോതഭാഷയിലും ലക്ഷ്യഭാഷയിലും നല്ല പാണ്ഡിത്യം ഉണ്ടായിരിക്കണം. അതുപോലെ പ്രതിപാദ്യ വിഷയത്തിലും അഗാധമായ അവഗാഹം വേണം
- വിവർത്തകനുണ്ടായിരിക്കേണ്ട ഏറ്റവും മുഖ്യമായ ഗുണം 'വിശ്വാസ്യത' അഥവാ സത്യസന്ധതയാണ്
- വിവർത്തകൻ മൂലത്തോട് അങ്ങേയറ്റം കൂറ് പുലർത്തണം. മൂലത്തിലുള്ളത് വിട്ടു കളയുകയോ തെറ്റിദ്ധരിപ്പിക്കുകയോ അരുത്

- വികാര പ്രധാനമായ കവിത, കഥ, നോവൽ മുതലായവയും വിചാരപ്രധാനമായ ശാസ്ത്ര മാനവിക വിഷയങ്ങളും കൈകാര്യം ചെയ്യുമ്പോൾ വിഷയത്തിനനുസൃതമായി ഭാഷാശൈലിയിൽ വ്യത്യാസം വരുത്തണം
- വികാരപ്രധാനമായ കൃതികളിൽ ഉള്ളടക്കത്തേക്കാൾ രൂപം പ്രധാനമായതിനാൽ അർത്ഥപ്രത്യർത്ഥ വിവർത്തനമോ ഖണ്ഡികാനുഖണ്ഡികാ വിവർത്തനമോ ആയിരിക്കും ഉചിതം
- മൂലകൃതി അതിപ്രാചീനമോ ഗ്രാമ്യമോ ആവുമ്പോൾ തന്നെ അതനുസരിച്ച് വിവർത്തനത്തിന്റെ ഭാഷയിലും വ്യത്യാസം വരുത്തണം
- സ്രോതഭാഷയിലെ ശൈലികൾക്കും പഴഞ്ചൊല്ലുകൾക്കും തുല്യമായവ ലക്ഷ്യഭാഷയിൽ കണ്ടില്ലെങ്കിൽ ഏറെക്കുറെ സമാനാർത്ഥകമായ ശൈലികളും പഴഞ്ചൊല്ലുകളും കണ്ടെത്തി പ്രയോഗിക്കുകയോ സ്രോതഭാഷയിലെ ശൈലികളും പഴഞ്ചൊല്ലുകളും വികസിപ്പിച്ച് അർത്ഥബോധമുളവാക്കുകയോ ആണ് വേണ്ടത്
- പ്രയുക്ത ഭാഷാശാസ്ത്രത്തിന്റെ ഒരു വിഭാഗമാണ് വിവർത്തന ശാസ്ത്രം
- സ്രോതഭാഷാപദങ്ങളിലെ ലിപികളുടെ ഉച്ചാരണം ശരിക്കു മനസ്സിലാക്കി അതേ ഉച്ചാരണമോ അതിനോട് ഏറ്റവും അടുത്ത ഉച്ചാരണമോ നൽകുന്ന ലക്ഷ്യഭാഷാലിപികളിൽ ആ പദങ്ങൾ എഴുതുക എന്ന പ്രക്രിയയ്ക്ക് 'ലിപ്യന്തരണം' എന്നു പറയുന്നു
- സ്രോതഭാഷയിലെ ഒരു വാക്യത്തിനു പകരം സമാനാർത്ഥകമായ ലക്ഷ്യഭാഷയിലെ വാക്യം വിന്യസിക്കലാണ് വിവർത്തനം
- കഴിയുന്നതും മൂലഭാഷാവാക്യത്തിലെ അധിക്രമത്തെ വിവർത്തനത്തിലും നിലനിർത്തുന്നത് അർത്ഥം ചോർന്നു പോവാതിരിക്കാൻ സഹായിക്കും
- സ്രോതഭാഷയിലുള്ള ഒരു പദത്തിന് തുല്യമായ ഒരു പദം ലക്ഷ്യഭാഷയിലില്ലെങ്കിൽ സമാനമായ ഒരു പദം പ്രയോഗിക്കേണ്ടി വരും
- ചിലപ്പോൾ ലക്ഷ്യഭാഷയിൽ ഉചിതമായ പ്രത്യയങ്ങൾ ചേർത്ത് പുതിയ പദം സൃഷ്ടിക്കേണ്ടി വരും. ചിലപ്പോൾ വിദേശീയ പ്രകൃതികളോട് സ്വദേശീയ പ്രത്യയങ്ങൾ ചേർക്കേണ്ടി വരും. പുതിയ പദങ്ങൾ നിർമ്മിക്കുക തീരെ സാധ്യമല്ലെങ്കിൽ സ്രോതഭാഷാപദങ്ങൾ കടമെടുക്കാം
- മലയാളത്തിൽ ലിംഗം അർത്ഥനിഷ്ഠമെങ്കിൽ സംസ്കൃതം, ജർമ്മൻ തുടങ്ങിയ ഭാഷകളിൽ ശബ്ദനിഷ്ഠവുമാകാം. ചില ഭാഷകളിൽ ഏകവചനത്തിനു പുറമെ ദ്വിവചനവുമുണ്ട്. ഇത്തരം കാര്യങ്ങൾ കൂടി തർജ്ജമയിൽ പരിഗണിക്കണം
- വിവർത്തനത്തിൽ ബാഹ്യ സംരചനയേക്കാൾ മുഖ്യം ആന്തരസംരചനയാണ്
- ഇംഗ്ലീഷിലെ വാക്യങ്ങൾക്ക് കർത്താവ്, ക്രിയ, പൂരകം, വിശേഷകം എന്നതാണ് ക്രമമെങ്കിൽ മലയാളത്തിൽ കർത്താവ് ആദ്യവും ക്രിയ ഒടുവിലുമാണ്. അതിനാൽ ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ സ്രോത ഭാഷയിൽ ഒടുവിൽ പറഞ്ഞ കാര്യങ്ങൾ ലക്ഷ്യ ഭാഷയിൽ ആദ്യം പറയേണ്ടി വരുന്നു
- ശബ്ദശ്ലേഷം, അർത്ഥശ്ലേഷം, ഉഭയശ്ലേഷം എന്നിവ കൊണ്ടെല്ലാം വിവർത്തനം അസാധ്യമായിത്തീരുന്ന സന്ദർഭങ്ങളുണ്ട്
- ഉഭയഭാഷാ നിഘണ്ടുക്കൾ, ശൈലീ നിഘണ്ടുക്കൾ, ശബ്ദാവലികൾ, വിവർത്തനീയ ഗ്രന്ഥത്തിന്റെ വിഷയം പ്രതിപാദിക്കുന്ന ലക്ഷ്യഗ്രന്ഥങ്ങൾ മുതലായവ വിവർത്തനത്തിന്റെ പ്രധാനപ്പെട്ട ഉപകരണങ്ങളാണ്
- സഹപ്രയോഗമോ സഹസംബന്ധമോ ഉള്ള പദങ്ങളെ സമാഹരിച്ചു നിർമ്മിച്ച തെസാരസ് എന്നറിയപ്പെടുന്ന നിഘണ്ടുവിജ്ഞാനകോശങ്ങൾ വിവർത്തകന് വളരെയധികം ഉപയോഗപ്പെടും

- വിവർത്തനം, തർജ്ജമ, ഭാഷാന്തരീകരണം, ഭാഷാന്തരണം, പരാവർത്തനം തുടങ്ങിയ പദങ്ങളും ഒരേ അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്

## Objective Type Questions

1. വിവർത്തനം എന്ന ഗ്രന്ഥത്തിന്റെ രചനയ്ക്ക് പിന്നിലുള്ള ലക്ഷ്യം എന്ത്?
2. ലോകത്തിൽ അറിയപ്പെടുന്ന ആദ്യ വിവർത്തന ശ്രമം ഏത്?
3. നിലവിലെ ഏറ്റവും പഴയ വിവർത്തന മാതൃക ഏത്?
4. ശാസ്ത്രീയ വിവർത്തനത്തിന്റെ സ്ഥാപകൻ എന്ന് വിശേഷിപ്പിക്കുന്നത് ആരെ?
5. വിവർത്തനത്തിനായി ഒരു പണ്ഡിതസംഘം സ്ഥാപിച്ചതാര്?
6. ലാറ്റിനിൽ നിന്നും ജർമ്മൻ ഭാഷയിലേക്ക് ബൈബിൾ വിവർത്തനം നിർവഹിച്ചതാര്?
7. പ്രാകൃതത്തിന്റെ സംസ്കൃത വിവർത്തനത്തിന് പറയുന്ന പേര്?
8. ലക്ഷ്യഭാഷ, സ്രോതഭാഷ ഇവ എന്തെന്ന് വ്യക്തമാക്കുക
9. ലിപ്യന്തരണം എന്നാലെന്ത്?
10. സഹപ്രയോഗമോ സഹസംബന്ധമോ ഉള്ള പദങ്ങളെ സമാഹരിച്ചു നിർമ്മിക്കപ്പെട്ട നിഘണ്ടുവിജ്ഞാനകോശത്തിന് പറയുന്ന പേരെന്ത്?
11. വിവർത്തനത്തിന് തുല്യമായി ഉപയോഗിക്കുന്ന പദങ്ങൾ ഏവ?
12. പദാനുപദ വിവർത്തനം, ആശയ വിവർത്തനം ഇവ എന്തെന്ന് വ്യക്തമാക്കുക.

## Answers

1. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ നൽകൽ
2. അസീറിയയിലെ സാർഗോൺ ചക്രവർത്തിയുടെ ശാസനം
3. റൊസാറ്റശാസനം
4. സെയിന്റ് ജറോം
5. ഖലീഫ അൽ മാമൂൽ - ബാഗ്ദാദിൽ
6. മാർട്ടിൻ ലൂഥർ
7. ഛായ
8. ഏത് ഭാഷയിൽ നിന്ന് വിവർത്തനം ചെയ്യുന്നുവോ അത് സ്രോതഭാഷ, ഏത് ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നുവോ അത് ലക്ഷ്യഭാഷ
9. സ്രോതഭാഷയിലെ ലിപികളുടെ ഉച്ചാരണത്തിന് സമാനമായതായ ലിപി ലക്ഷ്യഭാഷയിൽ എഴുതുന്നത്
10. തെസാരസ്
11. തർജ്ജമ, ഭാഷാന്തരീകരണം, ഭാഷാന്തരം, പരാവർത്തനം
12. സ്രോതഭാഷയിലെ കാര്യങ്ങളുടെ ആശയം പദാനുപദമായി വിവർത്തനം ചെയ്യുന്നു(ശാസ്ത്രവിവർത്തനം)
    സ്രോതഭാഷയിലെ ആശയം സ്വീകരിച്ച് ലക്ഷ്യഭാഷയിലേക്ക് ആശയം പകർത്തുന്നു (കവിത, സാഹിത്യം)

## Assignments

1. വിവർത്തനത്തിന്റെ ചരിത്രം, വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ സംഗ്രഹിക്കുക.
2. വിവർത്തനം മലയാളത്തിൽ - ഉപന്യസിക്കുക.

## Reference


1. ഒരു സംഘം ലേഖകർ, വിവർത്തനം, മലയാള വിഭാഗം, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കോഴിക്കോട്.
2. ഡോ.കെ.വി.തോമസ്, വിവർത്തനവും ആശയവിനിമയവും, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്
3. ഒരു സംഘം ലേഖകർ, വിവർത്തന ചിന്തകൾ, മലയാള വിഭാഗം, കാലിക്കറ്റ് യൂണിവേഴ്സിറ്റി, കോഴിക്കോട്.

# യൂണിറ്റ് - 2
# പാശ്ചാത്യ വിവർത്തന സിദ്ധാന്തങ്ങൾ

ഡോ. എൻ. ഇ. വിശ്വനാഥ അയ്യർ

## Learning Outcomes

- ഡോ. എൻ. ഇ. വിശ്വനാഥ അയ്യരുടെ സാഹിത്യ സംഭാവനകളെക്കുറിച്ച് അവബോധം നേടുന്നു
- പാശ്ചാത്യ വിവർത്തന സിദ്ധാന്തങ്ങളെ പരിചയപ്പെടുന്നു
- വിവർത്തന സിദ്ധാന്തങ്ങളുടെ ചരിത്രം മനസ്സിലാക്കുന്നു
- വിവർത്തനം നടത്തേണ്ടതെങ്ങനെയെന്ന് തിരിച്ചറിയുന്നു
- വിവിധ സൈദ്ധാന്തികരുടെ വിവർത്തന സിദ്ധാന്തങ്ങൾ മനസ്സിലാക്കുന്നു

## Prerequisites

എൻ.ഇ. വിശ്വനാഥ അയ്യർ - അറിയപ്പെടുന്ന ഹിന്ദി സാഹിത്യകാരനും വിവർത്തകനും. പാലക്കാട് സ്വദേശി. ഒട്ടേറെ കൃതികൾ മലയാളത്തിൽ നിന്നും ഹിന്ദിയിലേക്ക് തർജ്ജമ ചെയ്തു. രാമരാജാബഹദൂർ, അരനാഴികനേരം വേരുകൾ, ആൾക്കൂട്ടം, മരുന്ന്, ഉജ്ജയിനി ഇവയൊക്കെ അദ്ദേഹം മലയാളത്തിൽ നിന്നും ഹിന്ദിയിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. കൂടാതെ തർജ്ജമയുമായി ബന്ധപ്പെട്ട ധാരാളം സൈദ്ധാന്തിക ലേഖനങ്ങളും രചിച്ചിട്ടുണ്ട്.

**കൃതികൾ** - ശഹർ സോ രഹാഹെ, ഫൂൽ ഔർ കാൻ ഡെ, ഉഗ്താ ചാന്ദ് ഡൂബ്ത സൂരജ്, സിഢി ഓർ സാമ്പ്, വ്യാവഹാരിക അനുവാദ്

## Key Themes

- പാശ്ചാത്യ വിവർത്തന സിദ്ധാന്തത്തിന്റെ വളർച്ചയും വികാസവും വ്യക്തമാക്കുന്ന ലേഖനമാണിത്.
- ഡോലൈറ്റിന്റെ വിവർത്തന പഞ്ചതത്ത്വങ്ങൾ മുതൽ ഡ്രൈഡൻ, ഫ്രേസർ ടൈറ്റ്ലർ, ഫ്രാൻസിസ് ന്യൂമാൻ, മാത്യു അർനോൾഡ്, ജെ.സി. ക്യാറ്റ്ഫോർഡ് എന്നിവരുടെയെല്ലാം വിവർത്തന സിദ്ധാന്തങ്ങൾ ലേഖകൻ പരിചയപ്പെടുത്തുന്നു.
- ഭാഷാശാസ്ത്രത്തിലെ ശാസ്ത്രീയ തത്ത്വങ്ങളുമായി വിവർത്തനം ബന്ധപ്പെട്ടിരിക്കുന്നതിനെക്കുറിച്ചും ലേഖകൻ സൂചിപ്പിക്കുന്നുണ്ട്.
- വിവർത്തനം എന്താണെന്നും നല്ല വിവർത്തനം എങ്ങനെയായിരിക്കണം എന്നും ഉള്ളതിനെക്കുറിച്ചും ഉൾക്കാഴ്ച നൽകാൻ സഹായകമാണ് ഈ ലേഖനം.



SREENARAYANAGURU OPEN UNIVERSITY

## Discussion

വിവർത്തനത്തിന് ശാസ്ത്രീയ സിദ്ധാന്തങ്ങൾ രൂപവത്കരിക്കാനുള്ള ശ്രമം കൂടുതലും നടന്നത് പാശ്ചാത്യ രാജ്യങ്ങളിലാണ്. വിവർത്തന സിദ്ധാന്തങ്ങൾ പ്രകൃതി ശാസ്ത്ര സിദ്ധാന്തങ്ങളെയോ സൂത്രവാക്യങ്ങളെയോ പോലെ ഒറ്റ വാക്യങ്ങളല്ല. പണ്ഡിതന്മാർ തങ്ങളുടെ അഭിപ്രായമനുസരിച്ച് വിവർത്തനം എങ്ങനെ എന്ന് വ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത്.

ആദ്യമായി വിവർത്തന സിദ്ധാന്തം ആവിഷ്ക്കരിച്ച പാശ്ചാത്യ പണ്ഡിതൻ എൻ സി ലെ ഏറ്റിയെൻ ഡോലെറ്റ് ആണ്. 1540 ലാണ് അദ്ദേഹം തന്റെ സിദ്ധാന്തം ആവിഷ്ക്കരിച്ചത്. സൗകര്യാർത്ഥം ആ സിദ്ധാന്തത്തെ ഡോലെറ്റിന്റെ പഞ്ചതത്ത്വങ്ങൾ എന്നു വിളിക്കാം. അവ

1. വിവർത്തകൻ താൻ വിവർത്തനം ചെയ്യുന്ന കൃതിയുടെ ഉള്ളടക്കവും മൂലലേഖകന്റെ ഉദ്ദേശ്യവും ഭംഗിയായി ഗ്രഹിച്ചിരിക്കണം.

2. വിവർത്തകന് സ്രോതഭാഷയിൽ പൂർണ്ണമായ അവഗാഹം ഉണ്ടായിരിക്കണം. അത്ര തന്നെ അവഗാഹം ലക്ഷ്യഭാഷയിലും വേണം.

3. പദത്തിനു പദം എന്ന ക്രമത്തിൽ വിവർത്തനം ചെയ്യാനുള്ള പ്രവണത ഒഴിവാക്കണം. അങ്ങനെ ചെയ്യുന്നതു കൊണ്ട് മൂലകൃതിയുടെ അർത്ഥത്തിന് കോട്ടം തട്ടുകയും അതിലെ അവതരണ ഭംഗി നഷ്ടപ്പെടുകയും ചെയ്യും.

4. വിവർത്തനത്തിന് ഉപയോഗിക്കുന്ന ഭാഷ സാധാരണ പ്രചാരത്തിലുള്ളതായിരിക്കണം.

5. ഉചിതമായ പദങ്ങളും സമുചിതമായ പദവിന്യാസവും കൊണ്ട് വിവർത്തകൻ തന്റെ വിവർത്തനത്തിൽ ഉചിതമായ സ്വരവിന്യാസത്തോടുകൂടിയ മൊത്തത്തിലുള്ള ഫലപ്രതീതി ഉണ്ടാക്കണം'

ഡ്രൈഡന്റെ അഭിപ്രായത്തിൽ വിവർത്തനത്തിന് അടിസ്ഥാനപരമായി മൂന്ന് ശൈലികളുണ്ട്.

1. മെറ്റാഫ്രേസ് - (പദവിവർത്തനം) - പദത്തിന് പദവും വരിക്കു വരിയുമായി വിവർത്തനം ചെയ്യുന്ന രീതി.

2. പാരഫ്രേസ് (പരാവർത്തനം) - ഈ വിവർത്തനത്തിൽ മൂലലേഖകന്റെ രചനയെ വളരെ അവധാനതയോടെ മുന്നിൽ കാണുകയും അതിലെ പദങ്ങളേക്കാൾ അർത്ഥത്തെ കൂടുതൽ അനുഗമിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

3. ഇമിറ്റേഷൻ (അനുകരണം ) - ഈ വിവർത്തനത്തിൽ മൂലകൃതിയിലെ പദങ്ങളോടും അർത്ഥത്തോടും സ്വാതന്ത്ര്യം കാണിക്കുന്നതിനു പുറമെ മൂലകൃതിയുടെ അന്തർഗതം ആവശ്യപ്പെടുന്നതായി തോന്നിയാൽ മൂലകൃതിയിലെ ചില പദങ്ങളും അർത്ഥവും കൂടി വിട്ടു കളയാനും വിവർത്തകന് അനുവാദമുണ്ട്.

ഡ്രൈഡന്റെ അഭിപ്രായത്തിൽ അനുകരണവും പദവിവർത്തനവും അതിരുകടന്ന ശൈലികളാകയാൽ അവ ഒഴിവാക്കേണ്ടതാണ്.

സ്കോട്ട്ലന്റുകാരനായ അലക്സാണ്ടർ ഫ്രേസർ ടൈറ്റ്ലർ പതിനെട്ടാം നൂറ്റാണ്ടിലെ വിവർത്തന പണ്ഡിതനായിരുന്നു.

1. വിവർത്തനം മൂലകൃതിയിലെ ആശയം സമ്പൂർണ്ണമായി അവതരിപ്പിക്കുന്നതാവണം.

2. വിവർത്തനത്തിലെ ലേഖനരീതിയും ശൈലിയും മൂലകൃതിയിലെ ലേഖനരീതിയും ശൈലിയും തന്നെ ആയിരിക്കണം.

3. മൂലകൃതിയിലെ ലാളിത്യം മുഴുവനും വിവർത്തനത്തിലും ഉണ്ടായിരിക്കണം.

മൂലകൃതിയോട് സ്വാതന്ത്ര്യം കാണിക്കുന്ന വിവർത്തകർക്ക് കടിഞ്ഞാണിടുകയാണ് ടൈറ്റ്ലറുടെ ഉദ്ദേശ്യം. ഡ്രൈഡന്റെ സിദ്ധാന്തത്തിന് നേരെ എതിരാണ് ഈ സിദ്ധാന്തം.

ഫ്രാൻസിസ് ന്യൂമാന്റെ അഭിപ്രായത്തിൽ നല്ല വിവർത്തകൻ വിവർത്തനത്തിൽ തനിക്കു സാധ്യമായിടത്തോളം മൂലകൃതിയുടെ ഓരോ സവിശേഷതയും നഷ്ടപ്പെടാതെ സൂക്ഷിക്കുന്നു. താൻ മറ്റൊരു കൃതിയെ അനുകരിക്കുകയാണെന്നും സർവഥാ ഭിന്നമായ ഒരു സാമഗ്രിയാണ്

താൻ അനുകരിക്കുന്നതെന്നും വിവർത്തകൻ ഒരിക്കലും മറക്കാൻ പാടില്ല. വിവർത്തകന്റെ പ്രഥമ കർത്തവ്യം മൂലകൃതിയോട് സത്യസന്ധത പുലർത്തുക എന്നതാണ്. ഈ സിദ്ധാന്തത്തെ മൂലാനുസാരിത്വമെന്ന് വിളിക്കുന്നു.

മാത്യു അർനോൾഡ് ന്യൂമാന്റെ അഭിപ്രായത്തിന് നേരെ വിപരീതമായ വാദമാണ് അവതരിപ്പിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ വാദത്തെ പണ്ഡിത പരിതോഷവാദമെന്ന് വിളിക്കുന്നു. ഹോമറുടെ കവിതയുടെ ഫലം പുന:സൃഷ്ടിക്കുകയാണ് വിവർത്തകന്റെ ധർമ്മം. ഹോമറോട് ഗ്രീക്കുകാർ എങ്ങനെയാണ് പ്രതികരിച്ചത് എന്ന് ഇന്ന് ആർക്കും പറയാൻ കഴിയില്ല. പക്ഷേ ഹോമർ തങ്ങളെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് അവർക്ക് പറയാൻ കഴിയും. ഗ്രീക്കിൽ പരിജ്ഞാനവും പര്യാപ്തമായ കവിതാഭിരുചിയും സംവേദനശീലവുമുള്ള പണ്ഡിതന്മാർക്ക് മൂലകൃതിയോട് താരതമ്യപ്പെടുത്തുമ്പോൾ ഒരു വിവർത്തനവും വേണ്ടത്ര വിലയുള്ളതായി അനുഭവപ്പെട്ടു എന്നുവരില്ല. എങ്കിലും വിവർത്തനം അവരിൽ ഏതാണ്ട് മൂലകൃതിയുടെ തന്നെ പ്രതികരണം ഉളവാക്കുന്നുണ്ടോ എന്ന് അവർക്കു മാത്രമേ പറയാൻ കഴിയുകയുള്ളൂ. തന്റെ പ്രവൃത്തിയെപ്പറ്റി തന്റെ മാത്രമായ മൂല്യനിർണ്ണയത്തിൽ ഒരാൾക്കും വിശ്വസിക്കാൻ കഴിയില്ല. ഗ്രീക്ക് അറിയുകയും കവിത ആസ്വദിക്കാൻ അറിയുകയും ചെയ്യുന്ന ആളുകളിൽ അയാളുടെ വിവർത്തനം എങ്ങനെയാണ് പ്രതികരിക്കുന്നതെന്ന് അയാൾ ചോദിക്കട്ടെ. വിദ്വാനല്ലാത്ത ഒരു വ്യക്തിക്ക് എത്ര തന്നെ കാവ്യാനുഭൂതി ഉണ്ടെങ്കിലും യഥാർത്ഥമായ മൂല്യനിർണ്ണയം ചെയ്യാൻ സാധ്യമല്ല.

മാത്യു അർനോൾഡ് തന്റെ പാണ്ഡിത്യ പ്രധാനമായ സിദ്ധാന്തത്തെ Touch stone Method അഥവാ 'നികഷോപലവാദ'മെന്ന പേരിൽ അവതരിപ്പിക്കുന്നു. ഒരു ക്ലാസിക് കൃതിയുടെ മൂലരൂപവുമായി വിവർത്തനത്തെ തട്ടിച്ചു നോക്കി വില കൽപിക്കുന്നതാണ് ഈ സിദ്ധാന്തത്തിന്റെ കാതൽ.

അഭിന്നങ്ങളായ പദങ്ങൾ ഇല്ലാതെ വരുമ്പോൾ വിവർത്തകന് ഏറ്റവും തുല്യമായ പദം കണ്ടുപിടിക്കേണ്ടി വരുന്നു. അടിസ്ഥാനപരമായി തുല്യത രണ്ടു തരത്തിലാണ്. 1. രൂപതുല്യത. 2. ചലനാത്മകതുല്യത.

രൂപതുല്യതാവാദം മൂലകൃതിയുടെ സന്ദേശത്തിൽ – അതിന്റെ രൂപത്തിലും ഉള്ളടക്കത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അങ്ങനെയുള്ള വിവർത്തനത്തിൽ കവിതയ്ക്ക് കവിത – വാക്യത്തിന് വാക്യം – സങ്കൽപ്പത്തിനു സങ്കൽപ്പം എന്ന തുല്യതാക്രമം ശ്രദ്ധിക്കപ്പെടുന്നു.

റിയു അവതരിപ്പിക്കുന്ന സമാനഫലവാദം ചലനാത്മകതുല്യതയെയാണ് അനുകൂലിക്കുന്നത്. ഈ തുല്യതയിൽ വിവർത്തനം മൂലകൃതിയുടെ രൂപത്തിന്റെ സ്ഥാനത്ത് അതിന്റെ ആശയത്തോടാണ് ബന്ധം പുലർത്തുന്നത്. മൂലഭാഷയിലെ ആശയവും അതിന്റെ അനുവാചകരും തമ്മിൽ എന്തു ബന്ധമാണോ ഉണ്ടായിരുന്നത്, അതേ ബന്ധമാണ് വിവർത്തനവും അതിന്റെ അനുവാചകരും തമ്മിൽ ഉണ്ടായിരിക്കേണ്ടത്. ഏതായാലും കാലം ചെല്ലുന്തോറും രൂപതുല്യതയിൽ നിന്ന് ചലനാത്മക രംഗത്തേക്കുള്ള പുരോഗതിയാണ് വിവർത്തന രംഗത്ത് അനുഭവപ്പെട്ടു വന്നിട്ടുള്ളത്.

ജെ.സി. ക്യാറ്റ്ഫോർഡ് എഴുതിയ 'വിവർത്തനത്തിന്റെ ഭാഷാശാസ്ത്ര സിദ്ധാന്തം' അംഗീകൃതമായ ഒരു വിവർത്തന ശാസ്ത്രഗ്രന്ഥമാണ്. ക്യാറ്റ്ഫോർഡിന്റെ സിദ്ധാന്തങ്ങളുടെ സാരം ഇങ്ങനെ പ്രതിപാദിക്കാം.

ഒരു ഭാഷയിലെ, ഒരു കൃതിയിലെ സ്ഥാനത്ത് മറ്റൊരു കൃതിക്ക് രൂപം നൽകുകയാണ് വിവർത്തനം. വിവർത്തനത്തെ സംബന്ധിച്ച ഏത് സിദ്ധാന്തവും സാമാന്യ ഭാഷാശാസ്ത്രത്തിന്റെ തത്ത്വങ്ങളെ ആശ്രയിക്കുന്നു. ഭാഷകൾ തമ്മിലുള്ള ഒരു പ്രത്യേകതരം ബന്ധത്തെയാണ് വിവർത്തന സിദ്ധാന്തം ആശ്രയിച്ചിരിക്കുന്നത്. അത് താരതമ്യാത്മക ഭാഷാശാസ്ത്രത്തിന്റെ ഒരു ശാഖയാണ്. ഏതു തരത്തിൽപ്പെട്ട രണ്ടു ഭാഷകൾ തമ്മിലും വിവർത്തനം സാധ്യമാകുന്നു.

ക്യാറ്റ് ഫോർഡിന്റെ വ്യാഖ്യാനമനുസരിച്ച് വിവർത്തനം, സ്രോതഭാഷയിലെ പാഠ്യ സാമ

ഗ്രിയുടെ സ്ഥാനത്ത് മറ്റൊരു ഭാഷയിലെ പാഠ്യ സാമഗ്രി പ്രയോഗിക്കലാണ്. പൂർണ്ണം, ഭാഗികം എന്ന് രണ്ട് വിധം വിവർത്തനങ്ങൾ ഉണ്ട്. സ്രോത ഭാഷയിലെ സാമഗ്രിയെ ശബ്ദകോശഭാഗം, വ്യാകരണ ഭാഗം, ധ്വനിഭാഗം, ലിപി ഭാഗം എന്നിങ്ങനെ പലതായി വിഭജിക്കാം. ഇവയിൽ ഏതെങ്കിലും ഒരു തലത്തിലോ പല തലങ്ങളിലോ ആയി വിവർത്തനം സാധ്യമാണ്. ഏതെങ്കിലും ഒരു തലത്തിൽ മാത്രം വിവർത്തനത്തെ കേന്ദ്രീകരിച്ചു കൊണ്ടുള്ള വിവർത്തനത്തെ 'റാങ്കു ബൗണ്ട് ട്രാൻസ്ലേഷൻ' എന്നു പറയുന്നു.

സ്രോത-ലക്ഷ്യ ഭാഷകളുടെ വിവിധ ഘടകങ്ങൾ തമ്മിൽ രണ്ടു തരം ബന്ധം കാണാം. രൂപാധിഷ്ഠിത തുല്യത, സന്ദർഭാധിഷ്ഠിത തുല്യത. രണ്ടു ഭാഷകളുടെ വ്യാകരണഘടനയും അക്ഷര വ്യവസ്ഥയും മറ്റും ഒരേ തരത്തിലായിരിക്കണമെന്നില്ലാത്തതു കൊണ്ട് രൂപാധിഷ്ഠിത തുല്യത കുറവായിരിക്കും. അതിനാൽ സന്ദർഭാധിഷ്ഠിത തുല്യതയ്ക്ക് പ്രാധാന്യം കൂടും. വാക്യതലം ആണ് വിവർത്തന തുല്യതയ്ക്ക് ഏറ്റവും പറ്റിയ ഘടകം.

ഒരു സ്രോതഭാഷാസാമഗ്രിയും ഒരു ലക്ഷ്യഭാഷാസാമഗ്രിയും അർത്ഥത്തിന്റെ ഒരേതരം സവിശേഷതകളുമായി ബന്ധപ്പെടുത്താവുന്നതാണെങ്കിൽ അവ തമ്മിൽ വിവർത്തന തുല്യത ഉണ്ടെന്ന് പറയാം.

വിവർത്തന പ്രക്രിയയിൽ പദകോശം, വ്യാകരണഘടന, അർഥം എന്നീ മൂന്നു ഭാഗങ്ങൾക്കും സംഭവിക്കുന്ന പരിണാമം സൂക്ഷ്മപരിശോധനയർഹിക്കുന്നു. വാക്യഘടനയും മറ്റും ഘടനാത്മക ഭാഷാശാസ്ത്രം എന്ന ശാഖയിലെ വിഷയങ്ങളാണ്. അർത്ഥ വിചാരം സെമാന്റിക്സ് എന്ന ശാസ്ത്രശാഖയിൽ പെടുന്നു. അത് സാമൂഹിക ഭാഷാശാസ്ത്രവുമായി ബന്ധപ്പെട്ട് കിടക്കുന്നു. അങ്ങനെ ഭാഷാശാസ്ത്രത്തിലെ ശാസ്ത്രീയ തത്ത്വങ്ങളുമായി ബന്ധപ്പെട്ടതു കാരണം വിവർത്തനം തികച്ചും ശാസ്ത്രീയമായ ഒരു പഠന വിഷയമായിത്തീർന്നിരിക്കുന്നു.

മലയാളത്തിലെ പ്രശസ്തമായ അനേകം കൃതികൾ ഹിന്ദിയിലേക്ക് വിവർത്തനം ചെയ്ത വ്യക്തിയാണ് ഡോ. എൻ ഇ. വിശ്വനാഥ അയ്യർ. വിവർത്തനത്തിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ വശങ്ങളെക്കുറിച്ച് അദ്ദേഹത്തിന് നല്ല ധാരണയുണ്ട്. ഈ ലേഖനത്തിൽ വിവർത്തന സംബന്ധിയായി പാശ്ചാത്യ നാടുകളിൽ രൂപം കൊണ്ട സിദ്ധാന്തങ്ങളെയാണ് അദ്ദേഹം പരിചയപ്പെടുത്തുന്നത്. പാശ്ചാത്യർ വിവർത്തനത്തെ ശാസ്ത്രീയമായി സമീപിച്ചവരാണ് എന്നദ്ദേഹം പറയുന്നുണ്ട്. 1540 ൽ രൂപപ്പെട്ട ഡോലൈറ്റിന്റെ വിവർത്തന പഞ്ചതത്ത്വങ്ങൾ മുതൽക്കുള്ള ആദ്യകാല വിവർത്തന സിദ്ധാന്തങ്ങൾ മുതൽ ഭാഷാശാസ്ത്രവുമായി വിവർത്തനത്തെ ബന്ധിപ്പിച്ചു കൊണ്ടുള്ള നവീന കാഴ്ചപ്പാടുകൾ വരെ അദ്ദേഹം പരാമർശിക്കുന്നുണ്ട്. കുറ്റമറ്റ വിവർത്തനം എങ്ങനെയാവണം, വിവർത്തനത്തിന്റെ ധർമ്മം, വിവിധ വിവർത്തന രീതികളുടെ മേന്മയും പരിമിതിയും ഇവയെക്കുറിച്ചെല്ലാം ഉൾക്കാഴ്ച നൽകുന്നതാണ് പ്രൌഢമായ ഈ ലേഖനം.

## Recap

- വിവർത്തനത്തിന് ശാസ്ത്രീയ സിദ്ധാന്തങ്ങൾ രൂപവത്കരിക്കാനുള്ള ശ്രമം കൂടുതലും നടന്നത് പാശ്ചാത്യ രാജ്യങ്ങളിലാണ്
- ആദ്യമായി വിവർത്തന സിദ്ധാന്തം ആവിഷ്ക്കരിച്ച പാശ്ചാത്യ പണ്ഡിതൻ എൻ. സിലെ ഏറ്റിയെൻ ഡോലെറ്റ് ആണ്. 1540 ലാണ് അദ്ദേഹം തന്റെ സിദ്ധാന്തം ആവിഷ്ക്കരിച്ചത്
- സൗകര്യാർത്ഥം ആ സിദ്ധാന്തത്തെ ഡോ ലെറ്റിന്റെ പഞ്ചതത്ത്വങ്ങൾ എന്നു വിളിക്കാം. അവ

1. വിവർത്തകൻ താൻ വിവർത്തനം ചെയ്യുന്ന കൃതിയുടെ ഉള്ളടക്കവും മൂലലേഖകന്റെ ഉദ്ദേശ്യവും ഭംഗിയായി ഗ്രഹിച്ചിരിക്കണം
2. വിവർത്തകന് സ്രോതഭാഷയിൽ പൂർണ്ണമായ അവഗാഹം ഉണ്ടായിരിക്കണം. അത്ര തന്നെ അവഗാഹം ലക്ഷ്യഭാഷയിലും വേണം
3. പദത്തിനു പദം എന്ന ക്രമത്തിൽ വിവർത്തനം ചെയ്യാനുള്ള പ്രവണത ഒഴിവാക്കണം. അങ്ങനെ ചെയ്യുന്നതു കൊണ്ട് മൂലകൃതിയുടെ അർത്ഥത്തിന് കോട്ടം തട്ടുകയും അതിലെ അവതരണ ഭംഗി നഷ്ടപ്പെടുകയും ചെയ്യും
4. വിവർത്തനത്തിന് ഉപയോഗിക്കുന്ന ഭാഷ സാധാരണ പ്രചാരത്തിലുള്ളതായിരിക്കണം
5. ഉചിതമായ പദങ്ങളും സമുചിതമായ പദവിന്യാസവും കൊണ്ട് വിവർത്തകൻ തന്റെ വിവർത്തനത്തിൽ ഉചിതമായ സ്വരവിന്യാസത്തോടു കൂടിയ മൊത്തത്തിലുള്ള ഫലപ്രതീതി ഉണ്ടാക്കണം

- ഡ്രൈഡന്റെ അഭിപ്രായത്തിൽ വിവർത്തനരീതിയിൽ അടിസ്ഥാനപരമായി മൂന്ന് ശൈലികളുണ്ട്

1. മെറ്റാഫ്രേസ് - (പദവിവർത്തനം) - പദത്തിന് പദവും വരിക്കു വരിയുമായി വിവർത്തനം ചെയ്യുന്ന രീതി
2. പാരഫ്രേസ് (പരാവർത്തനം) - ഈ വിവർത്തനത്തിൽ മൂലലേഖകന്റെ രചനയെ വളരെ അവധാനതയോടെ മുന്നിൽ കാണുകയും അതിലെ പദങ്ങളേക്കാൾ അർത്ഥത്തെ കൂടുതൽ അനുഗമിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു
3. ഇമിറ്റേഷൻ (അനുകരണം) - ഈ വിവർത്തനത്തിൽ മൂലകൃതിയിലെ പദങ്ങളോടും അർത്ഥത്തോടും സ്വാതന്ത്ര്യം കാണിക്കുന്നതിനു പുറമെ മൂലകൃതിയുടെ അന്തർഗതം ആവശ്യപ്പെടുന്നതായി തോന്നിയാൽ മൂലകൃതിയിലെ ചില പദങ്ങളും അർത്ഥവും വിട്ടു കളയാനും കൂടി വിവർത്തകന് അനുവാദമുണ്ട്

- അലക്സാണ്ടർ ഫ്രേസർ ടൈറ്റ്ലറുടെ അഭിപ്രായത്തിൽ

1. വിവർത്തനം മൂലകൃതിയിലെ ആശയം സമ്പൂർണ്ണമായി അവതരിപ്പിക്കുന്നതാവണം
2. വിവർത്തനത്തിലെ ലേഖനരീതിയും ശൈലിയും മൂലകൃതിയിലെ ലേഖനരീതിയും ശൈലിയും തന്നെ ആയിരിക്കണം
3. മൂലകൃതിയിലെ ലാളിത്യം മുഴുവനും വിവർത്തനത്തിലും ഉണ്ടായിരിക്കണം

- ഫ്രാൻസിസ് ന്യൂമാന്റെ അഭിപ്രായത്തിൽ നല്ല വിവർത്തകൻ വിവർത്തനത്തിൽ തനിക്കു സാധ്യമായിടത്തോളം മൂലകൃതിയുടെ ഓരോ സവിശേഷതയും നഷ്ടപ്പെടാതെ സൂക്ഷിക്കുന്നു ഈ സിദ്ധാന്തത്തെ 'മൂലാനുസാരിത്വ'മെന്ന് വിളിക്കുന്നു
- മാത്യു അർനോൾഡ് ന്യൂമാന്റ അഭിപ്രായത്തിന് നേരെ വിപരീതമായ വാദമാണ് അവതരിപ്പിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ വാദത്തെ 'പണ്ഡിതപരിതോഷവാദ'മെന്ന് വിളിക്കുന്നു
- അടിസ്ഥാനപരമായി തുല്യത രണ്ടു തരത്തിലാണ്. 1. രൂപതുല്യത. 2. ചലനാത്മക തുല്യത
- രൂപതുല്യതാവാദം മൂലകൃതിയുടെ സന്ദേശത്തിൽ – അതിന്റെ രൂപത്തിലും ഉള്ളടക്കത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നു
- റിയു അവതരിപ്പിക്കുന്ന സമാനഫലവാദം ചലനാത്മകതുല്യതയെയാണ് അനുകൂലിക്കുന്നത്. ഈ തുല്യതയിൽ വിവർത്തനം മൂലകൃതിയുടെ രൂപത്തിന്റെ സ്ഥാനത്ത് അതിന്റെ ആശയത്തോടാണ് ബന്ധം പുലർത്തുന്നത്

- ക്യാറ്റ് ഫോർഡിന്റെ വ്യാഖ്യാനമനുസരിച്ച് വിവർത്തനം സ്രോതഭാഷയിലെ പാഠ്യ സാമഗ്രിയുടെ സ്ഥാനത്ത് മറ്റൊരു ഭാഷയിലെ പാഠ്യ സാമഗ്രി പ്രയോഗിക്കലാണ്
- സ്രോത ഭാഷയിലെ സാമഗ്രിയെ ശബ്ദകോശഭാഗം, വ്യാകരണഭാഗം, ധ്വനിഭാഗം, ലിപി ഭാഗം എന്നിങ്ങനെ പലതായി വിഭജിക്കാം. ഇവയിൽ ഏതെങ്കിലും ഒരു തലത്തിൽ മാത്രം വിവർത്തനത്തെ കേന്ദ്രീകരിച്ചു കൊണ്ടുള്ള വിവർത്തനത്തെ റാങ്കുബൗണ്ട് ട്രാൻസ്ലേഷൻ എന്നു പറയുന്നു
- സ്രോതലക്ഷ്യ ഭാഷകളുടെ വിവിധ ഘടകങ്ങൾ തമ്മിൽ രണ്ടുതരം ബന്ധം കാണാം രൂപാധിഷ്ഠിത തുല്യത, സന്ദർഭാധിഷ്ഠിത തുല്യത
- ഒരു സ്രോതഭാഷാ സാമഗ്രിയും ഒരു ലക്ഷ്യഭാഷാസാമഗ്രിയും അർത്ഥത്തിന്റെ ഓരോതരം സവിശേഷതകളുമായി ബന്ധപ്പെടുത്താവുന്നതാണെങ്കിൽ അവ തമ്മിൽ വിവർത്തന തുല്യത ഉണ്ടെന്ന് പറയാം

## Objective Type Questions

1. ആദ്യമായി വിവർത്തന സിദ്ധാന്തം ആവിഷ്ക്കരിച്ച പാശ്ചാത്യ പണ്ഡിതൻ ആര്?
2. മാത്യു അർനോൾഡിന്റെ വിവർത്തന സിദ്ധാന്തത്തിന് പറയുന്ന പേര്?
3. വിവർത്തനത്തിന്റെ ശൈലികളെ ഡ്രൈഡൻ വിഭജിച്ചിരിക്കുന്നതെങ്ങനെ?
4. 'വിവർത്തനത്തിന്റെ ഭാഷാശാസ്ത്ര സിദ്ധാന്തം' എന്ന ഗ്രന്ഥം രചിച്ചതാര്?
5. വിവർത്തനത്തിൽ 'പഞ്ചതത്ത്വങ്ങൾ' ആവിഷ്ക്കരിച്ചതാര്?
6. മൂലാനുസാരിത്വസിദ്ധാന്തം എന്നാലെന്ത്?
7. സമാനഫലവാദ സിദ്ധാന്തം അവതരിപ്പിച്ചതാര്?

## Answers

1. എൻ സിലെ എറ്റിയൻ ഡോലെറ്റ്
2. നികഷോപലവാദം/touch stone method
3. പദവിവർത്തനം, പരാവർത്തനം, അനുകരണം എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു
4. ജെ. സി. ക്യാറ്റ്ഫോർഡ്
5. എൻ സിലെ ഏറ്റിയൻ ഡോലറ്റ്
6. ഫ്രാൻസിസ് ന്യൂമാൻ
7. റിയു

## Assignments

1. വിവർത്തനത്തെ സംബന്ധിച്ച പ്രധാന സിദ്ധാന്തങ്ങൾ ഏവ? വിവരിക്കുക.
2. വിവർത്തനത്തിലെ പ്രധാന സിദ്ധാന്തങ്ങളെ എൻ. ഇ. വിശ്വനാഥ അയ്യർ വിവരിക്കുന്നതെങ്ങനെ? ഉപന്യസിക്കുക.

## Reference


1. ഡോ. എൻ. ഇ. വിശ്വനാഥ അയ്യർ, വിവർത്തന വിചാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. എം. എൻ. കാരശ്ശേരി(എഡി.), താരതമ്യ സാഹിത്യ വിവേകം, മലയാള വിഭാഗം, കാലിക്കറ്റ് സർവ്വകലാശാല, കോഴിക്കോട്.
3. എം. എൻ. കാരശ്ശേരി(എഡി.), താരതമ്യ സാഹിത്യ ചിന്ത, മലയാള വിഭാഗം, കാലിക്കറ്റ് സർവ്വകലാശാല, കോഴിക്കോട്.
4. ഒരു സംഘം ലേഖകർ, താരതമ്യ സാഹിത്യ പീഠിക, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. എം. എൻ. കാരശ്ശേരി(എഡി.), താരതമ്യ സാഹിത്യ വിചാരം, മലയാള വിഭാഗം, കാലിക്കറ്റ് സർവ്വകലാശാല, കോഴിക്കോട്.

# യൂണിറ്റ് - 3
# തർജ്ജമ പഠനത്തിലെ പുത്തൻ പുതുമകൾ

ഡോ. സ്കറിയ സക്കറിയ

## Learning Outcomes

- മലയാള സാഹിത്യത്തിനും ചരിത്രത്തിനും ഡോ. സ്കറിയ സക്കറിയ നൽകിയ സംഭാവനകളെക്കുറിച്ച് അറിവ് നേടുന്നു
- തർജ്ജമയുടെ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുകയും നല്ല തർജ്ജമ നടത്തേണ്ടതെങ്ങനെയെന്ന് പഠിക്കുകയും ചെയ്യുന്നു
- തർജ്ജമരംഗത്തുണ്ടായ നവീന സമീപനരീതികളെക്കുറിച്ച് മനസ്സിലാക്കുന്നു
- തർജ്ജമയുടെ പുതിയ സിദ്ധാന്തങ്ങളെ പരിചയപ്പെടുന്നു

## Prerequisites

ഡോ. സ്കറിയ സക്കറിയ - ( 1947) - പണ്ഡിതൻ, ഗവേഷകൻ, അദ്ധ്യാപകൻ എന്നീ നിലയിലെല്ലാം പ്രശസ്തൻ. ട്യൂബിങൻ സർവകലാശാലയിൽ നിന്നും ഗുണ്ടർട്ടിന്റെ ഗ്രന്ഥശേഖരം കണ്ടെത്തുന്നതിൽ പങ്കുവഹിച്ചു. 1968ൽ കേരള സർവകലാശാലയുടെ 'സചിവോത്തമ അവാർഡ്' ലഭിച്ചു. താപസം എന്ന ജേർണലിന്റെ എഡിറ്റർ - പ്രത്യേകിച്ചും പ്രാചീന ഭാഷയിലും സാഹിത്യത്തിലും നിഷ്ണാതനാണ്. വിദേശത്തു നിന്നും ജർമ്മൻ ഭാഷ പഠിച്ച അദ്ദേഹം വിദേശ സർവ്വകലാശാലകളിൽ ഗവേഷണപഠനങ്ങൾ നിർവഹിച്ചിട്ടുണ്ട്. മുസിരിസ്സ് പൈതൃക പദ്ധതിയുടെ ഉപദേഷ്ടാവാണ്.

**കൃതികൾ** -തർജ്ജമ സിദ്ധാന്തവും പ്രയോഗവും (ജയ സുകുമാരനൊപ്പം), കേരളപാണിനീയത്തിന്റെ ശതാബ്ദിപതിപ്പ് - വിമർശനാത്മകമായ മുഖവുര, പഴശ്ശി രേഖകൾ ( ജോസഫ് സ്കറിയയ്ക്കൊപ്പം), തച്ചോളിപ്പാട്ടുകൾ (പി.ആന്റണിയ്ക്കൊപ്പം), അഞ്ചടി, ജ്ഞാനപ്പാന, ഓണപ്പാട്ട് (മനോജ് കുറൂരിനോടൊപ്പം), തലശ്ശേരി രേഖകൾ (ജോസഫ് സ്കറിയയോടൊപ്പം), ഹെർമൻ ഗുണ്ടർട്ട് സീരീസ്, തിരഞ്ഞെടുത്ത ചെറുകഥകൾ, ഫുൽമോനിയുടെ കഥ, കടങ്കഥകൾ, രണ്ട് പ്രാചീന ഗദ്യ കൃതികൾ, പയ്യന്നൂർ പാട്ട് (പി.ആന്റണിക്കൊപ്പം ), കാർകുഴലി-യെ ഫേഫിയാ ജ്യൂവിഷ് വിമൺസ് സോങ്ങ്സ് ഇൻ മലയാളം വിത്ത് ഹീബ്രു ട്രാൻസ്ലേഷൻസ്, ഓ ലവ് ലി പാരറ്റ്! ജ്യൂവിഷ് വിമൺസ് സോങ്ങ്സ് ഫ്രം കേരള, ഇൻ മൈനം ലാന്റ് ലെബെൻ വെർഷെഡെൻ വോൾക്കർ, 500 ഇയേഴ്സ് ഓഫ് കേരള - എ കൾച്ചറൽ സ്റ്റഡി (വിജയമോഹൻ പിള്ള, വി.ജെ വർഗ്ഗീസ് എന്നിവർക്കൊപ്പം).

## Key Themes

- പുതിയ കാലഘട്ടത്തിനനുസരിച്ച് തർജ്ജമയുടെ വിവിധ സാധ്യതകളാണ് ലേഖകൻ വിശകലനം ചെയ്യുന്നത്.
- സാംസ്കാരിക വിമർശനം, ഫെമിനിസം, അധികാരം, രാഷ്ട്രീയം തുടങ്ങിയ വിവിധ പദ്ധതികൾക്ക് തർജ്ജമാപഠനത്തിൽ സാധ്യതയുണ്ടെന്ന് ലേഖകൻ കാണിച്ചുതരുന്നുണ്ട്.

- തർജ്ജമ എത്രമാത്രം ഗൗരവവും സൂക്ഷ്മതയും അർഹിക്കുന്നതാണെന്ന് ഈ ലേഖനം സമർത്ഥിക്കുന്നു.
- മലയാളത്തിലെ വിവിധ തർജ്ജമാപഠനങ്ങളിൽ നിന്നും വ്യത്യസ്തമായി ആധുനികോത്തര സിദ്ധാന്തങ്ങളുമായി തർജ്ജമയെ ബന്ധിപ്പിക്കുന്നു എന്നത് ഈ ലേഖനത്തിന്റെ വ്യത്യസ്ത തയാണ്. തന്മൂലം മൂലഗ്രന്ഥത്തെ മറ്റൊരു ഭാഷയിലേക്ക് പകരുക എന്നതിനപ്പുറം വ്യത്യസ് തമായ സമീപനം പുലർത്താൻ ഈ ലേഖനം നമ്മെ പര്യാപ്തരാക്കുന്നു.

## Discussion

തർജ്ജമ എന്നാൽ കൃത്യമായ മൊഴിമാറ്റം എന്ന് കരുതിയിരുന്ന കാലഘട്ടത്തിൽ അർത്ഥം സുനിശ്ചിതം. അർത്ഥഗ്രഹണം സുഭദ്രം, അർ ത്ഥാവിഷ്ക്കാരം, അവികലം എന്നൊക്കെ കരു തിയിരുന്നു. അതനുസരിച്ച് ഒരു ഭാഷയിൽ പ്രത്യ ക്ഷപ്പെടുന്ന ഭാഷാരൂപം അർത്ഥശോഷണം വരാതെ പകരുന്ന സത്യസന്ധനും സമർത്ഥനും നിഷ്പക്ഷനുമായ പണ്ഡിതനും സഹൃദയനു മാണ് നല്ല തർജ്ജമക്കാരൻ. നല്ല തർജ്ജമക്കാ രനെക്കുറിച്ചുള്ള വിശ്വാസവും സങ്കൽപ്പവും കേരളത്തിൽ വേരുറച്ചത് വെള്ളക്കാരുടെ വരവി നു ശേഷമാണ്. പാശ്ചാത്യർക്ക് തർജ്ജമയുടെ ആദർശം ബൈബിൾ തർജ്ജമകളായിരുന്നു.

കോളനീകരണത്തിന്റെ ഘട്ടത്തിൽ ബൈ ബിൾ തർജ്ജമയിലൂടെ വികാസം പ്രാപിച്ച സമമൂ ല്യസിദ്ധാന്തം ബൈബിൾ തർജ്ജമകളോടൊപ്പം ഭാരതത്തിൽ കടന്നു വരികയും ഇവിടുത്തെ തർ ജ്ജമയുടെ ആദർശമായിത്തീരുകയും ചെയ്തു. മഹാഭാരത തർജ്ജമയെയും പുനരാഖ്യാനങ്ങ ളെയും മുൻനിർത്തി എഴുത്തച്ഛനെയും കുഞ്ചൻ നമ്പ്യാരെയും കുറ്റവിചാരം ചെയ്യാൻ ഏ.ആറും മാരാരും ഒരുമ്പെട്ടത് ഈ തർജ്ജമാദർശത്തിന്റെ പേരിലാണ്.

ഭാഷയെ ചിഹ്നവ്യവസ്ഥയായി മനസ്സിലാ ക്കുമ്പോൾ ഒരു വ്യവസ്ഥയിൽ നിന്നും മറ്റൊരു വ്യവസ്ഥയിലേക്കുള്ള പൊളിച്ചെഴുത്തായി തർ ജ്ജമയെ വിശദീകരിക്കേണ്ടി വന്നു. പാത്രത്തിൽ നിന്നും പാനീയം പകരുന്നതു പോലെ ഒരു ഭാഷ യിൽ നിന്നും മറ്റൊരു ഭാഷയിലേക്ക് ലോകം പകർന്നു കൊടുക്കാമെന്ന മിഥ്യകൾ ഇപ്പോൾ തകർന്നു പോയിരിക്കുന്നു.

ലോകത്തിനും ഭാഷയ്ക്കും ഇടയിൽ ലോക ബോധം എന്നു വിളിക്കാവുന്ന സങ്കൽപ്പനങ്ങ ളുടെ മൂന്നാംലോകവും പ്രത്യയശാസ്ത്രവും ഇടപെടുന്നുണ്ട്. തന്മൂലം ഓരോ ഭാഷയും ഓ രോ തരത്തിലാണ് ലോകത്തെ പ്രതിനിധാനം ചെയ്യുന്നത്. മൂലകൃതിയുടെ അർത്ഥം മൊഴി മാറ്റം നടത്തി ലക്ഷ്യഭാഷയിൽ അവതരിപ്പിക്കു ന്നതാണ് തർജ്ജമ എന്ന സങ്കൽപ്പം അംഗീക രിച്ചാൽ എല്ലാ തർജ്ജമകളും തർജ്ജമക്കാരും വമ്പൻ പരാജയങ്ങളാണ്. ഓരോ ഭാഷയുടെയും നിശ്ശബ്ദ മേഖലകൾ ഓരോന്നാണ്. ഉദാഹരണ ത്തിന് മലയാളം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾ ലിംഗഭേദത്തിന്റെ കാര്യത്തിൽ ഉദാസീനമാകു മ്പോൾ തമിഴ്, സംസ്കൃതം തുടങ്ങിയവ ലിംഗ ഭേദത്തിന്റെ കാര്യത്തിൽ ജാഗ്രത പുലർത്തുന്നു.

ഓരോ തർജ്ജമയും സാധ്യതകൾ തേടി യുള്ള അന്വേഷണം എന്ന നിലയിലാണ് വിലമ തിക്കപ്പെടുന്നത്. വാൾട്ടർ ബഞ്ചമിന്റെ അഭിപ്രാ യത്തിൽ ഉടഞ്ഞുപോയ പാത്രം കൂട്ടിച്ചേർക്കാൻ അതിന്റെ കഷണങ്ങൾ സമമൂല്യങ്ങളായിരിക്ക ണമെന്നില്ല. അവ തമ്മിൽ പൊരുത്തമുണ്ടായി രുന്നാൽ മതി. മൂലവുമായി അർത്ഥപരമായ തു ല്യത തർജ്ജമകൾക്ക് ആവശ്യമില്ല. മൂലവും തർജ്ജമകളും ഒരേ മഹാഭാഷയുടെ ഖണ്ഡ ങ്ങളാവണം. പദാനുപദക്കാരല്ല, സ്വതന്ത്ര തർ ജ്ജമക്കാരാണ് ഭാഷയെയും സാഹിത്യത്തെയും പരിപോഷിപ്പിക്കുന്നതെന്ന് ബഞ്ചമിൻ നിരീക്ഷി ക്കുന്നു.

തന്റെ ഒഥല്ലോ തർജ്ജമയെപ്പറ്റി എം.ആർ.നാ യർ പറഞ്ഞത്, ഷേക്സ്പിയറുടെ മഹത്ത്വത്തിനു നേരെ മലയാളിയുടെ കണ്ണു തുറപ്പിക്കുകയാണ്, തന്റെ ഉദ്ദേശ്യം എന്നാണ്. ഇത്തരം തർജ്ജമക ളെ മാത്രമേ യഥാർത്ഥ തർജ്ജമ എന്നു വിളിക്കാ

നാവൂ എന്നും അദ്ദേഹം തുറന്നെഴുതുന്നു.

വള്ളത്തോളിന്റെ തർജ്ജമകളെ പ്രശംസിക്കുമ്പോൾ അവ സ്വതന്ത്ര കൃതികൾ പോലെ ഹൃദ്യങ്ങളാണെന്നും സൗഭാഗ്യം കൊണ്ടു തർജ്ജമയുടെ അടുത്തൊന്നും നിൽക്കില്ല മൂല ഭാഗങ്ങളെന്നും ഡോ. കെ.എൻ. എഴുത്തച്ഛൻ പ്രസ്താവിക്കുന്നു. മൂലകൃതികളെ അവയുടെ കെട്ടുപാടുകളിൽ വേർതിരിച്ചറിഞ്ഞു സാഹിതീയതയും പാഠത്വവും ഭാവോഷ്മളതയും വെളിവാക്കി പുനരവതരിപ്പിക്കുക എന്നതാണ് തർജ്ജമയുടെ ലക്ഷ്യം എന്ന് അദ്ദേഹം പാരമ്പര്യത്തിന്റെ ബലത്തിൽ തിരിച്ചറിയുന്നു.

കഴിഞ്ഞ രണ്ടു ദശകത്തിനിടയിൽ മാനവിക സാമൂഹിക ശാസ്ത്ര പഠനങ്ങളിലെല്ലാം പ്രകടമായ സാംസ്ക്കാരികാഭിമുഖ്യത്തിന്റെ ഫലമായി തർജ്ജമാസിദ്ധാന്തവും പരിണാമ വിധേയമായി. ചിഹ്ന വ്യവസ്ഥയിലെ എല്ലാ ബന്ധങ്ങളും വിവക്ഷ മാറുന്നതിനനുസരിച്ച് വ്യത്യസ്ത അർത്ഥങ്ങളാണ് നൽകുന്നതെന്ന തിരിച്ചറിവ് ഈ ഘട്ടത്തിലുണ്ടായി. ഈ കാഴ്ചപ്പാട് തർജ്ജമാസിദ്ധാന്തങ്ങളെ അടിമുടി മാറ്റിമറിച്ചു. തർജ്ജമാപഠനം സംസ്ക്കാര പഠനമായി മാറിയത് ഈ ഘട്ടത്തിലാണ്. സമതുല്യത അനാവശ്യവും അപ്രസക്തവുമായിത്തീർന്നു. കൃതികളും തർജ്ജമകളും തമ്മിലുള്ള ബന്ധം ചിത്രീകരിക്കാൻ പുതിയ രൂപകങ്ങളുണ്ടായി.

“തർജ്ജമ ഭാര്യയെപ്പോലെയാണ്. സുന്ദരിയെങ്കിൽ അവിശ്വസ്ത, വിശ്വസ്തയെങ്കിൽ വിരൂപ” എന്ന് ഫ്രഞ്ച് പഴമൊഴി. തർജ്ജമയിൽ മേലാളനും കീഴാളരുമാണ് ഉള്ളത്. മൂലകൃതി എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഒരു കൃതിയോട് മറ്റു ഭാഷകളിലുള്ള കൃതികൾ വിശ്വസ്തത പുലർത്തണം. അവയ്ക്ക് മൂലകൃതിയോട് ബന്ധപ്പെട്ട് മാത്രമാണ് അസ്തിത്വവും മാന്യതയും ലഭിക്കുന്നത്. ഫ്രഞ്ച് പഴമൊഴിയിലും തർജ്ജമയിലെ വിശ്വസ്തതാവാദത്തിലും മറഞ്ഞിരിക്കുന്ന ഈ അധികാരക്കളി തിരിച്ചറിയുന്നു എന്നതാണ് സമകാലീന തർജ്ജമാപഠനങ്ങളുടെ സവിശേഷത.

തർജ്ജമാപഠനത്തെ സമമൂല്യവാദത്തിന്റെ അഴുക്കുചാലുകളിലൂടെ വലിച്ചിഴയ്ക്കുന്നവരും കാൽപ്പനിക വികാര പാരവശ്യങ്ങളുടെ ചുഴികളിലേക്ക് തള്ളിവിടുന്നവരും സംസ്ക്കാരപഠനത്തിന്റെ ഉൾത്തെളിവുകൾ പ്രയോജനപ്പെടുത്തുന്നില്ല. തർജ്ജമയിൽ ഇടപെടുകയും അതിലൂടെ വെളിപ്പെടുകയും ചെയ്യുന്ന അധികാരമുഖമാണ് രാഷ്ട്രീയം. വ്യാകരണപദാവലികൾ ഉപയോഗിച്ചാൽ തർജ്ജമയ്ക്ക് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് വ്യാപാരം - അതാണ് സാഹിത്യ തത്ത്വം. രണ്ട് തർജ്ജമ ഫലമാണ്; രാഷ്ട്രീയം. സംസ്ക്കാരത്തിന്റെ പ്രകരണത്തിലാണ് തർജ്ജമയുടെ വ്യാപാരവും ഫലവും യഥാക്രമം സാഹിത്യവും രാഷ്ട്രീയവുമായി അർത്ഥപുഷ്ടി നേടുന്നത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ തർജ്ജമയെ സാർത്ഥകമാക്കുന്നത് സംസ്ക്കാര പഠനമാണ്. ആ നിലയ്ക്ക് സംസ്ക്കാര പഠനത്തിനു മാത്രമേ തർജ്ജമാപഠനമായി പരിണമിക്കാൻ കഴിയൂ.

തർജ്ജമ മൊഴി മാറ്റത്തിനപ്പുറമാണ് എന്നു തിരിച്ചറിഞ്ഞ സൊഹാർ, ലെ ഫെവറെ തുടങ്ങിയവരുടെ സിദ്ധാന്തങ്ങൾ അതിനെ ഒരു സാംസ്ക്കാരിക സംരംഭമായി പരിഗണിക്കുന്നു. തർജ്ജമയുടെ ഗത്യാത്മക സ്വഭാവം അംഗീകരിക്കുന്നതാണ് പുതിയ പഠനങ്ങൾ. തർജ്ജമ അത് കടന്നു ചെല്ലുന്ന ഭാഷയുടെ സാഹിത്യ വ്യവസ്ഥയെ അസ്ഥിരപ്പെടുത്തുന്നു. സാഹിത്യത്തെ അനേകം അടരുകളുള്ള ഒരു ബഹുമുഖ വ്യവസ്ഥയായി മനസ്സിലാക്കി അതിൽ തർജ്ജമ നടത്തുന്ന ഇടപെടലിന്റെ സാഹിത്യവും രാഷ്ട്രീയവും വിശദീകരിക്കുന്നതാണ് ഉത്തമ തർജ്ജമ പഠനം. തർജ്ജമയായി വരുന്ന കൃതി ചിലപ്പോൾ പുതിയൊരു സാഹിത്യ മേഖലയുടെ കേന്ദ്രബിന്ദുവായി പരിണമിച്ച് സാഹിത്യ വ്യവസ്ഥയെത്തന്നെ അടിമുടി മാറ്റിമറിച്ചുകളയും. സംസ്കൃതത്തിൽ നിന്നും ശാകുന്തളം തർജ്ജമ, ഫ്രഞ്ചിൽ നിന്നുള്ള 'പാവങ്ങൾ' എന്ന നോവൽ, മോപ്പസാങ്ങിന്റെ ചില കഥകൾ തുടങ്ങിയവ നമ്മുടെ സാഹിത്യവ്യവസ്ഥയിൽ വരുത്തിയ മാറ്റം ഉദാഹരണം. ആര്, ആർക്കു വേണ്ടി, എങ്ങനെ, എന്തിനു തർജ്ജമ ചെയ്തു എന്ന ചോദ്യപരമ്പരയുടെ ഉത്തരങ്ങളാണ് ഇന്നത്തെ നിലയിൽ തർജ്ജമാപഠനങ്ങൾക്ക് മാതൃകാപരമായ തുടക്കം കുറിക്കേണ്ടത്.

മൂലത്തിന്റെ വ്യതിരിക്തത ലക്ഷ്യഭാഷയിൽ

നിലനിർത്തുന്ന തർജ്ജമ, ലക്ഷ്യഭാഷയിൽ അലിഞ്ഞു ചേർന്നു പോകുന്ന തർജ്ജമ, ഒരു പുതുമയായി ലക്ഷ്യഭാഷയിൽ മാന്യസ്ഥാനം നേടി കാനോനിന്റെ കേന്ദ്രമായി വികസിക്കുന്ന തർജ്ജമ എന്നിങ്ങനെ തർജ്ജമകളെ വർഗ്ഗീകരിച്ചു പഠിച്ചാൽ ചർച്ചയും വ്യാഖ്യാനവും സിദ്ധാന്തീകരണവും എളുപ്പമാവും. ഓരോ തർജ്ജമയും അനുഷ്ഠിക്കുന്ന സാംസ്കാരിക ധർമ്മം മുൻനിർത്തിയാവണം അതിന്റെ പര്യാപ്തിയും സമമൂല്യതയും തിട്ടപ്പെടുത്താൻ. ചുരുക്കിപ്പറഞ്ഞാൽ ഓരോ ഭാഷയിലെയും ബഹുമുഖ സാഹിത്യവ്യവസ്ഥയുടെ ഭാഗമായ കെട്ടുപാടുകളനുസരിച്ചാണ് തർജ്ജമയുടെ നിലയും വിലയും.

ഇത്രത്തോളമെത്തുമ്പോൾ തർജ്ജമ ഒരു സാമൂഹികപ്രവൃത്തിയായി കണക്കാക്കപ്പെടുന്നു. മറ്റെല്ലാ സാമൂഹിക വ്യവഹാരങ്ങളുമെന്ന പോലെ തർജ്ജമയിലും അധികാരവും അറിവും തമ്മിലുള്ള ബന്ധം നിർണ്ണായകമാണ്. ഇവയെ കൂട്ടിയിണക്കി വാക്കിന്റെ തീർച്ചയും മൂർച്ചയും സർഗ്ഗാത്മകതയും വിശദീകരിച്ചും വാക്കിന്റെ കൂടെയുള്ള ലോകബോധത്തെ ഗൗനിച്ചും തർജ്ജമാ സിദ്ധാന്തം വികസിച്ചിരിക്കുന്നു. സാംസ്ക്കാരിക വ്യത്യാസങ്ങളുടെ അനിശ്ചിത ധ്രുവങ്ങൾക്കിടയിൽ അപൂർണ്ണമായി തുടരുന്ന ക്ലേശകരമായ പ്രവൃത്തിയായി തർജ്ജമ വിശദീകരിക്കപ്പെടുന്നു. ഹോമി കെ. ഭാഭ, ഗായത്രി സ്പിവാക് തുടങ്ങിയവരുടെ തർജ്ജമാസിദ്ധാന്തങ്ങൾ ഇത്തരത്തിലുള്ളതാണ്. ജനത, ഭാഷ, സംസ്ക്കാരം, കർത്തൃത്വം തുടങ്ങിയവയുടെ സുനിശ്ചിതത്വങ്ങളെ വെല്ലുവിളിച്ചു കൊണ്ട് ഇന്നു നടക്കുന്ന സംവേദന പ്രക്രിയയെ ഒരു സാംസ്ക്കാരിക പ്രശ്നമാക്കി വികസിപ്പിക്കാൻ ഇവർക്ക് കഴിഞ്ഞിരിക്കുന്നു. പോസ്റ്റ് കൊളോണിയൽ, ഫെമിനിസ്റ്റ് എന്നെല്ലാം വിശേഷിപ്പിക്കപ്പെടുന്ന സൈദ്ധാന്തിക സമീപനങ്ങൾ നൽകുന്ന വെളിപാടുകളാണ് ഇവരുടെ രചനകളിലുള്ളത്. ഏതു തർജ്ജമയും അപൂർണ്ണമാണെന്നും പക്ഷപാതപരമാണെന്നും സ്പിവാക് സമർത്ഥിക്കുന്നു. തർജ്ജമക്കാരന്റെ നിലപാടുതറ വേർതിരിച്ചറിഞ്ഞാലേ തർജ്ജമയുടെ സാഹിത്യവും രാഷ്ട്രീയവും മനസ്സിലാക്കാൻ കഴിയുകയുള്ളു. തർജ്ജമയിലൂടെ തെളിഞ്ഞു കിട്ടുന്ന ആൾരൂപം തർജ്ജമക്കാരന്റേതാണ്. അതു കൊണ്ടു തന്നെയാണ് ബൈബിൾ തർജ്ജമകളിലെ 'പുരുഷകളങ്കം' നീക്കിക്കളയാൻ ഫെമിനിസ്റ്റുകൾ തീവ്രശ്രമം നടത്തുന്നത്.

തർജ്ജമയുടെ രഹസ്യങ്ങൾ തേടിയിറങ്ങുന്ന ഗവേഷകർ ഓരോ ഭാഷയിലെയും തർജ്ജമാസങ്കൽപ്പനത്തിന്റെ അടരുകൾ വേർതിരിച്ച് നോക്കേണ്ടതാണ്. മലയാളത്തിൽ തർജ്ജമ, അനുകരണം, സ്വതന്ത്ര തർജ്ജമ, ആശയാനുവാദം എന്നെല്ലാം വേർതിരിച്ചു പറയുന്നതിന്റെ പൊരുൾ തിരിക്കാൻ തർജ്ജമാഗവേഷകർക്ക് കടമയുണ്ട്.

"തർജ്ജമാപഠനം" തർജ്ജമയിൽ പ്രത്യക്ഷമാവുന്ന കർത്തൃത്വത്തെക്കുറിച്ചുള്ള അന്വേഷണമായി വികസിക്കണം. തർജ്ജമയുടെ മൂല്യനിർണയനം തന്നെ തർജ്ജമക്കാരന്റെ ലക്ഷ്യങ്ങൾ മുൻനിർത്തിയാവണം. ഇത്തരം പഠനത്തിൽ ഒരു തർജ്ജമയും ചീത്ത തർജ്ജമയല്ല. ഓരോ തരം ബുദ്ധി വിസ്താരങ്ങൾ എന്ന നിലയിൽ തർജ്ജമകളെ വിലയിരുത്താൻ അവസരമുണ്ടാകുന്നു.

തർജ്ജമക്കാരനെ നവീന തർജ്ജമാപഠനം സംവിധായകനോട് ഉപമിക്കാറുണ്ട്. ലിഖിത പാഠത്തെ അരങ്ങിനു വേണ്ടി വ്യാഖ്യാനിക്കുന്ന സംവിധായകനെപ്പോലെയാണ് തർജ്ജമക്കാരൻ. അരങ്ങിലെ വഴക്കങ്ങൾ പോലെയാണ് ഭാഷയിലെ പാരമ്പര്യങ്ങൾ. സാഹിത്യ പ്രസ്ഥാനങ്ങൾ, ഭാഷാ പ്രസ്ഥാനങ്ങൾ, ചിന്താധാരകൾ തുടങ്ങിയവയെല്ലാം ഭാഷയുടെ വഴക്കങ്ങളിൽ ഉൾപ്പെടും. വെള്ളക്കാരൻ പൗരസ്ത്യ ദേശത്തു നിന്നുള്ള കൃതികൾ തർജ്ജമ ചെയ്യുമ്പോൾ അവയെല്ലാം യൂറോപ്യൻ വഴക്കത്തിലേക്ക് മെരുക്കിയെടുക്കുന്നതായി കാണാം. അതിപ്രാചീന ബൗദ്ധപാഠങ്ങളുടെ ഇംഗ്ലീഷ് തർജ്ജമകളിൽ ക്രിസ്തു, കാന്റ്, ഫ്രോയ്ഡ്, യുങ്, വിറ്റ്ഗൻസ്റ്റൈൻ തുടങ്ങിയവരുടെ സ്വരങ്ങളാണ് കേൾക്കുന്നതെന്ന് പരാതിപ്പെടുന്ന തുൽക്കുവും തർജ്ജമയിലെ കൊളോണിയൽ രാഷ്ട്രീയമാണ് വെളിവാക്കുന്നത്. 1599 ലെ ഉദയംപേരൂർ സുനഹദോസിന്റെ മലയാള കാനോനകൾ യൂറോപ്യൻ ഭാഷകളിലേക്ക് തർജ്ജമ ചെയ്തപ്പോൾ ഇഷ്ടപ്പടി കൂട്ടലും കിഴിക്കലും നടത്താൻ വെ

ള്ളക്കാരന് മടി തോന്നിയില്ല. ബ്രിട്ടീഷുകാരുമായി പഴശ്ശിരാജയെപ്പോലുള്ള നാടുവാഴികൾ നടത്തിയ കത്തിടപാടുകളും ഇപ്രകാരം ഇംഗ്ലീഷ് വഴക്കങ്ങളിലാക്കിയാണ് തർജ്ജമ ചെയ്തത്.

മഹാശ്വേതാദേവിയുടെ 'സ്തന ദായിനി' യെ The Wet Nurse ആക്കാൻ സായിപ്പിന് മടിയില്ല - ഗായത്രി സ്പിവാക് നോവലിന്റെ ശീർഷകം Breast giver എന്നാക്കിയതിന്റെ ഔചിത്യമാണ് ഇവിടെ പരിഗണിക്കേണ്ടത്. ദേവിയുടെ ഭാഷയിലുള്ള മുള്ള് ഇംഗ്ലീഷ് ഭാഷയുടെ നിരപ്പിനുവേണ്ടി പിഴുതുകളയരുതെന്നാണ് സ്പിവാക്കിന്റെ വാദം. ഇത്തരം സമീപനം തർജ്ജമയുടെ സാഹിതീയതയും പ്രസാദവും പാഠത്വവും ഭാവതരംഗവും നശിപ്പിക്കുമെന്നാണ് സൂസൻ ബാസ്നറ്റിന്റെ നിലപാട്. സാഹിത്യ തത്ത്വം മുൻനിർത്തിയാലും തർജ്ജമയിലെ രാഷ്ട്രീയം മറന്നുകളയരുത്. അധികാരം ഭാഷയുടെ ഇടനാഴികളിൽ നിൽക്കുന്നു എന്ന തിരിച്ചറിവ് പ്രധാനമാണ്. തർജ്ജമയിൽ ഉൾപ്പെടുന്ന കൃതി മൂല ഭാഷയിലും ലക്ഷ്യ ഭാഷയിലും എന്തു പങ്കു വഹിക്കുന്നു എന്ന അന്വേഷണം സംസ്ക്കാര പഠനത്തിന്റെ സംഘർഷഭൂമിയോളം ഗവേഷകനെ എത്തിക്കും അവിടെ നിന്നു ലഭിക്കുന്ന അറിവുകൾ ഇന്നത്തെ തർജ്ജമാപഠനങ്ങൾ ഏറെ വില മതിക്കുന്നു.

തർജ്ജമ ഒരുതരം വ്യാഖ്യാനമാണ്, അഴിച്ചുകൂട്ടലാണ്. അതിനാൽ തർജ്ജമയെക്കുറിച്ച് പറഞ്ഞതെല്ലാം കൂടിയ തോതിൽ പുനരാഖ്യാനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും ബാധകമാണ്.

ബ്രസീലിലെ പോസ്റ്റ് കൊളോണിയൽ പഠനം തർജ്ജമയെ മാംസഭോജനത്തോടാണ് ഉപമിക്കുന്നത്. ഹാരോൾഡ് കാമ്പോസും അഗസ്താ കാമ്പോസുമാണ് ഈ സിദ്ധാന്തത്തിന്റെ മുഖ്യ വക്താക്കളും പ്രയോക്താക്കളും. അവന്റെ ശരീര രക്തങ്ങൾ ഭക്ഷിച്ച് നരഭോജികൾ പരിപോഷണം നേടുന്നതു പോലെ യൂറോപ്യൻ കൃതികൾ തർജ്ജമ യിലൂടെ ഉൾക്കൊണ്ടു ബ്രസീലിയൻ സാഹിത്യം പരിപുഷ്ടി നേടി എന്നു വേണം പറയാൻ. അസുഖകരമായി തോന്നിയേക്കാവുന്ന ഈ രൂപകം പോസ്റ്റ് കൊളോണിയൽ, പോസ്റ്റ് മോഡേൺ തർജ്ജമാ സിദ്ധാന്തത്തിന്റെ കാതലാണ്.

ഒരുതരം രക്തസംക്രമണമാണ് ബ്രസീലിയൻ സിദ്ധാന്തമനുസരിച്ച് തർജ്ജമ. ഇവിടെ മൂല കൃതിക്ക് സംഭവിക്കുന്ന സ്ഥാനഭ്രംശം പോസ്റ്റ് കൊളോണിയൽ പഠനത്തിന്റെ ജ്ഞാനസമുച്ചയത്തിൽ രാഷ്ട്രീയ പ്രാധാന്യമർഹിക്കുന്നു. മൂലപാഠത്തെ സ്വാഭിപ്രായവും ആവശ്യവുമനുസരിച്ച് കൈകാര്യം ചെയ്യുന്നതാണ് തർജ്ജമ എന്ന ബ്രസീലിയൻ സിദ്ധാന്തം തർജ്ജമക്കാരെ യക്ഷികളുടെ നിരയിലേക്ക് മാറ്റി നിർത്തുന്നു. കനേഡിയൻ തർജ്ജമ സിദ്ധാന്തക്കാർ, വിശിഷ്യ ഫെമിനിസ്റ്റുകൾ, തങ്ങളുടെ ദൗത്യം രാഷ്ട്രീയ സ്വഭാവമുള്ളതാണെന്ന് തുറന്ന് പ്രഖ്യാപിക്കുന്നു. ഭാഷാപരമായ കണ്ടുപിടുത്തമാണ് തർജ്ജമക്കാരുടെ നിയോഗമെന്നും അവരുടെ പ്രവർത്തനം വഴി മൂലകൃതിയുടെ സമ്പത്ത് വർദ്ധിക്കുമെന്നും അവർ സിദ്ധാന്തിക്കുന്നു. ബ്രസീലിയൻ തർജ്ജമക്കാരും കനേഡിയൻ തർജ്ജമക്കാരും തർജ്ജമയെ അതിക്രമമായി സങ്കൽപ്പിക്കുന്നു എന്ന കാര്യം ശ്രദ്ധേയമാണ്. തർജ്ജമ മൂലകൃതിയിൽ നിന്നു തുടങ്ങി കൂസലെന്യേ മുന്നോട്ടു പോവുന്നു എന്നതു തന്നെയാണ് അതിക്രമം. പുരാണേതിഹാസങ്ങളുടെ കാര്യത്തിൽ എഴുത്തച്ഛനും കുഞ്ചൻ നമ്പ്യാരും നല്ല അതിക്രമികൾ തന്നെ. അങ്ങനെ അതിക്രമങ്ങളിലൂടെ ഓരോ ഭാഷക്കാരുടെയും മഹാഭാഷകൾ വികസിക്കുകയാണ്.

ഒരു ഭാഷയിൽ നിന്നും ലോകം മറ്റൊരു ഭാഷയിലേക്ക് പകരുക എന്ന തർജ്ജമയെ സംബന്ധിച്ച പഴയ കാഴ്ചപ്പാടുകൾ കാലഹരണപ്പെട്ട് ഒരു വ്യവസ്ഥയിൽ നിന്നും മറ്റൊരു വ്യവസ്ഥയിലേക്കുള്ള പൊളിച്ചെഴുത്ത് എന്ന നിലയിലേക്ക് മാറിയതിന്റെ വിവരങ്ങളാണ് ലേഖകൻ നൽകുന്നത്. അതുകൊണ്ട് മൂലഭാഷയിൽ നിന്നും ലക്ഷ്യഭാഷയിലേക്കുള്ള മൊഴിമാറ്റമല്ല ഇന്നത്തെ തർജ്ജമകൾ. മാനവിക സാമൂഹികശാസ്ത്ര പഠനങ്ങളിലെല്ലാമുണ്ടായ പരിണാമങ്ങൾ തർജ്ജമാപഠനത്തിനും ബാധകമാണെന്ന് ലേഖകൻ സമർത്ഥിക്കുന്നുണ്ട്. ഹോമി. കെ. ഭാഭ, ഗായത്രി സ്പിവാക് തുടങ്ങിയവരുടെ നിരീക്ഷണങ്ങൾ അദ്ദേഹം പ്രയോജനപ്പെടുത്തുന്നുണ്ട്. പുതിയ കാലഘട്ടത്തിൽ തർജ്ജമാപഠനം സാംസ്കാരിക പഠനമായി ഉയരുകയും മൂലകൃതിയിൽ നിന്നും

മുന്നോട്ടു പോവുന്നതിൽ അതിന്റെ മഹത്വം വെളിപ്പെടുകയും ചെയ്യുന്നു. വിശ്വാസ്യതയേക്കാൾ സ്വതന്ത്രത നിലനിർത്തുന്നതാണ് പുതിയ കാലഘട്ടത്തിൽ അതിന്റെ മൂല്യം. തർജ്ജമ എന്തെന്നും അതിന്റെ ഗുണവിശേഷങ്ങൾ എന്തെന്നും പറഞ്ഞ് പഴകിയ രീതി വിട്ട് പുതിയ കാലഘട്ടത്തിനനുസരിച്ച് പുതു രീതിയിൽ സമീപിക്കാൻ ഈ പഠനം നമ്മെ പ്രാപ്തരാക്കുന്നു. പഴയ തർജ്ജമാപഠനരീതികളെയെല്ലാം ഒരു പൊളിച്ചെഴുത്തിന് സജ്ജമാക്കുന്നതാണ് ഈ ലേഖനം.

## Recap

- ഒരു ഭാഷയിൽ പ്രത്യക്ഷപ്പെടുന്ന ഭാഷാരൂപം അർത്ഥശോഷണം വരാതെ പകരുന്ന സത്യസന്ധനും സമർത്ഥനും നിഷ്പക്ഷനുമായ പണ്ഡിതനും സഹൃദയനുമാണ് നല്ല തർജ്ജമക്കാരൻ എന്നാണ് മുൻസങ്കല്പം
- കോളനീകരണത്തിന്റെ ഘട്ടത്തിൽ ബൈബിൾ തർജ്ജമയിലൂടെ വികാസം പ്രാപിച്ച സമമൂല്യസിദ്ധാന്തം ബൈബിൾ തർജ്ജമകളോടൊപ്പം ഭാരതത്തിൽ കടന്നു വരികയും ഇവിടുത്തെ തർജ്ജമയുടെ ആദർശമായിത്തീരുകയും ചെയ്തു
- ഭാഷയെ ചിഹ്നവ്യവസ്ഥയായി മനസ്സിലാക്കുമ്പോൾ ഒരു വ്യവസ്ഥയിൽ നിന്നും മറ്റൊരു വ്യവസ്ഥയിലേക്കുള്ള പൊളിച്ചെഴുത്തായി തർജ്ജമയെ വിശദീകരിക്കേണ്ടി വന്നു
- ഓരോ തർജ്ജമയും സാധ്യതകൾ തേടിയുള്ള അന്വേഷണം എന്ന നിലയിലാണ് വിലമതിക്കപ്പെടുന്നത്. മൂലവുമായി അർത്ഥപരമായ തുല്യത തർജ്ജമകൾക്ക് ആവശ്യമില്ല. മൂലവും തർജ്ജമകളും ഒരേ മഹാഭാഷയുടെ ഖണ്ഡങ്ങളാവണം
- മൂലകൃതികളെ അവയുടെ കെട്ടുപാടുകളിൽ വേർതിരിച്ചറിഞ്ഞു സാഹിതീയതയും പാഠത്വവും ഭാവോഷ്മളതയും വെളിവാക്കി പുനരവതരിപ്പിക്കുക എന്നതാണ് തർജ്ജമയുടെ ലക്ഷ്യം എന്ന് ഡോ. കെ.എൻ. എഴുത്തച്ഛൻ പ്രസ്താവിക്കുന്നു
- കഴിഞ്ഞ രണ്ടു ദശകത്തിനിടയിൽ മാനവിക സാമൂഹികശാസ്ത്ര പഠനങ്ങളിലെല്ലാം പ്രകടമായ സാംസ്ക്കാരികാഭിമുഖ്യത്തിന്റെ ഫലമായി തർജ്ജമാസിദ്ധാന്തവും പരിണാമ വിധേയമായി. ചിഹ്ന വ്യവസ്ഥയിലെ എല്ലാ ബന്ധങ്ങളും വിവക്ഷ മാറുന്നതിനനുസരിച്ച് വ്യത്യസ്ത അർത്ഥങ്ങളാണ് നൽകുന്നതെന്ന തിരിച്ചറിവ് ഈ ഘട്ടത്തിലുണ്ടായി. ഈ കാഴ്ചപ്പാട് തർജ്ജമാസിദ്ധാന്തങ്ങളെ അടിമുടി മാറ്റിമറിച്ചു
- തർജ്ജമയിലെ വിശ്വസ്തതാവാദത്തിൽ മറഞ്ഞിരിക്കുന്ന അധികാരക്കളി തിരിച്ചറിയുന്നു എന്നതാണ് സമകാലീന തർജ്ജമാപഠനങ്ങളുടെ സവിശേഷത.
- തർജ്ജമയ്ക്ക് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന്, വ്യാപാരം - അതാണ് സാഹിത്യ തത്ത്വം. രണ്ട്, തർജ്ജമാഫലമാണ് - രാഷ്ട്രീയം ആണ് അത്
- തർജ്ജമയെ സാർത്ഥകമാക്കുന്നത് സംസ്ക്കാര പഠനമാണ്. ആ നിലയ്ക്ക് സംസ്ക്കാര പഠനത്തിനു മാത്രമേ തർജ്ജമാപഠനമായി പരിണമിക്കാൻ കഴിയൂ
- സാഹിത്യത്തെ അനേകം അടരുകളുള്ള ഒരു ബഹുമുഖ വ്യവസ്ഥയായി മനസ്സിലാക്കി അതിൽ തർജ്ജമ നടത്തുന്ന ഇടപെടലിന്റെ സാഹിത്യവും രാഷ്ട്രീയവും വിശദീകരിക്കുന്നതാണ് ഉത്തമ തർജ്ജമ പഠനം
- ആര്?, ആർക്കുവേണ്ടി?, എങ്ങനെ?, എന്തിനു തർജ്ജമ ചെയ്തു? എന്ന ചോദ്യപരമ്പരയുടെ ഉത്തരങ്ങളാണ് ഇന്നത്തെ നിലയിൽ തർജ്ജമാപഠനങ്ങൾക്ക് മാതൃകാപരമായ തുടക്കം കുറിക്കേണ്ടത്
- ഓരോ ഭാഷയിലെയും ബഹുമുഖ സാഹിത്യ വ്യവസ്ഥയുടെ ഭാഗമായ കെട്ടുപാടുക

ളനുസരിച്ചാണ് തർജ്ജമയുടെ നിലയും വിലയും

- മറ്റെല്ലാ സാമൂഹിക വ്യവഹാരങ്ങളുമെന്ന പോലെ തർജ്ജമയിലും അധികാരവും അറിവും തമ്മിലുള്ള ബന്ധം നിർണ്ണായകമാണ്. ഹോമി കെ. ഭാഭ, ഗായത്രി സ്പിവാക് തുടങ്ങിയവരുടെ തർജ്ജമാസിദ്ധാന്തങ്ങൾ ഇത്തരത്തിലുള്ളതാണ്
- തർജ്ജമ പഠനം തർജ്ജമയിൽ പ്രത്യക്ഷമാവുന്ന കർത്തൃത്വത്തെക്കുറിച്ചുള്ള അന്വേഷണമായി വികസിക്കണം. തർജ്ജമയുടെ മൂല്യനിർണ്ണയനം തന്നെ തർജ്ജമക്കാരന്റെ ലക്ഷ്യങ്ങൾ മുൻനിർത്തിയാവണം
- മൂലപാഠത്തെ സ്വാഭിപ്രായവും ആവശ്യവുമനുസരിച്ച് കൈകാര്യം ചെയ്യുന്നതാണ് തർജ്ജമ എന്ന ബ്രസീലിയൻ സിദ്ധാന്തം തർജ്ജമക്കാരെ യക്ഷികളുടെ നിരയിലേക്ക് മാറ്റി നിർത്തുന്നു
- കനേഡിയൻ തർജ്ജമ സിദ്ധാന്തക്കാർ, വിശിഷ്യ ഫെമിനിസ്റ്റുകൾ, തങ്ങളുടെ ദൗത്യം രാഷ്ട്രീയ സ്വഭാവമുള്ളതാണെന്ന് തുറന്ന് പ്രഖ്യാപിക്കുന്നു. ഭാഷാപരമായ കണ്ടുപിടുത്തമാണ് തർജ്ജമക്കാരുടെ നിയോഗമെന്നും അവരുടെ പ്രവർത്തനം വഴി മൂലകൃതിയുടെ സമ്പത്ത് വർദ്ധിക്കുമെന്നും അവർ സിദ്ധാന്തിക്കുന്നു

## Objective Type Questions

1. പദാനുപദക്കാരനല്ല, സ്വതന്ത്ര തർജ്ജമക്കാരാണ് ഭാഷയെയും സാഹിത്യത്തെയും പരിപോഷിപ്പിക്കുന്നതെന്ന് നിരീക്ഷിച്ചതാര്?
2. തർജ്ജമ മൊഴിമാറ്റത്തിനപ്പുറമാണ് എന്ന് തിരിച്ചറിഞ്ഞ സൈദ്ധാന്തികർ ആരെല്ലാം?
3. എം.ആർ. നായരുടെ 'ഒഥല്ലോ തർജ്ജമ'യ്ക്ക് പിന്നിലുള്ള ലക്ഷ്യം എന്ത്?
4. തർജ്ജമയെ സംബന്ധിച്ച ഫ്രഞ്ച് പഴമൊഴി എന്ത്?
5. തർജ്ജമയെ സാർത്ഥകമാക്കുന്ന പഠനരീതി ഏത്?
6. തർജ്ജമയുടെ രണ്ട് ഭാഗങ്ങൾ ഏവ?
7. ഏതു തർജ്ജമയും അപൂർണ്ണമാണെന്നും പക്ഷപാതപരമാണെന്നും സമർത്ഥിച്ചതാര്?
8. നവീന തർജ്ജമാപഠനം തർജ്ജമക്കാരനെ ഉപമിക്കുന്നതാരോടാണ്?

## Answers

1. ബഞ്ചമിൻ
2. സൊഹാർ, ലെ ഫെവറെ
3. ഷേക്സ്പിയറുടെ മഹത്ത്വത്തിനു നേരെ മലയാളിയുടെ കണ്ണ് തുറപ്പിക്കുക
4. "തർജ്ജമ ഭാര്യയെപ്പോലെയാണ്. സുന്ദരിയെങ്കിൽ അവിശ്വസ്ത, വിശ്വസ്തയെങ്കിൽ വിരൂപ"
5. സംസ്കാരപഠനം
6. 1. വ്യാപാരം - സാഹിത്യ തത്ത്വം 2. തർജ്ജമയുടെ ഫലം - രാഷ്ട്രീയം
7. ഗായത്രി സ്പിവാക്
8. സംവിധായകനോട്

## Assignments

1. തർജ്ജമ പഠനത്തിലെ പുത്തൻ പ്രവണതകളെ ലേഖകൻ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെയെന്ന് വിവരിക്കുക.
2. തർജ്ജമയിലെ രാഷ്ട്രീയം വ്യക്തമാക്കുന്ന ലേഖനമാണ് 'തർജ്ജമ പഠനത്തിലെ പുത്തൻ പുതുമകൾ' -ശരിയോ? സമർത്ഥിക്കുക.

## Reference


1. സ്കറിയ സക്കറിയ, ജയ സുകുമാരൻ, തർജ്ജമ - സിദ്ധാന്തവും പ്രയോഗവും, താപസം, ചങ്ങനാശ്ശേരി.
2. ഡോ. എൻ. ഇ. വിശ്വനാഥ അയ്യർ, വിവർത്തന വിചാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. എം. എൻ. കാരശ്ശേരി(എഡി.), താരതമ്യ സാഹിത്യ വിവേകം, മലയാള വിഭാഗം, കാലിക്കറ്റ് സർവ്വകലാശാല, കോഴിക്കോട്.
4. എം. എൻ. കാരശ്ശേരി(എഡി.), താരതമ്യ സാഹിത്യ ചിന്ത, മലയാള വിഭാഗം, കാലിക്കറ്റ് സർവ്വകലാശാല, കോഴിക്കോട്.
5. ഒരു സംഘം ലേഖകർ, താരതമ്യ സാഹിത്യ പീഠിക, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. എം. എൻ. കാരശ്ശേരി(എഡി.), താരതമ്യ സാഹിത്യ വിചാരം, മലയാള വിഭാഗം, കാലിക്കറ്റ് സർവ്വകലാശാല, കോഴിക്കോട്.




SREENARAYANAGURU OPEN UNIVERSITY

# യൂണിറ്റ് - 4
# ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കുള്ള വിവർത്തന പരിശീലനം

## Learning Outcomes

- ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്യാനുള്ള പരിശീലനം നേടുന്നു
- വിവർത്തകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഗ്രഹിക്കുന്നു
- വിവർത്തനം കൊണ്ടുണ്ടായ നേട്ടങ്ങൾ മനസ്സിലാക്കുന്നു
- മലയാളത്തിൽ നിന്നും ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യാനുള്ള ശേഷി വികസിപ്പിക്കുന്നു
- ശാസ്ത്രവിഷയങ്ങൾ, പഴഞ്ചൊല്ലുകൾ, ശൈലികൾ എന്നിവ വിവർത്തനം ചെയ്യാനുള്ള കഴിവ് നേടുന്നു
- കവിതാവിവർത്തനത്തിന്റെ പോരായ്മകൾ മനസ്സിലാക്കുന്നു

## Prerequisites

വിവർത്തനപരിശീലനം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് ഈ യൂണിറ്റ് ചർച്ച ചെയ്യുന്നത്. ഒരു ഭാഷയിലുള്ള വാക്കോ വാക്യങ്ങളോ മറ്റൊരു ഭാഷയിലേക്ക് ആവിഷ്കരിക്കുന്നതിനെ വിവർത്തനം എന്നു പറയുന്നു. ഇങ്ങനെ നടത്തുന്ന മൊഴിമാറ്റത്തെ പരിഭാഷപ്പെടുത്തൽ, തർജ്ജമ, ഭാഷാന്തരം എന്നെല്ലാം വിളിക്കാറുണ്ട്. മൊഴിമാറ്റം എന്ന സംജ്ഞ ഇതിന്റെ സൂക്ഷ്മസ്വഭാവം വെളിപ്പെടുത്തുന്നു. ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് തർജ്ജമ നടത്തുമ്പോൾ പല കാര്യങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പദങ്ങളും വാക്യങ്ങളും തർജ്ജമ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നത്. പരിഭാഷകൾ തുല്യമായ പദാനുപദ പരിഭാഷയായോ, ഒരു വാക്യത്തിന്റെ ആശയം ഉൾക്കൊള്ളുന്ന പദവിന്യാസങ്ങളായോ ചെയ്യാറുണ്ട്. ഭാഷാമാറ്റം ഒഴികെ മറ്റൊരു മാറ്റവും കൂടാതെയുള്ള പുനരവതരണത്തെയാണ് വിവർത്തനം കൊണ്ടു വിവക്ഷിക്കുന്നത്. രണ്ട് ഭാഷകൾ മാത്രമല്ല രണ്ട് നാടുകളും രണ്ടു സംസ്കാരങ്ങളും തമ്മിലുള്ള വ്യത്യാസവും ഭൂമിശാസ്ത്രപരമായതും ഘടനാപരമായതുമായ വ്യത്യാസങ്ങളും തർജ്ജമയെ സ്വാധീനിക്കുന്നതെങ്ങനെ എന്ന് ഉദാഹരണസഹിതം വ്യക്തമാക്കുന്നു.

മൂലഗ്രന്ഥകാരനേക്കാൾ പ്രയാസമേറിയതാണ് ഒരു വിവർത്തകന്റെ ജോലി. കാരണം മൂലകൃതി വായിച്ച് മനസ്സിലാക്കുന്നതിനോടൊപ്പം രണ്ടു ഭാഷകളിലേയും ജനങ്ങളുടെ ജീവിതരീതിയും സംസ്കാരവും അറിഞ്ഞിരിക്കേണ്ടത് ഒരു വിവർത്തകനെ സംബന്ധിച്ച് പ്രധാനമാണ്. കവിത, കഥ, നാടകം, നോവൽ തുടങ്ങിയ സർഗ്ഗാത്മക കൃതികൾ വിവർത്തനം ചെയ്യുമ്പോൾ പ്രാദേശിക പദങ്ങൾ, ഗദ്യശൈലികൾ എന്നിവ വിവർത്തനത്തിൽ പ്രശ്ന

ങ്ങൾ സൃഷ്ടിച്ചേക്കാം. സാഹിത്യ സർഗ്ഗാത്മക കൃതികൾ തർജ്ജമ ചെയ്യുന്നതാണ് ഏറ്റവും പ്രയാസകരം.

മലയാളിയുടെ സാമൂഹിക സാംസ്കാരിക മണ്ഡലത്തെ പലമട്ടിൽ സ്വാധീനിക്കുകയോ പുതുക്കിപ്പണിയുകയോ ചെയ്യുന്ന പ്രക്രിയയാണ് വിവർത്തനം അഥവാ പരിഭാഷ. അജ്ഞേയമോ അപ്രാപ്യമോ ആയ സ്ഥലരാശികളെക്കുറിച്ചോ സാംസ്കാരിക മാനങ്ങളെക്കുറിച്ചോ സൗന്ദര്യാത്മക തലങ്ങളെക്കുറിച്ചോ അറിവുനൽകുന്ന കണ്ടെടുക്കലാണത്.

അന്യഭാഷകളിൽ നിന്ന് മലയാളത്തിനു പഴഞ്ചൊല്ല്, ശൈലികൾ തുടങ്ങിയവ വിവർത്തനം ചെയ്യേണ്ട രീതിയും ഇവിടെ ഉദാഹരണസഹിതം വിശദീകരിക്കുന്നു. ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കുള്ള വിവിധതരം വിവർത്തന പരിശീലനങ്ങളും ഇവിടെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കുള്ള ഈ വിവർത്തന പരിശീലനത്തിൽ വിദ്യാഭ്യാസ/ നിയമ / ഭരണ സംബന്ധിയായ സാങ്കേതിക പദങ്ങൾ, ശൈലികൾ, പഴഞ്ചൊല്ലുകൾ, സാഹിത്യം, ഉപന്യാസം തുടങ്ങിയവ സംബന്ധിച്ച വാക്യങ്ങളുടെ വിവർത്തനം എന്നിവയാണ് ഉൾപ്പെടുത്തിയത്. ഇവയിൽ ശൈലി, പഴഞ്ചൊല്ല് എന്നിവയുടെ ആശയതലത്തിനാണ് പ്രാധാന്യമെങ്കിൽ സാങ്കേതിക പദങ്ങളുടെ ആശയതലത്തേക്കാൾ പദങ്ങളുടെ അർത്ഥതല സംബന്ധിയായ പദാനുപദ വിവർത്തനത്തിനാണ് കൂടുതൽ പ്രാധാന്യം. ഏതു ഭാഷയിൽ നിന്നുള്ള വിവർത്തനത്തിലും രണ്ട് ഭാഷകൾ തമ്മിലുള്ള സാംസ്ക്കാരിക വ്യത്യാസത്തെയും വ്യാകരണസംബന്ധിയായ വ്യത്യാസത്തെയും കണക്കിലെടുക്കേണ്ടതുണ്ട്

കവിതാവിവർത്തനം വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. വിവർത്തനത്തിന് പെട്ടെന്നു വഴങ്ങി കൊടുക്കാത്ത സാഹിത്യരൂപമാണ് കവിത. 'വിവർത്തനത്തിൽ നഷ്ടപ്പെടുന്നതെന്തോ അതാണ് കവിത' എന്ന റോബർട്ട് ഫോസ്റ്റിന്റെ അഭിപ്രായം കവിതാവിവർത്തനത്തിന്റെ സങ്കീർണ്ണതയെ ചൂണ്ടികാട്ടുന്നു. കവിതയുടെ യഥാർത്ഥ വിവർത്തനം ഒരുതരം പരകായപ്രവേശനമാണ്. മൂലകവിയുടെ ദർശനത്തോട് വിവർത്തകന് പൊരുത്തം ഉണ്ടാകണം.

## Key Themes

- ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് പദങ്ങളും വാക്യങ്ങളും തർജ്ജമ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- രണ്ട് ഭാഷകൾ തമ്മിലുള്ള സാംസ്കാരിക വ്യത്യാസവും ഘടനാപരമായ വ്യത്യാസവുമെല്ലാം തർജ്ജമയെ സ്വാധീനിക്കുന്നതെങ്ങനെ എന്ന് ഉദാഹരണ സഹിതം വ്യക്തമാക്കുന്നു.
- പഴഞ്ചൊല്ല്, ശൈലികൾ തുടങ്ങിയവ വിവർത്തനം ചെയ്യേണ്ട രീതിയും ലേഖനത്തിൽ ഉദാഹരണ സഹിതം വിശദീകരിക്കുന്നു.
- ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കുള്ള വിവിധതരം വിവർത്തന പരിശീലനങ്ങളും ലേഖനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## Discussion

ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കുള്ള ഈ വിവർത്തന പരിശീലനത്തിൽ വിദ്യാഭ്യാസ / നിയമ / ഭരണ സംബന്ധിയായ സാങ്കേതിക പദങ്ങൾ, ശൈലികൾ, പഴഞ്ചൊല്ലുകൾ, സാഹിത്യം-ഉപന്യാസം തുടങ്ങിയവ സംബന്ധിച്ച വാക്യങ്ങളുടെ വിവർത്തനം എന്നിവയാണ് ഉൾപ്പെടുത്തിയത്. ഇവയിൽ ശൈലി/പഴഞ്ചൊല്ല് എന്നിവയുടെ ആശയതലത്തിനാണ്

പ്രാധാന്യമെങ്കിൽ സാങ്കേതിക പദങ്ങളുടെ ആശയതലത്തേക്കാൾ പദങ്ങളുടെ അർത്ഥതലസംബന്ധിയായ പദാനുപദ വിവർത്തനത്തിനാണ് കൂടുതൽ പ്രാധാന്യം. ഏതു ഭാഷയിൽ നിന്നുള്ള വിവർത്തനത്തിലും രണ്ട് ഭാഷകൾ തമ്മിലുള്ള സാംസ്കാരിക വ്യത്യാസത്തെയും വ്യാകരണസംബന്ധിയായ വ്യത്യാസത്തെയും കണക്കിലെടുക്കേണ്ടതുണ്ട്. ഉദാഹരണമായി

"Rama and his wife went for a cinema"

ഈ വാക്യം മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ രാമനും ഭാര്യയും സിനിമയ്ക്ക് പോയി എന്നു മതി. എന്നാൽ രാമൻ മറ്റു പലരുടെയും ഭാര്യമാരുടെ കൂടെ സിനിമക്കു പോവുന്നത് അനുവദനീയമായ പാശ്ചാത്യ സംസ്കാരത്തിൽ 'His wife' എന്ന പദം പ്രധാനമാണ്. അതുപോലെ

Rama kills a snake

ഇത് മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ രാമൻ ഒരു പാമ്പിനെ കൊന്നു എന്ന് എഴുതേണ്ടതില്ല. രാമൻ പാമ്പിനെ കൊന്നു എന്നു മതി - ഇത് രണ്ട് ഭാഷകൾ തമ്മിലുള്ള ഘടനാപരമായ വ്യത്യാസമാണ്. മലയാളത്തിലെ വാക്യത്തിൽ കർത്താവ്, കർമ്മം, ക്രിയ എന്നതാണ് ക്രമമെങ്കിൽ ഇംഗ്ലീഷിൽ കർത്താവ്, ക്രിയ, കർമ്മം എന്നാണ് ക്രമം. പശു പുല്ലു തിന്നുന്നു എന്ന മലയാള വാക്യം ഇംഗ്ലീഷിൽ 'Cow eats grass' എന്നായി ക്രമം മാറുന്നു.

അതുപോലെതന്നെ മലയാളത്തിൽ നിത്യപരിചിതമായ അന്യപദങ്ങൾ വിവർത്തനം ചെയ്യുന്നതിനേക്കാൾ ലിപ്യന്തരണം ചെയ്ത് ഉപയോഗിക്കുന്നതാണ് കൂടുതൽ സൗകര്യപ്രദം. ഉദാഹരണമായി മൗസ്, സ്വിച്ച് തുടങ്ങിയ പാശ്ചാത്യ പദങ്ങൾക്ക് സമാനരൂപമുണ്ടാക്കി ദുർഗ്രഹമാക്കുന്നതിനേക്കാൾ അതേപടി ഉപയോഗിക്കുന്നതാണ് ഭംഗി. വിവർത്തനത്തിൽ ഇത്തരം കാര്യങ്ങളെല്ലാം പ്രാഥമികമായി ശ്രദ്ധിക്കേണ്ടതുണ്ട്.

സർഗ്ഗാത്മകകൃതികൾ ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ കഴിയുന്നതും അന്യഭാഷയുടെ അപരിചിതത്വം വിവർത്തനത്തിൽ പ്രകടമാവരുത്. അതായത് കഴിയുന്നതും സ്വാഭാവികമാവണം വിവർത്തനം. അതേസമയം അന്യസംസ്കാരത്തിന്റെയും ഭാഷയുടെയും ബോധം കൈവെടിയാനും പാടില്ല. ഇതു രണ്ടും ഒന്നിച്ചു കൊണ്ടുപോവാൻ നല്ല നൈപുണ്യം വേണം. അതുകൊണ്ടാണ് വിവർത്തന സൃഷ്ടിയും സർഗ്ഗാത്മകമാകുന്നത്. വിവർത്തന ഭാഷ അപരിചിതവും സങ്കീർണ്ണവുമായാൽ അത്തരം വിവർത്തനത്തിന്റെ പ്രസക്തി തന്നെ ചോദ്യാർഹമാവും. ശൈലികൾ, പഴഞ്ചൊല്ലുകൾ, വാമൊഴിപ്രയോഗങ്ങൾ തുടങ്ങിയവയൊക്കെ സർഗ്ഗാത്മക വിവർത്തനത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ മൂലഭാഷയെ അതേപടി അനുകരിക്കാൻ ശ്രമിക്കാതെ ലക്ഷ്യഭാഷയിലെ തത്തുല്യപ്രയോഗങ്ങൾ കണ്ടെത്തി ഉപയോഗിക്കുകയാവും നല്ലത്. നാലപ്പാട്ട് നാരായണമേനോന്റെ പാവങ്ങൾ തർജ്ജമ, എൻ.കെ.ദാമോദരന്റെ ഡോസ്റ്റോവ്സ്കി കൃതികളുടെ വിവർത്തനം ഇവയൊക്കെ ഇക്കാര്യത്തിൽ അനുയോജ്യമാതൃകകളാണ്.

## സാങ്കേതികപദങ്ങൾ

ഭരണം, വിദ്യാഭ്യസം, നിയമം തുടങ്ങിയവ സംബന്ധിച്ച ഏതാനും സാങ്കേതികപദങ്ങളുടെ മലയാള വിവർത്തനമാണ് ഇവിടെ നൽകിയിരിക്കുന്നത്.

| | | |
|---|---|---|
| Abstract | - | സാരം, സംക്ഷേപം |
| Accusation | - | കുറ്റാരോപം |
| Order | - | ഉത്തരവ് |
| Affidavit | - | സത്യവാങ്മൂലം |
| Agreement | - | ഉടമ്പടി |
| Assessee | - | നികുതിദായകൻ |
| Attachment | - | ജപ്തി |
| Draft | - | നക്കൽ |
| Copy | - | പകർപ്പ് |
| Proposal | - | നിർദ്ദേശം |

## ശാസ്ത്രസംബന്ധിയായവ

| | | |
|---|---|---|
| Molecule | - | തന്മാത്ര |

Animal husbandary- മൃഗസംരക്ഷണം

Atom - കണം

Periodic Table - ആവൃത്തിപ്പട്ടിക

Medical Science - ആരോഗ്യശാസ്ത്രം

Geography - ഭൂമിശാസ്ത്രം

Volume - വ്യാപ്തം

Thermometer - ഉഷ്ണമാപിനി

### ശൈലികൾ

To be all eyes - കണ്ണിൽ എണ്ണയൊഴിക്കുക

To catch red handed - തൊണ്ടിയോടെ പിടിക്കുക

Born with silverspoon in the mouth - വായിൽ വെള്ളിക്കരണ്ടിയുമായി ജനിക്കുക

To distinguish between - കല്ലും നെല്ലും തിരിച്ചറിയുക

To let the cat out of bag -പൂച്ച് പുറത്താകുക

Who will bell the Cat - പൂച്ചയ്ക്കാര് മണി കെട്ടും?

To break the ice - മഞ്ഞുരുകുക ( കടുംപിടുത്തം നീങ്ങുക)

### പഴഞ്ചൊല്ലുകൾ

All the glitters is not gold - മിന്നുന്നതെല്ലാം പൊന്നല്ല

Where there is a will there is a way - വേണേൽ ചക്ക വേരിലും കായ്ക്കും

Steady work is the road to success - പയ്യെ ത്തിന്നാൽ പനയും തിന്നാം

No smoke without fire - തീയില്ലാതെ പുകയില്ല

Too many Cooks Spoil the broth - ആളു കൂടിയാൽ പാമ്പ് ചാവില്ല

Never caste your pearls before Swine - പോത്തിന്റെ ചെവിയിൽ വേദമോതുക

Might is right - കയ്യൂക്കുള്ളോൻ കാര്യക്കാരൻ

Care kill the cat - കുളിപ്പിച്ച് കുളിപ്പിച്ച് കൊല്ലുക

Nothing venture Nothing have - കൈനനയാതെ മീൻ പിടിക്കുക

A boor is known by his talk - ഉണ്ണിയെ കണ്ടാലറിയാം ഊരിലെ പഞ്ഞം

A Wolf in a lamb's skin - ആട്ടിൻ തോലിട്ട ചെന്നായ

A bad workman Quarrels with his tools - കിട്ടാത്ത മുന്തിരി പുളിക്കും

### വിവർത്തനങ്ങൾ - ഉദാഹരണം

Githanjali-Rabindranatha Tagore

1) Leave this chanting and singing and telling of beads!

whom dust thou worship in this lonely dark corner of a temple with doors all shut?

open thine eyes and see thy God is not before thee!

He is there where the tiller is tilling the hard ground

and where the pathmaker is breaking Stones.

He is with them in sun and in shower

and his garment is covered with dust-

put off thy holy mantle and even like him come down on the dusty soil!

### ജി.യുടെ വിവർത്തനം

ഭജനം പൂജനമാരാധനയും

സാധനയും ഹേ നിർത്തുക സാധോ

നിജ ദേവാലയ മൂലയിലെന്തി -

നിരിക്കുന്നൂ നീ രുദ്ധ കവാടം?

നിഭൃതമിരുട്ടിൽ നിഗൂഢമിരുന്നേ

നീ ധ്യാനിക്കും ദൈവതമവിടേ

നിലകൊൾവീല, നിമീലിതലോചന -

മൊന്നു തുറക്കൂ നന്നായ് നോക്കൂ.

കരിനില മുഴുമക്കർഷകരോടും

വർഷം മുഴുവൻ വഴി നന്നാക്കാൻ
പെരിയ കരിങ്കൽപ്പാറ നുറുക്കി
നുറുക്കിയൊരുക്കും പണിയാളരൊടും
എരിവെയിലത്തും പെരുമഴയത്തും
ചേർന്നമരുന്നൂ ദൈവം മണ്ണാർ -
ന്നിരുകൈകളിലും കൂടെച്ചളിയി-
ലിറങ്ങൂ, കളയൂ ശുഭ്രം വസ്ത്രം !
(വിവർത്തന ചിന്തകൾ )

2) The coming of the ship

Almustafa, the chosen and the beloved, who was adawn onto his own days had waited twelve years in the city of orphalese for his ship that was lo return and bear him back to the isle of his birth.

And in the twelfth year. on the seventh day of Lelool, the month ot reaping, he climbed the hill without there Citywalls and looked seaward; and he beheld the ship coming with the mist.

Then thre gates of his heart were flung open and his joy flew far over the sea. And he closed his eyes and prayed in the silences of his soul.

But he descended the hill, a sadness came upon him, and he thought in his heart; How shall I go in Peace and without sorrow? Nay, not without a wound in the spirit shall l leave this city.

**പ്രവാചകൻ - ഖലീൽ ജിബ്രാൻ**

നിയുക്തനും പ്രിയങ്കരനും ഉദയം കണക്കെ സ്വയംപ്രഭ ചൊരിയുന്നവനുമായ അൽമുസ്തഫ, ജന്മദ്വീപിലേക്ക് തന്നെ സംവഹിക്കാനുള്ള കപ്പലും കാത്ത്, ഓർഫാലീസ് പട്ടണത്തിൽ പന്ത്രണ്ട് സംവത്സരങ്ങൾ പിന്നിട്ടു.

പന്ത്രണ്ടാംവർഷം, കൊയ്ത്തുമാസത്തിലെ ഏഴാംനാൾ പട്ടണമതിലിനപ്പുറമുള്ള കുന്നിൻ പുറത്തേറി ചക്രവാളത്തിലേക്ക് കണ്ണോടിക്കുമാകരയിലേക്കടുക്കുന്ന ഒരു കൊടിമരം അങ്ങു ദൂരെ കാണുമാറായി.

ഹൃദയ കവാടങ്ങൾ അപ്പോൾ തുറക്കപ്പെടുകയും അവന്റെ സന്തുഷ്ടി സാഗരത്തിന്മേൽ ചിറകു മുതിർത്ത് പറക്കുകയും ചെയ്തു. അവനാകട്ടെ, മിഴി പൂട്ടി ആത്മാവിന്റെ നിശ്ശബ്ദതകളിൽ പ്രാർത്ഥനാനിരതനായി.

കുന്നിറങ്ങി വരവേ, ഒരുവിഷാദം അവനിൽ നിറഞ്ഞിരുന്നു. അവന്റെ ഹൃദയം നിരൂപിച്ചു.

ശാന്തമായി സങ്കടമേതുമില്ലാതെ ഞാനെങ്ങനെ യാത്രയാവും? ചേതനയിലൊരു മുറിവുമില്ലാതെ എനിക്കീ പട്ടണം ഉപേക്ഷിച്ചു പോകുവാനാവുകില്ല. (വിവർത്തനചിന്തകൾ )

3) Address at the final session 27 September 1893

The world-'s parliament of Religious has become an accomplished fact, and the merciful Father has helped those who laboured to bring it into existence, and crowned with success their most unselfish labour.

My thanks to those noble souls whose large hearts and love of truth first dreamed this wonderful dream and then realized it. My thanks to the shower of liberal sentiments that has overflowed this platform. My thanks to the enlightlened audience for their uniform kindness to me and their appreciation of every thought that tends to smooth the friction of religious. A few jarring notes were heard from time to time in this harmony My special thanks to them, for they have by their striking contrast made the general harmony the sweeter.

**സമാപന സമ്മേളനത്തിലെ പ്രസംഗം**

വിശ്വമത മഹാസമ്മേളനം വിജയകരമായി സമാപിച്ചിരിക്കുന്നു. ഇതിനു വേണ്ടി പാടുപെ

ട്ടവരെ കാരുണികനായ ഭഗവാൻ തുണയ്ക്കുകയും അവരുടെ നിസ്വാർത്ഥയത്നത്തിന് വിജയം കൊണ്ട് മകുടം ചാർത്തുകയും ചെയ്തിരിക്കുന്നു.

ഈ അത്ഭുത സ്വപ്നം ആദ്യം വിഭാവനം ചെയ്ത വിശാലഹൃദയരും സത്യപ്രേമികളുമായ ആ ഉദാരമതികൾക്ക് എന്റെ കൃതജ്ഞത. ഈ വേദിയിൽ കവിഞ്ഞൊഴുകിയ സൗമനസ്യ വർഷത്തിനും എന്റെ നന്ദി. മതങ്ങൾ തമ്മിലുള്ള ഉരസൽ മയപ്പെടുത്തുവാൻ മുതിരുന്ന ഓരോ ആശയവും ആസ്വദിക്കുകയും എന്നിൽ എല്ലായ്പ്പോഴും ദയ കാണിക്കുകയും ചെയ്ത സംസ്കാര സമ്പന്നമായ ഈ സദസ്സിനും എന്റെ നന്ദി. ഈ സ്വരൈക്യത്തിനിടയിൽ ഇടക്കിടെ ചില അപസ്വരങ്ങൾ നാം കേട്ടല്ലോ. അവയുടെ ഉത്കടമായ വൈരുദ്ധ്യം കൊണ്ട് സമരൈക്യത്തെ അവർ മധുരതരമാക്കി. അതിന് അവർക്ക് എന്റെ പ്രത്യേക നന്ദി. (വിവർത്തന ചിന്തകൾ).

## Recap

- ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കുള്ള ഈ വിവർത്തന പരിശീലനത്തിൽ വിദ്യാഭ്യാസ/നിയമ/ഭരണ സംബന്ധിയായ സാങ്കേതിക പദങ്ങൾ, ശൈലികൾ, പഴഞ്ചൊല്ലുകൾ, സാഹിത്യം-ഉപന്യാസം തുടങ്ങിയവ സംബന്ധിച്ച വാക്യങ്ങളുടെ വിവർത്തനം എന്നിവയാണ് ഉൾപ്പെടുത്തിയത്
- ശൈലി/പഴഞ്ചൊല്ല് എന്നിവ സംബന്ധിച്ച് ആശയതലത്തിനാണ് പ്രാധാന്യമെങ്കിൽ സാങ്കേതിക പദങ്ങൾക്ക് ആശയതലത്തേക്കാൾ പദങ്ങളുടെ അർത്ഥതല സംബന്ധിയായ പദാനുപദ വിവർത്തനത്തിനാണ് കൂടുതൽ പ്രാധാന്യം
- ഏതു ഭാഷയിൽ നിന്നുള്ള വിവർത്തനത്തിലും രണ്ട് ഭാഷകൾ തമ്മിലുള്ള സാംസ്ക്കാരിക വ്യത്യാസത്തെയും വ്യാകരണസംബന്ധിയായ വ്യത്യാസത്തെയും കണക്കിലെടുക്കേണ്ടതുണ്ട്
- മലയാളത്തിൽ നിത്യപരിചിതമായ അന്യപദങ്ങൾ വിവർത്തനം ചെയ്യുന്നതേക്കാൾ ലിപ്യന്തരണം ചെയ്ത് ഉപയോഗിക്കുന്നതാണ് കൂടുതൽ സൗകര്യപ്രദം
- സർഗ്ഗാത്മക കൃതികൾ ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്യുമ്പോൾ കഴിയുന്നതും അന്യഭാഷയുടെ അപരിചിതത്വം വിവർത്തനത്തിൽ പ്രകടമാവരുത്. അതായത് കഴിയുന്നതും സ്വാഭാവികമാവണം

## Objective Type Questions

1. താഴെ പറയുന്ന ശൈലികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക

   a ) Nip in the bud    b) out of hand
   c) To eat one's words    d) Man propose god disposes

2. തത്തുല്യമായ പഴഞ്ചൊല്ലുകൾ കണ്ടെത്തുക

a ) As the seed so the sprout
b) Many a mickle make a muckle
c) Face is index of mind
d) The barking dog seldom bites

3. താഴെ പറയുന്ന സാങ്കേതിക പദങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

a) Abolish b) above mentioned
c) Aggreieved Person d) Agreement
e) Amendment. f) Documenitary evidence
g) Good will. h) Status.
i) Information

## Answers

1. a) മുളയിലേ നുള്ളുക b) നിയന്ത്രണാധീതം c) തെറ്റു സമ്മതിക്കുക d) മനുഷ്യൻ ഇച്ഛിക്കുന്നു ദൈവം കല്പിക്കുന്നു

2. a) വിതച്ചതേ കൊയ്യൂ b) പലതുള്ളി പെരുവെള്ളം c) മുഖം മനസ്സിന്റെ കണ്ണാടി d) കുരയ്ക്കും പട്ടി കടിക്കില്ല

3. a) ഉന്മൂലനം b) മുൻസൂചിതമായ c) ദുഃഖിതൻ d) കരാർ e) ഭേദഗതി f) രേഖാമൂലമുള്ള തെളിവ് g) സൽപ്പേര് h) പദവി i) വിവരം

## Assignments

1. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക

1) My uncle, the only other member of the family, would not be home yet. He had a room upstairs which he used as his study and darkroom combined, where when he was not Washing the negatives, he Pored over his class books. He went out in tire mornings to catch the tram for his college and returned late in the evening. On holiday afternoons, he lugged out his camera on the tripod and fixed me in front of it. Sometimes he sat on the kitchen floor and narrated the day's events at his college; he was member of the College drama group and he explained to us shakespeare's Tempest and how they were trying to produce it;he mimicked some of his friends who acted in it and that made us laugh;he was a good raconteur and l knew The Tempest long before I knew anything else. My uncle was prospero and he described how his best chum Who did caliban, entered his role so heartily

that he proved a public menace during the rehearsals. He spoke ot his professor, one Dr. Skinner, with great admiration, and we all admired him too, although by hearsay.

[My Days-R.K. Narayan]

2) Sri Narayana guru was the most important personality among the social and religious reformers of Kerala during 19th centuary. He was born in a middle class Ezava family at chempazhanthi, near Trivandrum in Augest 1854 and lived for 74 years.

Narayana guru's philosophy which is fundamentally of Advaitic and non-dual wisdom in principles. He emphasized consistency between true existence is of common reality on Earth and one divine behind the creation and substance of the universe, dismissing in any concepts of illusory worlds or any midway citl on high-The Guru's literary works in Malayalam,sanskrit and Tamil languages, these works are Of a conceptual and Asthetics Quality at Par with upanishads.

3) Human rights are in the first instance, moral rights and they derive their strength on ethical grounds. Human rights are ini conceivable without the primary right of freedom of thought and expressions, which recognizes dig inity and individuality of every human and derives its justifiability from moral and ethical considerations. The very concept of human rights embodies are essence of human values and values of any civilized society. Thre protection of human values can not be properly performed with the help of Iow courts and police unless the 'value system' of the Society are conductive to pay proper respect to human dignity and basic human rights.

2. ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കുള്ള വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വിവരിക്കുക.

## Reference


1. ഒരു സംഘം ലേഖകർ, വിവർത്തന ചിന്തകൾ, മലയാള വിഭാഗം, കാലിക്കറ്റ് സർവ്വകലാശാല, കോഴിക്കോട്.
2. ഡോ. കെ.വി.തോമസ്, വിവർത്തനവും ആശയവിനിമയവും, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. ഡോ.കെ.വി.തോമസ് & ഡോ.മാത്യു.ജി. മുട്ടത്ത്, വിവർത്തന വിചിന്തനം, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്.

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

പ്രായോഗികമലയാളം

COURSE CODE: B21ML01AC

ISBN 978-81-963059-4-9

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841